بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly
**BADAR** Qadian
Malayalam

വാള്യം
9

വാർഷിക
വരിസംഖ്യ
600 രൂപ

ലക്കം
19-20

പത്രാധിപർ
എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ
മുഹമ്മദ്
ഇസ്മായീൽ

www.akhbarbadr.in

2024 മേയ് 9-16 /ഹി.ശം. 1403 ഹിജ്റത്ത് 9-16/ 1445 ശവ്വാൽ 29-ദുഖഅദ് 7

## അല്ലാഹുവിന്റെ വചനം

وَعَدَ اللّٰہُ الَّذِیۡنَ اٰمَنُوۡا مِنۡکُمۡ وَ عَمِلُوا الصّٰلِحٰتِ لَیَسۡتَخۡلِفَنَّہُمۡ فِی الۡاَرۡضِ کَمَا اسۡتَخۡلَفَ الَّذِیۡنَ مِنۡ قَبۡلِہِمۡ

നിങ്ങളിൽനിന്ന് വിശ്വസിക്കുകയും സൽക്കർമങ്ങളനുഷ്ഠിക്കുകയും ചെയ്യുന്നവരോടു അവർക്ക് മുമ്പേയുളളവരെ ഖലീഫമാരാക്കിയതുപോലെ തീർച്ചയായും അവരേയും ഭൂമിയിൽ ഖലീഫമാരാക്കുന്നതായിരിക്കും.

വിശുദ്ധ ഖുർആൻ (24:56)


## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിന സ്വ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽ മുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലുമുണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ.

# ലോകത്തിന്റെ സമാധാനം കേവലം ഖിലാഫത്ത് വ്യവസ്ഥിതിയുമായി ബന്ധപ്പെട്ടേ സ്ഥാപിതമാകുകയുള്ളു.

**ഞാൻ നിങ്ങളെ ഇതും ഉപദേശിക്കുകയാണ്; എപ്പോഴും അഹ്മദിയ്യ ഖിലാഫത്തിന്റെ അനുഗൃഹീത വ്യവസ്ഥിതിയോടൊപ്പം ബന്ധപ്പെട്ടിരിക്കുക. കൂറിന്റെ ബന്ധം പുലർത്തുക. കാരണം ഇസ്ലാമിന്റെ പുനരുദ്ധാരണ പ്രവർത്തനവും ലോകത്തിന്റെ സമാധാനവും കേവലം ഖിലാഫത്ത് വ്യവസ്ഥിതിയുമായി ബന്ധപ്പെട്ടേ സ്ഥാപിതമാകുകയുള്ളു. അതുകൊണ്ടെപ്പോഴും ഈ അനുഗൃഹീത സ്ഥാനത്തെ ആദരിക്കുക; നിങ്ങളും നിങ്ങളുടെ വരുംതലമുറയും എപ്പോഴും ഖിലാഫത്തിന്റെ നേർവഴിയുടേയും തണലിന്റേയും കീഴിൽ വസിക്കുന്നതിനുവേണ്ടി.**

(2020 ഹോൻഡുറാസ് ജൽസ സാലാനയുടെ അവസരത്തിൽ ഹുദൂർ അയച്ച സന്ദേശം, ബദ്ർ ഉർദു 2021 ഫെബ്രുവരി 18, പേജ് 13)




പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ①

## പത്രാധിപക്കുറിപ്പ്

### ഖിലാഫത്തുമായി ബന്ധം സ്ഥാപിക്കുകയും അതിനെ വിലമതിക്കുകയും ചെയ്യുക അനിവാര്യമാണ്.

അല്ലാഹു മുസൽമാന്മാരാക്കിയ നമ്മൾ എത്ര ഭാഗ്യവാന്മാരാണ്. നമ്മൾ വസിക്കുന്ന രാജ്യം അന്യാരാധനയുടേയും ബിംബാരാധനയുടേയും താവളമാണ്. മുസ്‌ലിമായിരുന്നില്ലെങ്കിൽ ഏതേതെല്ലാം ദേവിമാരുടേയും ദേവന്മാരുടേയും മുമ്പിൽ കുമ്പിടുന്നവരായിത്തീരുമായിരുന്നുവെന്ന് അല്ലാഹുവിനെ അറിയൂ. അവന്റെ ഔദാര്യത്തിനുമേലുള്ള ഔദാര്യമാണ് നമ്മളെ മുസൽമാനാക്കിയതിനുശേഷം ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിക്കാനും നമുക്ക് തൗഫീഖും പ്രദാനം ചെയ്തു എന്നത്. നമ്മളെ അഹ്‌മദിമുസൽമാനാക്കി. ഇല്ലെങ്കിൽ 72 കക്ഷികളിൽ ഏതുകക്ഷിയിൽ ചെന്നു കുടുങ്ങുമെന്നും അല്ലാഹുവിനെ അറിയൂ. ഏതേതെല്ലാം അനാചാരങ്ങൾക്കിരയാകുമായിരുന്നു? എന്തെന്തെല്ലാം അന്യാരാധനാപരമായ കർമങ്ങൾ നമ്മളിൽനിന്നുണ്ടാകുമായിരുന്നു! നബി(സ)തിരുമേനി തന്റെ സ്വഹാബാക്കളിൽ ഉമ്മത്തിന് സന്മാർഗം കാണിക്കുന്നവരായി ഒരു കക്ഷി ഉണ്ടാകുമെന്നും പറഞ്ഞിരുന്നു; അവരിൽ ആരെ പിൻപറ്റിയാലും സന്മാർഗം പ്രാപിക്കുന്നതായിരിക്കും. ആ സ്വഹാബിമാരോടു വിദ്വേഷം വെച്ചു പുലർത്തുകയും അവരെ ചീത്തവിളിക്കുന്നത് ഈമാനിന്റെ ഭാഗമാണെന്ന് കരുതുകയും ചെയ്യുന്നവരുണ്ട്. നമുക്ക് അത്ഭുതം തോന്നുന്നു, അല്ലാഹുവേ! ഏതെങ്കിലും മുസൽമാൻ അങ്ങനെ വിശ്വസിക്കാൻ സാധ്യതയുണ്ടോ? പിന്നീട് മസീഹ് മൗഊദിനെ വിശ്വസിച്ചതിനുശേഷം നമ്മെ ഖിലാഫത്തുമായി ബന്ധപ്പെടുത്തി നിറുത്തിയെന്നതും അല്ലാഹുവിന്റെ മഹത്തായ ഔദാര്യമാണ്. ഇനി ഇവർ ഖിലാഫത്തുമായി തങ്ങളുടെ കോന്തലവിട്ടുകൊണ്ടും ഒരു അനുഗൃഹീത പ്രദേശത്തെ ഉപേക്ഷിച്ചുകൊണ്ടും പേരിനുമാത്രമാണെങ്കിലും, വലുതും പ്രശസ്തവുമായ ഒരു പട്ടണത്തെ തങ്ങളുടെ കേന്ദ്രമാക്കിയ ഇവരും ഒരു കക്ഷിതന്നെയാണ്. എന്നാൽ, അവർക്ക് ഒരു പേരോ പ്രശസ്തിയോ ഇല്ല. മുമ്പേയും ഒരിക്കലുമുണ്ടായിരുന്നില്ല. ധിക്കാരികളും ഖിലാഫത്തിൽനിന്ന് വേറിട്ടുപോയവരുമാണ് അവരിലധികവും ഉണ്ടായിരുന്നത്. റബ്ബനാ ലാ തുസിഗ് ഖുലൂബനാ ബഅ്ദ ഇദ് ഹദയ്തനാ വ ഹബ്‌ലനാ മിൻല്ലദുൻക റഹ്‌മത്തൻ ഇന്നക്ക അൻതൽ വഹ്ഹാബ്. ഖിലാഫത്ത് ഐക്യത്തിനും ഒത്തൊരുമയ്ക്കും ഭയഭക്തിയ്ക്കും പരിശുദ്ധിയ്ക്കും ഇസ്‌ലാമിന്റെ അഭിവൃദ്ധിയ്ക്കും അതിന്റെ പ്രബലതയ്ക്കും വ്യക്തിഗതവും സംഘടിതവുമായ എല്ലാത്തരത്തിലുമുള്ള ആത്മീയജീവിതത്തിനും ജാമ്യമാണ്. ഹദ്റത്ത് ഖലീഫത്തുൽ അവ്വൽ(റ)ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ടതിനുശേഷം ജമാഅത്തംഗങ്ങൾക്കു നല്കിയ വിലപിടിച്ചതും സുവർണ്ണവുമായ ഉപദേശങ്ങളിൽ ഒരുപദേശം ഇതായിരുന്നു:ഓർമിച്ചുകൊള്ളുവിൻ, സകല ഗുണങ്ങളും ഐക്യത്തിലാകുന്നു. ആർക്കാണോ നേതാവില്ലാത്തത് അവൻ മരിച്ചു കഴിഞ്ഞിരിക്കുന്നു.(താരീഖെ അഹ്‌മദിയ്യത്ത്, വാള്യം 3, പേജ് 190).

അതുകൊണ്ട് ഐക്യത്തിലാണ് ജീവിതം. ഐക്യം ഖിലാഫത്തുകൊണ്ടാണ്. മുമ്പിൽ മാതൃകയുണ്ടെങ്കിൽ കാര്യം എഴുപ്പത്തിൽ മനസ്സിലാകുന്നതാണ്. ഇന്നു മുസ്‌ലിമീങ്ങൾ ചിന്നിച്ചിതറിയവരും വേറ്വേറെ നിൽക്കുന്നവരുമാണ്. അവർക്ക് ഒരു ഇമാമുമില്ല. ചോദിക്കാനും ആരുമില്ല. അവർക്കുവേണ്ടി വേദനിക്കുന്നവരുമില്ല. അവർക്കുവേണ്ടി ദുആ ചെയ്യുന്നവരുമില്ല. അവർക്ക് വഴികാണിക്കാനും ആരുമില്ല. ഫലസ്ത്വീനിന്റെ ഉദാഹരണം നമ്മുടെ മുമ്പിലുണ്ട്. 57 മുസ്‌ലിം രാഷ്ട്രങ്ങൾ ഒത്തുചേർന്നിട്ടും ആയിരങ്ങൾ മാത്രമായ ഫലസ്ത്വീനി സ്ത്രീകൾക്കും കുഞ്ഞുങ്ങൾക്കും ഭക്ഷണം ലഭ്യമാക്കാൻ കഴിഞ്ഞില്ല. കാരണം എല്ലാവരും പരസ്പരം ഭിന്നിപ്പിന്റേയും ഛിദ്രതയുടേയും ഇരകളാണ്. എന്നാൽ, അഹ്‌മദി അല്ലാഹുവിന്റെ അപാരമായ അനുഗ്രഹത്താൽ സംഘടിതരും ഏകോപിതരുമാണ്. അവർക്ക് ഒരു ആത്മീയ നേതാവുണ്ട്. അവർക്കുവേണ്ടി അദ്ദേഹം ദുആ ചെയ്യുന്നു. ഓരോ ചുവടിലും അവർക്ക് മാർഗനിർദേശങ്ങൾ നല്കുന്നു. ഹദ്റത്ത് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് ഒരവസരത്തിൽ പറഞ്ഞു:ഓരോ രാത്രിയും ഞാൻ സാങ്കൽപികമായ ദൃഷ്ടിയാൽ ഓരോ രാജ്യത്തുമെത്തുന്നു. ജമാഅത്തിലെ സഹോദരങ്ങൾക്കുവേണ്ടി ദുആ ചെയ്യുന്നു. സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദും(റ)ഒരവസരത്തിൽ പറഞ്ഞു:ഒരു ഭൗതികനേതാവും ഖലീഫയും തമ്മിലുള്ള വ്യത്യാസം ഇതുതന്നെയാണ്;ഖലീഫ ജമാഅത്തംഗങ്ങൾക്കുവേണ്ടി ദുആകൾ ചെയ്യുന്നു. അവരുടെ വേദന തന്റെ നെഞ്ചിലേറ്റു ന്നു. ഭൗതിക നേതാക്കന്മാർക്ക് അങ്ങനെയുള്ള ഭാഗ്യം ലഭിക്കുന്നില്ല. എന്നല്ല ചിലപ്പോൾ ഭൗതികനേതാവ് തന്റെ അധികാരത്തിനുവേണ്ടി പെതുജനങ്ങളെ ഭയാനകമായ പരീക്ഷണങ്ങളിലും കെടുതികളിലും അകപ്പെടുത്തുകയും ചെയ്യുന്നു.

സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ടശേഷം ആദ്യം ചെയ്ത പ്രഭാഷണത്തിൽ ഇപ്രകാരം പറഞ്ഞു:ഇപ്പോൾ നിങ്ങൾ ബയ്അത്തു ചെയ്തതിനുശേഷം ഹദ്റത്ത് മസീഹുമൗഊദി(അ)നുശേഷം ഞാനുമായി ഒരു ബന്ധം സ്ഥാപിച്ചിരിക്കുകയാണ്. ഈ ബന്ധത്തിൽ കൂറിന്റെ മാതൃക കാണിക്കുക. നിങ്ങളുടെ ദുആയിൽ എന്നേയും ഓർക്കുക. ഞാൻ നിങ്ങളേയും തീർച്ചയായും ഓർക്കുന്നതാണ്. ഓർക്കുകയും ചെയ്യുന്നതാണ്. ജമാഅത്തംഗങ്ങൾക്കുവേണ്ടി ദുആ ചെയ്യാതെ ഞാൻ ഒരു ദുആയും ഇന്നും ചെയ്യാറില്ല. ഇനി അങ്ങോട്ടു ഇതിലും കൂടുതലായി ഓർക്കുന്നതാണ്. മുമ്പേയും ജമാഅത്തംഗങ്ങൾക്കുവേണ്ടി ദുആ ചെയ്യാതെ എനിക്കു ദുആയിൽ ഒരു ആവേശവും ഉണ്ടാകാറില്ല. പിന്നെ അല്ലാഹുവിന്റെ വാഗ്ദാനം ലംഘിക്കുന്ന തരത്തിലുള്ള ജോലികളൊന്നും ചെയ്യരുത്. മുസ്‌ലിമായി ജീവിക്കുകയും മരിക്കുകയും ചെയ്യട്ടെ എന്നാണ് നമ്മുടെ ദുആ.(സവാനെ ഫള്‌ലെ ഉമർ, വാള്യം 1, പേജ് 342)

ഖിലാഫത്തിനുമുമ്പേ സ്ഥിരമായി ജമാഅത്തിനുവേണ്ടി ഒരാൾ ദുആ ചെയ്യുന്നു. എന്നാൽ, ആ വ്യക്തി ഖലീഫയായതിനുശേഷം അദ്ദേഹത്തിന്റെ ദുആയുടെ അവസ്ഥ എന്തായിരിക്കുമെന്ന് മുകളിലുള്ള ഉദ്ധരണിയിൽനിന്ന് നമുക്ക് മനസ്സിലാക്കാവുന്നതാണ്. കാലത്തിന്റെ ഖലീഫ സ്ഥിരമായി തന്റെ ജമാഅത്തിനുവേണ്ടി ദുആ ചെയ്യുന്നുണ്ട്. ഇതു അഹ്‌മദിയ്യ ജമാഅത്തിനുമേൽ വലിയൊരു അനുഗ്രഹമാണ്. ബാക്കിയുള്ള ലോകം ഈ അനുഗ്രഹത്തിൽനിന്നും കാരുണ്യത്തിൽനിന്നും തടയപ്പെട്ടിരിക്കുന്നു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു:അല്ലാഹു ആരെയെങ്കിലും ഖലീഫയാക്കുമ്പോൾ അദ്ദേഹത്തിന്റെ ദുആ സ്വീകാര്യത വർധിപ്പിക്കുന്ന കാരണം അവൻ തന്റെ തിരഞ്ഞെടുപ്പിനെ വിലമതിക്കുന്നു എന്നതാണ്. അദ്ദേഹത്തിന്റെ സ്വീകാര്യത ദുആ സ്വീകാര്യതയിലൂടെ വർധിപ്പിക്കുന്നു. വ്യക്തിപരമായ നിലയിലും കൂട്ടായ നിലയിലും ജമാഅത്ത് കാലത്തിന്റെ ഖലീഫയുടെ ദുആയിൽനിന്ന് വളരെയധികം പ്രയോജനം കരസ്ഥമാക്കുന്നു. ജമാഅത്ത് തങ്ങളുടെ എല്ലാ ബുദ്ധിമുട്ടുകളും ഖലീഫയുടെ മുമ്പിൽ അവതരിപ്പിക്കുകയും അല്ലാഹു ഹുദൂറിന്റെ ദുആയുടെ ഫലമായി അനുഗ്രഹം ചൊരിയുമെന്ന് വിശ്വസിക്കുകയും ചെയ്യുന്നു. ഖിലാഫത്തുമായി ബന്ധം സ്ഥാപിക്കുന്നതുകൊണ്ട് ആത്മീയവും ഭൗതികവുമായ ധാരാളം പ്രയോജനങ്ങളുമുണ്ട്.നമുക്ക് ലഭിച്ച ഖിലാഫത്തെന്ന ഈ അനുഗ്രഹത്തെ നമ്മൾ വിലമതിക്കേണ്ടതാണ്. കാലത്തിന്റെ ഖലീഫ പറയുന്ന കാര്യങ്ങൾ ശ്രദ്ധാപൂർവം കേൾക്കുകയും അത് പ്രാവർത്തികമാക്കുകയും ചെയ്യേണ്ടതാണ്. ഖിലാഫത്തുമായി ബന്ധപ്പെടാനുള്ള ഒരു മാർഗം കാലത്തിന്റെ ഖലീഫയുമായി കത്തുമുഖേന ബന്ധപ്പെട്ടുകൊണ്ടിരിക്കുക എന്നതാണ്. മറ്റൊരു മാർഗം കാലത്തിന്റെ ഖലീഫയ്ക്കുവേണ്ടി ദുആ ചെയ്തുകൊണ്ടിരിക്കുക എന്നതാണ്. ഇതുമുഖേനയും ഖിലാഫത്തുമായിട്ടുള്ള ബന്ധവും സ്നേഹവുമുണ്ടാകുന്നു. ഖലീഫ പറയുന്ന കാര്യങ്ങൾ ശ്രദ്ധാപൂർവം കേൾക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നതുകൊണ്ടും ബന്ധം മുറുകുന്നു. ഇതിനുവേണ്ടി അല്ലാഹു നമുക്ക് എം.ടി.എ സംവിധാനവും തന്നനുഗ്രഹിച്ചിരിക്കുന്നു. അതിൽവരുന്ന ഹുദൂറിന്റെ പ്രഭാഷണങ്ങളും ജുമുഅ പ്രസംഗങ്ങളും കേൾക്കേണ്ടത് നമുക്ക് വളരെ നിർബന്ധമാണ്. നമ്മൾ ഹുദൂർ പറയുന്ന കാര്യങ്ങൾ ഇഷ്ടത്തോടെ കേൾക്കാത്തിടത്തോളം നമുക്ക് ഖിലാഫത്തുമായി ബന്ധമുണ്ടാകുകയില്ല.

ഹുദൂർ അയ്യദഹുല്ലായുടെ മാർഗനിർദേശങ്ങൾ താഴെ സമർപിക്കുകയാണ്. ഇത് ഖിലാഫത്തുമായുള്ള ബന്ധത്തിന്റെ പ്രാധാന്യത്തിൽ വെളിച്ചം വിശുന്നതായിരിക്കും.

2023 ഏപ്രിൽ 30 ന് സംഘടിപ്പിച്ച ഏതൻസ്-ഗ്രീസ് നാലാം ജൽസ സാലാനയുടെ അവസരത്തിൽ ഹുദൂർ അയ്യദഹുല്ലാഹുത്തആലാ ബിനസ്രിഹിൽ അയച്ച സന്ദേശത്തിൽ പറഞ്ഞു:ഞാൻ നിങ്ങളെ ഇതുംകൂടി

(ശേഷം പേജ് 24ൽ)

**ബദ്ർ ആഴ്ചപ്പതിപ്പ് "ഖിലാഫത്ത്" സ്പെഷ്യൽ പതിപ്പ്**


| വിഷയങ്ങൾ | പേജ് നമ്പർ |
|---|---|
| പത്രാധിപക്കുറിപ്പ് | 2 |
| ഖുത്വ്ബ ജുമുഅ 2024 ഏപ്രിൽ 5 | 3 |
| അമീറുൽ മുഅ്മിനിന്റെ പ്രസംഗങ്ങളിൽനിന്നും ഖുത്വ്ബകളിൽനിന്നും ഫലമെടുക്കേടതിന്റെ പ്രാധാന്യം | 10 |
| സ്വഹാബാക്കളുടെ ജീവിതമാതൃകയിലൂടെ ഖിലാഫത്തിനോടുള്ള അനുസരണം | 13 |
| ഹദ്റത്ത് അമീറുൽ മുഅ്മിനിന്റെ ജർമൻ പര്യടനം | 18 |

## ഖുത്ബ ജുമുഅ

- ☐ ഇറങ്ങിക്കഴിഞ്ഞ ആപത്തിൽനിന്ന് രക്ഷപ്പെടാനും ദുആ ഉപകരിക്കുന്നതാണ്. ഇതുവരെയായും ഇറങ്ങിയിട്ടില്ലാത്ത ആപത്തിൽനിന്നും ദുആ രക്ഷ നൽകുന്നതാണ്. അതിനാൽ അല്ലയോ അല്ലാഹുവിന്റെ ദാസരേ! ദുആകൾ ചെയ്യുന്നത് നിങ്ങൾ നിർബന്ധമാക്കുക.
- ☐ നബി(സ)തിരുമേനി പറഞ്ഞു:ദിക്റെ ഇലാഹി അഥവാ ദൈവസ്മരണ ചെയ്യുന്നവനും ചെയ്യാത്തവനും ജീവിച്ചിരിക്കുന്നവനും മരിച്ചവനും പോലെയാണ്
- ☐ ഭൗതികത ആർജിക്കുന്നതും അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ കരസ്ഥമാക്കുന്നതിനുള്ള മാർഗം ആകേണ്ടതാണ്. ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കാൻ ശ്രമിക്കേണ്ടതാണ്. ഇതുണ്ടാകുകയാണെങ്കിൽ നമ്മൾ ദുആകളിൽനിന്ന് ശരിയായ അനുഗ്രഹം കരസ്ഥമാക്കുന്നവരായി മാറുന്നതാണ്.
- ☐ ഇന്നത്തെ ലോകത്തിന്റെ അവസ്ഥ, യുദ്ധങ്ങളിലും തീ തൊടുത്തുവിടുന്ന ആയുധങ്ങളാണ് ഉപയോഗിക്കുന്നത്. അല്ലാഹു നമ്മെ ഈ തീയിൽനിന്നും രക്ഷിക്കുമാറാകട്ടെ. ഈ ലോകത്തും പരലോകത്തും നന്മകൾ പ്രദാനം ചെയ്യുമാറാകട്ടെ. അതുകൊണ്ട് ലോകത്തിലും ആഖിറത്തിലും നന്മകൾ പ്രദാനം ചെയ്യാനും ദുആ ചെയ്യുക.
- ☐ അല്ലാഹുവിന്റെ പരിശുദ്ധിയെ വാഴ്ത്തുകയും സ്തുതിക്കുകയും ചെയ്യുന്നതോടൊപ്പം തങ്ങളുടെ പരിഷ്കരണത്തിലും സന്മാർഗത്തിലും ആത്മീയതയിലും മുന്നേറണമെന്ന ലക്ഷ്യത്തോടെയും ദുആ ചെയ്യേണ്ടതാണ്. നമ്മുടെ ദുആകൾ കേവലം ഭൗതികത കരസ്ഥമാക്കാനാകരുത്. മറിച്ച് നമ്മുടെ ആത്മീയവും ഭൗതികവുമായ അവസ്ഥകൾ നന്നാക്കാൻവേണ്ടി നമ്മൾ ദുആകൾ ചെയ്യുകയും അതിൽ പ്രത്യേകമായി ശ്രദ്ധിക്കുകയും ചെയ്യുമ്പോൾ ഷിന്നെ എല്ലാ വിധത്തിലുള്ള അനുഗ്രഹങ്ങളും വർഷിക്കുന്നതും നമ്മൾ കാണുന്നതായിരിക്കും
- ☐ ഈ ദുആകൾത്തന്നെയാണ് നമ്മുടെ വ്യക്തിഗത ജീവിതത്തിൽ മാറ്റങ്ങൾ കൊണ്ടുവരികയും ജമാഅത്തുപരമായ ജീവിതത്തിൽ പ്രയോജനം നൽകുകയും ചെയ്യുക.
- ☐ ഇതു നബി(സ)തിരുമേനിയുടെ ദുആകളാണ്. ഹൃദിസ്തമാക്കി അല്ലെങ്കിൽ ചുരുങ്ങിയത് തർജമ ഓർത്തുകൊണ്ട് അതുമല്ലെങ്കിൽ അതിന്റെ ആശയം മനസ്സിലാക്കിക്കൊണ്ട് നമ്മളും ഇതേപോലെ ദുആ ചെയ്യേണ്ടതാണ്.
- ☐ ലോകമഹായുദ്ധം ആരംഭിച്ചിരിക്കുന്നു. പക്ഷേ, ലോകത്തിലെ ഭരണകർത്താക്കൾക്ക് അതിൽ ഒരു ആശങ്കയുമില്ല. അവരുടെ നിഗമനത്തിൽ അവർ സുരക്ഷിതരായിരിക്കുകയും സാധാരണക്കാർ കൊല്ലപ്പെടുകയും ചെയ്യുന്നതായിരിക്കും. എന്നാൽ, ഇത് അവരുടെ വ്യാമോഹം മാത്രമാണ്.
- ☐ റമളാന്റെ അനുഗ്രഹങ്ങൾ സ്ഥായിയായി നിലനിൽക്കാൻ വേണ്ടിയും ദുആ ചെയ്യുക. അസീറാനെ രാഹെ മൗലായുടെ മോചനത്തിനുവേണ്ടിയും യുദ്ധത്തിന്റെ തീയിൽനിന്ന് രക്ഷ കിട്ടാനും അതിനുശേഷം അതിന്റെ പരിണിത ഫലങ്ങളിൽനിന്ന് സംരക്ഷണം കിട്ടുന്നതിനും ഒരുപാട് ദുആ ചെയ്യുക.
- ☐ ചില ഖുർആനിക ദുആകളുടേയും സുന്നത്താക്കപ്പെട്ട ദുആകളുടേയും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ദുആകളുടേയും ഹൃദയസ്പർശിയായ വിരണവും വിജ്ഞനഭരിതമായ വ്യാഖ്യാനങ്ങളും

**ഖുത്ബ ജുമുഅ 2024 ഏപ്രിൽ 5/1403 ശഹാദത്ത് 5**
**മസ്ജിദ് മുബാറക് ഇസ്ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ.**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ-
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ○ الرَّحْمٰنِ الرَّحِيْمِ○ مٰلِكِ يَوْمِ الدِّيْنِ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ○

(പറയുക) ഗതിമുട്ടിയവൻ പ്രാർഥിക്കുമ്പോൾ ഉത്തരം നല്കുകയും ക്ലേശം ദൂരീകരിക്കുകയും നിങ്ങളെ ഭൂമിയുടെ അവകാശികളാക്കുകയും ചെയ്യുന്നതാരാണ്? അല്ലാഹുവിനോടൊപ്പം മറ്റു വല്ല ദൈവവുമുണ്ടോ? നിങ്ങൾ വളരെ കുറച്ചു മാത്രമെ ഉപദേശം സ്വീകരിക്കുന്നുള്ളു(27:63)

ഗതിമുട്ടിയവന്റേയും സ്വസ്ഥതയില്ലാത്തവന്റേയും ദുആ സ്വീകരിക്കുന്നുവെന്ന് അല്ലാഹു പറയുന്നു. കഴിഞ്ഞ ജുമുഅയിലും ഞാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉദ്ധരണികളുടെ വെളിച്ചത്തിൽ എങ്ങനെയാണ് ദുആ ചെയ്യേണ്ടതെന്നും അതിന്റെ യുക്തിയും തത്ത്വവുമെന്താണെന്നും വിവരിച്ചിട്ടുണ്ടായിരുന്നു. ദുആയുടെ ഈ വിഷയംതന്നെയാണ് ഇന്നും തുടരുന്നത്. ഞാൻ പറഞ്ഞു വന്നതുപോലെ അല്ലാഹു പറയുന്നു, ഞാൻ ഗതിമുട്ടിയവന്റെ ദുആ കേൾക്കുന്നു. ഗതിമുട്ടിയവൻ എന്നതിന്റെ വിവക്ഷിതം അസ്വസ്ഥത എന്നു മാത്രമല്ല. പ്രത്യുത സകല വഴികളും അടഞ്ഞവൻ എന്നുമാണ്. നമ്മൾ അല്ലാഹുവിന്റെ മുമ്പിൽ കുനിയുമ്പോൾ നീയല്ലാതെ ഞങ്ങൾക്കരുമില്ലെന്നും ഞങ്ങൾ നിന്നിൽ മാത്രമാണ് എല്ലാ കാര്യങ്ങളും അർപ്പിച്ചിരിക്കുന്നതെന്നും പ്രതീക്ഷയെന്നും നിന്റെയടുത്തുതന്നെയാണ് ഞങ്ങൾ വന്നിരിക്കുന്നതെന്നുമുള്ള അവസ്ഥയിൽ ആയിരിക്കേണ്ടതാണ്. ജമാഅത്തുപരമായ തലത്തിലും നമ്മൾ ഇക്കാര്യം ഓർമ വെക്കേണ്ടതാണ്. അതായത് അല്ലാഹുവല്ലാതെ മറ്റാർക്കുംതന്നെ പാക്കിസ്താനിലോ മറ്റു രാജ്യങ്ങളിലോ നമ്മൾ അനുഭവിക്കുന്ന അവസ്ഥയിൽനിന്ന് നമ്മെ രക്ഷപ്പെടുത്താൻ കഴിയുന്നതല്ല. മറിച്ച് വ്യക്തിഗതമായ നിലയിൽ നോക്കിയാലും അല്ലാഹുതന്നെയാണ് എല്ലാ കാര്യങ്ങളും നടത്തി തരുന്നതെന്ന് മനുഷ്യന് ബോധ്യപ്പെടുന്നതാണ്. അവൻ തന്നെയാണ് നമ്മുടെ ആവശ്യങ്ങൾ നിറവേറ്റുന്നവൻ. അവനു മുന്നിൽത്തന്നെയാണ് നമുക്കു കുനിയാനും കഴിയുക. അവൻ തന്നെയാണ് സാഹചര്യങ്ങളൊരുക്കി തരുന്നവൻ. അവനു മുന്നിൽ കുനിയാത്തവർക്കും അവന്റെ ഔദാര്യത്തിന്റെ പ്രഭാവമാണുള്ളത്, അതിൽനിന്നാണ് അവരും അനുഗ്രഹം കരസ്ഥമാക്കുന്നത്.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ഗതിമുട്ടിയവൻ എന്നതിനെ സംബന്ധിച്ച് പ്രത്യേകമായും സൂചിപ്പിച്ച തിനെ ഞാൻ കഴിഞ്ഞ ഖുത്ബയിൽ പരാമർശിച്ചിട്ടുണ്ടായിരുന്നു. അതായത് തന്നെ തിരിച്ചറിയാനുള്ള സവിശേഷ ലക്ഷണമായി അല്ലാഹു പറയുന്നത് താൻ ഗതിമുട്ടിയവന്റെ (കഷ്ടസ്ഥിതിയിലായവന്റെ) പ്രാർഥന സ്വീകരിക്കുന്നു എന്നാണ്. അതുകൊണ്ട് നമ്മുടെ ദുആകളിൽ കഷ്ടസ്ഥിതിയിലായവന്റെ ഒരു അവസ്ഥ ഉണ്ടാക്കേണ്ടത് അനിവാര്യമാണ്. നമ്മൾ ദുആകളിൽ പ്രത്യേകമായും ശ്രദ്ധിക്കേണ്ടതുണ്ട്. ഈ ദുആകൾമാത്രമെ ഇന്നു നമ്മൾ അകപ്പെട്ടിരിക്കുന്ന പ്രതിസന്ധിയിൽനിന്ന് നമ്മെ പുറത്തെത്തിക്കുകയുള്ളൂ. മാത്രമല്ല മുസ്ലിം ഉമ്മത്തിനെ പരീക്ഷണങ്ങളിൽനിന്ന് രക്ഷിക്കാനും ഈ ദുആകൾ മാത്രമെ പ്രയോജനപ്പെടുകയുള്ളൂ. ഇക്കാര്യം മനസ്സിലാക്കിക്കൊണ്ട് ജനങ്ങൾ ദുആ ചെയ്യുകയും അല്ലാഹു അയച്ച വ്യക്തിയോടുള്ള എതിർപ്പുപേക്ഷിക്കുകയും ചെയ്യേണ്ടതാണ്. അഹ്മദികളെ സംബന്ധിച്ചാണെങ്കിൽ ഓരോ അഹ്മദിയും തന്റെ ദുആകൾക്ക് സ്വീകാര്യത കിട്ടണമെന്ന് ആഗ്രഹിക്കുന്നുവെങ്കിൽ ഗതിമുട്ടിയവന്റെ, പോംവഴിയില്ലാതായവന്റെ അവസ്ഥ ഉണ്ടാക്കണമെന്ന കാര്യം തന്റെ മനസ്സിൽ നല്ലപോലെ ഉറപ്പിക്കേണ്ടതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ഒരു സ്ഥലത്ത് ഈ വിഷയം വിവരിച്ചുകൊണ്ടു പറയുന്നു: ഓർക്കുക, അല്ലാഹു അങ്ങേയറ്റം നിരാശ്രയനാകുന്നു. ധാരാളമായും നിരന്തരമായും ഗതിമുട്ടിയ അവസ്ഥയിൽ ദുആ ചെയ്യാത്തിടത്തോളം അവൻ ഗൗനിക്കുന്നതല്ല. ദുആ സ്വീകരിക്കപ്പെടാൻ ഗതിമുട്ടിയവന്റെ അവസ്ഥ ഉണ്ടാക്കണമെന്നതാണ് നിബന്ധന.(മൽഫൂദാത്ത്, വാല്യം 10, പേജ് 137, 1987 പതിപ്പ്)

ഗതിമുട്ടുകയെന്നാൽ, ലോകത്തിലെ എല്ലാ മാർഗങ്ങളും അടഞ്ഞുവെന്നും ഇനി അല്ലാഹുവിന്റെ, തവ്വാബ് അഥവാ പശ്ചാത്താപം സ്വീകരിക്കുന്നവന്റെ വഴി മത്രമാണ് തങ്ങളെ പ്രയാസങ്ങളിൽനിന്ന് രക്ഷിക്കുകയുള്ളൂവെന്നും നൂറു ശതമാനം ദൃഢബോധ്യമുണ്ടാകണം. നമ്മുടെ ദുആകളിൽ ഈ വേദനാനിർഭരമായ അവസ്ഥ നമ്മൾ ഉണ്ടാക്കേണ്ടതാണ്. അല്ലാതെ ഈ ദുആകളും ദൈവസ്മരണയും അധരവ്യായാമം മാത്രമായാൽ അതുകൊണ്ട് ഒരുവിധ പ്രയോജനവും ഉണ്ടാകാൻ പോകുന്നില്ല.

ഇതു സംബന്ധമായി ഒരിക്കൽ നബി(സ)തിരുമേനി പറഞ്ഞു: ഞാൻ നിങ്ങൾക്ക് കൽപ്പന നൽകുകയാണ്. അല്ലാഹുവിനെ അധികമായി സ്മരിക്കുക, ദൈവസ്മരണ എന്നാൽ ഏതെങ്കിലും ഒരാളുടെ പിന്നിൽ അയാളുടെ ശത്രു ശീഘ്രഗതിയിൽ പിന്തുടരുമ്പോൾ അയാൾ ഒരു ശക്തമായ കോട്ടക്കുള്ളിൽ അഭയം പ്രാപിക്കുകയും ശത്രുവിന്റെ കൈയിൽനിന്ന് രക്ഷപ്പെടുകയും ചെയ്യുന്നതുപോലെയാണ്. ഇതേവിധത്തിൽ മനുഷ്യന്

ശയ്ത്വാനിൽനിന്ന് രക്ഷപ്പെടാൻ കഴിയുന്നതാണ്. അതല്ലാതെ വേറെ വഴിയൊന്നുമില്ല.(ശഅ്ബുൽ ഈമാൻ, ഭാഗം 2, പേജ് 73, ഹദീഥ് നമ്പർ 534, പ്രസാധനം മക്തബത്തുർറുശ്ദ് നാശിറൂൻ ബെയ്റൂത്ത് 2003)

പറഞ്ഞതിന്റെ ചുരുക്കം നമ്മൾ ദുആയിലേക്ക് വളരെയേറെ ശ്രദ്ധിക്കേണ്ടതുണ്ട്. നമുക്കെതിരിൽ ഉണ്ടാക്കിയിട്ടുള്ള അല്ലെങ്കിൽ ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന അവസ്ഥകളിൽനിന്ന് പുറത്തു കടക്കണമെങ്കിൽ വിശുദ്ധ ഖുർആനിലെ ദുആകൾ, നബി(സ)തിരുമേനി ചെയ്ത ദുആകൾ, ഹദ്റത്ത് മസീഹ് മൗഊദ്(അ)പഠിപ്പിച്ച ദുആകൾ, സ്വന്തം ഭാഷയിലുള്ള ദുആകൾ എന്നിവയിലേക്ക് നമ്മൾ ശ്രദ്ധിക്കേണ്ടതാണ്. പാക്കിസ്താനിലും മറ്റു ചില രാജ്യങ്ങളിലും നമുക്ക് സ്വതന്ത്രമായി നമസ്കരിക്കാനോ സ്വതന്ത്രമായി നബി(സ)തിരുമേനിയോടുള്ള സ്നേഹം പ്രകടിപ്പിക്കാനോ സ്വതന്ത്രമായി അല്ലാഹുവിന്റെ അവസാനത്തെ ന്യായപ്രമാണ ഗ്രന്ഥമായ വിശുദ്ധ ഖുർആൻ പാരായണം ചെയ്യാനോ സ്വതന്ത്രമായി ഇസ്‌ലാമിക ചിഹ്നങ്ങൾ പ്രകടിപ്പിക്കാനോ കഴിയുന്നില്ല. ശയ്ത്വാന്റെ സിൽബന്തികൾ എല്ലാ സമയത്തും അഹ്മദികൾക്കെതിരിൽ നടപടികളെടുക്കാനും പരസ്പരം മത്സരിച്ചുകൊണ്ട് തങ്ങളുടെ നിഗമനമനുസരിച്ച് പുണ്യം കരസ്ഥമാക്കാനും എവിടെ, എപ്പോൾ അവസരം കിട്ടുമെന്ന് തക്കം പാർത്തിരിക്കുകയാണ്. കഴിഞ്ഞ ദിവസം ഒരു അഹ്മദിയെ ശഹീദാക്കുകയുണ്ടായി. ഘാതകനെ പിടികൂടി ചോദ്യം ചെയ്തപ്പോൾ അയാൾ പറഞ്ഞു: ഞങ്ങൾ ഇന്ന മദ്രസയിലെ മൗലവിയോടു സ്വർഗത്തിൽ പോകാനുള്ള ഏറ്റവും അടുത്തവഴി ഏതാണെന്നു ചോദിച്ചപ്പോൾ അയാൾ പറഞ്ഞു, സ്വർഗത്തിൽ പോകാനുള്ള ഏറ്റവും അടുത്തവഴി നിങ്ങൾ ഏതെങ്കിലും കാഫിറിനെ കൊല്ലുകയെന്നതാണ്. അഹ്മദി കാഫിറായതുകൊണ്ട് അവരെ കൊല്ലുന്നത് അനുവദനീയമാണ്. എന്നാൽ, വാസ്തവത്തിൽ ഇവർ അല്ലാഹുവിന്റെ പിടിത്തത്തിൽ അകപ്പെടുന്നതിനുള്ള വഴിയൊരുക്കുകയാണ് ചെയ്യുന്നത്. ഏതായാലും നമുക്ക് നമ്മുടെ ഈ അവസ്ഥയിൽ ഗതിമുട്ടിയവന്റെ അവസ്ഥ ഉണ്ടാക്കേണ്ടതായിട്ടുണ്ട്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഗതിമുട്ടുക(കഷ്ടസ്ഥിതിയിലാകുക)എന്നതിനെ തിരിച്ചറിയുന്നതിനെ പറ്റി പറയുന്നു: അതായത് ദൈവിക വചനങ്ങളുടെ അടിസ്ഥാനത്തിൽ പറയുന്നു, ഗതിമുട്ടിയവൻ എന്നതുകൊണ്ട് കേവലം പരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ ആവശ്യക്കാരനായവൻ എന്നാണ്. അല്ലാതെ ശിക്ഷയുടെ കാര്യത്തിലല്ല. (ദാഫിഉൽബലാ റൂഹാനീ ഖസാഇൻ വാള്ം 18, പേജ് 231)

ഇന്ന് അഹ്മദികൾ മാത്രമാണ് ഈ പരീക്ഷണങ്ങളിലൂടെ കടന്നുപോകുന്നത്. അവർക്കാണ് വിലക്കുകളുള്ളത്. അതായത് അല്ലാഹുവിനോടും റസൂലിനോടുമുള്ള സ്നേഹം പോലും പ്രകടിപ്പിക്കാൻ കഴിയുന്നില്ല. എന്തെങ്കിലും സ്വേച്ഛകാരണത്താലോ വ്യക്തിപരമായ കുറ്റം കാരണമോ അല്ല ശിക്ഷകൾ കിട്ടിക്കൊണ്ടിരിക്കുന്നത്. ഇതെല്ലാം നമ്മളെ പരീക്ഷണങ്ങളിലൂടെ കടത്തിക്കൊണ്ടു പോകുകയാണ്.

ഈ ദിവസങ്ങളിലും എപ്പോഴും തങ്ങളുടെ അധരങ്ങളെ ദുആകളും ദൈവസ്മരണയുംകൊണ്ട് ആർദ്രമാക്കിവെക്കുക. തങ്ങളുടെ സുജൂദുകളിലും ദുആകളിലും അസ്വസ്ഥഭരിതമായ അവസ്ഥ ഉണ്ടാക്കുകയും വേണം:

ഈ സമയത്ത് ഞാൻ വിശുദ്ധ ഖുർആനിലേയും ഹദീഥുകളിലേയും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെയും ചില ദുആകൾ ചൊല്ലുന്നതാണ്. ഈ ദുആ ചൊല്ലുമ്പോൾ ആമീൻ എന്ന് പറഞ്ഞാൽ മാത്രം പോരാ, മറിച്ച് അവയെപ്പറ്റി നല്ലപോലെ ചിന്തിച്ച് അതിൽ സ്ഥായിയായ ശ്രദ്ധ കേന്ദ്രീകരിക്കുകയും വേണം. വളരെ അസ്വസ്ഥഭരിതമായി അത് ചൊല്ലുകയും കൂടാതെ സ്വന്തം ഭാഷയിലും ദുആകൾ ചെയ്തു കൊണ്ടിരിക്കുകയും വേണം. ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: സ്വന്തം ഭാഷയിലും ദുആകൾ ചെയ്യുക, അങ്ങനെ ഗത്യന്തരമില്ലാത്തവന്റെ(അസ്വസ്ഥഭരിതമായ)അവസ്ഥ അധികമായുണ്ടാകുകയും അത് മനസ്സിൽ തട്ടുകയും വേണ്ടതാണ്.(മൽഫൂദാത്ത് വാല്യം 6, പേജ് 146, 1984 പതിപ്പ്)

ദിക്റെ ഇലാഹി അഥവാ ദൈവസ്മരണയിൽ മുഴുകുന്നവനെ സംബന്ധിച്ച് നബി(സ)തിരുമേനി പറഞ്ഞു:ദിക്റെ ഇലാഹി അഥവാ ദൈവസ്മരണ ചെയ്യുന്നവനും ചെയ്യാത്തവനും ജീവിച്ചിരിക്കുന്നവനും മരിച്ചവനും പോലെയാണ്.(സ്വഹീഹുൽബുഖാരി, കിതാബുദ്ദഅ്‌വാത്ത് ഹദീഥ് 640) അതിനാൽ ദിക്റെ ഇലാഹി അഥവാ ദൈവസ്മരണകൊണ്ട് ചുണ്ടുകളെ ആർദ്രമാക്കിവെക്കുന്ന ജീവനുള്ളവരിൽ ഉൾപ്പെടാൻ നമ്മൾ ശ്രമിക്കേണ്ടതാണ്.

മറ്റൊരു സന്ദർഭത്തിൽ നബി(സ)തിരുമേനി പറഞ്ഞു: ഇറങ്ങിക്കഴിഞ്ഞ ആപത്തിൽനിന്ന് രക്ഷപ്പെടാനും ദുആ ഉപകരിക്കുന്നതാണ്. ഇതുവരെയായും ഇറങ്ങിയിട്ടില്ലാത്ത ആപത്തിൽനിന്നും ദുആ രക്ഷ നൽകുന്നതാണ്. അതിനാൽ അല്ലയോ അല്ലാഹുവിന്റെ ദാസരേ! ദുആകൾ ചെയ്യുന്നത് നിങ്ങൾ നിർബന്ധമാക്കുക.(സുനനുത്തുർമിദി, അബ്‌വാബുദ്ദഅ്‌വാത്ത്, ഹദീഥ് 3548)

അതുകൊണ്ട് ദുആയുടെ പ്രാധാന്യം എപ്പോഴും നമ്മുടെ മുന്നിൽ വെക്കേണ്ടതാണ്.

ഞാൻ പറഞ്ഞു വന്നതു പോലെ ചില ദുആകൾ ഞാൻ സ്മരിക്കുകയാണ്. ഏറ്റവുമാദ്യം സൂറ: ഫാതിഹയാണ്. നമസ്കാരത്തിൽ മാത്രമല്ല അല്ലാതെയും ഇതു ചൊല്ലിക്കൊണ്ടിരിക്കേണ്ടതാണ്. ജൂബിലി ദുആകളിൽ നാം ഇത് നിർദ്ദേശിച്ചിരുന്നു. ആളുകൾ അത് ചൊല്ലിക്കൊണ്ടിരിക്കുകയും ചെയ്തിരുന്നു. അത് സ്ഥിരമായി ചൊല്ലിക്കൊണ്ടിരിക്കുക.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ഒരു അവസരത്തിൽ പറഞ്ഞു: സൂറ: ഫാത്തിഹയുടെ ഒരു പ്രത്യേകത, ആത്മാർഥമായും ശ്രദ്ധയോടെയും അത് ചൊല്ലുമ്പോൾ അത് മനസ്സിനെ ശുദ്ധീകരിക്കുന്നതാണ്. അന്ധകാരത്തിന്റെ മറകളെയെല്ലാം നീക്കുന്നു. മനസ്സിൽ വ്യാപിച്ചിട്ടുള്ള അന്ധകാരത്തെ അകറ്റുകയും മനസ്സിനെ വിശാലമാക്കുകയും ചെയ്യുന്നു. ഹൃദയവിശാലതയും സംതൃപ്തിയും നൽകുന്നു. സത്യാന്വേഷകനെ വലിച്ചടുപ്പിച്ചുകൊണ്ട്, ദൈവസാമീപ്യം സിദ്ധിച്ചവർക്കു ണ്ടാകുന്ന ജ്യോതിസ്സും പ്രഭാവവും അനുഭവവേദ്യമാക്കുകയും ചെയ്യുന്നു. അല്ലാഹുവിന്റെ സമീപത്തേക്ക് കൊണ്ടുപോകുന്നു. അത് ശ്രദ്ധാപൂർവം ഓതുകയാണെങ്കിൽ ദൈവസാമീപ്യം സിദ്ധിച്ചവരുടേതുപോലുള്ള സാമീപ്യം അയാൾക്ക് ലഭിക്കുന്നതായിരിക്കും. അല്ലാതെ നമുക്ക് കിട്ടാതിരിക്കുന്നതല്ല. അത് ആർക്കുംതന്നെ മറ്റേതെങ്കിലും ഉപായവും പദ്ധതിയും മുഖേന ഒരിക്കലും ലഭിക്കുക സാധ്യമല്ല.(ബറാഹീനെ അഹ്മദിയ്യ, ഭാഗം 4, റൂഹാനീ ഖസാഇൻ വാല്യം1, പേജ് 402)

അതിനാൽ സൂറ ഫാതിഹ വളരെ ശ്രദ്ധാപൂർവം മനസ്സിരുത്തി ആവർത്തിച്ചാവർത്തിച്ചു ഓതുകയാണെങ്കിൽ അല്ലാഹുവിന്റെ സമീപത്തെത്തുന്നതാണ്. മാത്രമല്ല ചിന്തിക്കുകയാണെങ്കിൽ അതിലെ ദുആകൾത്തന്നെ ഉള്ളിൽ അസ്വസ്ഥഭരിതമായ അവസ്ഥ ഉണ്ടാക്കുകയും ചെയ്യുന്നതാണ്.

വിശുദ്ധ ഖുർആനിലെ ഒരു ദുആയാണ്:

റബ്ബനാ ആത്തിനാ ഫിദ്ദുൻയാ ഹസനത്തൻ വ്വഫിൽആഖിറത്തി ഹസനത്തൻവ്വഖിനാ അദാബന്നാർ (2:202)

ഞങ്ങളുടെ നാഥാ! ഐഹികജീവിതത്തിൽ ഞങ്ങൾക്കു നീ നന്മ നല്കേണമേ, പരലോകത്തും നീ ഞങ്ങൾക്കു നന്മ നൽകേണമേ, നരകശിക്ഷയിൽനിന്ന് നീ ഞങ്ങളെ കാത്തുരക്ഷിക്കേണമേ!

ഇതിനെക്കറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരു അവസരത്തിൽ പറഞ്ഞു: വിശ്വാസിയുടെ ബന്ധം ഭൗതിക ലോകവുമായി വിശാലമാകുന്നതനുസരിച്ച് അതയാളുടെ ഉന്നത പദവികൾക്ക് നിദാനമായിത്തീരുന്നു. കാരണം അയാളുടെ ലക്ഷ്യം ദീനായിരിക്കും. അതുകൊണ്ട് ഭൗതിക ബന്ധങ്ങളും അയാൾക്കു ദൈവദൃഷ്ടിയിൽ പദവികൾ നൽകുന്നതായിരിക്കും. കാരണം ദീനിനായിരിക്കും അയാൾ മുൻഗണന നൽകുന്നത്. അതുകൊണ്ട് ഭൗതിക സമ്പത്തും അന്തസ്സും ദീനിന്റെ സേവകരായിരിക്കും.

അതിനാൽ ആത്യന്തികലക്ഷ്യം ഭൗതിക ലോകമാകാൻ പാടില്ല. ഭൗതികത കരസ്ഥമാക്കുന്നതിന്റെ ഉദ്ദേശ്യവും ദീനായിരിക്കണം. പറഞ്ഞു: ഏതു നിലയിൽ ഭൗതികത കരസ്ഥമാക്കണമെന്നാൽ അത് ദീനിന്റെ സേവകനായിരിക്കണം. അല്ലാഹു റബ്ബനാ ആത്തിനാ ഫിദ്ദുൻയാ ഹസനത്തൻ എന്ന ദുആയുടെ അധ്യാപനം നല്കിയതിലും ഭൗതികതയെയാണ് മുന്തിച്ചിട്ടുള്ളത്. പക്ഷേ, ഏതു ദുൻയാ അഥവാ ഭൗതികതയെ? ആഖിറത്തിൽ നന്മകൾക്ക് നിമിത്തമാകുന്ന ഭൗതികതയെ! വിശ്വാസി ഭൗതികത കരസ്ഥമാക്കേണ്ടത് പരലോക നന്മക്കുവേണ്ടിയാണെന്ന് ഈ ദുആയുടെ അധ്യാപനത്തിൽനിന്ന് വ്യക്തമായും മനസ്സിലാകുന്നുണ്ട്. അതോടൊപ്പംതന്നെ ഹസനാത്തുദ്ദുൻയാ എന്ന പദത്തിൽ വിശ്വാസിയായ ഒരു മുസ്‌ലിം ഭൗതികത കരസ്ഥമാക്കാൻ അവലംബിക്കേണ്ട എല്ലാ നല്ല മാർഗങ്ങളെ സംബന്ധിച്ചും പരാമശിച്ചിരിക്കുന്നു. ഭൗതികത നന്മക്കുവേണ്ടിയാണ് തേടുന്നതെങ്കിൽ പിന്നെ ആരും ഭൗതികത സമ്പാദിക്കാൻ തെറ്റായ കാര്യങ്ങൾ ചെയ്യുന്നതല്ല. ദീനിനേയും, ദൈവിക തൃപ്തിയേയും മുന്തിക്കുന്നതായിരിക്കും. പിന്നീട് അതനുസരിച്ച് കാര്യങ്ങൾ ചെയ്യുന്നതുമാണ്.

പറയുന്നു: ഏതുമാർഗം അവലംബിക്കുന്നതിലാണോ നന്മയും മേന്മയുമുള്ളത് പ്രസ്തുത സകല മാർഗങ്ങളും മുഖേന ഭൗതികത സമ്പാദിക്കുവിൻ. അല്ലാതെ മറ്റൊരാൾക്ക് പ്രയാസമുണ്ടാക്കുന്നതും തങ്ങളിൽ ആർക്കെങ്കിലും കോട്ടവും നാണക്കേടുമുണ്ടാക്കുന്നതുമായ വഴി അവലംബിക്കരുത്. അത്തരം ഭൗതികത തീർച്ചയായും പരലോകത്തും നന്മക്ക് നിദാനമാകുന്നതാണ്.(മൽഫൂദാത്ത് വാല്യം 2, പേജ് 91-92, 1984 പതിപ്പ്)

ചുരുക്കത്തിൽ ഭൗതികത ആർജിക്കുന്നതും അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ കരസ്ഥമാക്കുന്നതിനുള്ള മാർഗം ആകേണ്ടതാണ്. ദീനിനെ ദുൻയാവിനേക്കാൾ മുന്തിക്കുന്നതിന് ശ്രമിക്കേണ്ടതാണ്. ഇതുണ്ടാകുകയാണെങ്കിൽ നമ്മൾ ദുആകളിൽനിന്ന് ശരിയായ അനുഗ്രഹം കരസ്ഥമാക്കുന്നവരായി മാറുന്നതായിരിക്കും.

ഒരിക്കൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ജമാഅത്തിനെ ഉപദേശിച്ചുകൊണ്ട് പറഞ്ഞു: ഇക്കാലഘട്ടത്തിൽ നമ്മുടെ ജമാഅത്ത് റബ്ബനാ ആത്തിനാ ഫിദ്ദുൻയാ ഹസനത്തൻവ്വഫിൽ ആഖിറത്തി ഹസനത്തൻവ്വഖിനാ അദാബന്നാർ എന്ന ദുആ, നമ്മൾ ദീനിനെ ദുൻയാവിനേക്കാളും മുന്തിക്കുന്നവരാകുന്നതിനും അതുപോലെ ശത്രുക്കൾ ആളിക്കത്തിക്കുന്ന തീയിൽനിന്ന് സുരക്ഷിതരാകുന്നതിനുംവേണ്ടി ധാരാളമായി ചെയ്യേണ്ടതാണ്.

മാത്രമല്ല ഇന്നത്തെ ലോകത്തിന്റെ അവസ്ഥ, യുദ്ധങ്ങളിൽ ഉപയോഗിക്കുന്ന ആയുധങ്ങൾ തീതുപ്പുന്നവയാണ്. അല്ലാഹു നമ്മെ ഈ തീയിൽ നിന്നും രക്ഷിക്കുകയും ഇഹലോകത്തും പരലോകത്തും നന്മകൾ നൽകുകയും ചെയ്യുമാറാകട്ടെ.

ആയതിനാൽ തങ്ങൾക്കു വേണ്ടിയും ലോകത്തിനു വേണ്ടിയും അഹ്മദികൾ ധാരാളമായി ദു:ആ ചെയ്യേണ്ടതാണ്.(മൽഫൂദാത്ത് വാള്യം 1, പേജ് 9, 1984 പതിപ്പ്)

അതുകൊണ്ട് നമ്മൾ ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കുന്നവരാകുക; ഇങ്ങനേയും നമ്മൾ ശത്രുക്കൾ ആളിക്കത്തിക്കുന്ന അഗ്നിയിൽനിന്ന് സുരക്ഷിതരായിരിക്കാൻ.

ഇന്നത്തെ ലോകത്തിന്റെ അവസ്ഥ, യുദ്ധങ്ങളിലും തീ തൊടുത്തുവിടുന്ന ആയുധങ്ങളാണ് ഉപയോഗിക്കുന്നത്. അല്ലാഹു നമ്മെ ഈ തീയിൽനിന്നും രക്ഷിക്കുമാറാട്ടെ. ഈ ലോകത്തും പരലോകത്തും നന്മകൾ പ്രദാനം ചെയ്യുമാറാകട്ടെ. അതുകൊണ്ട് ലോകത്തിലും ആഖിറത്തിലും നന്മകൾ പ്രദാനം ചെയ്യാനും ദുആ ചെയ്യുക.

അതിനാൽ നമുക്കുവേണ്ടിയും ലോകത്തിനുവേണ്ടിയും ഒരുപാട് ദുആ ചെയ്യേണ്ട ആവശ്യമുണ്ട്.

പിന്നീട് ഇനിപ്പറയുന്ന ദുആയും വളരെ ശക്തമായും ഗതിമുട്ടിയവനെപ്പോലെയും ചെയ്യേണ്ടതാണ്. ദുആ ഇതാണ്: റബ്ബനാ അഫ്രിഗ് അലയ്നാ സ്വബ്റൻവ്വഥബ്ബിത്ത് അഖ്ദാമനാ വൻസ്വുർനാ അലൽ ഖൗമിൽ കാഫിരീൻ ഞങ്ങളുടെ നാഥാ ഞങ്ങൾക്കു നീ സഹനശക്തി ചൊരിഞ്ഞു തരികയും ഞങ്ങളുടെ പാദങ്ങളെ ഉറപ്പിച്ചു നിറുത്തുകയും അവിശ്വാസികൾക്കെതിരെ ഞങ്ങളെ നീ സഹായിക്കുകയും ചെയ്യേണമേ. (2:251)

ഈ ദുആയും നിരന്തരം അസ്വസ്ഥഭരിതവും ഗതിമുട്ടിയതുമായ മനസ്സുമായി ചെയ്യേണ്ടതാണ്. അതായത്,

റബ്ബനാ ലാ തുആഖിദ്നാ ഇൻനസീനാ ഔ അഖ്ത്വഅ്നാ റബ്ബനാ വലാ തഹ്മിൽ അലയ്നാ ഇസ്റൻകമാ ഹമൽത്തഹൂ അലല്ലദീന മിൻ ഖബ്ലിനാ റബ്ബനാ വലാ തുഹമ്മിൽനാ മാലാ ത്വാഖത്തലനാ ബിഹീ വഅ്ഫു അന്നാ വഗ്ഫിർലനാ വർഹംനാ അൻതമൗലാനാ ഫൻസ്വുർനാ അലൽഖൗമിൽ കാഫിരീൻ (2:287)

ഞങ്ങളുടെ നാഥാ, ഞങ്ങൾ മറന്നുപോവുകയോ തെറ്റുചെയ്യുകയോ ചെയ്തിട്ടുണ്ടെങ്കിൽ നീ ഞങ്ങളെ ശിക്ഷിക്കരുതേ. ഞങ്ങൾക്കു മുമ്പേ ഉണ്ടായിരുന്നവരുടെമേൽ ചുമത്തിയതുപോലുള്ള ഭാരം ഞങ്ങളുടെമേൽ ചുമത്തരുതേ. ഞങ്ങളുടെ നാഥാ, ഞങ്ങൾക്ക് വഹിക്കാൻ കഴിവില്ലത്ത (ഭാരം) ഞങ്ങളുടെമേൽ ചുമത്തരുതേ. ഞങ്ങൾക്കു മാപ്പു നല്കേണമേ; ഞങ്ങൾക്കു പൊറുത്തു തരേണമേ; ഞങ്ങളോടു കരുണ കാണിക്കേണമേ; നീയാണ് ഞങ്ങളുടെ രക്ഷാധികാരി. അതിനാൽ സത്യനിഷേധികളായ ജനതയ്ക്കെതിരിൽ ഞങ്ങളെ സഹായിക്കേണമേ.(2:287)

ഈമാനിന്റെ കരുത്തിനുവേണ്ടി ഈ ദുആയും ധാരാളമായി ചെയ്യേണ്ടതാണ്:

റബ്ബനാ ലാ തുദിഗ് ഖുലൂബനാ ബഅ്ദ ഇദ്ഹദയത്തനാ വ ഹബ്ലനാ മിൻല്ലദുൻക റഹ്മത്തൻ ഇന്നക്ക അൻദൽ വഹ്ഹാബ്

ഞങ്ങളുടെ നാഥാ, നീ ഞങ്ങളെ സന്മാർഗത്തിലാക്കിയശേഷം ഞങ്ങളുടെ ഹൃദയങ്ങളെ തെറ്റിച്ചുകളയരുതേ. ഞങ്ങൾക്ക് നിന്റെയടുക്കൽനിന്ന് കാരുണ്യം പ്രദാനം ചെയ്യേണമേ. തീർച്ചയായും നീ തന്നെയാണ് വളരെയധികം ഔദാര്യം ചെയ്യുന്നവൻ(3:9). ഈ ദുആയും വളരെയധികം ചെയ്യേണ്ടതാണ്.

ഇനി ഞാൻ നബി(സ)തിരുമേനി പറഞ്ഞുതന്ന ചില ദുആകളെ സംബന്ധിച്ച് പറയാം. ഒരിക്കൽ ഹദ്റത്ത് അബൂബക്ർ(റ), നബി(സ)തിരുമേനിയുടെ സവിധത്തിലെത്തി പറഞ്ഞു, എനിക്ക് നമസ്കാരത്തിൽ ചൊല്ലുന്നതിന് ദുആ പഠിപ്പിച്ചു തന്നാലും. നബി(സ)തിരുമേനി പറഞ്ഞു, താങ്കൾ ഇങ്ങനെ ദുആ ചെയ്യുക: അല്ലാഹുമ്മ ഇന്നീ ള്വലംത്തു നഫ്സീ ള്വുൽമൻ കഥീറൻ വലാ യഗ്ഫിറു ദ്ദുനൂബ ഇല്ലാ അൻത. ഫഗ്ഫിർലീ മഗ്ഫിറത്തൻ മിൻ ഇൻദിക്ക വർഹംനീ ഇന്നക്ക അൻതൽ ഗഫൂറുർറഹീം (സ്വഹീഹുൽ ബുഖാരി കിതാബുദ്ദഅ്വാത്തി ബാബു അദ്ദുആഉ ഫിസ്സ്വലാത്തി ഹദീഥ് 6326)

അല്ലഹുവേ! ഞാൻ എന്റെ ആത്മാവിനോടു ഒരുപാടു അക്രമം ചെയ്തിരിക്കുന്നു. പാപങ്ങൾ പൊറുക്കുന്നവൻ നീയല്ലാതെ മറ്റാരുമില്ല. അതിനാൽ നീ നിന്നിൽനിന്നുള്ള പാപമോചനം എനിക്ക് നൽകുകയും എന്നോടു കരുണ കാണിക്കുകയും ചെയ്യേണമേ. തീർച്ചയായും നീ ഏറെ പൊറുക്കുന്നവനും കരുണാമയനുമാകുന്നു.(ബുഖാരി)

നബി(സ)തിരുമേനി ഇതു ചൊല്ലിക്കൊണ്ടിരിക്കാൻ ഹദ്റത്ത് അബൂബക്റിനെ(റ)ആവർത്തിച്ചു ഉപദേശിക്കുകയും ചെയ്തു.

മുസ്അബ് ബിൻ സഅ്ദ്(റ)തന്റെ പിതാവിൽ നിന്ന് നിവേദനം. ഒരു ഗ്രാമീണവാസി നബി(സ) തിരുമേനിയുടെ സവിധത്തിൽ വന്നുകൊണ്ടു പറഞ്ഞു: എനിക്ക് നിത്യവും ചൊല്ലാൻ പറ്റിയ വല്ല കാര്യവും പറഞ്ഞു തന്നാലും. നബി(സ) തിരുമേനി പറഞ്ഞു:

ലാ ഇലാഹ ഇല്ലല്ലാഹു വഹ്ദഹു ലാ ശരീക്ക ലഹു, അല്ലാഹു അക്ബറു കബീറൻ, വൽഹംദു ലില്ലാഹി കഥീറൻ, സുബ്ഹാനല്ലാഹി റബ്ബിൽ ആലമീന, ലാ ഹൗല വലാഖുവ്വത്ത ഇല്ലാ ബില്ലാഹിൽ അസീസിൽ ഹക്കീം

അല്ലാഹുവല്ലാതെ അരാധനയ്ക്കർഹൻ മറ്റാരുമില്ല, അവൻ ഏകനാകുന്നു, അവനു ഒരു പങ്കുകാരനുമില്ല. അല്ലാഹു ഏറ്റവും വലിയവനാകുന്നു. ഏറ്റവുമധികം സ്തുതികൾ അല്ലാഹുവിനുള്ളതാകുന്നു. അവൻ പരിശുദ്ധനാകുന്നു. അവൻ സകല ലോകങ്ങളുടെയും നാഥനാകുന്നു. അല്ലാഹുവിനല്ലാതെ മറ്റാർക്കും ഒരു ശക്തിയും കഴിവുമില്ല. അവൻ വളരെയധികം പ്രതാപവാനും യുക്തിജ്ഞനുമാകുന്നു. ആ ഗ്രാമീണവാസി പറഞ്ഞു; യാ റസൂലല്ലാഹ്! ഇത് എന്റെ റബ്ബിനെ സംബന്ധിച്ചുള്ളതാണ്. അവനെ ഞാൻ സ്തുതിക്കുന്നു. എനിക്ക് വേണ്ടി എന്താണുള്ളത്? നബി(സ)തിരുമേനി പറഞ്ഞു: നീ ഇങ്ങനെ പറയുക: അല്ലാഹുമ്മഗ്ഫിർലീ വർഹംനീ വഹ്ദിനീ വ റുസുഖ്നീ അല്ലാഹുവേ! എനിക്ക് പൊറുത്തു തരേണമേ, എന്നോടു കരുണ കാണിക്കേണമേ, എനിക്ക് നേർമാർഗം നൽകേണമേ, എനിക്ക് ഉപജീവനം നൽകേണമേ.(സ്വഹീഹ് മുസ്‌ലിം കിതാബുദ്ദിക്റു വ ദ്ദുആ ഹദീഥ് 6850)

മറ്റൊരു നിവേദനത്തിൽ ഈ വിവരണമുണ്ട്. ആരെങ്കിലും ഇസ്‌ലാം സ്വീകരിക്കുമ്പോൾ നബി(സ)തിരുമേനി അവർക്ക് ഈ ദുആ പഠിപ്പിച്ചു കൊടുക്കുമായിരുന്നു. അബൂമാലിക് അശ്ജയീ(റ)തന്റെ പിതാവിൽനിന്ന് അത് നിവേദനം ചെയ്യുന്നു: ആരെങ്കിലും ഇസ്‌ലാം സ്വീകരിച്ചാൽ നബി(സ)തിരുമേനി അയാൾക്ക് നമസ്കാരം പഠിപ്പിച്ചുകൊടുക്കുമായിരുന്നു. ഇങ്ങനെ ദുആ ചെയ്യാൻ പറയുകയും ചെയ്യുമായിരുന്നു: അല്ലാഹുമ്മഗ്ഫിർലീ വർഹംനീ വഹ്ദിനീ വ ആഫിനീ റുസുഖ്നീ (സ്വഹീഹ് മുസ്‌ലിം കിതാബുദ്ദിക്റു വ ദ്ദുആ ഹദീഥ് 6850)

അല്ലാഹുവേ! എനിക്ക് പൊറുത്തു തരേണമേ, എന്നോടു കരുണ കാണിക്കേണമേ, എനിക്ക് നേർമാർഗം നൽകേണമേ, എനിക്ക് സൗഖ്യം നല്കേണമേ, എനിക്ക് ഉപജീവനം നൽകേണമേ. രണ്ടു സുജൂദുകൾക്കിടയിലും നമ്മൾ ഈ ദുആയാണ് ചൊല്ലാറുള്ളത്. എന്നാൽ, ഇന്ന് ആളുകൾ സുജൂദിൽ നിന്നെഴുന്നേൽക്കുകയും ഇരിക്കുകയും മാത്രം ചെയ്യുന്നു, ദുആ ചൊല്ലുന്നില്ല എന്നാണ് തോന്നുന്നത്. അവരുടെ പക്കൽ ഈ ദുആക്ക് ഒരു പ്രാധാന്യവുമില്ല. യഥാർഥത്തിൽ ഈ ദുആ ചിന്തിച്ചു മനസ്സിലാക്കി ചൊല്ലേണ്ടിയിരിക്കുന്നു. രിസ്ഖ് എന്നതിൽ ഭൗതിക ജീവിത വിഭവത്തോടൊപ്പം ആത്മീയ ജീവിത വിഭവവും ഉദ്ദേശ്യമാണ്. അതിലും മുന്നേറണമെന്നതാണ് ഇതിന്റെ വിവക്ഷിതം.

അല്ലാഹുവിന്റെ പരിശുദ്ധിയെ വാഴ്ത്തുകയും സ്തുതിക്കുകയും ചെയ്യുന്നതോടൊപ്പം തങ്ങളുടെ പരിഷ്കരണത്തിലും സന്മാർഗത്തിലും ആത്മീയതയിലും മുന്നേറണമെന്ന ലക്ഷ്യത്തോടെയും ദുആ ചെയ്യേണ്ടതാണ്. നമ്മുടെ ദുആകൾ കേവലം ഭൗതികത കരസ്ഥമാക്കാനാകരുത്. മറിച്ച് നമ്മുടെ ആത്മീയവും ഭൗതികവുമായ അവസ്ഥകൾ നന്നാക്കാൻവേണ്ടി നമ്മൾ ദുആകൾ ചെയ്യുകയും അതിൽ പ്രത്യേകമായി ശ്രദ്ധിക്കുകയും ചെയ്യുമ്പോൾ പിന്നെ എല്ലാ വിധത്തിലുള്ള അനുഗ്രഹങ്ങളും വർഷിക്കുന്നതും നമ്മൾ കാണുന്നതായിരിക്കും.

നബി(സ)തിരുമേനി പഠിപ്പിച്ചുതന്ന മറ്റൊരു ദുആയെ സംബന്ധിച്ചിങ്ങനെ കാണാം: ഹദ്റത്ത് ആഇശ(റ)നിവേദനം. നബി(സ)തിരുമേനി രാത്രിയിൽ ഉണരുമ്പോൾ പറയുമായിരുന്നു:

ലാ ഇലാഹ ഇല്ലാ അൻത, സുബ്ഹാനക്ക, അല്ലാഹുമ്മ അസ്തഗ്ഫിറുക്ക ലിദൻബീ, വ അസ്അലുക്ക റഹ്മത്തക്ക, അല്ലാഹുമ്മ സിദ്നീ ഇൽമൻ, വലാ തുസിഗ് ഖൽബീ ബഅ്ദഇദ് ഹദയ്ത്തനീ, വ ഹബ്ലീ മിൻല്ലദുൻക റഹ്മത്തൻ, ഇന്നക്ക അൻതൽ വഹ്ഹാബ് (സുനൻ അബീദാവൂദ്, അബ്വാബുനൗം ഹദീഥ് 5061)

അല്ലാഹുവേ! നീയല്ലാതെ മറ്റൊരു ആരാധ്യനുമില്ല. നീ പരിശുദ്ധനാകുന്നു. അല്ലാഹുവേ! ഞാൻ ചെയ്ത പാപങ്ങൾക്ക് നിന്നോടു പൊറുക്കലിനെ തേടുന്നു. നിന്നോടു നിന്റെ കാരുണ്യം യാചിക്കുന്നു. അല്ലാഹുവേ! എന്റെ അറിവ് വർധിപ്പിക്കേണമേ, നീ സന്മാർഗം തന്ന ശേഷം എന്റെ ഹൃദയത്തെ നീ വളച്ചുകളയരുതേ, നിന്റെ സവിധത്തിൽനിന്ന് നീ എനിക്ക് കാരുണ്യം നൽകേണമേ, തീർച്ചയായും നീ ഏറെ ഔദാര്യവാനാകുന്നു.

ഒരു നിവേദനത്തിൽ ഹദ്റത്ത് അനസ് ബിൻ മാലിക് (റ)വിവരിക്കുന്നു: നബി(സ)തിരുമേനി വല്ല കാര്യത്തിലും അസ്വസ്ഥനാകുമ്പോൾ ഇങ്ങനെ പറയുമായിരുന്നു:

യാ ഹയ്യു യാ ഖയ്യൂം ബി റഹ്മത്തിക്ക് അസ്തഗീഥു

എന്നെന്നും ജീവിച്ചിരിക്കുന്നവനും എല്ലാത്തിനെയും നിലനിറുത്തുന്നവനുമായ നാഥാ! നിന്റെ കാരുണ്യത്തെ മുൻനിറുത്തി ഞാൻ നിന്നോടു സഹായം ചോദിക്കുന്നു. (സുനൻ അത്തുർമിദി അബ്വാബുദ്ദഅ്വാത്ത് ഹദീഥ് 3524)

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അംറ് ബിൻ ആസ്വി(റ)നിവേദനം. നബി(സ)തിരുമേനി പറഞ്ഞു: നിശ്ചയമായും നോമ്പുകാരന്റെ നോമ്പു തുറക്കുന്ന സമയത്തുള്ള ദുആ നിഷേധിക്കപ്പെടുകയില്ല.

ഇബ്നു അബീ മലീക്ക പറഞ്ഞു: ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അംറ് നോമ്പുതുറക്കുമ്പോൾ ഇങ്ങനെ ദുആ ചെയ്യുമായിരുന്നു:

അല്ലാഹു ഇന്നീ അസ്അലുക്ക ബി റഹ്മത്തിക്കല്ലത്തീ വസിഅത്ത് കുല്ല ശയ്ഇൻ അൻതഗ്ഫിർലീ(സുനൻ ഇബ്നുമാജ കിതാബുസ്സ്വിയാം, ഹദീഥ് 1753)

അല്ലാഹുവേ, എല്ലാ വസ്തുക്കളിലും വിശാലമായിരിക്കുന്ന നിന്റെ അനുഗ്രഹത്തെ മുൻനിറുത്തി ഞാൻ നിന്നോടു യാചിക്കുന്നു. നീ എനിക്ക് പൊറുത്തു തരേണമേ!

ഹദ്റത്ത് ഉമ്മു സൽമയിൽനിന്നുള്ള നിവേദനം, നബി(സ)തിരുമേനി ഇങ്ങനെ ദുആ ചെയ്യുമായിരുന്നു: റബ്ബിഗ്ഫിർ വർഹം വഹ്ദിനീ ലിത്ത്വരീഖിൽ അഖ്വമി(മുസനദ് അഹ്മദ് ബിൻ ഹമ്പൽ, വാള്യം 8, പേജ് 610, ഉമ്മുസൽമ സൗജന്നബിയ്യി(സ), ഹദീഥ് 27126, ആലമുൽകുതുബ് ബെയ്റൂത്ത് 1998)

എന്റെ നാഥാ! എനിക്ക് പൊറുത്തു തരേണമേ, എന്നോടു കരുണ കാണിക്കേണമേ, എന്നെ ഋജുവായതും ശരിയായതും ഉറപ്പുള്ളതുമായ മാർഗത്തിൽ വഴി നടത്തേണമേ.

നബി(സ)തിരുമേനി ഇങ്ങനെ ദുആ ചെയ്യുന്നുവെങ്കിൽ നമ്മൾ എത്രമാത്രം ശക്തമായി ഈ ദുആ ചെയ്യേണ്ടതാണ്.

നബി(സ)തിരുമേനി ചെയ്ത ഒരു ദുആയെ സംബന്ധിച്ച് ഇങ്ങനെ കാണപ്പെടുന്നു. നബി(സ)തിരുമേനിയുടെ ധർമപത്നി ഹദ്റത്ത് ആഇശ(റ)പറയുന്നു: നബി(സ)തിരുമേനി നമസ്കാരത്തിൽ ഇപ്രകാരം ദുആ ചെയ്യാറുണ്ടായിരുന്നു: അല്ലാഹുമ്മ ഇന്നീ അഊദുബിക്ക മിൻ അദാബിൽ ഖബ്രി, വ അഊദുബിക്ക മിൻ ഫിത്നത്തിൽമസീഹിൽ ദ്ദജ്ജാലി, വ അഊദുബിക്ക മിൻ ഫിത്നത്തിൽ മഹ്യായ, വ ഫിത്നത്തിൽ മമാത്തി, അല്ലാഹുമ്മ ഇന്നീ അഊദുബിക്ക മിനൽ മഅ്ഥമി വൽ മഗ്റമി(സ്വഹീഹുൽ ബുഖാരി,കിതാബുൽ അദാൻ, ബാബു അദ്ദുആഉ ഖബ്ലസ്സലാമി, ഹദീഥ് 832)

അല്ലാഹുവേ! ഖബ്റിലെ ശിക്ഷയിൽനിന്നും മസീഹുദ്ദജ്ജാലിന്റെ പരീക്ഷണത്തിൽനിന്നും ജീവിതത്തിലും മരണത്തിലും അഭിമുഖീകരിക്കേണ്ടിവരുന്ന പരീക്ഷണങ്ങളിൽനിന്നും കാത്തുരക്ഷിക്കുവാനായി ഞാനിതാ നിന്നെ അഭയം പ്രാപിച്ചുകൊള്ളുന്നു. അല്ലാഹുവേ, പാപത്തിൽനിന്നും കടബാധ്യതയിൽനിന്നും കാത്തുരക്ഷിക്കുവാനും ഞാനിതാ നിന്നെ അഭയം പ്രാപിക്കുന്നു.

അപ്പോൾ ഒരാൾ നബി(സ)തിരുമേനിയോടു ചോദിച്ചു: കടബാധ്യതയിൽനിന്ന് മുക്തനാവാൻ വേണ്ടി അങ്ങുന്ന് കൂടുതലായി പ്രാർഥിച്ചുകൊണ്ടിരിക്കുന്നതെന്തിനാണ്? നബി(സ)തിരുമേനി പറഞ്ഞു: മനുഷ്യൻ കടബാധ്യതയിൽപെട്ടാൽ അവന് കൂടുതൽ സംസാരിക്കേണ്ടിവരും. അപ്പോൾ അവൻ കള്ളം പറയും. വാഗ്ദാനം ചെയ്താലോ ലംഘിക്കുകയും ചെയ്യും. ഇനി ഈ ദുആ ചെയ്യുന്ന നമ്മൾ ഇതിൽ നിന്നെല്ലാം വിട്ടു നിൽക്കുന്നുണ്ടോ എന്ന് സ്വയം നോക്കുക. അതിനാൽ അല്ലാഹു നമ്മെ ഈവക കാര്യങ്ങളിൽനിന്ന് അകറ്റി നിറുത്താനും ഭൗതികമായ നന്മകൾ നൽകാനും നമ്മൾ ഈ ദുആയും ചെയ്യേണ്ടതാണ്.

ഇനി നബി(സ)തിരുമേനിയുടെ ഒരു ദുആയെ സംബന്ധിച്ച് ഹദ്റത്ത് ആഇശ(റ)ഇപ്രകാരം പറയുന്നു. ഇതു ദീർഘമായ ദുആയാണ്. അതുകൊണ്ട് തർജമ വായിക്കാം:

അല്ലാഹുമ്മ ഇന്നീ അഊദുബിക്ക മിനൽകസലി വൽഹറമി വൽ മഗ്റമി വൽമഅ്ഥമി-അല്ലാഹുമ്മ ഇന്നീ അഊദുബിക്ക മിൻ അദാബിന്നാരി വ ഫിത്നത്തിന്നാരി, വ ഫിത്നത്തിൽ ഖബ്രി വ അദാബിൽ ഖബ്രി വ ശർറി ഫിത്നത്തിൽഗിനാ, വ ശർറി ഫിത്നത്തിൽ ഫഖ്രി, വ ശർറി ഫിത്നത്തിൽമസീഹിദ്ദജ്ജാലി, അല്ലാഹുമ്മഗ്സിൽ ഖത്വായായ ബി മാഇഥ്ഥൽജി വൽബറദി, വ നഖ്ഖി ഖൽബീ മിനൽ ഖത്വായാ, കമാ യുനഖ്ഖഥ്ഥൗബുൽഅബ്യളു മിനദ്ദനസി, വ ബായിദ് ബയ്നീ വ ബയ്ന ഖത്വായായ കമാ ബാഅദ്ത്ത ബയ്നൽ മശ്രിഖി വൽമഗ്രിബി (സ്വഹീഹുൽബുഖാരി, കിതാബുദ്ദഅ്വാത്ത് ബാബുൽ ഇസ്തിആദ മിൻ അർദലിൽ ഉമുരി, ഹദീഥ് 6375)

അല്ലാഹുവേ! ഞാൻ നിന്നോടു അലസതയിൽനിന്നും വാർധക്യത്തിൽനിന്നും കടങ്ങളിൽനിന്നും പാപങ്ങളിൽനിന്നും അഭയം തേടുന്നു. അല്ലാഹുവേ! ഞാൻ നിന്നോടു അഗ്നിയുടെ ശിക്ഷയിൽനിന്നും അഗ്നിയുടെ പരീക്ഷണത്തിൽനിന്നും ഖബ്റിലെ പരീക്ഷണത്തിൽനിന്നും ഖബ്റിലെ ശിക്ഷയിൽനിന്നും ധനാഢ്യതയുടെ പരീക്ഷണത്തിന്റെ ദ്രോഹത്തിൽനിന്നും പരാശ്രയത്തിന്റെ പരീക്ഷണം കൊണ്ടുള്ള ദ്രോഹത്തിൽനിന്നും ദജ്ജാലിന്റെ പരീക്ഷണംകൊണ്ടുള്ള ദ്രോഹത്തിൽനിന്നും അഭയം തേടുന്നു. എന്റെ പാപങ്ങളെ മഞ്ഞുകൊണ്ടും തണുത്ത വെള്ളംകൊണ്ടും കഴുകേണമേ, കിഴക്കിനും പടിഞ്ഞാറിനുമിടയിൽ ദൂരം ഉണ്ടാക്കിയതുപോലെ എന്റെ ഹൃദയത്തിനും പാപങ്ങൾക്കുമിടയിൽ ദൂരമുണ്ടാക്കേണമേ.

ഈ ദുആയിൽ നിരവധി ദുആകൾ വന്നിട്ടുണ്ട്. നേരത്തെ ഇതുപോലുള്ള ഒരു ഹദീഥിൽ ഞാൻ പറഞ്ഞു വന്നതുപോലെ നബി(സ)തിരുമേനി ഇങ്ങനെ ദുആ ചെയ്തിരിക്കെ നമ്മൾ എത്രമാത്രം ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ട ആവശ്യമുണ്ട്. ഈ ദുആകൾത്തന്നെയാണ് നമ്മുടെ വ്യക്തിഗത ജീവിതത്തിൽ മാറ്റങ്ങൾ കൊണ്ടുവരികയും ജമാഅത്തുപരമായ ജീവിതത്തിൽ പ്രയോജനം നൽകുകയും ചെയ്യുക. പക്ഷേ, നബി(സ)തിരുമേനി ഈ ദുആകൾ ചെയ്യുമ്പോൾ അനുഭവിച്ച വേദന ഉൾക്കൊണ്ടുകൊണ്ട് നമ്മൾ ഈ ദുആകൾ ചെയ്യേണ്ടതാണ്. നബി(സ)തിരുമേനി തനിക്കുവേണ്ടി മാത്രമല്ല ഈ ദുആകൾ ചെയ്തത്. പ്രത്യുത തന്റെ ഉമ്മത്തിനുവേണ്ടിയുമാണ് ചെയ്തത്. അതിനാൽ ഈ ദുആകൾ ചെയ്യുമ്പോൾ നബി(സ)തിരുമേനിയുടെ ഹൃദയത്തിൽ എത്തരത്തിലുള്ള വേദനയായിരുന്നു ഉണ്ടായിരുന്നതെന്ന് എപ്പോഴും ഓർക്കേണ്ടതാണ്.

നബി(സ)തിരുമേനി മസീഹുദ്ദജ്ജാലിന്റെ ഫിത്നയിൽനിന്ന് പ്രത്യേകമായി അഭയം തേടിയിരിക്കുന്നു. അതാകട്ടെ ഇക്കാലഘട്ടത്തിൽ അതിന്റെ പാരമ്യത്തിലുമാണ്. അതിനാൽ നബി(സ)തിരുമേനിയുടെ യഥാർഥ അനുചരന്മാരായ ഹദ്റത്ത് മസീഹ് മൗഊദിന്റെ അനുയായികൾ പ്രത്യേകമായും ഈ ദുആകളിൽ ശ്രദ്ധിക്കേണ്ടതാണ്. ഫിത്നകളിൽനിന്ന് രക്ഷപ്പെടാനും പ്രത്യേകിച്ചും ദജ്ജാലിന്റെ ഫിത്നയിൽനിന്ന് രക്ഷപ്പെടാനും ലോകത്തെ രക്ഷിക്കാനും ഈ ദുആ വളരെ അനിവാര്യമാകുന്നു.

ബുഖാരിയിലെ ഹദീഥിൽ നബി(സ)തിരുമേനി തഹജ്ജുദ് നമസ്കാരത്തിൽ ചെയ്തിരുന്ന ഒരു ദുആയെ സംബന്ധിച്ച് പറയുന്നുണ്ട്. ഹദ്റത്ത് ഇബ്നു അബ്ബാസ്(റ)നിവേദനം. നബി(സ)തിരുമേനി തഹജ്ജുദിൽ ഇങ്ങനെ ദുആ ചെയ്യാറുണ്ടായിരുന്നു. ദീർഘമായ ദുആ ആയതുകൊണ്ട് തർജമ (മാത്രം) കേൾപ്പിക്കാം: (അല്ലാഹുമ്മ ലക്കൽഹംദു അൻത ഖയ്യിമുസ്സമാവാത്തി വൽ അർളി വമൻ ഫീഹിന്ന വലക്കൽ ഹംദു ലക്ക മുൽക്കുസ്സമാവാത്തി വൽഅർളി വമൻ ഫീഹിന്ന വലക്കൽഹംദു അൻത നൂറുസ്സമാവാത്തി വൽ അർളി വമൻഫീഹിന്ന വലക്കൽഹംദു അൻതൽ ഹഖ്ഖു, വ വഅ്ദുക്ക ഹഖ്ഖുൻ, വ ലിഖാഉക്ക ഹഖ്ഖുൻ, വ ഖൗലുക്ക ഹഖ്ഖുൻ, വൽജന്നത്തു ഹഖ്ഖുൻ, വന്നാറു ഹഖ്ഖുൻ, വന്നബിയ്യൂന ഹഖ്ഖുൻ, വ മുഹമ്മദുൻ(സ)ഹഖ്ഖുൻ, വസ്സാഅത്തു ഹഖ്ഖുൻ, അല്ലാഹുമ്മ ഇലയ്ക്ക അസ്ലംത്തു, വ ബിക്ക ആമൻത്തു, വ അലയ്ക്ക തവക്കൽത്തു, വ ഇലയ്ക്ക അനബ്ത്തു, വ ബിക്ക ഖാസ്വംത്തു, വ ഇലയ്ക്ക ഹാകംത്തു, ഫഗഫിർലീ മാ ഖദ്ദംത്തു വമാ അഖ്ഖർത്തു, വമാ അസ്റർത്തു, വമാ അഅ്ലൻത്തു, അൻതൽ മുഖദ്ദിമു വ അൻതൽ മുഅഖ്ഖിറു, ലാഇലാഹ ഇല്ലാ അൻത, ഔ ലാഇലാഹ ഗയ്റുക്ക. (സ്വഹീഹുൽ ബുഖാരി കിതാബുത്തഹജ്ജുദി ഹദീഥ് 1120)

അല്ലാഹുവേ! നിനക്ക് സർവസ്തുതിയും. നീ അർഹനാണ്. ആകാശത്തിലേയും ഭൂമിയിലേയും അവയ്ക്കിടയിൽ ഉള്ളതിന്റേയും നിയന്താവ് നീയാണ്. നിനക്ക് സ്തുതി. ഉപരിഭാഗങ്ങളുടെയും ഭൂമിയുടെയും അവയ്ക്കിടയിലുള്ളതിന്റെയും ആധിപത്യം നിനക്കാണ്. നിനക്ക് സ്തുതി. ആകാശങ്ങളുടെയും ഭൂമിയുടെയും തേജസ്സ് നീയാണ്. നിനക്ക് സർവസ്തുതിയും. ആകാശങ്ങളുടേയും ഭൂമിയുടേയും രാജാവ് നീയാണ്. നിനക്കു സ്തുതി. നീയാണ് സത്യം. നിന്റെ വാഗ്ദാനം സത്യമാണ്. നിന്നെ അഭിമുഖീകരിക്കൽ യാഥാർഥ്യമാണ്. സ്വർഗം യാഥാർഥ്യമാണ്. നരകം യാഥാർഥ്യമാണ്. പ്രവാചകന്മാർ യാഥാർഥ്യമാണ്. അന്ത്യദിനം സത്യമാണ്. അല്ലാഹുവേ!മുഹമ്മദ്(സ)സത്യമാണ്. നിനക്കുവേണ്ടി ഞാൻ മുസ്‌ലിമായിരിക്കുന്നു. നിന്നിൽ ഞാൻ വിശ്വാസമർപിച്ചിരിക്കുന്നു. നിന്റെ മേൽ ഞാൻ ഭരമേൽപ്പിച്ചിരിക്കുന്നു. നിന്നിലേക്ക് ഞാൻ ഖേദിച്ചു മടങ്ങിയിരിക്കുന്നു. നീ എനിക്ക് തെളിവുകൾ നല്കേണമേ. നിന്നിലേക്ക് ഞാൻ വിധി അന്വേഷിക്കുന്നു. അതിനാൽ നീ എനിക്ക് മാപ്പു ചെയ്യേണമേ. ഞാൻ പ്രവർത്തിച്ചതിലും പ്രവർത്തിക്കാത്തതിലും ഞാൻ രഹസ്യമാക്കിയതിലും പരസ്യമാക്കിയതിലും! ആദ്യവും അന്ത്യവും നീയാണ്. നീയല്ലാതെ മറ്റൊരു ആരാധ്യനുമില്ല. (ബുഖാരി)

ഹദ്റത്ത് അബൂഹുറയ്റ(റ)നിവേദനം. ഒരാൾ നബി(സ)തിരുമേനിയോടു ചോദിച്ചു: യാ റസൂലല്ലാഹ്! ഇന്ന് രാത്രി ഞാൻ അങ്ങയുടെ ദുആ കേട്ടിരിക്കുന്നു. അതിൽ അങ്ങ് ഇങ്ങനെ പറയുന്നതായി ഞാൻ കേൾക്കുകയുണ്ടായി:

അല്ലാഹുമ്മഗ്ഫിർലീ ദൻബി വ വസ്സിഅ്ലീ ഫീ ദാരീ വ ബാരിക് ലീ ഫീമാ റസഖ്തനീ

അല്ലാഹുവേ, എന്റെ പാപങ്ങൾ പൊറുത്തുതന്നാലും, എനിക്കുവേണ്ടി എന്റെ വീട് വിശാലമാക്കിയാലും, എനിക്ക് നീ നൽകുന്ന ജീവിതവിഭവത്തിൽ അനുഗ്രഹം ചൊരിഞ്ഞാലും. നബി(സ)തിരുമേനി ചോദിച്ചു: ഇതിൽ വല്ലതും വിട്ടുപോയതായി താങ്കൾ കാണുന്നുണ്ടോ?(സുനനുത്തുർമിദി, ഹദീഥ് 3500)

ഇതു നബി(സ)തിരുമേനിയുടെ ദുആകളാണ്. ഹൃദിസ്തമാക്കി അല്ലെങ്കിൽ ചുരുങ്ങിയത് തർജമ ഓർത്തുകൊണ്ട് അതുമല്ലെങ്കിൽ അതിന്റെ ആശയം മനസ്സിലാക്കിക്കൊണ്ട് നമ്മളും ഇതേപോലെ ദുആ ചെയ്യേണ്ടതാണ്.

ബുഖാരിയിൽ ഒരു ദുആ ഇങ്ങനെ ലഭിക്കുന്നുണ്ട്.

അല്ലാഹുമ്മജ്അൽ ഫീ ഖൽബീ നൂറൻ, വഫീ ബസ്രീ നൂറൻ, വഫീ സംയീ നൂറൻ, വ അൻ യമീനീ നൂറൻ, വ അൻ യസാരീ നൂറൻ, വ ഫൗഖീ നൂറൻ, വ തഹ്ത്തീ നൂറൻ, വ അമാമീ നൂറൻ, വ ഖൽഫീ നൂറൻ വജ്അല്ലീ നൂറാ(സ്വഹീഹുൽ ബുഖാരി, കിതാബുദ്ദഅ്വാത്ത് ഹദീഥ് 6316) ല ഡ

നബി(സ)തിരുമേനി തന്റെ ദുആകളിൽ ഈ ദുആ ചെയ്യാറുണ്ടായിരുന്നു: അല്ലാഹുവേ! എന്റെ മനസ്സിൽ പ്രകാശം വെച്ചാലും, എന്റെ ദൃഷ്ടിയിലും ഉൾക്കാഴ്ചയിലും പ്രകാശം വെച്ചാലും, എന്റെ കേൾവിയിലും പ്രകാശം വെച്ചാലും, എന്റെ വലത്തും പ്രകാശം വെച്ചാലും, എന്റെ ഇടത്തും പ്രകാശം വെച്ചാലും, എന്റെ മുകളിലും പ്രകാശം വെച്ചാലും, എന്റെ താഴേയും പ്രകാശം വെച്ചാലും, എന്റെ മുന്നിലും പ്രകാശം വെച്ചാലും, എന്റെ പിന്നിലും പ്രകാശം വെച്ചാലും, എന്നിൽ ആകമാനം പ്രകാശംതന്നെ പ്രകാശം വെച്ചാലും.

നബി(സ)തിരുമേനിയുടെ മറ്റൊരു ദുആ ഇങ്ങനെ കാണാം. സിയാദ് ബിൻ ഇലാഖ തന്റെ പിതൃവ്യൻ ഖുത്ബ ബിൻ മാലികിൽനിന്ന് നിവേദനം. നബി(സ)തിരുമേനി ഇങ്ങനെ ദുആ ചെയ്യാറുണ്ടായിരുന്നു:

അല്ലാഹുമ്മ ഇന്നീ അഊദുബിക്ക മിൻ മുൻകറാത്തിൽ അഖ്‌ലാഖി വൽഅഅ്മാലി വൽ അഹ്‌വാഇ

എന്റെ അല്ലാഹുവേ! ഞാൻ ദുസ്സ്വഭാവത്തിൽനിന്നും ദുഷ്കർമങ്ങളിൽനിന്നും ദുരാഗ്രഹങ്ങളിൽനിന്നും നിന്നോടു അഭയം തേടുന്നു.(സുനനുത്തുർമിദി, അബ്‌വാബുദ്ദഅ്വാത്ത് ഹദീഥ് 3591)

ഇതു വളരെ സംക്ഷിപ്തമായ ദുആ ആകുന്നു. ആർക്കും എളുപ്പത്തിൽ ചെയ്യാൻ കഴിയുന്നതുമാണ്. ഞാൻ ദുസ്സ്വഭാവത്തിൽനിന്നും ദുഷ്കർമങ്ങളിൽനിന്നും ദുരാഗ്രഹങ്ങളിൽ

നിന്നും നിന്നോടു അഭയം തേടുന്നു എന്ന ഈ ദുആ വേദനയോടെ ചെയ്യുകയാണെങ്കിൽ ഒരുപാട് തിന്മകൾ അകന്നുപോകുന്നതും നന്മകൾ ഉണ്ടാകുന്നതാണ്.

മറ്റൊരു നിവേദനത്തിൽ വരുന്നു: ഹദ്‌റത്ത് അബൂ ഉമാമ (റ) നിവേദനം. നബി(സ)തിരുമേനി ഒരുപാട് ദുആകൾ ചെയ്തു. ഞങ്ങൾക്കതിലൊന്നും ഓർമയില്ല. നബി(സ)തിരുമേനി ഇരുന്ന് ദുആ പഠിപ്പിച്ചിട്ടുണ്ട്. ഒരുപാട് ദുആകൾ ചെയ്തിട്ടുണ്ട്. അങ്ങനെ ഞങ്ങൾ നബി(സ)തിരുമേനിയുടെ സവിധത്തിൽ പറഞ്ഞു: യാ റസൂലല്ലാഹ്! ഇത്രമാത്രം ദുആകൾ ചെയ്തതുകൊണ്ട് ഞങ്ങൾക്കതിൽ ഒന്നുപോലും ഓർമയില്ലല്ലോ? അപ്പോൾ നബി(സ)തിരുമേനി ചോദിച്ചു: ഞാൻ നിങ്ങൾക്ക് ഈ ദുആകളുടെയെല്ലാം ആകത്തുകയായ ഒരു ദുആയെ സംബന്ധിച്ച് പറഞ്ഞു തരട്ടയോ? ശ്രദ്ധിച്ചു കേൾക്കുക, നബി(സ)തിരുമേനി എന്താണ് പറഞ്ഞത്? നബി(സ)തിരുമേനി പറഞ്ഞു: നിങ്ങൾ ഇങ്ങനെ ദുആ ചെയ്യുക,(അല്ലാഹുമ്മ ഇന്നാ നസ്അലുക്ക മിൻഖയ്‌രി മാ സഅലക്ക മിൻഹു നബിയ്യുക്ക മുഹമ്മദുൻ(സ)-വ നഊദുബിക്ക മിൻശർരി മസ്തആദ മിൻഹു നബിയ്യുക്ക മുഹമ്മദുൻ(സ), വ അൻതൽ മുസ്തആനു, വ അലയ്ക്കൽ ബലാഗു, വലാ ഹൗല വലാ ഖുവ്വത്ത ഇല്ലാ ബില്ലാഹി)

അല്ലാഹുവേ, ഞങ്ങൾ നിന്നോടു നിന്റെ നബി മുഹമ്മദു(സ)ചോദിച്ച എല്ലാ നന്മകളും യാചിക്കുന്നു. ഞങ്ങൾ നിന്നോടു നിന്റെ നബി മുഹമ്മദു(സ)അഭയം തേടിയ എല്ലാ തിന്മകളിൽനിന്നും അഭയം തേടുകയും ചെയ്യുന്നു. നീ തന്നെയാണ് യഥാർഥ സഹായി. നിന്നോടു തന്നെയാണ് ഞങ്ങൾ ദുആ ചെയ്യുന്നത്. അല്ലാഹുവിന്റെ സഹായം കൂടാതെ ഞങ്ങൾക്കു നന്മ ചെയ്യാനുള്ള കഴിവോ ശയ്ത്വാന്റെ ആക്രമണത്തിൽനിന്ന് രക്ഷപ്പെടാനുള്ള ശക്തിയോ ഇല്ല.(സുനനുത്തുർമിദി, അബ്‌വാബുദ്ദഅ്‌വാത്ത് ഹദീഥ് 3521)

നമ്മൾ ഈ ദുആ ചെയ്യുകയാണെങ്കിൽ നബി(സ)തിരുമേനിയോടുള്ള സ്നേഹം ഹൃദയത്തിൽ ഉണ്ടാകുന്നതോടൊപ്പം എല്ലാമടങ്ങിയ ദുആകളും നമ്മുടെ ഉള്ളിൽനിന്ന് പുറപ്പെടാൻ തുടങ്ങുന്നതുമാണ്.

**മാപ്പിനും പാപപ്പൊറുതിക്കുമുള്ള ഒരു ദുആ**

ഹദ്‌റത്ത് അബൂ മൂസാ അശ്അരി(റ)ന്റെ മകൻ തന്റെ പിതാവിൽനിന്ന് നിവേദനം. നബി(സ)തിരുമേനി ഇങ്ങനെ ദുആ ചെയ്യാറുണ്ടായിരുന്നു:(റബ്ബിഗ്ഫിർലീ ഖത്വീഅത്തീ വജ്ഹലീ വ ഇസ്റാഫീ ഫീ അംരീ കുല്ലിഹീ വമാ അൻത അഅ്‌ലമു ബിഹീ മിന്നീ അല്ലാഹുമ്മഗ്ഫിർലീ ഖത്വായായ വ അംദീ വജഹ്‌ലീ വ ജിദ്ദീ വ കുല്ലു ദാലിക്ക ഇൻദീ അല്ലാഹുമ്മഗ്ഫിർലീ മാ ഖദ്ദംത്തു വമാ അഖ്ഖർത്തു വമാ അസ്റർത്തു വമാ അഅ്‌ലൻതു അൻതൽ മുഖദ്ദിമു വ അൻതൽ മുഅഖ്ഖിറു വ അൻത അലാ കുല്ലി ശയ്ഇൻ ഖദീർ)

എന്റെ നാഥാ! എന്റെ പാപങ്ങളും എന്റെ അജ്ഞതകളും എന്റെ എല്ലാ ഇടപാടുകളും എന്റെ അതിക്രമങ്ങളും നീ നല്ലപോലെ അറിയുന്നു. അല്ലാഹുവേ ! നീ എനിക്ക് പൊറുത്തു തരേണമേ.

ഇത് നബി(സ)തിരുമേനി ദുആ ചെയ്തുകൊണ്ടിരിക്കുകയാണ്. നബി(സ)തിരുമേനിയിൽ ഇക്കാര്യങ്ങളുണ്ടെന്ന് നമുക്ക് ചിന്തിക്കാൻ പോലും കഴിയില്ല, അവിടന്ന് നന്മകൾ മാത്രമായിരുന്നു. പക്ഷേ, ഉമ്മത്തിനു വേണ്ടി, ഉമ്മത്തിനെ പഠിപ്പിക്കുന്നതിനു വേണ്ടി പറയുന്നു: അല്ലാഹുവേ! എന്റെ പാപങ്ങൾ, ഞാൻ ബോധപൂർവം ചെയ്ത തെറ്റുകളും അജ്ഞതകൊണ്ടും ശരിയായ നിലയിലും സംഭവിച്ച തിന്മകളും എനിക്ക് പൊറുത്തു തരേണമേ. ഇതെല്ലാം എന്നിൽനിന്നും സംഭവിച്ചിരിക്കാം. അല്ലാഹുവേ! എന്നിൽനിന്ന് നേരത്തെ സംഭവിച്ചു പോയതും ഇനി ഉണ്ടാകാനിടയുള്ളതും പ്രകടമായോ അപ്രത്യക്ഷമായോ ചെയ്ത പാപങ്ങളും എനിക്ക് പൊറുത്തു തരേണമേ. നീ തന്നെയാണ് ആദ്യനും അന്ത്യനും. നീ എല്ലാ കാര്യത്തിനും കഴിവുള്ളവനാകുന്നു. (സ്വഹീഹുൽ ബുഖാരി, കിതാബുദ്ദഅ്‌വാത്ത് ഹദീഥ് 6398)

ഇതു ബുഖാരിയിലുള്ള ഹദീഥാകുന്നു. ഈ നിവേദനങ്ങൾ നമ്മൾ ഈ ദുആകൾ ചെയ്യുന്നതിനും പഠിക്കുന്നതിനും വേണ്ടിയാകുന്നു.

**പ്രയാസങ്ങളിലും വിഷമാവസ്ഥയിലും ചെയ്യേണ്ടുന്ന ഒരു ദുആ.**

ലാ ഇലാഹ ഇല്ലല്ലാഹുൽഅളീമുൽ ഹലീം ലാ ഇലാഹ ഇല്ലല്ലാഹു റബ്ബുൽ അർശിൽഅളീം ലാ ഇലാഹ ഇല്ലല്ലാഹു റബ്ബുസ്സമാവാത്തി വ റബ്ബുൽ അർളി വ റബ്ബുൽ അർശിൽ അളീം(സ്വഹീഹുൽ ബുഖാരി, കിതാബുദ്ദഅ്‌വാത്ത് ഹദീഥ് 6346)

ഹദ്‌റത്ത് ഇബ്നു അബ്ബാസ്(റ)നിവേദനം. നബി(സ)തിരുമേനി ബുദ്ധിമുട്ടുണ്ടാകുന്ന അവസ്ഥയിൽ ഈ ദുആ ചെയ്യാറുണ്ടായിരുന്നു: അല്ലാഹുവല്ലാതെ ഒരു ആരാധ്യനുമില്ല. അവൻ മഹത്ത്വ മുടയവനും സഹിഷ്ണുതയുള്ളവനുമാകുന്നു. അല്ലാഹു അല്ലാതെ ഒരു ആരാധ്യനുമില്ല. അവൻ മഹത്തായ സിംഹാസനത്തിന്റെ അധിപനാകുന്നു. അല്ലാഹുവല്ലാതെ ഒരു ആരാധ്യനുമില്ല. അവൻ ആകാശഭൂമികളുടെയും മഹത്തായ സിംഹാസനത്തിന്റെയും നാഥനാകുന്നു. (ബുഖാരി)

പരീക്ഷണമുണ്ടാകുന്ന നേരത്ത് ചെയ്യുന്ന ദുആ ഇപ്രകാരമാണ്. ഇത് ഹദ്‌റത്ത് അബൂഹുറയ്റ(റ)റിപ്പോർട്ടു ചെയ്തിട്ടുള്ളതാണ്. പ്രയാസഘട്ടങ്ങളിലുള്ള ഒരു ദുആ ഇപ്രകാരമാകുന്നു:

കാന റസൂലുല്ലാഹി(സ)യതഅവ്വദു മിൻ ജഹ്ദിൽ ബലാഇ വ ദർകിശ്ശിഖാഇ വ സൂഇൽ ഖളാഇ വശമാത്തത്തിൽ അഅ്ദാഇ (സ്വഹീഹുൽ ബുഖാരി, കിതാബുദ്ദഅ്‌വാത്ത് ഹദീഥ് 6347)

ഹദ്‌റത്ത് അബൂഹുറയ്റ(റ)നിവേദനം. നബി(സ)തിരുമേനി അസഹനീയമായ പരീക്ഷണത്തിൽനിന്നും ദൗർഭാഗ്യത്തിൽനിന്നും ദുർവിധിയിൽനിന്നും ശത്രുക്കളുടെ സന്തോഷത്തിൽനിന്നും അല്ലാഹുവിനോടു അഭയം തേടുമായിരുന്നു.

ലോകത്തിലെ ഫിത്നകളിൽനിന്ന് രക്ഷപ്പെടുന്നതിനുള്ള ഒരു ദുആ:

അല്ലാഹുമ്മ ഇന്നീ അഊദുബിക്ക മിനൽബുഖ്‌ലി വ അഊദുബിക്ക മിനൽ ജുബ്നി, വ അഊദുബിക്ക മിൻ അൻ നുറദ്ദ ഇല അർസലിൽഉമുരി വ അഊദുബിക്ക മിൻ ഫിത്നത്തിദ്ദുൻയാ വ അദാബൽ ഖബ്‌രി.(സ്വഹീഹുൽബുഖാരി, കിതാബുദ്ദഅ്‌വാത്ത് ഹദീഥ് 6390)

മുസ്അബ് ബിൻ സഅ്ദ് ബിൻ അബീ വഖാസ്(റ) തന്റെ പിതാവിൽനിന്ന് നിവേദനം. നബി(സ)തിരുമേനി ഞങ്ങൾക്ക് ഈ വചനങ്ങൾ എഴുത്തും വായനയും പഠിപ്പിച്ചു തരുന്നതുപോലെ പഠിപ്പിച്ചു തരികയുണ്ടായി. അല്ലാഹുവേ! ഞാൻ നിന്നോടു പിശുക്കിൽനിന്നും ധൈര്യമില്ലായ്മയിൽനിന്നും പടുവാർധ്യക്യത്തിലേക്കെത്തുന്നതിൽനിന്നും ഭൗതിക പരീക്ഷണങ്ങളിൽ അകപ്പെടുന്നതിൽനിന്നും ഖബ്റിന്റെ ശിക്ഷയിൽ പെടുന്നതിൽനിന്നും അഭയം യാചിക്കുന്നു. ഇതു വളരെ സമ്പൂർണമായ ദുആ ആകുന്നു.

നേർമാർഗം സിദ്ധിക്കുന്നതിനുള്ള ദുആ. ഇതിന്റെ തർജമ ഇപ്രകാരമാകുന്നു. ഇംറാൻ ബിൻ ഹുസ്വയ്ൻ(റ)വിവരിക്കുന്നു. നബി(സ)തിരുമേനി എന്റെ പിതാവ് ഹുസ്വയ്നോടു പറഞ്ഞു: നീ ഇസ്ലാം സ്വീകരിച്ചിരുന്നെങ്കിൽ നിനക്ക് ഉപകാരപ്പെടുന്ന വചനങ്ങൾ ഞാൻ പഠിപ്പിച്ചു തരുമായിരുന്നു. അങ്ങനെ ഹുസ്വയ്ൻ ഇസ്ലാം സ്വീകരിച്ച ശേഷം നബി(സ)തിരുമേനിയോടു പറഞ്ഞു: യാ റസൂലല്ലാഹ്! അങ്ങ് എന്നോടു വാഗ്ദാനം ചെയ്ത വചനങ്ങൾ പഠിപ്പിച്ചു തന്നാലും. നബി(സ)തിരുമേനി പറഞ്ഞു: നിങ്ങൾ ഇങ്ങനെ പ്രാർഥിക്കുക: അല്ലാഹുമ്മ അൽഹിംനീ റുശ്ദീ വ അയിദ്നീ മിൻ ശർരി നഫ്സീ

അല്ലാഹുവേ! എനിക്ക് എന്റെ സന്മാർഗത്തിന്റെ മാർഗങ്ങൾ ഇൽഹാം ചെയ്താലും. എന്റെ ആത്മാവിന്റെ ദ്രോഹത്തിൽനിന്ന് എന്നെ സംരക്ഷിതമാക്കിയാലും.(സുനനുത്തുർമിദി അബ്‌വാബുദ്ദഅ്‌വാത്ത് ഹദീഥ് 3483) ഈ ദുആയും ഇക്കാലഘട്ടത്തിൽ വളരെയേറെ ചെയ്യേണ്ട ആവശ്യമുണ്ട്.

**ശത്രുക്കളുടെ ഗൂഢപദ്ധതികൾക്കെതിരെ ദുആ.**

അല്ലാഹുമ്മ ഇന്നാ നജ്അലുക്ക ഫീ നുഹൂരിഹിം വ നഊദുബിക്ക മിൻ ശുറൂരിഹിം

ഹദ്‌റത്ത് അബൂബുർദാ ബിൻ അബ്ദുല്ലാഹ്(റ) നിവേദനം. അദ്ദേഹം പറയുന്നു: എന്റെ പിതാവ് എന്നൊടു പറഞ്ഞു:നബി(സ)തിരുമേനി ഏതെങ്കിലും സമൂഹത്തിൽനിന്ന് ഭയമുണ്ടാകുമെന്ന് മനസ്സിലാക്കിയാൽ ഇങ്ങനെ ദുആ ചെയ്യുമായിരുന്നു: അല്ലാഹുവേ, അവരെ നേരിടാൻ ഞങ്ങൾ നിന്നെത്തന്നെ അവരുടെ നെഞ്ചകങ്ങളിലാക്കുന്നു. അവരുടെ എല്ലാ ദ്രോഹങ്ങളിൽനിന്നും ഞങ്ങൾ നിന്നോടു രക്ഷതേടുകയും ചെയ്യുന്നു.(സുനൻ അബീദാവൂദ്, കിതാബുൽവിത്ർ ഹദീഥ് 153)

ഈ ദുആയും അഹ്മദികൾ ഇക്കാലത്ത് ധാരാളമായി ചെയ്യേണ്ടതാണ്. അല്ലാഹു ശത്രുക്കളിൽനിന്ന് നമ്മെ രക്ഷിക്കുമാറാകട്ടെ.

ഇനി ഹദ്‌റത്ത് മസീഹ് മൗഊദ്(അ)മുഖേന ലഭിച്ച ദുആകളെ സംബന്ധിച്ച് പറയാം.

അവയിൽ ചില അധ്യാപനങ്ങളും ചില ദുആകളുമുണ്ട്. മൗലവി നദീർ ഹുസയ്ൻ സാഹിബ് സഖാ ദഹ്‌ലവി ഹദ്‌റത്ത് മസീഹ് മൗഊദ്(അ)നോടു ഹൃദയ സാന്നിധ്യത്തിന്റെ മാർഗങ്ങളെ സംബന്ധിച്ച് അതായത് എങ്ങനെയാണ് അല്ലാഹുവിൽ ശ്രദ്ധ കിട്ടുകയെന്ന് ചോദിക്കുകയുണ്ടായി. ഹദ്‌റത്ത് മസീഹ് മൗഊദ്(അ)നൽകിയ മറുപടി ഇപ്രകാരമായിരുന്നു: അസ്സലാമു അലയ്ക്കും വ റഹ്മത്തുല്ലാഹി വ ബറക്കാത്തുഹു. അതിനുള്ള മാർഗം നമസ്കാരത്തിൽ മാതൃഭാഷയിൽ ദുആ ചെയ്യുകയാണ്. ഉപരിപ്ലവവും ശ്രദ്ധാവിഹീനവുമായ നമസ്കാരത്തിൽ സന്തോഷിക്കേണ്ട. മറിച്ച്

**• അമീറുൽ മുഅ്മിനീന്റെ ഉപദേശം •**

**ഏതുകാര്യങ്ങൾക്കാണോ ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മളിൽനിന്ന് പ്രതിജ്ഞ വാങ്ങിയത് അതനുസരിച്ച് ജീവിക്കാൻ ശ്രമിക്കുക (സന്ദേശം ജൽസാസാലാന ഡന്മാർക്ക് 2019)**

**• കലാമുൽ ഇമാം •**

**“ഏറ്റവും പ്രിയങ്കരവും ഏറ്റവും സ്നേഹമുള്ളതുമായ വസ്തുക്കൾ ചെലവഴിക്കാത്തിടത്തോളം പ്രിയപ്പെട്ടതും മാന്യമായിട്ടുള്ളതുമായ പദവി ലഭിക്കുകയില്ല.”(മൽഫൂദാത്ത് വാള്യം 1, പേജ് 64)**

ത്വാലിബെ ദുആ:
C.K.MANSOOR & FAMILY
JAMA-ATH AHMADIYYA, PATHAPIRIYAM

ത്വാലിബെ ദുആ:
P.ABDULAMEER
AHMADIYYA JAMA-ATH PATHAPPIRIYAM, KERALA

സാധ്യമാകുന്നിടത്തോളം ശ്രദ്ധാപൂർവം നമസ്കരിക്കുക. ശ്രദ്ധ ഉണ്ടാകുന്നില്ലെങ്കിൽ അഞ്ചുനേര നമസ്കാരങ്ങളിലെ ഓരോ നമസ്കാരത്തിലും ദൈവ സവിധത്തിൽ ഓരോ റക്അത്തിനുശേഷവും എഴുന്നേറ്റ് നിൽക്കുമ്പോൾ ഇങ്ങനെ ദുആ ചെയ്യുക: 'അല്ലാഹുവേ, പ്രതാപവാനും കഴിവുടയവനുമായ നാഥാ! ഞാൻ പാപിയാകുന്നു, എത്രത്തോളമെന്നാൽ പാപങ്ങളുടെ വിഷം എന്റെ മനസ്സിനേയും എന്റെ നാഡിഞരമ്പുകളേയും ഗ്രസിച്ചിരിക്കുന്നതു കാരണം നമസ്കാരത്തിൽ എനിക്ക് ആർദ്രതയും മനസാന്നിധ്യവും ലഭിക്കുന്നില്ല. നീ നിന്റെ അനുഗ്രഹാതിരേകത്താൽ എന്റെ പാപങ്ങൾ പൊറുക്കുകയും എന്റെ ന്യൂനതകൾ മാപ്പാക്കുകയും എന്റെ ഹൃദയത്തെ മൃദുലമാക്കുകയും എന്റെ ഹൃദയത്തിൽ നിന്റെ മഹത്ത്വവും ഭയവും സ്നേഹവും കുടിയിരുത്തുകയും അങ്ങനെ എന്റെ ഹൃദയകാഠിന്യം അകറ്റുകയും നമസ്കാരത്തിൽ ശ്രദ്ധ ഉണ്ടാക്കുകയും ചെയ്യേണമേ.' (മക്തൂബാത്തെ അഹ്മദ്, വാല്യം 5, പേജ് 471, 2015 പതിപ്പ്)

നമസ്കാരത്തിൽ ശ്രദ്ധ ഉണ്ടാകുന്നതിനുവേണ്ടിയും അല്ലാഹുവിനോടു ദുആ ചെയ്യുക.

ഒരിടത്ത് ആ മഹാത്മാവ് ഇപ്രകാരം ദുആ ചെയ്തു: 'അല്ലയോ എന്റെ ഔദാര്യവാനായ നാഥാ! ഞാൻ നിന്റെ ഒന്നിനും കൊള്ളരുതാത്ത ഒരു പാപിയും അലസനുമായ ദാസനാകുന്നു. നീ എന്നിൽ ദ്രോഹത്തിനുമേൽ ദ്രോഹം കാണുകയും എനിക്കുമേൽ അനുഗ്രഹങ്ങൾക്കുമേൽ അനുഗ്രഹം ചൊരിയുകയും ചെയ്തു. എന്നിൽ പാപങ്ങൾക്കുമേൽ പാപം കാണുകയും നീ ഔദാര്യങ്ങൾക്കുമേൽ ഔദാര്യം കാണിക്കുകയും ചെയ്തു. നീ എപ്പോഴും എന്റെ കാര്യങ്ങൾ മൂടിവെക്കുകയും നിന്റെ അനന്തമായ അനുഗ്രഹങ്ങളാൽ എന്നെ അനുഗ്രഹിക്കുകയും ചെയ്തു. അതിനാൽ കൊള്ളരുതാത്തവനും പാപപങ്കിലനുമായ എനിക്കുമേൽ ഇനിയും നീ കരുണ കാണിക്കേണമേ. എന്റെ ധിക്കാരവും നന്ദികേടും പൊറുത്തുതരേണമേ. എനിക്കെന്റെ ഈ ദുഃഖത്തിൽനിന്ന് മോചനം നൽകേണമേ. നീയല്ലാതെ മറ്റൊരു അഭയദാതാവുമില്ലതന്നെ. ആമീൻ.'(മക്തൂബാത്തെ അഹ്മദ്, വാല്യം 2, പേജ് 10, 2015 പതിപ്പ്)

ഈ ദുആ എല്ലാ ദിവസവും തീർച്ചയായും ചൊല്ലണമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഈ ദുആ ഹുദൂർ(അ), ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ)നെഴുതിയ കത്തിൽ രേഖപ്പെടുത്തിയതാണ്. ആ മഹാത്മാവിന്റെ സ്ഥാനം കണക്കിലെടുത്തുകൊണ്ട് നമ്മൾ എത്രമാത്രം ശ്രദ്ധാപൂർവം ഈ ദുആ ചെയ്യണമെന്ന് ചിന്തിക്കുക. ഹദ്റത്ത് ഖലീഫ അവ്വലിനാണ് ഈ ദുആ എഴുതിയത്. അപ്പോൾ നമ്മൾ എത്രമാത്രം ശ്രദ്ധയോടുകൂടി ഈ ദുആ ചെയ്യേണ്ടിയിരിക്കുന്നു. ഹൃദയത്തിൽ നിന്ന് പുറപ്പെടുന്ന ദുആ ആണെങ്കിൽ അത് അല്ലാഹുവിന്റെ അനുഗ്രങ്ങളെ ആകർഷിക്കുന്നതായിരിക്കും.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മറ്റൊരു ദുആ ആ മഹാത്മാവിന്റെ വിനയവും ദൈവഭയവും വെളിപ്പെടുത്തുന്നു. അതു നമ്മളും നമ്മുടെ അവസ്ഥകളെ വിലയിരുത്തിക്കൊണ്ട് ചെയ്യാൻ നമ്മുടെ ശ്രദ്ധ ക്ഷണിക്കുന്നുമുണ്ട്. ആ മഹാത്മാവ് പറയുന്നു:

'അല്ലയോ റബ്ബുൽ ആലമീനേ! എനിക്ക് നിന്റെ ഔദാര്യങ്ങൾക്കു നന്ദി പ്രകടിപ്പിക്കാൻ കഴിവില്ല. നീ വളരെയേറെ കാരുണ്യവാനും ഔദാര്യവാനുമാകുന്നു. നിന്റെ അനന്തമായ ഔദാര്യങ്ങൾ എനിക്കുമേലുണ്ട്. ഞാൻ നശിപ്പിക്കപ്പെടാതിരിക്കാൻ നീ എന്റെ പാപങ്ങൾ എനിക്കു പൊറുത്തു തരേണമേ. എനിക്കു ജീവിതം കൈവരുന്നതിനു വേണ്ടി നീ നിന്റെ സ്വച്ഛമായ സ്നേഹം എന്നിൽ സന്നിവേശിപ്പിക്കേണമേ. എന്റെ തെറ്റുകൾ മറച്ചു വെക്കേണമേ. നീ തൃപ്തിപ്പെടുന്ന കർമങ്ങൾ നീ എന്നെക്കൊണ്ട് ചെയ്യിക്കേണമേ. ഞാൻ നിന്റെ കോപം എന്നിൽ വർഷിക്കുന്നതിൽനിന്ന് നിന്റെ അന്തസാർന്ന മുഖത്തെ മുൻനിറുത്തി നിന്നോട് അഭയം യാചിക്കുന്നു. കാരുണ്യം വർഷിക്കേണമേ, കാരുണ്യം വർഷിക്കേണമേ, കാരുണ്യം വർഷിക്കേണമേ. ഇഹപരലോകങ്ങളുടെ ആപത്തുകളിൽനിന്ന് നീ എന്നെ രക്ഷിക്കേണമേ. എന്തെന്നാൽ, എല്ലാ അനുഗ്രഹാശിസും നിന്റെ കരങ്ങളിൽ തന്നെയാകുന്നു ആമീൻ.' (മൽഫൂദാത്ത് വാല്യം 1, പേജ് 235,1984 പതിപ്പ്)

ഇനിയൊരു ദുആ ആ മഹാത്മാവ് പയ്ഗാമെ സ്വുൽഹ് (മൈത്രീ സന്ദേശം)എന്ന ഗ്രന്ഥത്തിന്റെ തുടക്കത്തിൽ എഴുതിയിട്ടുണ്ട്. അതിൽ നമ്മൾ നല്ലപോലെ ശ്രദ്ധിക്കേണ്ടതാണ്. പറയുന്നു:

അല്ലയോ സർവശക്തനായ അല്ലാഹുവേ! പ്രിയ മാർഗദർശകാ! സത്യസന്ധരും നിഷ്കളങ്കരുമായ ഭക്തജനം നിന്നെ പ്രാപിക്കുന്ന ആ മാർഗത്തിൽ നീ ഞങ്ങളെ നടത്തുകയും കാമക്രോധലോഭമോഹമാത്സര്യാദി രാഗങ്ങളുടെ സംതൃപ്തി തേടുന്ന വഴികളിൽനിന്നെല്ലാം ഞങ്ങളെ രക്ഷിക്കുകയും ചെയ്യേണമേ. (പെയ്ഗാമെ സ്വുൽഹ്, റൂഹാനീ ഖസാഇൻ വാല്യം 23, പേജ് 439)

ദീൻ ഞങ്ങൾക്ക് പ്രഥമമായിരിക്കുമാറാകട്ടെ.

മറ്റൊരു സ്ഥലത്ത് ഉപദേശിച്ചുകൊണ്ട് പറയുന്നു: ഏറ്റവും നല്ല ദുആ അല്ലഹുവിന്റെ തൃപ്തിയും തിന്മകളിൽനിന്ന് മോക്ഷവും ലഭിക്കുന്നതിനുള്ള ദുആയാകുന്നു. എന്തെന്നാൽ, പാപങ്ങൾ കാരണമാണ് ഹൃദയം കഠിനമാകുകയും മനുഷ്യൻ ലൗകികതയുടെ കീടമായി മാറുകയും ചെയ്യുന്നത്. ഹൃദയത്തെ കഠിനമാക്കുന്ന പാപങ്ങൾ നമ്മളിൽ നിന്ന് അകലുന്നതിനും അവന്റെ തൃപ്തിയുടെ മാർഗങ്ങൾ കാണിച്ചു കിട്ടുന്നതിനുമാണ് നമ്മൾ ദുആ ചെയ്യേണ്ടത്.(മൽഫൂദാത്ത് വാല്യം 7, പേജ് 39, 1984 പതിപ്പ്)

അദ്ദേഹത്തിന്റെ ഒരു ദുആയുണ്ട്. 'ഞങ്ങൾ നിന്റെ പാപികളായ ദാസന്മാരാകുന്നു. സ്വേച്ഛകൾ അതിജയിച്ചു നിൽക്കുകയാണ്. നീ ഞങ്ങൾക്കു മാപ്പു നൽകേണമേ, പരലോകത്തിലെ ആപത്തുകളിൽ നിന്ന് ഞങ്ങളെ രക്ഷിക്കേണമേ.'(അൽബദ്ർ പത്രം, വാല്യം 2, പേജ് 30)

ലോകത്തിന്റെ പരിഷ്കരണത്തിനുള്ള വേദനയിൽ ആ മഹാത്മാവ് ചെയ്ത ഒരു ദുആ ഇങ്ങനെ കാണാം. 'എല്ലാത്തിനും കഴിവുടയവനായ നാഥാ! കുട്ടികൾക്കും നിരക്ഷരർക്കും നീ ബുദ്ധി പ്രദാനം ചെയ്യുകയും ഈ ലോകത്തിലെ യുക്തിജ്ഞാനികളുടെയും തത്ത്വജ്ഞാനികളുടെയും കണ്ണുകൾക്കുമേൽ ശക്തമായ മറയിടുകയും ചെയ്യുന്നുവെന്നതാണ് നിന്റെ പതിവും നടപടിയും. എങ്കിലും ഞാൻ നിന്റെ സവിധത്തിൽ വിനയാനതനായി അർഥിക്കുകയാണ്, അവരിൽനിന്ന് ഒരു സംഘത്തെ ഞങ്ങളിലേക്ക് വലിച്ചടുപ്പിക്കേണമേ. അതായത് നീ ചിലരെ കൊണ്ടുവന്നിട്ടുള്ളതുപോലെ വിദ്യാസമ്പന്നരായ ഒരു സംഘത്തെ നീ ഞങ്ങളിലേക്ക് കൊണ്ടുവരേണമേ. അവർക്കും നീ കണ്ണും കാതും ഹൃദയവും പ്രദാനം ചെയ്യേണമേ. അങ്ങനെ അവർ നീ യഥാസമയം അയച്ച നിന്റെ അനുഗ്രഹത്തെ കാണുകയും കേൾക്കുകയും അറിയുകയും ചെയ്യുമാറാകട്ടെ. അതായത് ഹദ്റത്തമസീഹ് മൗഊദ്(അ)ന്റെ ആഗമനം. അതിന്റെ വില മനസ്സിലാക്കി അത് സ്വായത്തമാക്കാൻ അവർ ശ്രദ്ധിക്കുമാറാകട്ടെ. നീ ആഗ്രഹിക്കുന്നുവെങ്കിൽ അങ്ങനെ ചെയ്യാൻ കഴിയുന്നതാണ്. കാരണം ഒരു കാര്യവും നിനക്കു മുന്നിൽ അസംഭാവ്യമായിട്ടില്ല. ആമീൻ.'(ഇസാലയെ ഔഹാം, റൂഹാനീ ഖസാഇൻ വാല്യം 3, പേജ് 120)

ഇന്നും നമുക്ക് അദ്ദേഹത്തെ പിൻപറ്റിക്കൊണ്ട് ഈ ദുആയുടെ ആവശ്യമുണ്ട്. ലോകത്തിന്റെ വിശിഷ്യാ മുസ്‌ലിം ഉമ്മത്തിന്റെ പരിഷ്കരണം ഉണ്ടാകുകയും ഹദ്റത്ത് മസീഹ് മൗഊദ്(അ) ലേക്ക് ശ്രദ്ധ ഉണ്ടാകുകയുമാണെങ്കിൽ മാത്രമേ അവരുടെ നഷ്ടപ്പെട്ട അന്തസ്സ് അവർക്ക് ലഭ്യമാകുകയുള്ളൂ. ലോകത്ത് ഇന്ന് എല്ലാ ഭാഗത്തും അവരുടെ അധഃപതനമാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. അതിൽ നിന്ന് അവർക്ക് മോചനം ലഭിക്കുകയുള്ളൂ. അല്ലാഹു നമ്മുടെ നായകന്മാർക്കും പണ്ഡിതന്മാർക്കും വിവേകം നൽകുമാറാകട്ടെ. അവരിലെ സൽപ്രകൃതരായവരെ അല്ലാഹു ഇവിടേക്ക് വലിച്ചു കൊണ്ടുവരുമാറാകട്ടെ. അതിനാൽ വളരെ വേദനയോടെ നമ്മൾ ഈ ദുആയും ചൊല്ലേണ്ടതാണ്.

അദ്ദേഹത്തിന്റെ മറ്റൊരു ദുആയെ സംബന്ധിച്ച് ഇങ്ങനെ കാണാം. ഹദ്റത്ത് നവാബ് മുഹമ്മദ് അലി ഖാൻ സാഹിബിനുള്ള ഒരു കത്തിൽ അദ്ദേഹം എഴുതുന്നു: 'ഒരുപാട് ദുആ ചെയ്തു കൊണ്ടിരിക്കുക. വിനയം ശീലമാക്കി മാറ്റുക. ആചാരവും ശീലവും എന്ന നിലക്ക് നാവുകൊണ്ട് ചെയ്യുന്ന ദുആകൾ ഒന്നും തന്നെയല്ല. ദുആ ചെയ്യുമ്പോൾ ഫർളായ സ്വലാത്തിനു പുറമേ തനിച്ചുനിന്നു മാതൃഭാഷയിൽ വളരെ വിനയാനതമായി അതായത് ഫർള് നമസ്കാരങ്ങളിൽ മാത്രമല്ല പ്രത്യുത നഫ്ൽ നമസ്കാരങ്ങളിലും വളരെ വിനയപൂർവം ഒരു അതിനിസ്സാരനായ ദാസനെപ്പോലെ അല്ലാഹുവിന്റെ സവിധത്തിൽ ദുആ ചെയ്യുക.

റബ്ബുൽ ആലമീനായവനേ! എനിക്ക് നിന്റെ ഔദാര്യങ്ങൾക്കു നന്ദി പ്രകടിപ്പിക്കാൻ കഴിവില്ല. നീ വളരെയേറെ കാരുണ്യവാനും ഔദാര്യവാനുമാകുന്നു. നിന്റെ അനന്തമായ ഔദാര്യങ്ങൾ എനിക്കുമേലുണ്ട്. ഞാൻ നശിപ്പിക്കപ്പെടാതിരിക്കാൻ നീ എന്റെ പാപങ്ങൾ പൊറുത്തു തരേണമേ. എനിക്കു ജീവിതം ലഭിക്കാൻ നീ നിന്റെ സ്വച്ഛമായ സ്നേഹം എന്നിൽ സന്നിവേശിപ്പിക്കേണമേ. എന്റെ തെറ്റുകൾ മറച്ചു വെക്കേണമേ. നീ തൃപ്തിപ്പെടുന്ന കർമങ്ങൾ നീ എന്നെക്കൊണ്ട് ചെയ്യിക്കേണമേ. ഞാൻ നിന്റെ കോപം എന്നിൽ വർഷിക്കുന്നതിൽനിന്ന് നിന്റെ അന്തസാർന്ന മുഖത്തെ മുൻനിറുത്തി നിന്നോട് അഭയം യാചിക്കുന്നു. കാരുണ്യം വർഷിക്കേണമേ, കാരുണ്യം വർഷിക്കേണമേ, കാരുണ്യം വർഷിക്കേണമേ. ഇഹപരലോകങ്ങളുടെ ആപത്തുകളിൽനിന്ന് നീ എന്നെ രക്ഷിക്കേണമേ. എന്തെന്നാൽ എല്ലാ അനുഗ്രഹാശിസും നിന്റെ കരങ്ങളിൽ തന്നെയാകുന്നു. ആമീൻ.' (മക്തൂബാത്തെ അഹ്മദ്, വാല്യം 2, പേജ്18-159, 2015 പതിപ്പ്)

ഈ ദുആകൾ സ്വീകരിക്കപ്പെടുന്നതിന് നമ്മൾ കൂടുതൽക്കൂടുതൽ സ്വലാത്ത് ചൊല്ലേണ്ടതും അനിവാര്യമാണ്. സ്വലാത്ത് കൂടാതെയുള്ള നമ്മുടെ ദുആകൾ വായുവിൽ തൂങ്ങിക്കിടക്കുന്നതാണ്. അല്ലാഹുവിലേക്ക് എത്തുന്നതല്ല. അതുകൊണ്ട്,

അല്ലാഹുമ്മ സ്വല്ലി അലാ മുഹമ്മദിൻ വ അലാ ആലി മുഹമ്മദിൻ കമാ സ്വല്ലയ്ത്ത അലാ ഇബ്റാഹീമ വ അലാ ആലി ഇബ്റാഹീമ ഇന്നക്ക ഹമീദുൻമ്മജീദ് അല്ലാഹുമ്മ ബാരിക് അലാ മുഹമ്മദിൻ വ അലാ ആലി മുഹമ്മദിൻ കമാ ബാറക്ത്ത അലാ ഇബ്റാഹീമ വ അലാ ആലി ഇബ്റാഹീമ ഇന്നക്ക ഹമീദുൻമ്മജീദ്

ഇത് നമ്മൾ ഒരുപാടു തവണ ഉരുവിട്ടുകൊണ്ടിരിക്കേണ്ടതാണ്. അല്ലാഹു നമുക്ക് ഈ ദുആകൾ ഹൃദയാത്മനാ ചൊല്ലുന്നതിനു തൗഫീഖ് നൽകുമാറാകട്ടെ. മാതൃഭാഷയിലും ദുആ ചെയ്യുക. ഹൃദയാന്തരാളങ്ങളിൽനിന്ന് ദുആ പുറപ്പെടുന്ന യഥാർഥ അസ്വസ്ഥതയും ഗതിമുട്ടിയവന്റെ അവസ്ഥയും കൊണ്ട് ദുആ ചെയ്യുക. റമളാന്റെ അനുഗ്രഹങ്ങൾ സ്ഥായിയായി നിലനിൽക്കാൻ വേണ്ടിയും ദുആ ചെയ്യുക.

നമ്മൾ ഈ ജുമുഅയുടെ അനുഗ്രഹങ്ങളും വരുന്ന എല്ലാ ജുമുഅയുടെയും അനുഗ്രഹങ്ങളും കരസ്ഥമാക്കുന്നവരാകട്ടെ. പാകിസ്താനിലോ യമനിലോ മറ്റേതെങ്കിലും സ്ഥലത്തോ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ അംഗീകരിച്ചതിന്റെ പേരിൽ ജയിലിലായിരിക്കുന്നവർക്കുവേണ്ടിയും ഒരുപാടു ദുആ ചെയ്യുക. അല്ലഹു അവരുടെ മോചനത്തിനുള്ള വഴി ഒരുക്കുകയും ദ്രോഹികളുടെ അക്രമം അവരിലേക്കുതന്നെ മടക്കുകയും ചെയ്യുമാറാകട്ടെ.

നമുക്കും നമ്മുടെ തലമുറകൾക്കും യുദ്ധത്തിന്റെ തീയിൽനിന്ന് രക്ഷ കിട്ടാനും അതിനു ശേഷം അതിന്റെ പരിണിത ഫലങ്ങളിൽനിന്ന് സംരക്ഷണം കിട്ടുന്നതിനും ഒരുപാടു ദുആ ചെയ്യുക. അല്ലാഹു നമ്മെ അതിൽനിന്ന് രക്ഷിക്കുമാറാകട്ടെ. ഇപ്പോൾ മുന്നിൽവന്നു നിൽക്കുന്ന ഈ യുദ്ധം തുടങ്ങിയതായി അനഭവപ്പെടുന്നു. എന്നല്ല ലോകമഹായുദ്ധം ആരംഭിച്ചിരിക്കുന്നു. പക്ഷേ, ലോകത്തിലെ ഭരണകർത്താക്കൾക്ക് അതിൽ ഒരു ആശങ്കയുമില്ല. അവരുടെ നിഗമനത്തിൽ അവർ സുരക്ഷിതരായിരിക്കുകയും സാധാരണക്കാർ കൊല്ലപ്പെടുകയും ചെയ്യുന്നതായിരിക്കും. എന്നാൽ, ഇത് അവരുടെ വ്യാമോഹം മാത്രമാണ്. തങ്ങളുടെ അഹംഭാവത്തെ മുന്തിക്കുകയാണ്. സാധാരണക്കാരെപറ്റി ചിന്തിക്കുന്നതുപോലുമില്ല. ഇതുതന്നെയാണ് ദജ്ജാലി നീക്കങ്ങൾ. സാധാരണക്കാരെ ഞങ്ങൾ അതു ചെയ്യും ഇതു ചെയ്യുമെന്നൊക്കെ പറഞ്ഞ് തങ്ങളുടെ വലയിൽ കുടുക്കിയിരിക്കുകയാണ്. ഇപ്പോൾ സാധാരണക്കാരുടെ ഇടയിൽനിന്നും ഏതായാലും പലഭാഗത്തു നിന്നും ശബ്ദമുയരാൻ തുടങ്ങിയിരിക്കുന്നു. പക്ഷേ, അവരുടെ ചെയ്തികൾ ജനങ്ങളെ അല്ലാഹുവിൽ നിന്ന് അകറ്റിയിരിക്കുന്നു. അവർ സ്വയം അകലുകയും അതൊടൊപ്പം ലജ്ജയില്ലായ്മയും ധിക്കാരവും അങ്ങേയറ്റമെത്തുകയും ചെയ്തിരിക്കുന്നു. ഇതും അല്ലാഹുവിന് ഇഷ്ടമല്ല. അതിന്റെ പരിണിതി അല്ലാഹുവിന്റെ പിടിത്തത്തിൽ വരിക എന്നുള്ളതാണ്.

അഹ്മദികൾ തങ്ങളെ അല്ലാഹുവിന്റെ സാമീപത്താക്കുകയും ദുആകളിൽ ഗതിമുട്ടിയവന്റെ അവസ്ഥ ഉണ്ടാക്കുകയും ചെയ്യേണ്ടത് വളരെ അനിവാര്യമാകുന്നു; അങ്ങനെ അവരുടെ ദ്രോഹത്തിൽനിന്ന് രക്ഷപ്പെടാൻ!

അതുപോലെ അവരിലെ സൽപ്രകൃതരായ ആളുകളും അവരുടെ ദ്രോഹങ്ങളിൽനിന്ന് രക്ഷപ്പെടുന്നതിനു വേണ്ടിയും ദുആ ചെയ്യുക. ഞാൻ പറഞ്ഞുവന്നതുപോലെ മഹായുദ്ധം ആരംഭിച്ചിരിക്കുന്നു. ഫലസ്ത്വീന്റെ അതിരുകളിൽനിന്നും ഈ യുദ്ധം പുറത്തെത്തിയിരിക്കുകയാണ്. സിറിയയിൽ ഇറാന്റെ നയതന്ത്ര കാര്യാലയത്തിനുമേൽ ചെയ്ത ആക്രമണം ഏതു ചട്ടത്തിന്റെ അടിസ്ഥാനത്തിൽ നോക്കിയാലും വലിയ അക്രമമാണ്. ഇസ്റായീൽ ചെയ്തതുകൊണ്ട് ലോകം നിശബ്ദമാണ്. ഇനി ഇതു കാരണം യുദ്ധം കൂടുതൽ വ്യാപിക്കുന്നതായിരിക്കും. അവരുടെ സഹ പ്രവർത്തകർ മരണപ്പെട്ടതുകാരണം ഇപ്പോൾ ശബ്ദകോലാഹലമുണ്ടാകുകയും ചില യാളുകൾ സംസാരിച്ചു തുടങ്ങുകയും ചെയ്യുന്നു. എന്നാൽ, നിർദോഷികളായ ഫലസ്ത്വീനികൾ മരണപ്പെടുമ്പോൾ ഇവർ നിശബ്ദരായിരുന്നു. സ്വന്തം ആളുകൾ മരിക്കുമ്പോൾ അവർക്ക് വേദന അനുഭവപ്പെടുന്നു. ഏതായാലും അല്ലാഹു മനുഷ്യത്വത്തെ രക്ഷിക്കുമാറാകട്ടെ എന്നും നമുക്ക് പ്രാർഥനകളിലൂടെ നമ്മുടെ കടമ നിറവേറ്റാൻ തൗഫീഖ് ലഭിക്കുമാറാകട്ടെ എന്നും ദുആ ചെയ്യുക.(അൽഫള്ൽ ദിനപത്രം 26-4-2024, പേജ് 1-8) (വിവർത്തനം:എച്ച്.ശംസുദ്ദീൻ കാവശ്ശേരി)

## ഖിലാഫത്ത് പെ ഈമാൻ

**കലാം മീർ അല്ലാഹ് ബഖ്ശ് തസ്നീം**

ഹമാര ഖിലാഫത്ത് പെ ഈമാന് ഹെ
യെ മില്ലത്ത് കി തൻസീം കി ജാന് ഹെ (ഹമാരാ.... )

ഇസീ സെ ഹർ ഇക് മുശ്ക്കിൽ ആസാൻ ഹെ
ഗുരേസാൻ ഹെ ഇസ് സെ ജോ നാദാന് ഹെ
രഹേംങ്കെ ഖിലാഫത്ത് സെ വാബസ്ത ഹം
ജമാഅത്ത് കാ ഖാഇം ഹെ ഇസ് സെ ഭരം (ഹമാരാ....)

നഃ ഹോഗാ കഭീ അപ്നാ ഇഖ്ലാസ്യ് കം
ബഢേഗാ ഇസീസെ ഹമാരാ ഖദം
ഖിലാഫത് കാ ജബ് തക് രഹേഗാ ഖയാം
നഃ കംസോർ ഹോഗാ ഹമാരാ നിസാം. (ഹമാരാ......)

ഖിലാഫത്ത് കാ ജിസ് കൊ നഹി ഇഹ്തിറാം
സമാനെ മെ ഹോഗാ നഃ വൊ ശാദ് കാം
തമന്നാ ഹെ ഇസ് സെ ഹെ അപ്നി ജവാൻ
ഹെ ആസാന് ഇസ് സെ ഹർയിക് ഇംതിഹാൻ. (ഹമാരാ....)

ഖിലാഫത്ത് സെ സിൻദാ ദിലോം മെ ഖുദാ
ഖിലാഫത്ത് ഗരീബോം കാ ഹെ ആസിറാ
നഃ കിയോം ജാനോദിൽ ഹൊ ഇസീ പർ ഫിദാ
ഇസീ കെ ഹെ ദം സെ ഹമാരാ ഹി ബഖാ (ഹമാരാ.....)

### ഓരോ ആരാധനയുടേയും ഇടം അല്ലാഹുവിന്റെ ഭവനമാണ്

മസ്ജിദ് അല്ലാഹുവിന്റെ വീടാണെന്നാണ് ഞങ്ങളുടെ വിശ്വാസം. ഓരോ ആരാധനയുടേയും ഇടം അല്ലാഹുവിന്റെ ഭവനമാണ്. നബി(സ)തിരുമേനിയുടെ മദീനാ പലായനത്തിനുശേഷം മക്കാ നിഷേധികൾ നബി(സ)തിരുമേനിയെ ആക്രമിച്ചപ്പോൾ മുസ്ലിമീങ്ങളുടെ കൈയിൽ ഒരു യുദ്ധായുധവുമുണ്ടായിരുന്നില്ല. അപ്പോൾ അല്ലാഹുവിൽനിന്ന് കൽപന വന്നു. ഇപ്പോൾ ക്ഷമ അതിരുകടന്നിരിക്കുന്നു. 13 വർഷംവരെ നീ ക്ഷമിച്ചു. ഇനി ശത്രുവിന്റെ കൈകൾ തടയേണ്ടി വരും. ശക്തമായ മറുപടി നല്കേണ്ടിയുംവരും. എന്നാൽ, ശക്തി എന്താണ്? കേവലം മുസ്ലിമീങ്ങളെ സംരക്ഷിക്കാൻ മാത്രമല്ല, അങ്ങനെ ഒരിക്കലുമല്ല! അവിടന്ന് പറഞ്ഞു: ഇന്നവരുടെ മേൽ ബലം പ്രയോഗിച്ചില്ലെങ്കിൽ മതത്തിന്റെ ശത്രുക്കളായ ഇവർ ദൈവഭവനങ്ങളെ ജനനിബിഢമാക്കി വെക്കാൻ സമ്മതിക്കുകയില്ല. ഒരു മതവുമായും ബന്ധം നിലനിറുത്താനും ആരാധനാലയങ്ങളെ ജനനിബിഢമാക്കി വെക്കാനും ഇവർ ഇഷ്ടപ്പെടുന്നില്ല. അതെല്ലാം ഇവർ നശിപ്പിക്കുന്നതായിരിക്കും. അതുകൊണ്ട് വിശുദ്ധ ഖുർആനിൽ വളരെ വ്യക്തമായും ഇത് രേഖപ്പെട്ടുകിടക്കുന്നു. അവരുടെ കൈകൾ തടയാതിരുന്നാൽ ചർച്ചുകളോ സിനഗോഗോ മറ്റു ആരാധനാലയങ്ങളോ മസ്ജിദുകളോ ശേഷിക്കുകയില്ല. മുസ്ലിമീങ്ങൾ കേവലം മസ്ജിദുകൾ മാത്രമല്ല പ്രത്യുത ഓരോ ആരാധനാലയത്തേയും പ്രതിരോധിക്കുന്നു

**(ഹദ്റത്ത്ഖലീഫത്തുൽ മസീഹ് അൽാമിസ് അയ്യദഹുല്ലാഹ്)**




## ബദ്ർ വായനക്കാരുടെ ശ്രദ്ധക്ക്

നിങ്ങളുടെ സൃഷ്ടികൾ ഞങ്ങൾക്കു അയച്ചു തരിക. പ്രസിദ്ധീകരണയോഗ്യമെങ്കിൽ ബദ്ർ മലയാളം ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. വിവർത്തനസൃഷ്ടിയും അതുപോലെതന്നെ ദുആയ്ക്കുള്ള പരസ്യങ്ങളും ജമാഅത്തിൽ നടക്കുന്ന പരിപാടികളുടെ റിപ്പോർട്ടും അയക്കാവുന്നതാണ്. ഭാവിയിൽ ഇതെല്ലാം നിങ്ങളുടേയും നിങ്ങളുടെ ജമാഅത്തിന്റേയും ചരിത്രമായി മാറുന്നതായിരിക്കും.

അയക്കേണ്ട വിലാസം:

**മുഹമ്മദു ഇസ്മായീൽ ആലപ്പുഴ,**
**'ബയ്ത്തുൽ ഇസ്റ' വണ്ണാം തടം,**
**അടുത്തില, പഴയങ്ങാടി, കണ്ണൂർ 670 303.**
**ismayeel.ha@gmail.com**

## മലിനമാക്കാതിരിക്കുക

വാഗ്ദത്ത മഹ്ദീമസീഹ് ഹദ്റത്ത് അഹ്മദ്(അ) പറയുന്നു:''അല്ലാഹു മുത്തഖിയെ സ്നേഹിക്കുന്നു. അല്ലാഹുവിന്റെ മഹത്ത്വത്തെ ഓർമിച്ച് എല്ലാവരും ഭക്തിയോടെ ഇരിക്കുക. ഓർമിച്ചുകൊള്ളുവിൻ!എല്ലാവരും അല്ലാഹുവിന്റെ അടിയാറുകളാണ്. ആരേയും ദ്രോഹിക്കരുത്. ആരോടും കോപിക്കരുത്. നിന്ദാദൃഷ്ടിയോടെ നോക്കുകയുമരുത്. ജമാഅത്തിൽ മലിനമായ ഒരാളുണ്ടെങ്കിൽ അയാൾ എല്ലാവരേയും മലിനമാക്കുന്നതായിരിക്കും. കോപത്തിലേക്ക് നിങ്ങളുടെ സ്വഭാവം ചായുന്നുവെങ്കിൽ ആത്മപരിശോധന നടത്തുക. കോപത്തിന്റെ ആ അരുവി എവിടെന്നാണ് ഉത്ഭവിച്ചതെന്ന് കണ്ടെത്തുക. ആ സ്ഥലം വളരെ ഗുരുതരമാണ്.''(മൽഫൂദാത്ത് വാള്യം 1, പേജ് 9)

# അമീറുൽ മുഅ്മിനീന്റെ പ്രസംഗങ്ങളിൽനിന്നും ഖുത്വ്ബകളിൽനിന്നും ഫലമെടുക്കേണ്ടതിന്റെ പ്രാധാന്യവും അനുഗ്രഹവും

മുനീർ അഹ്‌മദ് ഖാദിം, അഡീഷ്ണൽ നാളിർ ഇസ്വ്‌ലാഹ് വ ഇർശാദ് ജുനൂബി ഹിന്ദ്
വിവർത്തനം: മൗലവി സഫർ അഹ്‌മദ് കോഴിക്കോട്

*യാ അയ്യുഹല്ലദീന ആമനൂസ്തയീനൂ ലില്ലാഹി വ ലിർറസൂലി ഇദാ ദആക്കും ലിമായുഹ്‌യീക്കും*

വിശ്വസിച്ചവരേ! അല്ലാഹുവിനും അവന്റെ ദൂതനും-നിങ്ങൾക്ക് ജീവൻ നല്കുന്നതിന് അദ്ദേഹം നിങ്ങളെ വിളിച്ചാൽ ഉത്തരം നല്കുക.(8:25)

തന്റെ റബ്ബിന്റെ വിളിക്കുത്തരം നൽകുന്നവർക്ക് നല്ല പ്രതിഫലമുണ്ട്. അവന് ഉത്തരം നൽകാത്തവർ അവർക്ക് ഭൂമിയിലുള്ള മുഴുവനും അതോടൊപ്പം അത്രയുംകൂടി ഉണ്ടായിരുന്നാലും അത് അവർ പ്രായശ്ചിത്തമായി കൊടുക്കാൻ ശ്രമിക്കുന്നതാണ്. മോശമായ കണക്കെടുപ്പുള്ളവരത്രെ അവർ. അവരുടെ സങ്കേതം നരകമാണ്. അത് എത്രമാത്രം മോശമായ വാസസ്ഥലം. ബഹുമാനപ്പെട്ട അധ്യക്ഷൻ സാഹിബ് പ്രിയ ശ്രോതാക്കളേ എന്റെ പ്രസംഗ വിഷയം ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് ഖാമിസിന്റെ പ്രാധാന്യവും അനുഗ്രഹവും എന്നതാണ്.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ കാലഘട്ടത്തിൽ നബി(സ)തിരുമേനിയുടെ അരുളപ്പാടിന്റെ അനുസരണത്തിൽ ഇമാം മഹ്ദിയേയും മസീഹ് മൗഊദിനേയും സ്വീകരിക്കാനും നുബുവ്വത്തിന്റെ മാർഗത്തിലുള്ള ഖിലാഫത്തനുസരിച്ചുകൊണ്ട് മഹത്തായ ആത്മീയവും ഭൗതികവുമായ അനുഗ്രഹങ്ങൾ കരസ്ഥമാക്കാനുമുള്ള തൗഫീഖ് ലഭിച്ചുകൊണ്ടിരിക്കുന്ന സൗഭാഗ്യരായ ജമാഅത്താണ് നമ്മൾ. ഇമാം മഹ്ദി (അ) അതിമഹത്തായ വ്യക്തിത്വത്തിന്റെ ഉടമയാണ്. അദ്ദേഹത്തെക്കുറിച്ച് അല്ലാഹു പറഞ്ഞത് അദ്ദേഹം നബി(സ) തിരുമേനിയുടെ സദൃശ്യനാണെന്നാണ്. സൂറഃജുമുആയിൽ അല്ലാഹു പറയുന്നു:ഹുവല്ലദീ ബഅഥ ഫിൽ ഉമ്മിയ്യീന റസൂലൻമ്മിൻഹും യത്‌ലൂ അലയ്ഹിം ആയാത്തിഹീ വ യുസക്കീഹിം വ യുഅല്ലിമുഹുൽകിതാബ വൽഹിക്മത്ത വ ഇൻ കാനൂ മിൻഖബ്‌ലു ലഫീ ളലാലിൻ മുബീൻ

'അവൻ തന്നെയാണ് നിരക്ഷരരായ ജനതയിൽ അവരിൽനിന്നുള്ള ഒരു മഹത്തായ ദൂതനെ നിയോഗിച്ചിട്ടുള്ളവൻ. അദ്ദേഹം അവരിൽ അവന്റെ വചനങ്ങൾ ഓതിക്കേൾപ്പിക്കുകയും അവരെ ശുദ്ധീകരിക്കുകയും അവർക്ക് ഗ്രന്ഥവും തത്ത്വജ്ഞാനത്തിന്റെ അധ്യാപനവും നൽകുകയും ചെയ്യുന്നു. ഇതിനിമുമ്പേ അവർ വ്യക്തമായ വഴികേടിലായിരുന്നു.'(62:3)

അടുത്ത ആയത്തിൽ അല്ലാഹു പറയുന്നു: നബി(സ)തിരുമേനിയുടെ അനുഗൃഹീത നിയോഗം മുമ്പേയുള്ളവരിൽ എങ്ങനെ ഉണ്ടായിരുന്നുവോ അതേപോലെ പിന്നീടുള്ളവരിലും ആലങ്കാരികമായ നിലയിൽ ഉണ്ടായിരിക്കുന്നതാണ്. ഇതിലും അദ്ദേഹത്തിന്റെ ജോലി അതുതന്നെയായിരിക്കും.

പറയുന്നു:വ ആഖരീന മിൻഹും ലമ്മാ യൽഹഖൂബിഹിം വഹുവൽ അസീസുൽ ഹക്കീം(62:4) 'അവരോടൊപ്പം ഇതുവരെ ചേർന്നിട്ടില്ലാത്ത അവരിൽനിന്നുള്ള മറ്റൊരു കൂട്ടരിലും അദ്ദേഹത്തെ നിയോഗിക്കുന്നതായിരിക്കും. അവൻ പ്രതാപവാനും യുക്തിജ്ഞനുമാണ്.'

ഇമാം മഹ്ദിയുടെയും മസീഹ് മൗഊദിന്റെയും നിയോഗം യഥാർഥത്തിൽ നബി(സ)തിരുമേനിയുടെ തന്നെ നിയോഗമാണ്. നബി(സ)തിരുമേനിയെ നിയോഗിച്ചുകൊണ്ട് മുമ്പേയുള്ളവരിൽ ഏതൊരു പ്രവൃത്തിയാണോ പറഞ്ഞിട്ടുള്ളത് അതേ പ്രവൃത്തിതന്നെയാണ് മസീഹ് മൗഊദിന്റെ പ്രവൃത്തിയായും പറഞ്ഞിട്ടുള്ളത്. അതായത് രക്ഷിതാവിന്റെ വചനങ്ങൾ ഓതിക്കേൾപ്പിക്കുക. ആത്മാവിനെ ശുദ്ധീകരിക്കുക. അതിന്റെ വിലമതിക്കപ്പെട്ട തത്ത്വജ്ഞാനങ്ങൾ പറഞ്ഞുകൊടുക്കുക. മുൻകാല മഹാത്മാക്കളും ഇതിനെ വ്യാഖ്യാനിച്ചെഴുതിയിട്ടുള്ളത് വരാനിരിക്കുന്ന മഹ്ദിയിൽ പ്രവാചകശ്രേഷ്ഠന്റെ പ്രകാശങ്ങൾ പ്രതിഫലിക്കുമെന്നാണ്. ഹദ്റത്ത് ശാഹ് വലിയുല്ലാഹ് സാഹിബ് മുഹദ്ദിഥ് ദഹ്‌ലവി തന്റെ ഗ്രന്ഥമായ *അൽഖയ്‌റുൽ ഖഥീറിൽ* പ്രവചനമെന്ന നിലയിൽ പറയുന്നു: ഹദ്റത്ത് വാഗ്ദത്ത മസീഹ് മൗഊദിൽ പ്രവാചകശ്രേഷ്ഠന്റെ പ്രകാശങ്ങൾ പ്രതിഫലിക്കുക എന്ന കാര്യം അദ്ദേഹത്തിന് അവകാശപ്പെട്ടതാണ്. മസീഹ് മൗഊദ് വരുമ്പോൾ വെറുമൊരു ഉമ്മത്തിയായിട്ടാണ് വരിക എന്ന് സാധാരണക്കാർ ധരിക്കുന്നു. എന്നാൽ, അങ്ങനെയല്ല. മറിച്ച് അദ്ദേഹം മുഹമ്മദ് എന്ന പരിപൂർണ നാമത്തിന്റെ വിശദീകരണവും മസീഹ് മൗഊദിന്റെ യഥാർഥ രൂപവുമായിരിക്കും. (ഖുത്ബ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്, 1985)

പ്രിയശ്രോതാക്കളേ! ഹദ്റത്ത് മസീഹ് മൗഊദ്(അ) കാലത്തിന്റെ ഇമാമിൽ ഏതൊരു ശക്തിയുടെ ആവശ്യകതയെക്കുറിച്ച് പറഞ്ഞുവോ അതിലൊന്ന് *ഖുവ്വത്ത് ബസ്ത്വത് ഫിൽഇൽമ്* അറിവിന്റെ ആധിക്യം എന്നുള്ളതുമാണ്. അതായത് അല്ലാഹു നിയോഗിക്കുന്ന ഖലീഫക്ക് ആത്മീയതയുടെ, ഭൗതികതയുടെ അറിവിൽ വിശാലത നൽകപ്പെടുന്നതായിരിക്കും. അദ്ദേഹം പറയുന്നു:ജ്ഞാനത്തിൽ അവഗാഹം (ബസ്ത്വത്ത്) ആണ് ഇമാമത്തിന്റെ അവശ്യധർമം, അഥവാ അനുപേക്ഷണീയമായ പ്രത്യേകത. സകല സത്യതത്ത്വങ്ങളിലും ദിവ്യജ്ഞാനങ്ങളിലും അത്യാവശ്യമായ സ്നേഹത്തിലും സത്യസന്ധതയിലും കൂറിലും മുന്നോട്ടുപോകാനുള്ള ആഗ്രഹം ഇമാമത്തിന്റെ അർഥത്തിൽപെടുത്താവുന്നതിനാൽ അദ്ദേഹം തന്റെ മറ്റു സകലശക്തികളെയും ഇതേ സേവനത്തിനായി ഉപയോഗപ്പെടുത്തുന്നതാണ്. അദ്ദേഹം 'ഓ എന്റെ നാഥാ, എനിക്ക് നീ ജ്ഞാനം വർധിപ്പിച്ചു തരേണമേ' (20:115) എന്നുള്ള പ്രാർഥനയിൽ എപ്പോഴും ഏർപ്പെട്ടിരിക്കുന്നതും മുമ്പേതന്നെ അദ്ദേഹത്തിന്റെ ശ്രദ്ധയും ജ്ഞാനേന്ദ്രിയങ്ങളുമെല്ലാം ഇതേ കാര്യങ്ങൾക്കായി സമർപ്പിതങ്ങളായിരിക്കുന്നതുമാകുന്നു. ഇതേ കാരണത്താൽത്തന്നെ ദൈവാനുഗ്രഹംകൊണ്ട്, ദൈവികജ്ഞാനത്തിൽ അദ്ദേഹത്തിന് അവഗാഹം അനുഗ്രഹിച്ചു നല്കപ്പെടുന്നു. അദ്ദേഹത്തിന്റെ കാലഘട്ടത്തിൽ മറ്റൊരാൾക്കുംതന്നെ ഖുർആനികമായ ദിവ്യജ്ഞാനം ഗ്രഹിക്കുന്നതിലും ആജ്ഞാനവൃദ്ധിയുടെ പൂർണത പ്രാപിക്കുന്നതിലും സകല ന്യായപൂർത്തികളിലും അദ്ദേഹത്തോട് കിടപിടിക്കാനാകുന്നതല്ല. അദ്ദേഹത്തിന്റെ അഭിപ്രായം മറ്റുള്ളവരുടെ അറിവുകളെ തിരുത്തുന്നതാണ്. മതപരമായ സത്യതത്ത്വങ്ങൾ വിവരിക്കുന്നതിൽ ആരുടെയെങ്കിലും അഭിപ്രായം അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾക്ക് എതിരായാൽ, സത്യം അദ്ദേഹത്തിന്റെ ഭാഗത്തായിരിക്കും. എന്തുകൊണ്ടെന്നാൽ, യഥാർഥമായ ജ്ഞാനസിദ്ധിയിൽ അവഗാഹത്തിന്റെ പ്രകാശം അദ്ദേഹത്തെ സഹായിക്കുന്നതായിരിക്കും. മിന്നുന്ന ജ്വാലകളോടുകൂടിയ ആ പ്രകാശം മറ്റാർക്കും നല്കപ്പെടുന്നതല്ല.

അത് ദൈവത്തിന്റെ അനുഗ്രഹമാകുന്നു. അവൻ ഇച്ഛിക്കുന്നവർക്ക് അത് നല്കപ്പെടുന്നു. പിടക്കോഴി മുട്ടകൾ അതിന്റെ ചിറകുകൾക്കടിയിൽ വച്ചു കുഞ്ഞുങ്ങളെ വിരിയിക്കുകയും പിന്നീട് കുഞ്ഞുങ്ങളെ ചിറകുകൾക്കടിയിൽ വെച്ച് അതിന്റെ ചൈതന്യം അവയ്ക്കുള്ളിൽ എത്തിക്കുകയും ചെയ്യുന്നതുപോലെ ഇമാം തന്റെ ആത്മീയജ്ഞാനങ്ങൾ മുഖേന തന്റെ സാമീപ്യവർത്തികളിൽ ജ്ഞാനവർണ്ണം പകർന്നു കൊടുക്കുകയും ദൃഢവിശ്വാസവും ദിവ്യജ്ഞാനങ്ങളും വളർത്തുകയും ചെയ്യുന്നു.

എന്നാൽ, മറ്റു മുൽഹമുകൾക്കും സാഹിദുമാർക്കും ഇത്തരത്തിലുള്ള അഗാധജ്ഞാനം അത്യാവശ്യമായിരിക്കുന്നില്ല. എന്തുകൊണ്ടെന്നാൽ, മനുഷ്യവംശത്തിന്റെ ജ്ഞാനപരമായ ശിക്ഷണം അവർക്ക് ഏല്പിച്ചു കൊടുക്കുന്നില്ല. അത്തരം സാഹിദുമാരും സ്വപ്നദർശികളും ജ്ഞാനങ്ങളിൽ അല്പം കുറവും അജ്ഞത തന്നെയും ഉള്ളവരാണെന്നു വന്നാൽപോലും അതാക്ഷേപത്തിന്നിടയാക്കുന്നില്ല. എന്തുകൊണ്ടെന്നാൽ, അവർ തോണിയുടെ തുഴച്ചിൽക്കാരല്ല. സ്വയം തുഴച്ചിൽക്കാരനെ ആശ്രയിക്കുന്നവരാകുന്നു. എന്നാൽ, നാം ഇങ്ങനെയൊക്കെയുള്ളവരാണെന്നും അതിനാൽ നമുക്ക് അങ്ങനെയുള്ള ആത്മീയ തുഴച്ചിൽക്കാരന്റെ ആവശ്യമൊന്നുമില്ലെന്ന തെറ്റായ വിചാരങ്ങളിലും വേണ്ടാതനങ്ങളിലും അവർ ഉൾപ്പെടാൻ പാടില്ലാത്തതാണ്. തീർച്ചയായും അത്തരം ആളുകളുടെ ആവശ്യം തങ്ങൾക്കുണ്ടെന്ന് അവർ ഓർത്തിരിക്കേണ്ടതാകുന്നു. അദ്ദേഹം അടിസ്ഥാനം എന്ന നിലയിലും ബാക്കിയുള്ളതെല്ലാം അതിന്റെ ശാഖകളുമാണ്. (റൂഹാനീ ഖസായിൻ. വാല്യം 13, ഇമാമിന്റെ ആവശ്യകത, പേജ് 479-481)

ഇക്കാലഘട്ടത്തിൽ നുബുവ്വത്തിന്റെ മാർഗത്തിലുള്ള ഖിലാഫത്തിന് എത്രമാത്രം വിലയുണ്ടെന്ന് ഇതിൽനിന്ന് നമുക്ക് മനസ്സിലാക്കാം.

ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് ഈ മഹത്തായ ഖിലാഫത്തിനെ കുറിച്ച്, നബി(സ)തിരുമേനി പറഞ്ഞത് ഇത് നുബുവ്വത്തിന്റെ മാർഗത്തിലുള്ള ഖിലാഫത്തായിരിക്കുമെന്നാണ്. ഈ നിലയിൽ ഈ ഖിലാഫത്ത് അതിന്റെ ഉന്നതിയിലും മഹത്ത്വത്തിലും നുബുവ്വത്ത് അഥവാ പ്രവാചകത്വത്തിന്റെ അനുഗ്രഹമുൾക്കൊള്ളുന്നതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഈ ഖിലാഫത്തിനെ അല്ലാഹുവിന്റെ രണ്ടാം ശക്തിപ്രഭാവമാണെന്ന് നിശ്ചയിച്ച് ജമാഅത്തിന് സന്തോഷവാർത്ത നൽകിക്കൊണ്ട് പറയുന്നു:അതുകൊണ്ട് ഞാനിപ്പോൾ വിവരിച്ചു പറഞ്ഞ കാര്യങ്ങളിൽ നിങ്ങൾ ദുഃഖിതരാവരുത്. നിങ്ങൾ അസ്വസ്ഥരാകുകയും അരുത്. എന്തുകൊണ്ടെന്നാൽ, നിങ്ങളിൽ രണ്ടാം ഖുദ്റത്ത് വെളിപ്പെടുന്നത് നിങ്ങൾ കാണേണ്ടത് ആവശ്യമാകുന്നു. അതു വരുന്നത് നിങ്ങൾക്ക് കൂടുതൽ ഉത്തമമായിരിക്കും. കാരണം അത് എന്നെന്നും നിലനില്ക്കുന്നതാണ്. അതിന്റെ പരമ്പര ഖിയാമത്തുന്നാൾവരെ മുറിഞ്ഞുപോകുന്നതല്ല. ഞാൻ പോകാത്തിടത്തോളം രണ്ടാം ഖുദ്റത്ത് വരുന്നതല്ല. ഞാൻ പൊയ്ക്കഴിഞ്ഞാൽ അല്ലാഹു രണ്ടാം ഖുദ്റത്തിനെ നിങ്ങളിലേക്ക് അയക്കും. ആ രണ്ടാം ഖുദ്റത്ത് അല്ലാഹു ബറാഹീനെ അഹ്‌മദിയ്യായിൽ വാഗ്ദത്തം ചെയ്തതു പ്രകാരം എന്നെന്നും നിങ്ങളിലുണ്ടായിരിക്കും. ആ വാഗ്ദത്തം എന്റെ വ്യക്തിത്വവുമായി ബന്ധപ്പെട്ടതല്ല. അത് നിങ്ങളെ സംബന്ധിച്ചുള്ള വാഗ്ദത്തമാണ്. അല്ലാഹു പറയുന്നു:നിന്നെ പിൻപറ്റിയ

ജമാഅത്തിന് ഖിയാമത്തുന്നാൾവരെ മറ്റുള്ളവരുടെമേൽ ഞാൻ വിജയം നല്കും.(അൽവസിയ്യത്ത്)

ചുരുക്കത്തിൽ രണ്ടാംശക്തിപ്രഭാവമായ അഹ്മദിയ്യാ ഖിലാഫത്ത് മുഖേന അല്ലാഹു ഖിലാഫത്തിനുവേണ്ടി ജീവൻ ത്യജിക്കുന്നവർക്ക് ഖിയാമത്തുന്നാൾവരെ ശാശ്വതമായ വിജയത്തിനുള്ള വാഗ്ദാനവും നൽകിയിരിക്കുന്നു. ഈ വിജയം കരസ്ഥമാക്കാൻ നമ്മൾ കാലഘട്ടത്തിന്റെ ഖലീഫയുടെനിർദ്ദേശങ്ങൾ കേൾക്കുകയും അത് ആത്മാർഥമായി പ്രാവർത്തികമാക്കുകയും ചെയ്യുക എന്ന നിബന്ധന വെച്ചിരിക്കുന്നു. കാരണം ഈയൊരു നിയമമാണ് ആകാശത്തുനിന്ന് ഇറങ്ങിയിട്ടുള്ളത്. ഇതിനെ ആത്മാർഥമായി സംരക്ഷിക്കുക എന്ന് ഹദ്റത്ത് മസീഹ് മൗഊദിന് വെളിപാടുണ്ടായി. പ്രിയശ്രോതാക്കളേ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് അല്ലാഹു ഇപ്രകാരം വെളിപാട് നൽകി. 'ആകാശത്തുനിന്ന് ധാരാളം പാൽ ഇറങ്ങിയിരിക്കുന്നു. അതിനെ സുരക്ഷിതമാക്കിവെക്കുക.' (തദ്കിറ, പേജ് 558)

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇതിനെ വ്യാഖ്യാനിച്ചുകൊണ്ട് പറയുന്നു. അതായത് ദൈവജ്ഞാനത്തിന്റേയും യാഥാർഥ്യങ്ങളുടേയും പാൽ. പിന്നീട് പറഞ്ഞു:ഏ അഹ്മദേ! നിന്റെ ചുണ്ടിൽ കാരുണ്യം വർഷിക്കുന്നു. നിന്റെ വചനം അല്ലാഹുവിന്റെ ഭാഗത്തുനിന്ന് വാഗ്വൈഭവമുള്ളതുമാക്കിയിരിക്കുന്നു. ഈ പാലും കാരുണ്യവുമാണ് ഇന്ന് രണ്ടാംശക്തിപ്രഭാവത്തിന്റെ പ്രതിച്ഛായക്കാരിലൂടെ നമ്മളിൽലെത്തിക്കൊണ്ടിരിക്കുന്നത്. (തദ്കിറ 558)

ആകാശത്തുനിന്നുള്ള ഈ പാല് കഴിഞ്ഞ് 125 വർഷമായി നമ്മളിലും അന്യരിലും വർഷിച്ചുകൊണ്ടിരിക്കുന്നു. അഹ്മദിയ്യാ ജമഅത്തിൽ സ്ഥാപിതമായ ഒന്നാം ഖിലാഫത്തു മുതൽ അഞ്ചാം ഖിലാഫത്തുവരെയുള്ള ചരിത്രം നമ്മൾ പഠിക്കുകയാണെങ്കിൽ എല്ലാ ഖിലാഫത്തു കാലഘട്ടത്തിലും ഈ മഴ വർഷിച്ചു എന്നു മാത്രമല്ല പ്രത്യുത ഈ ആകാശത്തുനിന്നുള്ള മഴ മുഴുലോകത്തിനും കാലത്തിന്റെ അവസ്ഥയ്ക്കനുസരിച്ച് ഉപദേശം നൽകിയിരിക്കുന്നുവെന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നു.

ഈ മഴ ആഗോളതലത്തിലും വർഷിച്ചിരിക്കുന്നു. ഈ മഴ ഭൗതിക ഭരണകർത്താക്കൾക്കും മാർഗദർശനം നൽകി. അവർക്ക് ഭരണത്തിന്റെ തത്ത്വങ്ങൾ പഠിപ്പിച്ചുകൊടുത്തു. ഇസ്‌ലാമികാധ്യാപനങ്ങളുടെ വെളിച്ചത്തിൽ അവർക്ക് അവരുടെ ഉത്തരവാദിത്വങ്ങൾ പറഞ്ഞു മനസ്സിലാക്കിക്കൊടുത്തു. മറുഭാഗത്ത് ലോകത്തുള്ള എല്ലാ വൈജ്ഞാനിക മേഖലയിലുള്ള വിദഗ്ദ്ധർക്കും- അത് സാമ്പത്തിക ശാസ്ത്രത്തിന്റെ വിദ്ഗദ്ധരായാലും വേണ്ടില്ല സാമൂഹികപരമായ ജ്ഞാന വിദഗ്ദ്ധരായാലും ശരി. അല്ലെങ്കിൽ ഭൂമിശാസ്ത്രത്തിന്റെ വിദഗ്ദ്ധാരായാലും, ചരിത്രഗവേഷകനോ മതപരമായ ജ്ഞാനത്തിന്റെ വിദഗ്ദ്ധനോ ആയാലും ശരി ഇവർക്കെല്ലാവർക്കും നല്ലനിലയിൽ മാർഗദർശനം നൽകുകയുണ്ടായി.

എല്ലാവിധ ന്യൂനതകളേയും കുറവുകളേയും ചൂണ്ടിക്കാണിച്ചുകൊടുക്കുകയും ചെയ്തു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിന്റെ തസ്ദീഖെ ബറാഹീനെ അഹ്മദിയ്യാ, ദർസുൽ ഖുർആൻ, വൈദ്യശാസ്ത്രത്തെ സംബന്ധിച്ച ഗ്രന്ഥങ്ങൾ തുടങ്ങിയവ. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി(റ)യുടെ രാഷ്ട്രീയനേതാക്കൾക്കുള്ള നിർദ്ദേശങ്ങൾ, സാമ്പത്തികശാസ്ത്രത്തെക്കുറിച്ചുള്ള പ്രഭാഷണങ്ങൾ! ശാസ്ത്രീയ അറിവിനെ കുറിച്ചുള്ള അപാരമായ കഴിവ് അദ്ദേഹത്തിന്റെ ഖുർആൻ വ്യാഖ്യാനത്തിലുണ്ട്. ഇസ്‌ലാമിലെ സാമ്പത്തിക വ്യവസ്ഥ, അഹ്മദിയ്യത്ത് അഥവാ യഥാർഥ ഇസ്‌ലാം ദഅവത്തുൽ അമീർ എന്നീ പ്രഭാഷണങ്ങളിൽനിന്നും മറ്റു വലിയ വലിയ പുസ്തകങ്ങളിൽനിന്നും അത് പ്രകടമാണ്.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിസ്(റ)ന്റെ ബയ്ത്തുല്ലാ നിർമാണത്തിന്റെ ലക്ഷ്യങ്ങൾ എന്ന പ്രഭാഷണത്തിൽ ഭൗതികരായവർക്ക് മാർഗദർശനം നൽകൽ, സാമ്പത്തിക പ്രശ്നങ്ങളുടെ പരിഹാരത്തെ സംബന്ധിച്ച ഖുത്ബകൾ പാക്കിസ്താനിലെ ഭരണകർത്താക്കളുടെ അഹ്മദിയ്യാ ജമാഅത്തിന്നെതിരിലുള്ള അമുസ്‌ലിം തീരുമാനത്തിൽ അവർക്ക് മാർഗദർശനം നൽകൽ ഭാവിയിൽ പ്രകടമാകുന്ന വിവശതയുടെ ചിത്രം ഇതെല്ലാം അവിടുത്തെ ബുദ്ധിമാന്മാർ ഇന്നും സമ്മതിക്കുന്നു. മതപരമായ അറിവിൽ അധിഷ്ഠിതമായ തബ്‌ലീഗും തർബിയ്യത്തുപരവുമായ ഖുത്ബകളും പ്രഭാഷണങ്ങളും ഓരോ കാര്യത്തിന്റേയും തീക്ഷ്ണബുദ്ധിയോടുകൂടിയ വിശദീകരണമാണ്. നാലാം ഖലീഫയുടെ ആധുനികശാസ്ത്രത്തിന്റെ അറിവിനനുസരിച്ച് വിശുദ്ധഖുർആന്റെ തഫ്സീർ അഥവാ വ്യാഖ്യാനം, അതിന്റെ വെളിച്ചത്തിൽ ഭൗതികജ്ഞാനികളുടെ മുമ്പിൽ മജ്‌ലിസെ ഇർഫാൻ മുഖേന എല്ലാ വിഭാഗത്തേയും കുറിച്ചുള്ള വിഷയങ്ങളിൽ സമ്പൂർണ ചർച്ച, ഹോമിയോപ്പതിക് ചികിത്സയെക്കുറിച്ചുള്ള പരമമായ ഗവേഷണം അതുമുഖേന ലോകർക്ക് പ്രയോജനമെത്തിക്കൽ തുടങ്ങിയവ ശ്രദ്ധേയമാണ്. ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അഞ്ചാമന്റെ ഇസ്‌ലാമിക ചരിത്രത്തെക്കുറിച്ചുള്ള ദീർഘമായ വീക്ഷണം ഈമാൻ വർദ്ധിപ്പിക്കുന്ന തന്റെ ജുമുഅ ഖുത്ബകളിൽ അതിനെക്കുറിച്ചുള്ള വീക്ഷണവും ലോകത്തുള്ള ഭരണകർത്താക്കൾക്ക് കത്തുകളും പ്രഭാഷണങ്ങളും മുഖേന ആഗോള സമാധാനത്തിനുള്ള ഇസ്‌ലാമികാധ്യാപനങ്ങൾ പറഞ്ഞുകൊടുക്കലും വിദ്യാഭ്യാസപരവും തർബിയ്യത്തുപരവും തബ്‌ലീഗുപരവും നിയമപരവുമായിട്ടുള്ള ഈമാൻ ശക്തിപ്പെടുത്തുന്ന ഖുത്ബകൾ മുഖേന ജമാഅത്തംഗങ്ങളുടെ തർബിയ്യത്തും അവരെ ബയ്അത്തിന്റെ ലക്ഷ്യത്തെക്കുറിച്ച് പറഞ്ഞുകൊടുക്കലുമാണ് പ്രസ്തുത പാൽ. 'ആകാശത്തുനിന്ന് ധാരാളം പാൽ ഇറങ്ങിയിരിക്കുന്നു, അതിനെ സുരക്ഷിതമാക്കിവെക്കൂ' എന്ന ഹദ്റത്ത് മസീഹ് മൗഊദിന്റെ ഇൽഹാം മുഖേന അറിയിച്ചത് ഇതിനെ കുറിച്ചായിരുന്നു. ഈയൊരു കാരുണ്യമാണ് ആദ്യം ഒന്നാം ശക്തിപ്രഭാവത്തിന്റെ പ്രതിച്ഛായയുടെ ചുണ്ടിൽനിന്ന് പുറപ്പെട്ടിട്ടുള്ളത്. പിന്നീട് തുടർച്ചയായി രണ്ടാംശക്തിപ്രഭാവത്തിന്റെ പ്രതിച്ഛായയിൽ ഇറങ്ങിക്കൊണ്ടിരിക്കുന്നു. പ്രിയശ്രോതാക്കളേ, ഒന്നാം ശക്തിപ്രഭാവത്തിന്റേയും രണ്ടാംശക്തിപ്രഭാവത്തിന്റേയും പ്രതിച്ഛായകരിൽ ദിനരാത്രികളിൽ ഇറങ്ങിക്കൊണ്ടിരുന്ന പരിശുദ്ധവചനങ്ങൾ നമ്മുടെ ആത്മീയവും ഭൗതികവുമായ ജീവിതത്തിന് അത്യന്താപേക്ഷിതമാക്കി അല്ലാഹുവും അവന്റെ റസൂലും ആത്മീയ ജീവിതം നൽകാൻവേണ്ടി വിളിച്ചാൽ അവർ പറഞ്ഞ കാര്യങ്ങൾ കേൾക്കുകയും അവർക്ക് ഉത്തരം നൽകുകയും അവരുടെ കാര്യങ്ങൾ ഹൃദയത്തിൽ ഉറപ്പിച്ചുനിറുത്തുകയും ചെയ്യുകയെന്ന് സത്യവിശ്വാസികളെ ഉപദേശിക്കുകയും ചെയ്തു. പറഞ്ഞു:

'തങ്ങളുടെ നാഥന്റെ വിളിക്കുത്തരം നൽകിയവർക്ക് ഏറ്റവും നല്ല പ്രതിഫലമുണ്ടായിരിക്കും. അവനുത്തരം നല്കാത്തവരാകട്ടെ അവർക്ക് ഭൂമിയിലുള്ള മുഴുവനും അതോടൊപ്പം അത്രയും കൂടി ഉണ്ടായിരുന്നാലും അതവർ(തങ്ങൾക്ക് മോചനം ലഭിക്കുന്നതിന്)പ്രായ്ശ്ചിത്തമായി കൊടുക്കാൻ തയ്യാറാകുന്നതാണ്. അവർക്ക് മോശമായ വിചാരണ ഉണ്ടകുന്നതാണ്. അവരുടെ സങ്കേതം നരകമായിരിക്കും. അതു വളരെ ചീത്തയായ സ്ഥലം തന്നെ' (13:19)

പര്യവസാനം അവരുടെ പിന്നാലെ മാത്രമല്ല കൂടുന്നത് മറിച്ച് അവരുടെ സന്താനങ്ങളുടെ പിന്നാലെയും കൂടുന്നതാണ്.

സഹോദരന്മാരേ! കാലത്തിന്റെ ഖലീഫയുടെ നിർദ്ദേശങ്ങൾ കേൾക്കുക, കേൾക്കുക മാത്രമല്ല അതിനുവേണ്ടി അസ്വസ്ഥനാകുക എന്നത് ഓരോ സത്യവിശ്വാസിയുടേയും നിർബന്ധകാര്യമാകുന്നു. അവസാനം അത് അവനെ സന്തോഷത്തിനും മോക്ഷത്തിനും പരലോകത്തെ സമാധാനപൂർണമായ ജീവിതത്തിനും അർഹരാക്കിത്തീർക്കുന്നു എന്നു മാത്രമല്ല അവന്റെ സന്താനപരമ്പര ഈ മധുരമായ വെള്ളച്ചാട്ടത്തിൽനിന്ന് അനുഗ്രഹം കരസ്ഥമാക്കിക്കൊണ്ടിരിക്കുകയും ചെയ്യും. കാലത്തിന്റെ ഖലീഫയുടെ നിർദ്ദേശങ്ങളുടെ പ്രാധാന്യത്തിന്റെ വെളിച്ചത്തിൽ ഹദ്റത്ത് മസീഹ് മുസ്‌ലിഹ് മൗഊദ്(റ)ന്റെ നിർദ്ദേശം എപ്പോഴും മുന്നിൽവെക്കുക.

'അല്ലാഹു ആരെയാണോ ഖിലാഫത്തിൽ അവരോധിക്കുന്നത് അദ്ദേഹത്തിന് കാലഘട്ടത്തിനനുസരിച്ച് ജ്ഞാനവും നല്കുന്നു.തന്റെ സവിശേഷതകളും പ്രദാനം ചെയ്യുന്നു.'(അൽഫുർഖാൻ, മെയ്-ജൂൺ, 1967, പേജ് 37, ഉദ്ധരണി ഖുത്ബാത്തെ മസ്റൂർ വാള്യം 1)

വീണ്ടും പറയുന്നു: ഖിലാഫത്തിന്റെ അർഥം തന്നെ ഏതെങ്കിലും നേരത്ത് ഖലീഫയുടെ വായിൽനിന്ന് ഏതെങ്കിലും വാക്കു പുറത്തുവന്നാൽ, ആ നേരത്ത് എല്ലാ സ്കീമുകളും എല്ലാ പദ്ധതികളും എല്ലാ ഉപായങ്ങളും വലിച്ചെറിയുക. എന്നിട്ട് ഇപ്പോൾ ഖലീഫയുടെ വായിൽനിന്നു വന്നകൽപ്പനയാണ്, ഈ സ്കീമാണ്, പദ്ധതിയാണ്, ഉപായമാണ് ഫലപ്രദമെന്ന് മനസ്സിലാക്കുക. ഈ ആത്മാവ് ജമാഅത്തിൽ ഉണ്ടാകാത്തിടത്തോളം എല്ലാ ഖുത്ബകളും പാഴാണ്, എല്ലാ പദ്ധതികളും വ്യർഥമാണ്, എല്ലാ ഉപായങ്ങളും പരാജയമാണ്.(ഖുത്ബ ജുമുഅ, 1936 ജനുവരി 24, അൽഫള്ൽ 1936,ജനുവരി 31)

ചുരുക്കത്തിൽ കാലത്തിന്റെ ഖലീഫയുടെ നിർദേശങ്ങൾ സത്യവിശ്വാസികളുടെ ജീവനാണ്. അതു േകൾക്കുകയും പ്രാവർത്തിമാക്കുകയും ചെയ്യുക എന്നത് അവന്റെ ജീവനാണ്. അവന് ഇതിലൂടെ ശാശ്വമായ ജീവിതം ലഭിക്കുന്നു. അതുകൊണ്ടുതന്നെ ഖലീഫതിരുമനസ്സ്(റ)ഇന്ത്യക്കാരായ നമുക്കു നാല് പ്രധാനപ്പെട്ട പ്രോഗ്രാം നൽകിയിരിക്കുകയാണ്. അതിൽ ഒന്ന് നമ്മൾ ഖലീഫാതിരുമനസ്സിന്റെ ഖുത്ബ ജുമുഅ തൽസമയം കേൾക്കുകയും നമ്മുടെ കുട്ടികളിലും അത് കേൾക്കാനുള്ള ശീലമുണ്ടാക്കിയെടുക്കുകയും ചെയ്യുക എന്നതാണ്. ഹുദൂർ തിരുമനസ്സിന്റെ ഖുത്ബകൾ ഹദ്റത്ത് മസീഹ് മൗഊദിന്റെ ഇൽഹാം അനുസരിച്ച് അല്ലാഹു ആകാശത്തുനിന്ന് ഇറക്കിയിട്ടുള്ള പാലാണ്. ഈ പാൽ എല്ലാ വെള്ളിയാഴ്ചയും സത്യവിശ്വാസികളുടെ വീടുകളിലെത്തുന്നു. ഇതിനെ സംബന്ധിച്ച് ഹുദൂർ ഒരിക്കൽ പറഞ്ഞു: ഇക്കാലത്ത് അകലം കൂടുതലായിട്ടും എം.ടി.എ മുഖേന ജമാഅത്തിനെ ഖിലാഫത്തുമായി ബന്ധം സ്ഥാപിച്ചിരിക്കുന്നുവെന്നത് അല്ലാഹുവിന്റെ ഔദാര്യമാണ്. അതുകൊണ്ട് എന്റെ ഖുത്ബകളും പല പരിപാടികളും നിർബന്ധമായും കേൾക്കുക. ചില ഭാരവാഹികൾത്തന്നെ എന്റെ ഖുത്ബകൾ തുടർച്ചയായി കേൾക്കുന്നില്ലെന്ന് ഞാൻ വിലയിരുത്തിയിട്ടുണ്ട്. ഈ ഖുത്ബകൾ കാലത്തിന് അനുയോജ്യമായ നിലയിൽ കൊടുക്കാൻ ശ്രമിക്കാറുണ്ട്. അതുകൊണ്ട് ലോകത്ത് എല്ലാ സ്ഥലത്തും ജമാഅത്തിന്റെ അധ്യാപനങ്ങളിലുള്ള ഏകത്വം ലോകർക്ക് മനസ്സിലാകുന്നതിനുവേണ്ടി സ്വയം ഇതുമായി ബന്ധപ്പെട്ടിരിക്കുക.(ജുമുഅ ഖുത്ബ 2013 സെപ്റ്റംബർ 27)

പലതരം വിഷയങ്ങളടങ്ങിയ ഈ ഖുത്ബകൾ ചിലപ്പോൾ അതിൽ ശിക്ഷണപരമായും ധാർമികപരവുമായ കാര്യങ്ങളുണ്ടാകുന്നു. അതിലൂടെ ആരാധനയുടെ രീതികൾ നല്ലവണ്ണം പഠിപ്പിക്കുന്നു. ആരാധനയിൽ സ്ഥൈര്യം കൈവരിക്കാൻ ഉപദേശിക്കുന്നു. മസ്ജിദിന്റെ പ്രാധാന്യം പലവിധത്തിലുള്ള ധാർമികഗുണങ്ങൾ ഉദാഹരണത്തിന് അഹങ്കാരത്തിൽനിന്ന് രക്ഷപ്പെടുക, സൗമ്യതയും മൃദുലതയും ഉണ്ടാക്കുക, ആതിഥേയത്തിന്റെ മര്യാദ, ക്ഷമയുടെ പ്രയോജനം, അർപ്പണ മനോഭാവം, സാഹോദര്യബന്ധത്തിന്റെ ഇസ്‌ലാമികാധ്യാപനങ്ങൾ, മര്യാദകൾ, ഖിലാഫത്തിന്റെ മര്യാദകളും അനുഗ്രഹങ്ങളും, ബയ്അത്തിന്റെ ലക്ഷ്യങ്ങൾ, അനുസരണത്തിന്റെ അനുഗ്രഹങ്ങൾ, ധനത്യാഗത്തിന്റെ പ്രാധാന്യവും അതിന്റെ പ്രയോജനവും, സ്നേഹത്തിലൂടെയും ഐക്യത്തിലൂടെയും ജീവിതം നയിക്കാനുള്ള അധ്യാപനങ്ങൾ, ദൈവികഗുണങ്ങളുടെ സ്മരണകൾ, നബി(സ) തിരുമേനിയുടെയും മസീഹ് മൗഊദിന്റേയും ജീവചരിത്രത്തിന്റെ മനോഹരമായഭാഗങ്ങൾ, നബി(സ)തിരുമേനിയുടെ ജീവിതത്തെക്കുറിച്ച് ഉന്നയിക്കപ്പെടുന്ന ആക്ഷേപങ്ങൾക്കുള്ള മറുപടി, അഹ്മദിയ്യാ ജമാഅത്തിന്റെ വിശ്വാസാദർശങ്ങൾ, പരീക്ഷണങ്ങളിൽ അഹ്മദിയ്യാ ജമാഅത്തിന്റെ പ്രവർത്തന മാതൃക, ദഅ്‌വത്തെ ഇലല്ലായുടെ രീതി, ആഗോള അഹ്മദിയ്യാ ജമാഅത്തിന്റെ ജീവനും ധനവുമായുള്ള ത്യാഗത്തിന്റെ ഈമാൻ വർദ്ധിപ്പിക്കുന്ന സ്മരണ, ലോകം മുഴുവനും നടക്കുന്ന വാർഷിക സമ്മേളനത്തിന്റെ സ്മരണ, ജമാഅത്തിന്റെ വ്യവസ്ഥിതിയുമായി ബന്ധപ്പെട്ട കാര്യങ്ങളിലുള്ള ഖുത്ബകളും പ്രഭാഷണങ്ങളും ഭാരവാഹികൾക്ക് ഈമാൻ ദൃഢീകരിപ്പിക്കുന്ന ഉപദേശ നിർദ്ദേശങ്ങൾ, ദുആയുടെ പ്രയോജനവും പ്രാധാന്യവും എന്നിവ ഉൾപ്പെടുന്നു.

ഖുത്ബകൾക്കുപുറമെ ഈ ആത്മീയപാൽ പ്രഭാഷണ രൂപത്തിലും ഇറങ്ങുന്നു. അതിൽ അദ്ദേഹം സ്വന്തക്കാർക്കും അന്യർക്കും എല്ലാവർക്കും ഒരുപോലെ ഇസ്‌ലാം അഹ്മദിയ്യത്തിന്റെ അനുഗ്രഹങ്ങളിൽനിന്ന് നൽകിക്കൊണ്ടിരിക്കുന്നു. ഇത്തരം പ്രഭാഷണങ്ങളിൽ പല രാഷ്ട്രങ്ങളുടെ ബുദ്ധിമാന്മാരേയും ഭരണാധികാരികളേയും മുൻനിറുത്തി ചെയ്ത രണ്ട് ഖുത്ബകളുമുണ്ട്. അതിൽ അദ്ദേഹം ലോകത്ത് ശാന്തിയും സമാധാനവും നിലനിറുത്താനും ഐക്യം സ്ഥാപിക്കാനുമുള്ള ഇസ്‌ലാമിക മര്യാദകളും നീതി നടപ്പാക്കാനും മഹത്തായ ഇസ്‌ലാമിക അധ്യാപനങ്ങളും പറയുകയുണ്ടായി. ഈ പ്രഭാഷണങ്ങൾ അന്യർക്ക് പ്രയോജനപ്രദമായതുപോലെ അഹ്മദികളായ നമ്മളും അതു വായിക്കുകയും മറ്റുള്ളവരിലെത്തിച്ചുകൊടുക്കുകയും ചെയ്യുക എന്നതാണ് വളരെ നിർബന്ധമായ കാര്യം.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) പറയുന്നു:

അല്ലാഹുവിന് ഖിലാഫത്തുമായി ഒരു ബന്ധമുണ്ട്. ജ്ഞാനത്തിന്റെ ആത്മാവിനെ കുറിച്ച് അല്ലാഹു ഖലീഫമാർക്ക് വിവരം നൽകുകയും ജമാഅത്തിന് കാലത്തിനനുസൃതമായി ആവശ്യകരമായ നിർദ്ദേശങ്ങൾ ഖലീഫമാർക്ക് വിവരം നൽകുകയും ചെയ്യുന്നു. ഖലീഫമാരുടെ ഈ ദൃഷ്ടി മുഴുലോകത്തിന്റേയും ആവശ്യകതയിലേക്കാണ് വിരൽ ചൂണ്ടുന്നത്. ഏതൊരു വിശദീകരണമാണോ ആവശ്യമായിട്ടുള്ളതും അല്ലാഹു അത് ഖലീഫമാർക്ക് നൽകുന്നു. തന്റെ ഖലീഫമാർക്ക് അല്ലാഹു നൽകുന്ന പ്രകാശം അത്തരത്തിലുള്ള അറിവിൽ അയാൾ ഏതുസ്ഥാനത്തുമുള്ള ജ്ഞാനിയാണെങ്കിലും വേണ്ടില്ല അയാൾക്ക് ഖലീഫമാർക്ക് കിട്ടുന്ന ജ്ഞാനം ഒരുനിലയ്ക്കും കരസ്ഥമാക്കാൻ കഴിയുകയില്ല. ഇത് അല്ലാഹുവിൽനിന്ന് കിട്ടിയ വരദാനമാണ്. അല്ലാഹുവിന് തന്റെ ദീനിന്റെ ആവശ്യകതയെക്കുറിച്ച് നല്ലപോലെ അറിയാം. അവൻ ആരെയാണോ ഈ പ്രവൃത്തി ചെയ്യാൻ ചുമതലപ്പെടുത്തിയത് അവർക്ക് അത് നിർബന്ധമായും നൽകുന്നു. (ജുമുഅ ഖുത്ബ, 1988, ഫെബ്രുവരി 26, ഖുത്ബാത്തെ ത്വാഹിർ, വാള്യം 7, പേജ് 109-110)

വീണ്ടും പറയുന്നു:മതപരമായ പ്രവൃത്തിയെ സംബന്ധിച്ചുള്ള ഏതൊരു കാര്യമാണോ അല്ലാഹു ഖലീഫമാർക്ക് മനസ്സിലാക്കികൊടുക്കുന്നത് അത് പറയാനുള്ള ശൈലിയും അല്ലാഹു കൊടുക്കുന്നു. ഇതതിലുള്ളത്ര അഗാധമായ സത്യത മറ്റുള്ളവരുടെ കാര്യത്തിൽ ഉണ്ടാകുകയില്ല. അത്തരത്തിലുള്ള ഒരു സ്വാധീനവുമുണ്ടാക്കാൻ സാധിക്കുകയുമില്ല.

ചുരുക്കത്തിൽ ഓരോ കാലത്തുമുള്ള ഖലീഫമാരുടെ ഉപദേശം തീർച്ചയായും മറ്റുള്ളവരുടെ ഉപദേശത്തേക്കാൾ കൂടുതൽ സ്വാധീനമുണ്ടാക്കുന്നു. അല്ലാഹുവുമായുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിലും അല്ലാഹു ഏതൊരു ഉത്തരവാദിത്വമാണോ ഖലീഫയിൽ അർപ്പിച്ചിട്ടുള്ളത് അതിനനുസരിച്ചുള്ള വെളിച്ചവും നൽകുന്നു. (ഖുത്ബ ജുമുഅ 1991, നവംബർ 5, ഖുത്ബാത്തെ ത്വാഹിർ, വാള്യം 10)

ഈയവസരത്തിൽ വിനീതൻ ഇതുംകൂടി പറയാനാഗ്രഹിക്കുകയാണ്. അതായത് ഹദ്റത്ത് അമീറുൽ മുഅ്മിനിന്റെ ഖുത്ബകളും പ്രഭാഷണങ്ങളും മാത്രമല്ല അഹ്മദികളായ നമുക്ക് പ്രാധാന്യമുള്ളത്. മറിച്ച് അദ്ദേഹത്തിന്റെ ചോദ്യോത്തര സദസ്സിൽ ചെയ്തിട്ടുള്ള സംസാരങ്ങളും അദ്ദേഹം നൽകിയിട്ടുള്ള മറുപടികളും വളരം പ്രാധാന്യമർഹിക്കുന്നതാണ്. അതിൽനിന്ന് നമ്മൾ വ്യക്തിപരമായും ജമാഅത്തുപരമായും തർബിയ്യത്തുപരമായുമുള്ള ഉത്തരവാദിത്വനിർവഹണത്തിന് ഫലമെടുക്കുന്നുമുണ്ട്. എന്നു മാത്രമല്ല പ്രത്യുത ദഅ്‌വത്തെ ഇലല്ലാഹ് എന്ന നിലയിലും ഈ ചോദ്യോത്തര സദസ്സ് ശ്രദ്ധാപൂർവ്വം കേൾക്കുകയും അതിലുള്ള പോയിന്റ് നോട്ട് ചെയ്യുകയും അത് പ്രാവർത്തികമാക്കുകയും പിന്നീട് ലോകർക്ക് അതിനെ കുറിച്ച് പറഞ്ഞുകൊടുക്കുകയും ചെയ്യേണ്ടത് നമുക്ക് അനിവാര്യവുമാണ്.

ഈ ചോദ്യോത്തര സദസ്സിൽനിന്ന് നമുക്ക് നമസ്കാരത്തിന്റേയും നോമ്പിന്റേയും പ്രധാന്യം, ഇമാമിനോടുള്ള അനുസരണത്തിന്റെ പ്രാധാന്യം, ധനത്യാഗത്തിന്റെ അനുഗ്രഹങ്ങൾ, മറ്റുള്ള ജമാഅത്തിയായ വിഷയങ്ങളെക്കുറിച്ച് നല്ലപോലെ അറിവ് കിട്ടുന്നതോടൊപ്പം കാലത്തിന്റെ ഖലീഫമുഖേന ഹുഖൂഖുൽ ഇബാദ് (സൃഷ്ടികളോടുള്ള കടപ്പാട്)ന്റെ ആഗോള കാഴ്ചയും കാണാൻ സാധിക്കുന്നു. ഭൗതികമായ നിലയിൽ അധഃപതിച്ച സമൂഹത്തിനെ നീതിയുടെ തേട്ടങ്ങൾ മാനിച്ചുകൊണ്ട് അവരുടെ അവകാശങ്ങൾ നൽകുന്ന ഉപദേശങ്ങൾ ലോകത്തിന്റെ ചെവികളിൽ മുഴങ്ങുന്നതായി കാണാം.

ഹദ്റത്ത് അമീറുൽ മുഅ്മിനീൻ (അയ്യദഹുല്ലാഹ്) 2014 ജൂൺ 6-ാം തിയതിയിലെ ഖുത്ബയിൽ പറയുന്നു:

ഖിലാഫത്തിന്റെ ഉദ്ദേശ്യം സമസൃഷ്ടികളോടുള്ള കടമ നിർവ്വഹിക്കുന്നതിലേക്കും ശ്രദ്ധിക്കുക എന്നുകൂടിയുണ്ട്. ഈ അവകാശങ്ങളെ അംഗീകരിപ്പിക്കാനും നിലനിറുത്താനും കൂട്ടായ പരിശ്രമത്തിലൂടെ അത് നിർവഹിക്കാൻ പരിശ്രമിക്കേണ്ടതാണ്. തന്നിമിത്തം ഈ പദ്ധതിയുടെ ഫലമായി ലോകത്ത് പ്രകടമായിക്കൊണ്ടിരിക്കുന്ന ഈമാൻ വർധിക്കുന്ന കാഴ്ചകൾ നമ്മൾ വർഷന്തോറും കണ്ടുകൊണ്ടിരിക്കുന്നു. ഈ ചെറുപ്രസംഗത്തിൽ എല്ലാം പരാമർശിക്കുകയെന്നത് അസാധ്യമാണ്. പ്രിയശ്രോതാക്കളേ! കാലത്തിന്റെ ഖലീഫയുടെ ഖുത്ബകളും നിർദ്ദേശങ്ങളും ലോകത്ത് മുഴുവനും ഒരുപോലെ അതിന്റെ അനുഗ്രഹം വർഷിക്കുന്നുവെന്നു മാത്രമല്ല മറിച്ച് ഈ സമയത്ത് വെറും ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഖാമിസിന്റെ പരിശുദ്ധവചനമാണ് മുഴുവൻ ലോകത്തേയും ഐക്യത്തിന്റേയും സാഹോദര്യത്തിന്റേയും മാലയിൽ കോർത്തിണക്കുന്നതെന്ന ഈമാൻ വർധിപ്പിക്കുന്ന യാഥാർഥ്യം നിങ്ങളുടെ മുമ്പാകെ പറയാനാഗ്രഹിക്കുന്നു.

ഒന്ന് ചിന്തിച്ചുനോക്കൂ എല്ലാ ജുമുഅ ദിവസവും ലോകത്തിലുള്ള മുഴുവൻ വൻകരയിലും രാഷ്ട്രങ്ങളിലും താമസിക്കുന്ന കറുത്തവരും വെളുത്തവരും ധനികരും ദരിദ്രരും പല ഭാഷകൾ അറിയുന്നവരും പല സംസ്കാരവും കൾച്ചറും ഉൾക്കൊള്ളുന്നവരും പണ്ഡിതന്മാരും നിരക്ഷരരും എല്ലാവരും ചുറ്റുമിരുന്നുകൊണ്ട് ഖലീഫയുടെ ശബ്ദം കേൾക്കുന്നു. ഇപ്രകാരം ആഗോള ഐക്യത്തിന്റേയും യോജിപ്പിന്റേയും അത്ഭുതകരമായ കാഴ്ച ലോകത്തിന്റെ മുമ്പാകെ ഉണ്ടാകുന്നു. സൂര്യൻ കിഴക്ക് ചക്രവാളത്തിൽ ഉദിക്കുന്നതുമുതൽ പടിഞ്ഞാറൻ ചക്രവാളത്തിൽ അസ്തമിക്കുന്നതുവരേയും രാത്രി ഇരുട്ടാകുന്നതുവരേയും മുഴുലോകത്തുമുളളവർ ഖുത്ബകൾ കേട്ടുകൊണ്ടിരിക്കുന്നു. ഒന്ന് ചിന്തിച്ചുനോക്കൂ. അഹ്മദിയ്യാ ജമാഅത്തിന്റെ ഖലീഫയുടേതല്ലാതെ ആരുടെ ശബ്ദമാണ് ഈ രീതിയിൽ മുഴുലോകവും കേട്ടുകൊണ്ടിരിക്കുന്നത്. അഹ്മദിയ്യാ ജമാഅത്തിന്റെ ഖലീഫ തന്നെയാണ് അനുഗൃഹീതമായ വെള്ളിയാഴ്ചയെ ഒരു ആഗോള ആത്മീയ സമ്മേളനമാക്കി മാറ്റുന്നത്. തീർച്ചയായും ഇത് സയ്യിദുനാ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി(അ)ന്റേയും അഹ്മദിയ്യാ ഖിലാഫത്തിന്റേയും സത്യതയ്ക്കുള്ള അതിമഹത്തായ ദൃഷ്ടാന്തമാണ്. ലോകത്ത് ഇതുപോലെ വേറെ എവിടെയെങ്കിലും ഇത്തരത്തിലുള്ള മാതൃക ലഭിക്കുന്നുവെങ്കിൽ അത് കാണിക്കാൻ


**• അമീറുൽ മുഅ്മിനീന്റെ ഉപദേശം: •**


**അല്ലാഹുവിനുവേണ്ടി പരസ്പരമുള്ള ബന്ധങ്ങളിൽ സ്നേഹത്തോടും മൃദുലതയോടും പെരുമാറുന്നവർ ആണ് യഥാർഥ തഖ്‌വയിൽ നിലകൊള്ളുന്നവർ.**

**(ജുമുഅ ഖുത്ബ 4-10-2019)**

**• അമീറുൽ മുഅ്മിനീന്റെ ഉപദേശം: •**

**ദൈവം വൻനിധിയാകുന്നു. അവനെ പ്രാപിക്കാൻ, നിർഭാഗ്യങ്ങളെ നേരിടാൻ നിങ്ങൾ തയ്യാറാകണം.(ഇസാലെ ഔഹാം പേ. 445)**


ത്വാലിബെ ദുആ:
NEWTECH. INTERNATIONAL(P)LTD, SRINGILS & GLASS WORK ,ERNAKULAM. CONT: 79025 95215


ത്വാലിബെ ദുആ: BYZANTINE BUILDERS
CONSTRUCT ANY WHERE IN KERALA
CONT: 80752 22792

ഞങ്ങൾ ചലഞ്ച് ചെയ്യുകയാണ്. എന്നാൽ, ആർക്കുംതന്നെ ഇത്തരത്തിലുള്ള മാതൃക കാണിക്കാൻ സാധിക്കുകയില്ലെന്നാണ് നമ്മുടെ ചാലഞ്ച്.

ഇതിനുപുറമെ ആഗോള ഐക്യത്തിന്റെ ഈമാൻ വർധിപ്പിക്കുന്നസംഭവങ്ങളുമുണ്ട്. അത് ആഗോള ചരിത്രത്തിൽ ഇതിനുമുമ്പേ ഒരിക്കലും കണ്ടിട്ടില്ല. അതിപ്രകാരമാണ്: ഹുദൂർ തിരുമനസ്സിന്റെ വെള്ളിയാഴ്ച നിർവഹിക്കുന്ന ഓരോ ഖുത്ബയും അടുത്ത വെള്ളിയാഴ്ച മുഴുലോകത്തുള്ള അഹ്മദിയ്യ ജമാഅത്തിന്റെ മസ്ജിദുകളിൽ കഴിഞ്ഞ ഖുത്ബയുടെ സംഗ്രഹം കേൾപ്പിക്കുന്നു. മുഴുവൻ ലോകത്തുമുള്ള അഹ്മദിയ്യ മസ്ജിദുകുളിലും കിഴക്കു ഭാഗത്തുള്ള അഹ്മദിയ്യ ജമാഅത്തായാലും പടിഞ്ഞാറുഭാഗത്തുള്ള അഹ്മദിയ്യ ജമാഅത്തായാലും കറുത്തവരും വെളുത്തവരുമായ അഹ്മദികളായാലും മുഴുവൻ നാടുകളിലും വൻകരകളിലും ദ്വീപുകളിലും താമസിക്കുന്ന അഹ്മദികളായാലും തങ്ങളുടെ മസ്ജിദുകളിലും മിഷൻ ഹൗസുളിലും ഇരുന്നുകൊണ്ട് കഴിഞ്ഞ വെള്ളിയാഴ്ച നിർവഹിച്ച ഹുദൂറിന്റെ ഖുത്ബ കേൾക്കുന്നു. ഖുത്ബയിലുള്ള നിർദേശങ്ങൾ ലോകം മുഴുവനുമുള്ള അഹ്മദികൾ കേട്ടുകൊണ്ട് പ്രാവർത്തികമാക്കുമ്പോൾ ഈ ആഗോള ശക്തിയിൽ ഖലീഫയുടെ ദുആകളും ദൈവിക ശക്തിയും അവർക്കു പിന്തുണയായി ലഭിക്കുന്നു. ദുർബലരായിരുന്നിട്ടും എല്ലാ മേഖലകളിലും ലോകം അനുഗ്രഹത്തിന്റേയും വിജയത്തിന്റേയും ദൃശ്യങ്ങൾ കാണുന്നു. ലോകം ഇതിനു മുമ്പേ ഇത്തരത്തിലുള്ള ആഗോള ഐക്യത്തിന്റെ ദൃശ്യം കണ്ടിട്ടുണ്ടോ? ഇസ്‌ലാമിക ലോകത്തും അനിസ്‌ലാമിക ലോകത്തും ഇത്തരത്തിലുള്ള ഒരു ആഗോള ഐക്യം കരസ്ഥമാക്കാൻ സാധിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മോക്ഷത്തിന്റെ കോട്ടയിലേക്ക് വരിക. അവിടന്ന് തന്റെ ഒരു ഉർദു കവിതയിൽ പറയുന്നു:

*സിദ്ഖ് സെ മേരീ ത്വരഫ് ആവോ ഉസീ മെ ഖയ്ർ ഹെ*
*ഹൈൻ ദരിന്ദേ ഹർ ത്വരഫ് മെ ആഫിയത്ത് കാ ഹൂം ഹിസ്വാർ*

സത്യസന്ധമായി എന്റെയടുത്ത് വരിക. ഇതിലാണ് നിങ്ങൾക്കു നന്മ. എല്ലാ ഭാഗത്തും കാട്ടുജന്തുക്കളാണ്. ഞാൻ സ്വസ്ഥതയുടെ കോട്ടയാകുന്നു.

ഈ ഖുത്ബകളും നിർദേശങ്ങളും മുഖേന ലോകം മുഴുവനുമുള്ള ലക്ഷക്കണക്കിനാളുകൾ ഇസ്‌ലാമിന്റെ സമാധാന ഭരിതമായ അധ്യാപനങ്ങൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നു. അവയുടെ സ്മരണ ഹുദൂർ തിരുമനസ്സിന്റെ ഖുത്ബകളിലും ജമാഅത്തിന്റെ പത്രങ്ങളിലും കാണാൻ സാധിക്കുന്നതാണ്.

അഹ്മദികളായ നമ്മൾ സൗഭാഗ്യവാന്മാരാണ്. കാരണം നമുക്ക് സത്യത്തിന്റെ ഈ ആത്മീയ ശബ്ദത്തെ സ്വീകരിക്കാനുള്ള തൗഫ്ഖ് ലഭിച്ചിരിക്കുന്നു. ഖലീഫ മുഖേന അല്ലാഹു നമ്മെ ഒരു ആഗോള സമുദായമാക്കിയിരിക്കുന്നു. ഖലീഫ മുഖേന അല്ലാഹു നമ്മെ ഭൗതികവും ആത്മീയവുമായ ജ്ഞാനങ്ങളാൽ സമ്പന്നരാക്കിയിരിക്കുന്നു. ഖലീഫയിലൂടെ അല്ലാഹു നമുക്ക് ഇസ്‌ലാമിന്റെ സമാധാനപൂർണമായ അധ്യാപനം പഠിപ്പിച്ചുതന്നിരിക്കുന്നു. പിന്നീട് മറ്റുള്ളവരെ ഇതിലേക്ക് കൊണ്ടുവരുന്നതിനുള്ള തൗഫീഖ് നല്കിയിരിക്കുന്നു. അതിനാൽ ഈ അനുഗ്രഹത്തെ വിലമതിക്കുകയും ഈ നിർദേശങ്ങൾ ശ്രദ്ധാപൂർവം കേൾക്കുകയും ഇതു പ്രാവർത്തികമാക്കുകയും അടുത്ത തലമുറയെ ഇതു പ്രാവർത്തികമാക്കാൻ തയ്യാറാക്കുകയും ചെയ്യുക എന്നത് നമുക്കോരോരുത്തർക്കും നിർബന്ധമായ കാര്യമാണ്. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് പറയുന്നു:

ഖിലാഫത്തുമായി ബന്ധപ്പെടാൻ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇന്ന് അല്ലാഹു നമുക്ക് എം.ടി.എ നല്കിയിരിക്കുന്നു. അതേപോലെ അൽഇസ്‌ലാം വെബ്സൈറ്റുമുണ്ട്. അതിനാൽ ഇവയുമായും ബന്ധപ്പെടാൻ ശ്രമിക്കേണ്ടത് നിർബന്ധമാണ്. ആബാലവൃദ്ധം ബന്ധപ്പെടാൻ ശ്രമിക്കേണ്ടതാണ്. ജമാഅത്ത് വ്യവസ്ഥിതിയും ശാഖാസംഘടനകളും ഇതിനു ശ്രമിക്കേണ്ടതാണ്.(അൽഫള്ൽ ഇന്റർ നാഷണൽ 2013 ഓഗസ്റ്റു 30)

വീണ്ടും ഹുദൂർ പറയുന്നു:നമ്മളിലോരോരുത്തരും ആത്മപരിശോധന നടത്തേണ്ട ആവശ്യമുണ്ട്. നമ്മളിൽ എത്രകണ്ട് പരിശുദ്ധമായ മാറ്റങ്ങളുണ്ടായിട്ടുണ്ട്? നമ്മൾ നമ്മുടെ മക്കളെ ജമാഅത്തുമായി ബന്ധപ്പെടുത്താൻ എത്രമാത്രം പരിശ്രമിച്ചുകൊണ്ടിരിക്കുന്നുണ്ട്? അന്യർപോലും നമ്മളെ കണ്ട് തങ്ങളെക്കാൾ ഉത്തമരായ മുസ്‌ലിമീങ്ങളാണ് ഇവരെന്ന് നമ്മെ കുറിച്ച് പരസ്യമായി പറയാൻ? ഇസ്‌ലാമിന്റെ ശത്രുക്കൾ നമ്മളെ കണ്ടുകൊണ്ട് ഇസ്‌ലാമിലേക്ക് ചായുംവിധമുള്ള മാതൃകയാണോ നമ്മുടേത്? ഈ നിലവാരം നമ്മൾ കരസ്ഥമാക്കിക്കൊണ്ടിരിക്കുന്നെങ്കിൽ ഇൻശാഅല്ലാഹ് ഇത് നമ്മെ അല്ലാഹുവിന്റെ സമീപത്തെത്തിക്കുന്നതിന് നമിത്തമാകുകയും നമ്മുടെ അംഗസംഖ്യ വർധിപ്പിക്കുകയും ചെയ്യുന്നതായിരിക്കും. ജമാഅത്തിനെതിരിലുള്ള എതിർപ്പുകൾ ഒരുനാൾ കാറ്റിൽ പറന്നുപോകും. അല്ലാഹു നിങ്ങൾക്കെല്ലാവർക്കും എനിക്കും വിശ്വാസത്തിലും ദൃഢനിശ്ചയത്തിലും അഭിവൃദ്ധി നല്കുമാറാകട്ടെ. ഓരോ നിമിഷവും അവന്റെ സംരക്ഷണത്തിൽ വെക്കുമാറാകട്ടെ. ശത്രുവിന്റെ ഓരോ പദ്ധതിയും ധൂളീകരിക്കുമാറാകട്ടെ.(ഖുത്ബ ജുമുഅ 2013 സെപ്റ്റംബർ 24, അൽഫള്ൽ ഇന്റർനാഷണൽ 2013 ഒക്ടോബർ 8)

അല്ലാഹു നമുക്കെല്ലാവർക്കും ഹദ്റത്ത് അമീറുൽമുഅ്മിനീൻ അയ്യദഹുല്ലായുടെ ഈ നിർദേശങ്ങളെല്ലാം അനുസരിച്ച് പ്രവർത്തിക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. നമ്മുടെ മക്കളേയും ഈ രീതിയിൽ ശിക്ഷണം നല്കി വളർത്താൻ തൗഫീഖ് നല്കുമാറാകട്ടെ. ആമീൻ. വ ആഖിറു ദഅ്വാനാ അനിൽഹംദു ലില്ലാഹി റബ്ബിൽ ആലമീൻ

## സ്വഹാബാക്കളുടെ ജീവിതമാതൃകയിലൂടെ ഖിലാഫത്തിനോടുള്ള അനുസരണം

**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്**

കാലത്തിന്റെ ഖലീഫയെ അനുസരിക്കുകയെന്നത് സാധാരണ ഒരു അമീറിനെ അനുസരിക്കുന്നതിനെക്കാളുപരി നിർബന്ധമാകുന്നു. മനഃസന്തോഷത്തോടുകൂടി സമ്പൂർണ അനുസരണത്തിന്റെ മാതൃകകൾ നമുക്ക് സ്വഹാബാക്കളുടെ ജീവിതത്തിൽ എങ്ങനെയാണ് കാണാൻ കഴിയുന്നത്, ഒരു സംഭവം പറയുകയാണ്.

ഒരു യുദ്ധത്തിൽ യുദ്ധത്തിന്റെ നിയന്ത്രണം ഹദ്റത്ത് ഖാലിദ് ബിൻ വലീദ്(റ)ന് നല്കപ്പെട്ടു. പക്ഷേ, ഹദ്റത്ത് ഉമർ(റ)ഏതോ കാരണത്താൽ അദ്ദേഹത്തെ മാറ്റി. യുദ്ധം നടന്നുകൊണ്ടിരിക്കുന്ന അവസ്ഥയിലാണ് മാറ്റിയത്. എന്തായാലും ആ നേരത്ത് ഇനി ഹദ്റത്ത് അബൂ ഉബയ്ദയായിരിക്കും യുദ്ധം നിയന്ത്രിക്കുക എന്ന കാലത്തിന്റെ ഖലീഫയുടെ കല്പന വന്നു. പക്ഷേ, ഹദ്റത്ത് ഖാലിദ് ബിൻ വലീദ് ഭംഗിയായി യുദ്ധം നിയന്ത്രിക്കുന്നുവെന്ന് കണ്ട ഹദ്റത്ത് അബൂഉബയ്ദ(റ) അദ്ദേഹത്തിൽനിന്ന് ചാർജെടുത്തില്ല. പക്ഷേ, ഹദ്റത്ത് ഖാലിദ് ബിൻ വലീദ്(റ)പറഞ്ഞു:താങ്കൾ എത്രയുംവേഗം എന്നിൽനിന്ന് ചാർജ് ഏറ്റെടുക്കുക. കാരണം കാലത്തിന്റെ ഖലീഫയുടെ കല്പനയാണ്. ഞാൻ ഒരുവിധ പരാതിയും കൂടാതെ അല്ലെങ്കിൽ മനസ്സിൽ ഒരുതരത്തിലുള്ള വിചാരവും കൊണ്ടുവരാതെ പൂർണ അനുസരണത്തോടുകൂടി താങ്കളുടെ കീഴിൽ താങ്കൾ പറയുന്നതുപോലെ ജോലിചെയ്യുന്നതായിരിക്കും.(താരീഖ് ത്വബ്‌രി, വാള്യം 2, പേജ് 356-357, 13 ഹിജ്‌രി, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1987)

ഇതാണ് ഒരു മുഅ്മിനു വേണ്ടുന്ന അനുസരണത്തിന്റെ നിലവാരം. അല്ലാതെ എന്തെങ്കിലും തീരുമാനം വിരുദ്ധമായി വന്നാൽ പരാതിപ്പെടാൻ തുടങ്ങുകയല്ല വേണ്ടത്. ഒരു ഭാരവാഹിയെ നീക്കി വേറൊരാളെ നിശ്ചയിച്ചാൽ ജോലി ചെയ്യുന്നതുതന്നെ ഉപേക്ഷിക്കുന്നു. അങ്ങനെ ചെയ്യുന്നവനിൽ അനുസരണമില്ല, അല്ലാഹുവിനോടുള്ള ഭയമില്ല, തഖ്‌വായുമില്ല.

ചില ജമാഅത്ത് സ്വദ്റുമാർ ജൂണിൽ കാലാവധി കഴിയുന്നതിന് മുമ്പേതന്നെ തങ്ങളുടെ ജോലി ഉപേക്ഷിച്ചിരിക്കുന്നുവെന്ന് എനിക്കറിയാൻ കഴിഞ്ഞു. തങ്ങൾ സ്ഥിരമായി ഭാരവാഹിയായി തുടരേണ്ടവരാണെന്ന് കരുതിയാണോ അവർ ഇതുവരെ ജോലിചെയ്തിരുന്നത്? അത്തരം ചിന്തകൾ ദീനീപരമായ ജോലിയിലുള്ള വഞ്ചനയാകുന്നു. ഇത് ധിക്കാരപരമായ ചിന്തയാകുന്നു. ഇത് ഖിലാഫത്തിനോടുള്ള അനുസരണവൃത്തത്തിൽനിന്നുതന്നെ, സ്വയമേവ പുറത്താക്കുന്ന കാര്യമാകുന്നു. കാരണം, ഇപ്പോൾ കാലത്തിന്റെ ഖലീഫ ഈ നിയമത്തിനാണ് അനുവാദം നല്കിയിരിക്കുന്നത്. അതായത് സ്വദ്റിന്റെ ടേം കാലത്തിന്റെ ഖലീഫ ആറ് വർഷമാക്കിയതുകൊണ്ട് തങ്ങളും ഇനി പൂർണ ആത്മാർഥതയോടെ ജോലി ചെയ്യുകയില്ലെന്ന് പറയുകയാണോ? അങ്ങനെയുള്ള ആളുകൾ, തഖ്‌വയോടെ പ്രവൃത്തിക്കേണ്ടതാണ്. അല്ലാഹുവിനെ ഭയപ്പെടേണ്ടതാണ്. നബി(സ) തിരുമേനി ഒരവസരത്തിൽ, ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും ശരി, കേൾക്കുകയും അനുസരിക്കുകയും ചെയ്യുമെന്ന കാര്യത്തിന് ബയ്അത്ത് വാങ്ങിയിരുന്നു. (സ്വഹീഹുൽ ബുഖാരി, കിതാബുൽ അഹ്കാം, ഹദീഥ് 7199)

പിന്നീട് അവിടന്ന് പറഞ്ഞു: അല്ലാഹുവിന്റെ അനുസരണത്തിൽനിന്ന് കൈ വലിക്കുന്നവൻ ഖിയാമത്തുനാളിൽ ഒരു തെളിവും ഒഴിവും പറയാൻ സാധിക്കാത്ത വിധത്തിൽ അല്ലാഹുവിനെ കണ്ടുമുട്ടുന്നതായിരിക്കും. ഇനി കാലത്തിന്റെ ഇമാമിന് ബയ്അത്ത് ചെയ്യാത്ത അവസ്ഥയിൽ ആരാണോ മരണപ്പെടുന്നത്, അവൻ ജഹാലത്തിന്റെയും വഴികേടിന്റെയും മരണം വരിച്ചിരിക്കുന്നു.(സ്വഹീഹ് മുസ്‌ലിം കിതാബുൽ ഇമാറ, ഹദീഥ് 1851)

അതുകൊണ്ട് നമ്മൾ സൗഭാഗ്യരാണ്. കാരണം, നമ്മൾ കാലത്തിന്റെ ഇമാമിൽ ബയ്അത്തു ചെയ്തതു കൊണ്ട് ജാഹലീങ്ങളിൽപെട്ടില്ല. ഇനി ഇമാമിനെ അംഗീകരിച്ചിട്ടും നമ്മുടെ കർമങ്ങൾ ജഹാലത്തുപരമാണെങ്കിൽ അത് കർമപരമായ നിലയിൽ ആ ബയ്അത്തിൽനിന്ന് സ്വയം, തന്നെ പുറത്താക്കുന്ന സംഗതിയാകുന്നു. അല്ലാഹുവി

നോടും അവന്റെ റസൂലിനോടുമുള്ള അനുസരണത്തിൽനിന്ന് പുറത്തു പോകുന്ന കാര്യമാകുന്നു.

ആയതിനാൽ ബയ്അത്തിനു ശേഷവും തങ്ങളുടെ ചിന്തകൾ ശരിയായ ദിശയിലാക്കി വെക്കുകയും പരിപൂർണ്ണ അനുസരണത്തിന്റെ മാതൃക പ്രദർശിപ്പിക്കുകയും ചെയ്യേണ്ടതു നിർബന്ധമാകുന്നു. കാലത്തിന്റെ ഇമാം തനിക്ക് ബയ്അത്തു ചെയ്യുന്നവരുടെ നിലവാരത്തെ കുറിച്ച് എന്താണ് പറഞ്ഞത്. ഒരു അവസരത്തിൽ അവിടന്ന് പറഞ്ഞു:നമ്മുടെ ജമാഅത്തിൽ പ്രവേശിക്കുന്നവർ നമ്മുടെ അധ്യാപനത്തെ തങ്ങളുടെ പ്രവർത്തന രൂപരേഖയായി നിശ്ചയിക്കുന്നവരാണ്. തങ്ങളുടെ തന്റേടവും പരിശ്രമവും അനുസരിച്ച് അവർ പ്രവർത്തിക്കുന്നു. പക്ഷേ, കേവലം പേരുവച്ചിട്ട് അധ്യാപനമനുസരിച്ച് പ്രവർത്തിക്കാത്തവർ ഓർക്കുക, അല്ലാഹു ഈ ജമാഅത്തിനെ തന്റെ ഒരു പ്രത്യേക ജമാഅത്താക്കാൻ തീരുമാനിച്ചിരിക്കുന്നു. യഥാർഥത്തിൽ ജമാഅത്തിലല്ലാത്ത ഒരാൾ കേവലം പേരു എഴുതിച്ചതുകൊണ്ട് ജമാഅത്തിലാകുകയില്ല. അതായത് കർമപരമായ അവസ്ഥ ആ അധ്യാപനമനുസരിച്ചല്ലെങ്കിൽ കേവലം പേരു എഴുതിച്ച് ജമാഅത്തിൽ ചേരുന്ന കാര്യമാണിത്. ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു, യഥാർഥത്തിൽ എന്റെ ദൃഷ്ടിയിൽ അയാൾ ജമാഅത്തിലല്ല. അവിടന്ന് പറയുന്നു:........അതുകൊണ്ട് കഴിയുന്നിടത്തോളം നിങ്ങളുടെ കർമങ്ങളെ നിങ്ങൾക്കു നല്കുന്ന അധ്യാപനമനുസരിച്ച് ചെയ്യുക.(മൽഫൂദാത്ത് വാള്യം 4, പേജ് 439)

ആ അധ്യാപനം ഇതാകുന്നു. അവിടന്ന് പറയുന്നു:ഫിത്ന ഉണ്ടാകുന്ന കാര്യം പറയരുത്. ദ്രോഹം ചെയ്യരുത്. ചീത്തവിളികേട്ട് ക്ഷമ കൈക്കൊള്ളുക. ആരോടും മത്സരിക്കാതിരിക്കുക. അതായത് വ്യർഥവും അനാവശ്യവുമായ കാര്യങ്ങളെ നേരിടാതിരിക്കുക. ഇന്നയാൾ ഇപ്പോൾ ഭാരവാഹിയായിരിക്കുന്നു, ഞാ നെന്തായാലും അനുസരിക്കുകയില്ല, എന്നെ മാറ്റിയിരിക്കുന്നു, അതുകൊണ്ട് ഞാൻ അനുസരിക്കുകയില്ല എന്നു പറഞ്ഞ് പോരടിക്കാതിരിക്കുക. ആരാണോ പോരാടുന്നത് അവനോടു നല്ലരീതിയിലും നന്മയോടും കൂടി പെരുമാറുക.സാധാരണ അവസ്ഥകളിലും നിത്യേനയുള്ള കാര്യങ്ങളിലും വഴക്കുകളിലും ലഹളകളിലും വ്യർഥവും പാഴുമായിട്ടുള്ള കാര്യങ്ങളിൽ എന്തെങ്കിലും പോരാട്ടം ഉണ്ടായാൽത്തന്നെയും അവഗണിച്ചു കളയുക. എന്നല്ല നന്മയോടുകൂടി പെരുമാറുക. അവിടന്ന് പറഞ്ഞു, മാധുര്യമേറിയ വിവരണത്തിന്റെ ഉത്തമമായ മാതൃക കാണിക്കുക. സൽസ്വഭാവത്തോടുകൂടി സംസാരിക്കുക. മൃദുലമായ ഭാഷ ഉപയോഗിക്കുക. അതിന്റെ നല്ല മാതൃക കാണിക്കുക. അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാകുന്നതിന് സത്യഹൃദയത്തോടെ എല്ലാ ഓരോ കല്പനയും അനുസരിക്കുക. ബയ്അത്ത് ചെയ്തതിനുശേഷം മുമ്പേയുള്ള ആളല്ല ഇപ്പോഴെന്ന് ശത്രുക്കൾ പോലും തിരിച്ചറിയുമാറാകണം. കേസുകളിൽ സത്യസാക്ഷ്യം നല്കുക. ഈ ജമാഅത്തിൽ പ്രവേശിക്കാൻ ആഗ്രഹിക്കുന്നവർ, പൂർണ്ണ ആത്മവിശ്വാസത്തോടെ മുഴുവൻ ജീവിതത്തിലും സത്യത്തെ മുറകെ പിടിക്കേണ്ടതാണ്.(മൽഫൂദാത്ത് വാള്യം 6 പേജ് 413)

ഞങ്ങളോടു കല്പിച്ചാൽ ഞങ്ങൾ അത് ചെയ്യും ഇത് ചെയ്യും എന്ന് പറഞ്ഞ് ആണയിടുന്നവരാണ് ഇവരെന്ന് അല്ലാഹു പറയുന്നു. എന്നാൽ, കല്പന നല്കുമ്പോഴോ? അവർ അത് പൂർണമായി നിർവഹിക്കുകയില്ല. അതുകൊണ്ട് അല്ലാഹു പറയുന്നു: നിങ്ങൾ അധികമായി സത്യം ചെയ്യാതിരിക്കുക. വലിയ വലിയ വാഗ്ദാനങ്ങൾ നല്കാതിരിക്കുക. നിങ്ങൾ സാധാരണനിലയിലുള്ള അനുസരണം മാത്രം കാണിച്ചാൽ മതി. പൊതുവിൽ അറിയപ്പെടുന്ന അനുസരണം കാണിക്കുന്നതായാൽ നിങ്ങൾ കല്പന അംഗീകരിച്ചിരിക്കുവെന്ന് നാം മനസ്സിലാക്കുന്നതാണ്. അല്ലെങ്കിൽ അത് വെറും പൊള്ളയായ വാദങ്ങൾ മാത്രമാകുന്നു. അല്ലാഹു നിങ്ങളുടെ കർമങ്ങളെ കുറിച്ചും നല്ലതുപോലെ അറിയുന്നവനാണ്. നിങ്ങളുടെ ഹൃദയാവസ്ഥയെ കുറിച്ചും അവൻ അറിയുന്നു. അതുകൊണ്ട് പൊതുവിലുള്ള അനുസരണം എന്നാൽ, അല്ലാഹുവിനോടുള്ള കടമ പൂർത്തിയാക്കുകയും ആരാധനകൾ ഭംഗിയായി നിർവഹിക്കുകയും ചെയ്യുക എന്നതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞതുപോലെ അതാണിപ്പോൾ ഞാൻ വിവരിച്ചത്, എല്ലാ തരത്തിലുള്ള ഫിത്നകളിൽനിന്ന് രക്ഷപ്പെട്ടുകൊള്ളുക. എല്ലാവിധ ദ്രോഹങ്ങളിൽനിന്നും കലഹങ്ങളിൽനിന്നും വഴക്കുകളിൽനിന്നും രക്ഷപ്പെട്ടുകൊള്ളുക. നിങ്ങളുടെ സ്വഭാവങ്ങൾ ഉത്തമമാക്കുക. അഹ്മദിയും അനഹ്മദിയും തമ്മിലുള്ള വ്യത്യാസം വ്യക്തമായും എടുത്തു കാണിക്കുംവിധം സ്വഭാവങ്ങൾ നന്നാക്കിത്തീർക്കുക. സത്യസന്ധതയിൽ എപ്പോഴും നിലകൊള്ളുക. ചുരുക്കിപ്പറഞ്ഞാൽ എല്ലാ വിധ നന്മയും ചെയ്യേണ്ടത് നിർബന്ധമാണ്. ഇതുതന്നെയാണ് 'എല്ലാ നല്ല തീരുമാനങ്ങളും' അനുസരിക്കലും! അതുതന്നെയാണ് അല്ലാഹു കല്പിച്ചിട്ടുള്ളതും. ഇക്കാര്യംതന്നെയാണ് നബി(സ)തിരുമേനി കല്പിച്ചിരിക്കുന്നതും. ഇതുതന്നെയാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ആഗ്രഹം പ്രകടിപ്പിച്ചിട്ടുള്ളതും. തന്റെ ജമാഅത്തംഗങ്ങളോടു കല്പിച്ചിട്ടുളളതും. അഹ്മദിയ്യാ ഖിലാഫത്തും ഇക്കാര്യങ്ങൾ ചെയ്യാനാണ് പറഞ്ഞുകൊണ്ടിരിക്കുന്നത്. 111 വർഷം കഴിഞ്ഞു. ഖിലാഫത്തിന്റെ ഭാഗത്തുനിന്ന് ഇക്കാര്യങ്ങൾ ചെയ്യാൻ പറഞ്ഞുകൊണ്ടിരിക്കുന്നു. അതുപോലെതന്നെ സംഘടനാപരമായ കാര്യങ്ങളിലും സമ്പൂർണമായ അനുസരണത്തിന്റെ മാതൃക കാണിക്കേണ്ടതാണ്. വെറും മതപരവും ആത്മീയപരവുമായ കാര്യങ്ങളിലല്ല;ഹദ്റത്ത് ഖാലിദ് ബിൻ വലീദ്(റ)കാണിച്ചതുപോലെ. ഇതു നല്ല കാര്യങ്ങളുടെ കൂട്ടത്തിൽ പെടുമോ ഇല്ലേ തുടങ്ങിയ വിവാദങ്ങളിൽപെടാതിരിക്കുക. അല്ലാഹുവും അവന്റെ റസൂലും പറഞ്ഞതിനു വിരുദ്ധമായ വല്ല കാര്യവുമാണെങ്കിൽ അത് തീർച്ചയായും മോശപ്പെട്ട കാര്യമാണ്. അതിനാൽ കാലത്തിന്റെ ഇമാം എന്തൊന്ന് നല്ല കാര്യം പറയുന്നുവോ അത് പിൻപറ്റേണ്ടത് നിർബന്ധമാണെന്ന് മനസ്സിലാക്കുന്നുവെന്ന് നമ്മൾ പ്രതിജ്ഞ ചെയ്യുന്നതിനെ അത് നല്ലതാണോ ചീത്തയാണോ എന്ന് ഓരോരുത്തരും സ്വയം വ്യാഖ്യാനിക്കാതിരിക്കുക. യുദ്ധം നടന്നുകൊണ്ടിരിക്കുന്നതിനിടയിൽ സൈന്യങ്ങൾ തമ്മിൽ നേർക്കുനേർ പോരാടിക്കൊണ്ടിരിക്കുമ്പോൾ, അതും ഖാലിദ് ബിൻ വലീദ് സമർഥമായി യുദ്ധം നയിച്ചുകൊണ്ടിരിക്കുന്ന നേരത്ത് മുസ്‌ലിമീങ്ങൾക്ക് അതുകൊണ്ട് നേട്ടവും ഉണ്ടാകുന്നുണ്ടായിരുന്നു, ആ സമയത്ത് ഉമറിന്റെ കല്പന വന്നത് ഉചിതമായില്ലെന്ന് ഖാലിദ് ബിൻ വലീദ്(റ)പറഞ്ഞില്ല. മറിച്ച് അദ്ദേഹം പൂർണമായി അനുസരണം പുലർത്തിക്കൊണ്ട് അബൂഉബയ്ദായുടെ നേതൃത്വത്തിൻ കീഴിൽ ഒരു സാധാരണ പട്ടാളക്കാരനെന്ന നിലയിൽ യുദ്ധം ചെയ്യുന്നത് അനുഗ്രഹമായി മനസ്സിലാക്കി. നല്ലതും നല്ലതല്ലാത്തതുമായ കാര്യങ്ങൾ തിരഞ്ഞുനടക്കുന്നവരെ കുറിച്ചാണ് ഹദ്റത്ത് ഖലീഫത്തുൽമസീഹ് അവ്വൽ(റ)പറഞ്ഞത്,

മറ്റൊരു അബദ്ധം പിണഞ്ഞിട്ടുള്ളത് നല്ലതീരുമാനവും നല്ലതല്ലാത്ത തീരുമാനവും മനസ്സിലാക്കുന്നതിലാണ്; അതായത് തങ്ങൾ നല്ലതായി കണക്കാക്കാത്ത കാര്യങ്ങൾ അനുസരിക്കുകയില്ലെന്ന്! തങ്ങൾ നല്ല തീരുമാനമായി മനസ്സിലാക്കാത്തത് അനുസരിക്കുകയില്ലെന്ന് സ്വയം തീരുമാനിക്കുന്നു. അവിടന്ന് പറഞ്ഞു, നബി(സ)തിരുമേനിയും മഅ്റൂഫ്(നല്ലതീരുമാനം)എന്ന പദം ഉപയോഗിച്ചിരുന്നതായി വന്നിരിക്കുന്നു. വലാ യഅ്സ്വീനക്ക് ഫീ മഅ്റൂഫിൻ എന്നു പറഞ്ഞതുപോലെ. മഅ്റൂഫായ കാര്യങ്ങളിൽ നിന്നെ ധിക്കരിക്കുകയില്ല. ഹദ്റത്ത് ഖലീഫ അവ്വൽ(റ)പറയുന്നു: അത്തരക്കാർ മുഹമ്മദു റസൂലുല്ലായുടെ ന്യൂനതകളുടെ ലിസ്റ്റുമുണ്ടാക്കിയിട്ടുണ്ടോ? അവിടത്തെ ന്യൂനതകളുടെ അല്ലെങ്കിൽ ദൗർബല്യങ്ങളുടെ നഊദുബില്ലാഹ് ലിസ്റ്റുകൾ എന്തെങ്കിലും ഉണ്ടാക്കിയിട്ടുണ്ടോ? അതായത് അവിടത്തെ ഇന്ന കല്പന മഅ്റൂഫാണെന്നും ഇന്നത് മഅ്റൂഫ് അല്ലെന്നുമുള്ള ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ? അവിടന്ന് പറയുന്നു, ഇപ്രകാരം ഹദ്റത്ത് സാഹിബ് അതായത് ഹദ്റത്ത് മസീഹ് മൗഊദും(അ)ബയ്അത്തിന്റെ നിബന്ധനകളിൽ നല്ലതീരുമാനങ്ങളെ അനുസരിക്കുമെന്ന് എഴുതിയിരിക്കുന്നു. ഇതിൽ ഒരു രഹസ്യമുണ്ട്.(ഹഖാഇഖുൽ ഫുർഖാൻ വാള്യം 4, പേജ് 75-76)

നബിയും ഖലീഫമാരും അല്ലാഹു ഉണ്ടാക്കിയിട്ടുള്ള കല്പനകളനുസരിച്ച് കല്പന പുറപ്പെടുവിക്കുന്നതിന്റെ രഹസ്യമിതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ഒരു അവസരത്തിൽ ഈ പദം ഇത്തരത്തിൽ വ്യാഖ്യാനിച്ചിരിക്കുന്നു: ഈ നബി ബുദ്ധിക്ക് വിരുദ്ധമല്ലാത്ത കാര്യങ്ങളാണ് കല്പിക്കുന്നത്. ബുദ്ധി വിരോധിക്കുന്ന കാര്യങ്ങൾ തടയുകയും ചെയ്യുന്നു. പരിശുദ്ധ വസ്തുക്കൾ അനുവദനീയമാക്കുന്നു. അശുദ്ധമായതിനെ നിഷിദ്ധമാക്കുകയും ചെയ്യുന്നു. അതിന്റെ വിശദീകരണം അല്ലാഹു നമുക്ക് വിശുദ്ധ ഖുർആനിൽ വിവരിച്ചിരിക്കുന്നു. എല്ലാ വിധിവിലക്കുകളും ചെയ്യേണ്ടതും ചെയ്യരുതാത്തതുമായ കാര്യങ്ങളും തുറന്ന് വിവരിച്ചിരിക്കുന്നു. അല്ലാഹുവിനേയും അവന്റെ റസൂലിനേയും അനുസരിക്കുന്നവൻ മാത്രമാണ് മോക്ഷം പ്രാപിക്കുക. ഇക്കാര്യങ്ങൾ അനുസരിച്ച് കർമങ്ങൾ ചെയ്യുന്നവൻ മോക്ഷം പ്രാപിക്കും. അതുകൊണ്ട് എപ്പോഴും ഇക്കാര്യങ്ങൾ ഓർമവെക്കേണ്ടതാണ്. ഖിലാഫത്തിൽനിന്നും അല്ലാഹുവിനേയും അവന്റെ റസൂലിനേയും അനുസരിക്കുന്നതിന് ശരീഅത്തും സുന്നത്തുമനുസരിച്ച് കല്പനകൾ നല്കപ്പെടുന്നു. നല്ക

## • കലാമുൽ ഇമാം •

**'നബി(സ)തിരുമേനിയോടുള്ള സ്നേഹം വർധിക്കുന്നതിനും നവീകരിക്കുന്നതിനും എല്ലാ നമസ്കാരത്തിലും സ്വലാത്ത് ചൊല്ലുക എന്നത് നിർബന്ധമാണ്. ആ ദുആ സ്വീകാരത്തിന് ധൈര്യത്തിന്റെ ഒരു മാർഗം കരസ്ഥമാകാൻ!'(മൽഫൂദാത്ത് വാള്യം 3, പേജ് 38)**

## • കലാമുൽ ഇമാം •

**അല്ലയോ എന്റെ ബയ്അത്തിൽ പ്രവേശിച്ചിട്ടുള്ള എന്റെ എന്റെ പ്രിയപ്പെട്ട സ്നേഹിതരേ, അല്ലാഹു നമ്മെ അവൻ തൃപ്തിപ്പെടുമാറുള്ള കാര്യങ്ങൾ ചെയ്യാൻ സഹായിക്കട്ടെ(ഇസാലെ ഔഹാം പേ.825)**



SABIR BURQA HOUSE
ALL TYPES OF READYMADE BURQA
ഓർഡർ അനുസരിച്ച് ബുർഖകൾ കൊറിയർ മുഖേന അയച്ചുകൊടുക്കുന്നതാണ്.
CIVIL LINES ROAD, OPP.FOUR STORY QADIAN
CONTACT NO: 98884 45694 (SABIR AHMAD)

ത്വാലിബെ ദുആ: ANWAR SADAT & FAMILY
JAMA-ATH AHMADIYYA,PATHAPIRIYAM

പ്പെട്ടുകൊണ്ടിരിക്കുകയും ചെയ്യും. പറയുന്നു, നിങ്ങൾ അനുസരിക്കുകയാണെങ്കിൽ സന്മാർഗം പ്രാപിക്കുന്നതാണ്. ഇല്ലെങ്കിൽ അതിൽനിന്നുവിട്ട് മോക്ഷത്തിന്റെ ഒരു വഴിയുമില്ല.

അല്ലാഹു വീണ്ടും പറയുന്നു:അല്ലാഹുവിനേയും അവന്റെ റസൂലിനേയും അനുസരിക്കുന്നവരോടും സൽക്കർമകാരികളോടും ഖിലാഫത്ത് തുടർന്നു കൊണ്ടുപോകുമെന്നുള്ള അല്ലാഹുവിന്റെ വാഗ്ദാനമുണ്ട്. സ്വന്തം ഇബാദത്തുകളിലേക്ക് മാത്രം ശ്രദ്ധിക്കുകയും തങ്ങളുടെ ഇബാദത്തുകൾ അല്ലാഹുവിനുവേണ്ടിമാത്രമാക്കുകയും എല്ലാത്തരം ശിർക്കുകളിൽനിന്ന് രക്ഷപ്പെടുകയും ചെയ്യുന്നവരുടേതുമാത്രമല്ല സൽകർമം. കേവലം ബാഹ്യമായ ശിർക്കല്ല. പ്രത്യുത ഭൗതികാഗ്രഹങ്ങളുടെ പിന്നാലെകൂടി ദീനിന് രണ്ടാം സ്ഥാനം നല്കുന്ന അവസ്ഥയും ശിർക്കിന്റെ അവസ്ഥയാണ്. ഇതു വളരെ വലിയ നന്മയാണെന്നതിൽ സംശയമൊന്നുമില്ല. പക്ഷേ, അതിനോടൊപ്പം അനുസരണം വളരെ ആവശ്യമാണ്.

അതിനാൽ, ഖിലാഫത്തിന്റെ വാഗ്ദാനത്തിൽനിന്ന് അനുഗ്രഹം ശരിയായ നിലയിൽ എടുക്കണമെങ്കിൽ സ്വന്തം ഇബാദത്തുകളെ സംരക്ഷിക്കുക എന്നതു മാത്രമല്ല ആവശ്യം. പ്രത്യുത ഭൗതികാഗ്രഹങ്ങളുടെ ശിർക്കിൽനിന്ന് രക്ഷപ്പെടേണ്ടതും ആവശ്യമാണ്. കാലത്തിന്റെ ഖലീഫയെ പൂർണമായും അനുസരിക്കേണ്ടതും നിർബന്ധമാണ്. ഇല്ലെങ്കിൽപ്പിന്നെ ധിക്കാരികളിൽപ്പെട്ടുപോകും. യഥാർഥത്തിൽ പിന്നീട് ബയ്അത്തിൽനിന്നു തന്നെ പുറത്തുപോകുമെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞതുപോലെ. വീണ്ടും അല്ലാഹു പറയുന്നു: മുഅ്മിനീങ്ങളുടെ ജമാഅത്ത്, ഖിലാഫത്തുമായി ബന്ധപ്പെട്ടിരിക്കുന്നവരുടെ ജമാഅത്ത് നമസ്കാരങ്ങൾ നിലനിറുത്തുന്നവരുടെ ജമാഅത്താണ്. നമസ്കാരങ്ങൾ നിലനിറുത്തുന്നതിലേക്ക് ശ്രദ്ധിക്കുന്നവരുടെ ജമാഅത്താണ്. മസ്ജിദുകളെ ജനസാന്ദ്രമാക്കുന്നവരുടെ ജമാഅത്താണ്. സക്കാത്തു കൊടുക്കുന്നവരുടെ ജമാഅത്താണ്. തങ്ങളുടെ ധനം സംശുദ്ധമാക്കുന്നവരുടെ ജമാഅത്താണ്. അല്ലാഹുവിനും അവന്റെ റസൂലിനും അവന്റെ ദീനിനുംവേണ്ടി ധനത്യാഗം ചെയ്യുന്നവരുടെ ജമാഅത്താണ്. നബി(സ)തിരുമേനിയുടെ കല്പനകളും അവിടത്തെ സുന്നത്തും അനുസരിച്ച് കഴിവിന്റെ പരമാവധി കർമങ്ങൾ ചെയ്യുന്നവരുടെ ജമാഅത്താണ്. ഈ അവസ്ഥ ഉണ്ടാകുമ്പോഴാണ് അല്ലാഹു തന്റെ ദാസരുടെ മേൽ കരുണ ചൊരിയുന്നത്.

അതുകൊണ്ട് അല്ലാഹുവിന്റെ കാരുണ്യത്തെ ആകർഷിച്ചെടുക്കുന്നതിന് സ്വന്തം അവസ്ഥകൾ നന്നാക്കിത്തീർക്കേണ്ട ആവശ്യമുണ്ട്. അല്ലാഹുവിന്റെ കാരുണ്യം നമ്മെ അവന്റെ റഹ്മാനിയ്യത്തിന്റേയും റഹീമിയ്യത്തിന്റേയും ചാദുറിൽ പൊതിഞ്ഞെടുക്കുമ്പോൾ ശത്രുക്കളുടെ എല്ലാ വഞ്ചനകളും അവരിൽത്തന്നെ മറിച്ചിടപ്പെടുന്നതാണ്. അവർ തങ്ങളുടെ ഏറ്റവും മോശപ്പെട്ട പര്യവസാനത്തിൽ എത്തിച്ചേരുന്നതായിരിക്കും. ഇൻശാ അല്ലാഹ്! അതിനാൽ അല്ലാഹുവിന്റെ കൃപാവരങ്ങളെ ആകർഷിച്ചെടുക്കുന്നതിന് നമ്മൾ ആത്മപരിശോധന നടത്തേണ്ട ആവശ്യമുണ്ട്;നമ്മളിൽ എത്രത്തോളം അനുസരണത്തിന്റെ ബീജമുണ്ടെന്ന്! എത്രത്തോളം നമ്മൾ അല്ലാഹുവിന്റെ കല്പനകളനുസരിച്ച് കർമങ്ങൾ ചെയ്യുന്നുണ്ടെന്ന്! നമ്മുടെ അനുസരണത്തിന്റെ നിലവാരം എത്രയുണ്ടെന്ന്! ഈ ആത്മപരിശോധന നമ്മൾ നടത്തേണ്ടതാണ്.

ഇനി ഞാൻ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)നെ ഉദ്ധരിച്ച് ചില കാര്യങ്ങൾ പറയുന്നതാണ്. അത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വഫാത്തിനുശേഷം എല്ലാവരേയും അസ്വസ്ഥരാക്കുകയും പിന്നീട് സമാധാനം പ്രദാനം ചെയ്യുകയും ചെയ്ത അവസ്ഥകളെ ജമാഅത്തിന് എങ്ങനെയാണ് നേരിടേണ്ടി വന്നതെന്ന കാര്യങ്ങൾ അദ്ദേഹം വിവിധ അവസരങ്ങളിൽ വിവരിച്ചിട്ടുള്ളതാണ്. പിന്നീട് ഖിലാഫത്തിന് ബയ്അത്തു ചെയ്യുന്നതിൽനിന്ന് പിന്മാറിക്കളഞ്ഞ ആളുകളുടെ-അവരെ പേഗാമികളെന്നും, ബയ്അത്ത് ചെയ്യാത്തവരെന്നുമാണ് പറയുന്നത്-ആദ്യ നിലപാടെന്തായിരുന്നു. പിന്നീട് ഖിലാഫത്തെ ഥാനിയായുടെ തിരഞ്ഞെടുപ്പിനുശേഷം അവർ സ്വീകരിച്ച നിലപാടെന്തായിരുന്നു. ആദ്യവും പിന്നീടും അവരുടെ ചിന്താഗതികളെന്തായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മരണശേഷം ശത്രുക്കൾ എത്രമാത്രം സന്തോഷിച്ചിരുന്നു. പക്ഷേ, ഹദ്റത്ത് ഖലീഫ അവ്വൽ(റ) ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ടതിനുശേഷം അവരെങ്ങനെയാണ് നാണം കെട്ടത്. പിന്നീട് ഹദ്റത്ത് ഖലീഫ അവ്വലിന്റെ വഫാത്തിനുശേഷം അഹ്മദിയ്യത്തിന്റെ ശത്രുക്കൾക്ക് മറ്റൊരു പ്രതീക്ഷയുണ്ടായി;ഇനി ജമാഅത്ത് തുണ്ടം തുണ്ടമാകുമെന്ന്! പക്ഷേ, വീണ്ടും അല്ലാഹു മുഅ്മിനീങ്ങളുടെ ജമാഅത്തിനെ എങ്ങനെയാണ് സുരക്ഷിതമാക്കിവച്ചത്. പിന്നെങ്ങനെയാണ് ഭയാവസ്ഥയെ സമാധാനാവസ്ഥയിലാക്കിയത്? ഇങ്ങനെയുള്ള ചില ചരിത്രപരമായ ഉദ്ധരണികളാണ്. അത് ചെറുപ്പക്കാർക്കും അറിവു കുറഞ്ഞവർക്കും ഈമാനിൽ ഉറപ്പുണ്ടാകുന്നതിന് ആവശ്യമാണ്. ഇതാണ് നിങ്ങളുടെ മുമ്പിൽ വെക്കാനാഗ്രഹിക്കുന്നത്. എല്ലാവർക്കും കുറച്ചെങ്കിലും ചരിത്രപരമായ അറിവുണ്ടാകുന്നതിനും അത് നിർബന്ധമാണ്.

നബി(സ)തിരുമേനിയുടെ വഫാത്തിനുശേഷമുള്ള മുസ്‌ലിമീങ്ങളുടെ അവസ്ഥ വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വഫാത്തിന്റെ നേരത്ത് തങ്ങളുടെ അവസ്ഥയും അതുതന്നെയായിരുന്നുവെന്ന് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു. അവിടന്ന് പറയുന്നു: ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വഫാത്തിന്റെ നേരത്തും ജമാഅത്തിന്റെ മാനസികാവസ്ഥ നബി(സ)തിരുമേനിയുടെ സ്വഹാബത്തിന്റേതുതന്നെയായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)വഫാത്താകുകയില്ലെന്ന് തന്നെയാണ് ഞങ്ങളും കരുതിയിരുന്നത്. അതുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)വഫാത്തായാൽ ജമാഅത്തിന്റെ അവസ്ഥ എന്തായിരിക്കുമെന്നുള്ള ചിന്തതന്നെ ഒരു നിമിഷം പോലും ഞങ്ങൾക്കുണ്ടായിരുന്നില്ല. അവിടന്ന് പറയുന്നു:ഞാൻ ആ നേരത്ത് കുട്ടിയായിരുന്നില്ല. പ്രത്യുത യുവത്വപ്രായം എത്തിയിരുന്നു. ഞാൻ ലേഖനങ്ങൾ എഴുതാറുണ്ടായിരുന്നു. ഞാനൊരു മാസികയുടെ പത്രാധിപരുമായിരുന്നു. എന്നാൽ, ഞാൻ സത്യംചെയ്തു പറയുന്നു, ഒരിക്കലും ഒരു മിനിറ്റു നേരത്തേക്കെങ്കിലും എന്നല്ല നിമിഷംപോലും ഹദ്റത്ത് മസീഹ് മൗഊദ്(അ)വഫാത്താകുമെന്ന ചിന്ത ഉണ്ടായിട്ടേയില്ല. വാസ്തവത്തിൽ അവസാന വർഷങ്ങളിൽ നിരന്തരം വഫാത്തിനെ സംബന്ധിച്ചുള്ള ഇൽഹാമുകൾ ഉണ്ടായിക്കൊണ്ടിരുന്നതാണ്. അവസാന ദിനങ്ങളിൽ അത് അധികമായിട്ടുണ്ടായിരുന്നു. എന്നാൽ, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ഇൽഹാമുകൾ ഉണ്ടായിക്കൊണ്ടിരുന്നിട്ടും ചില ഇൽഹാമുകളിലും ജാഗ്രദർശനങ്ങളിലും അവിടന്ന് വഫാത്താകുന്ന വർഷവും തിയതി തുടങ്ങിയവയും വ്യക്തമാക്കപ്പെട്ടിട്ടും-അതു ഞങ്ങൾ അൽവസിയ്യത്തിൽ വായിക്കുകയും ചെയ്തിരുന്നു-ഞങ്ങൾ മനസ്സിലാക്കിയിരുന്നത് ഒരുപക്ഷേ, ഇക്കാര്യങ്ങൾ രണ്ടു നൂറ്റാണ്ടിനുശേഷം പുലരുമെന്നാണ്. അതുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)വഫാത്തായാൽ ജമാഅത്തിന്റെ അവസ്ഥ എന്തായിരിക്കുമെന്ന ചിന്തതന്നെ ഉണ്ടായിട്ടില്ല. കാരണം ഞങ്ങളുടെ അവസ്ഥ എങ്ങനെയുള്ളതായിരുന്നുവെന്നാൽ ഞങ്ങൾ മനസ്സിലാക്കിയിരുന്നത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ഞങ്ങളുടെ മുമ്പിൽ മരിക്കുകയില്ലെന്നു തന്നെയാണ്. അതുകൊണ്ട് യഥാർഥത്തിൽ അവിടന്ന് വഫാത്തായപ്പോൾ ഞങ്ങൾക്ക് അത് ഉൾക്കൊള്ളുക അസഹ്യമായിരുന്നു. അവിടന്ന് എഴുതുന്നു:എനിക്കു നല്ലവണ്ണം ഓർമയുണ്ട്, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വഫാത്തിനുശേഷം അദ്ദേഹത്തെ കുളിപ്പിച്ച് കഫൻ പൊതിഞ്ഞപ്പോൾ -അത്തരം അവസ്ഥയിൽ ചിലപ്പോൾ കാറ്റ് അടിക്കുമ്പോൾ തുണി ഇളകാറുണ്ട്, ചിലപ്പോൾ മീശയും ഇളകാറുണ്ട്- (മുടിയും അനങ്ങാറുണ്ട്) അതുകണ്ട് ചില സ്നേഹിതന്മാർ ഓടി വന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)വഫാത്തായിട്ടില്ലെന്നും തങ്ങൾ അദ്ദേഹത്തിന്റെ വസ്ത്രം ഇളകുന്നതും മീശയും മുടിയും അനങ്ങുന്നത് കണ്ടുവെന്നും പറഞ്ഞു. കഫൻ അനങ്ങുന്നത് കണ്ടുവെന്നും ചിലർ പറഞ്ഞു.

അതിനുശേഷം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജനാസ ഖാദിയാനിൽ കൊണ്ടുവന്നു. അത് തോട്ടത്തിൽ ഒരു വീട്ടിന്റെ ഉള്ളിൽ വച്ചു. എട്ടൊമ്പതു മണി നേരമായിട്ടുണ്ടാകും.(വഫാത്തിനുശേഷം ഞങ്ങളുടെ എല്ലാവരുടേയും അവസ്ഥ ഇതായിരുന്നുവെന്ന് വിവരിച്ചതിനുശേഷം പറയുന്നു, ജനാസ ഖാദിയാനിൽ കൊണ്ടുവന്നു. എട്ടൊമ്പതു മണി നേരമായിട്ടുണ്ടാകും)ഖാജ കമാലുദ്ദീൻ സാഹിബ് തോട്ടത്തിലെത്തി. എന്നെ മാറ്റിക്കൊണ്ടുപോയി പറഞ്ഞു, മിയാൻ! ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വഫാത്തിനുശേഷം എന്താകുമെന്ന കാര്യം വല്ലതും ചിന്തിച്ചിട്ടുണ്ടോ? എന്തെങ്കിലുമൊക്കെ ഉണ്ടാകേണ്ടതാണെന്ന് ഞാൻ പറഞ്ഞു. എന്താണുണ്ടാകേണ്ടത് എന്നതിനെ സംബന്ധിച്ച് എനിക്കൊന്നും പറയാൻ കഴിയുകയില്ല. അദ്ദേഹം പറഞ്ഞു, എന്റെ അഭിപ്രായത്തിൽ നമ്മളെല്ലാവരും ഹദ്റത്ത് മൗലവി സാഹിബിന്(ഹദ്റത്ത് ഖലീഫത്തുൽമസീഹ് അവ്വലിന്)ബയ്അത്തു ചെയ്യണമെന്നാണ്. ഹദ്റത്ത് മുസ്‌ലി

**• അമീറുൽ മുഅ്മിനീന്റെ ഉപദേശം: •**

**അല്ലാഹുവിനുവേണ്ടി പരസ്പരമുള്ള ബന്ധങ്ങളിൽ സ്നേഹത്തോടും മൃദുലതയോടും പെരുമാറുന്നവർ ആണ് യഥാർഥ തഖ്‌വയിൽ നിലകൊള്ളുന്നവർ.**

**(ജുമുഅ ഖുത്‌ബ 4-10-2019)**

**• അമീറുൽ മുഅ്മിനീന്റെ ഉപദേശം: •**

**ദൈവം വൻനിധിയാകുന്നു. അവനെ പ്രാപിക്കാൻ, നിർഭാഗ്യങ്ങളെ നേരിടാൻ നിങ്ങൾ തയ്യാറാകണം.(ഇസാലെ ഔഹാം പേ.445)**


ത്വാലിബെ ദുആ:
NEWTECH. INTERNATIONAL(P)LTD, SRINGILS & GLASS WORK ,ERNAKULAM. CONT: 79025 95215


ത്വാലിബെ ദുആ: BYZANTINE BUILDERS
CONSTRUCT ANY WHERE IN KERALA
CONT: 80752 22792

ഹ് മൗഊദ്(റ)പറയുന്നു, ആ നേരത്ത് കുറച്ച് പ്രായത്തിന്റെ അടിസ്ഥാനത്തിലും ഗ്രന്ഥപാരായണം നടത്തിയിരുന്നിട്ടുകൂടി ഹദ്റത്ത് മസീഹ് മൗഊദ്(അ)എവിടേയും അദ്ദേഹത്തിനുശേഷം മറ്റാർക്കെങ്കിലും ബയ്അത്തു ചെയ്യണമെന്ന് എവിടേയും പറഞ്ഞിട്ടില്ലെന്ന് ഞാൻ പറഞ്ഞു. അതുകൊണ്ട് ഹദ്റത്ത് മൗലവി സാഹിബിന് നമ്മളെന്തിനു ബയ്അത്തു ചെയ്യണം? അവിടന്ന് എഴുതുന്നു, അൽവസിയ്യത്തിൽ അതിനെക്കുറിച്ച് പറഞ്ഞിട്ടുണ്ടെങ്കിലും ആ നേരത്ത് എന്റെ ചിന്ത അതിലേക്ക് പോയതുതന്നെയില്ല. തുടർന്ന് അവിടന്ന് പറയുന്നു, അദ്ദേഹം ഞാനുമായി ഇതിനെ കുറിച്ച് ചർച്ച ആരംഭിച്ചു. പറഞ്ഞു, ഈ നേരത്ത് ഒരാൾക്കു ബയ്അത്ത് ചെയ്തില്ലെങ്കിൽ നമ്മുടെ ജമാഅത്ത് നശിച്ചുപോകുന്നതായിരിക്കും. പിന്നീട് അദ്ദേഹം പറഞ്ഞു, നബി(സ)തിരുമേനിയുടെ വഫാത്തിനുശേഷവും ഇതുതന്നെയാണുണ്ടായത്. ജനങ്ങൾ ഹദ്റത്ത് അബൂബക്റിന് ബയ്അത്തു ചെയ്തു.(ഇതൊരു സുപ്രധാന കാര്യമാണ്. ആ നേരത്ത് ഖാജ സാഹിബ് പറയുന്നു, നബി(സ)തിരുമേനിയുടെ വഫാത്തിനുശേഷം ജനങ്ങൾ ഹദ്റത്ത് അബൂബക്റിന് ബയ്അത്തു ചെയ്തിരുന്നു. അദ്ദേഹത്തെ ഖലീഫയായി അംഗീകരിച്ചിരുന്നു. പിന്നീട് ഖാജ സാഹിബ് പറഞ്ഞു:)അതുകൊണ്ട് ഇപ്പോഴും നമ്മൾ ഒരാൾക്കു ബയ്അത്തു ചെയ്യേണ്ടതാണ്. ഈ സ്ഥാനത്തിന് ഹദ്റത്ത് മൗലവി സാഹിബിനെക്കാൾ ഉയർന്ന മറ്റൊരു വ്യക്തിയും ജമാഅത്തിലില്ല. പിന്നീട് ഖാജ സാഹിബ് ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാനി(റ)യോടു പറഞ്ഞു:മൗലവി മുഹമ്മദ് അലി സാഹിബിന്റെ അഭിപ്രായവും ഇതുതന്നെയാണ്. മുഴുവൻ ജമാഅത്തും മൗലവി സാഹിബിന് ബയ്അത്തു ചെയ്യണമെന്നാണ് അദ്ദേഹവും പറയുന്നത്. അവിടന്ന് പറയുന്നു, അവസാനം ജമാഅത്ത് ഐകകണ്ഠ്യേന ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിന്റെ സന്നിധിയിൽ അങ്ങ് ജനങ്ങളിൽനിന്ന് ബയ്അത്ത് വാങ്ങാൻ അപേക്ഷിച്ചു. അപ്പോൾ തോട്ടത്തിൽ എല്ലാ ആളുകളും സംഘടിച്ചു. അതിൽ ഹദ്റത്ത് ഖലീഫത്തുൽമസീഹ് അവ്വൽ(റ)ഒരു പ്രസംഗം ചെയ്തു. അദ്ദേഹം പറഞ്ഞു:എനിക്ക് ഇമാമത്തിന് ഒരു ആഗ്രഹവുമില്ല. മറ്റാർക്കെങ്കിലും ബയ്അത്തു ചെയ്യണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്. ഇതുസംബന്ധമായി അവിടന്ന് ആദ്യം തന്റെ പേരാണ് പറഞ്ഞതെന്ന് ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)പറയുന്നു. പിന്നീട് ഞങ്ങളുടെ മാതാമഹൻ മീർ നാസിർ നവാബ് സാഹിബിന്റെ പേര് പറഞ്ഞു. പിന്നീട് ഞങ്ങളുടെ സഹോദരി ഭർത്താവ് നവാബ് മുഹമ്മദ് അലി സാഹിബിന്റെ പേരു പറഞ്ഞു. ഇപ്രകാരം മറ്റു ചിലരുടെ പേരുകളും പറഞ്ഞു. പക്ഷേ, ഞങ്ങളെല്ലാവരും ഒറ്റക്കെട്ടായി ഈ ഖിലാഫത്ത് സ്ഥാനത്തിന് അർഹൻ അങ്ങുതന്നെയാണെന്ന് പറഞ്ഞു. അങ്ങനെ എല്ലാവരും അദ്ദേഹത്തിന് ബയ്അത്തു ചെയ്തു. (ഖിലാഫത്തെ റാശിദ, അൻവാറുൽഉലൂം വാല്യം 15, പേജ് 489-491)

എന്നല്ല ചില നിവേദനങ്ങളനുസരിച്ച് ഖാജ സാഹിബ് ഈ വിജ്ഞാപനവും വിളംബരവും പ്രസിദ്ധീകരിപ്പിച്ചു. അതായത് അൽവസിയ്യത്ത് എന്ന ഗ്രന്ഥത്തിൽ പറഞ്ഞതനുസരിച്ച് നമുക്ക് നമ്മുടെ ഒരു വാജിബുൽ ഇത്വാഅത്ത് ഖലീഫയെ തിരഞ്ഞെടുക്കേണ്ടതാണ്. ഇതിനുവേണ്ടി ഹദ്റത്ത് ഖലീഫത്തുൽമസീഹ് അവ്വലിന്റെ നാമം സമർപിക്കപ്പെട്ടു. ഇതായിരുന്നു അവരുടെ ആദ്യത്തെ ഒരു ചിന്താഗതി. അവസ്ഥകൾ കാരണത്താൽ തങ്ങളുടെ ഉദ്ദേശ്യങ്ങൾ പൂർത്തിയാക്കുന്നതിനുള്ളതായിരിക്കാം ഈ ചിന്താഗതി. അവർ ഖലീഫത്തുൽമസീഹ് അവ്വലിന് ബയ്അത്ത് എന്തായാലും ചെയ്തു. പക്ഷേ, മനസ്സിൽ ഉണ്ടായിരിക്കേണ്ടതായ അനുസരണത്തിന്റെ സത്യസന്ധമായ ആത്മാവ് അവരിലുണ്ടായിരുന്നില്ല. മനസ്സിൽ മറ്റെന്തോ ആയിരുന്നു. അതുകൊണ്ട് ഖിലാഫത്തിനുമേൽ അഞ്ചുമന് ഉയർന്ന സ്ഥാനം കൊണ്ടുവരണമെന്ന ചിന്തയായിരുന്നു മനസിലുണ്ടായിരുന്നത്. പിന്നീട് അഞ്ചുമൻ മുഖേന എല്ലാ അധികാരങ്ങളും തങ്ങളുടെ കൈയിലെടുക്കുക. ഇതും ആ നേതാക്കന്മാരുടെ ചിന്തയായിരുന്നു. അവരുടെ ഈ ഉദ്ദേശ്യം പരാമർശിച്ചുകൊണ്ട് ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാനി(റ)പറയുന്നു: ഹദ്റത്ത് ഖലീഫ അവ്വലിന് ബയ്അത്തു ചെയ്ത് 15, 20 ദിവസമേ കഴിഞ്ഞിരുന്നുള്ളു, ഒരു ദിവസം മൗലവി മുഹമ്മദ് അലി സാഹിബ് എന്നെ കണ്ടു. പറഞ്ഞു:മിയാൻ സാഹിബേ!നമ്മുടെ ജമാഅത്തിന്റെ വ്യവസ്ഥിതി എങ്ങനെ മുന്നോട്ടു പോകുമെന്ന് എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ? ഞാൻ പറഞ്ഞു:ഇപ്പോൾ അതിനെ കുറിച്ച് ചിന്തിക്കേണ്ട ആവശ്യമെന്താണ്? നമ്മൾ ഹദ്റത്ത് മൗലവി സാഹിബിന് ബയ്അത്ത് ചെയ്തിട്ടുണ്ടല്ലോ. അപ്പോൾ അദ്ദേഹം പറഞ്ഞു: അതെന്തായാലമുണ്ട്;ഗുരുത്വവും ശിഷ്യത്വവും. പ്രശ്നമതല്ല ഈ ജമാഅത്തിന്റെ വ്യവസ്ഥിതി എങ്ങനെ നടക്കും? ഞാൻ പറഞ്ഞു: എന്റെ അഭിപ്രായത്തിൽ ഈ കാര്യം ഇപ്പോൾ ചിന്താർഹമല്ല. കാരണം നമ്മൾ ഒരാൾക്ക് ബയ്അത്ത് ചെയ്തിരിക്കുന്നു. അപ്പോൾ അദ്ദേഹത്തിന് നല്ലവണ്ണം അറിയാം ജമാഅത്തിന്റെ വ്യവസ്ഥിതി എങ്ങനെയാണ് സ്ഥാപിക്കേണ്ടതെന്ന്. നമ്മൾ അതിൽ കൈകടത്തേണ്ട ആവശ്യമെന്താണ്? ഇതിൽ അദ്ദേഹം നിശബ്ദനായെങ്കിലും പറഞ്ഞു, ഇതെന്തായാലും ചിന്തിക്കേണ്ട വിഷയമാണ്.(ഖിലാഫത്തെ റാശിദ, പേജ് 48-50, അൻവാറുൽഉലൂം വാല്യം 15 പേജ് 491)

അവർക്ക് തൃപ്തി ഉണ്ടായില്ല. ഇക്കാര്യത്തിൽ നിന്ന് അക്കൂട്ടരുടെ മനസിലിരുപ്പ് മനസ്സിലാക്കാൻ കഴിയും. ഹദ്റത്ത് ഖലീഫത്തുൽമസീഹ് അവ്വലിന് എന്തുദ്ദേശ്യത്തോടെയാണ് ബയ്അത്ത് ചെയ്തതെന്നും മനസ്സിലാകുന്നുണ്ട്; ആത്മാർഥമായിട്ടല്ല. അതുകൊണ്ട് മനശാന്തിയും നിലനിന്നില്ല. സമാധാനവും നിലനിന്നില്ല. ഖിലാഫത്തിന് ബയ്അത്ത് ചെയ്യുന്നതോടെ സമാധാനാവസ്ഥ ഉണ്ടാക്കുമെന്ന അല്ലാഹുവിന്റെ വാഗ്ദാനവും അവരിൽ ഉണ്ടായില്ല. സമ്പൂർണ അനുസരണത്തിന്റെ ഉള്ളിൽ ഇരിക്കാൻ അവർ ഇഷ്ടപ്പെട്ടില്ല. ഈ ആത്മീയ വ്യവസ്ഥിതിയും ഭൗതികവ്യവസ്ഥിതി പോലെ കൊണ്ടുപോകാൻ അവർ ആഗ്രഹിച്ചിരുന്നു. പിന്നീട് അതിന്റെ ഫലവും കണ്ടു; ഇപ്പോൾ അവർ പേരിനുമാത്രമായി; ഒരു പക്ഷേ, കുറച്ചു നൂറുകൾമാത്രം. എന്നല്ല യഥാർഥത്തിൽ കുറച്ചെന്നുതന്നെ പറയണം, അവരുണ്ടാക്കിയ വ്യവസ്ഥിതിയനുസരിച്ച് അവരോടൊപ്പമുണ്ട്. ഖിലാഫത്തിന്റെ തണലിലുള്ള ജമാഅത്ത് അല്ലാഹുവിന്റെ കൃപയാൽ ഇപ്പോൾ ലോകത്തിലെ 212 രാജ്യത്ത് സ്ഥാപിതമായി കഴിഞ്ഞിരിക്കുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ)വഫാത്തായപ്പോൾ ശത്രുക്കൾ ജമാഅത്തിന്റെ ഭാവിയെ കുറിച്ച് എന്താണ് പ്രകടിപ്പിച്ചതെന്നതിനെ സംബന്ധിച്ച് ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)പറയുന്നു: ഹദ്റത്ത് മസീഹ് മൗഊദ്(അ)വഫാത്തായപ്പോൾ ഇനി ഈ ജമാഅത്ത് നശിച്ച് നാമാവശേഷമാകുമെന്ന് പൊതുവെ കരുതിയിരുന്നു. ശത്രുക്കൾ സന്തോഷവാന്മാരായിരുന്നു; ചന്ദ വരവ് ഉണ്ടാകകയില്ല. ജമാഅത്തിന്റെ അഭിവൃദ്ധി നിലയ്ക്കും. കാരണം ഹദ്റത്ത് മസീഹ് മൗഊദ്(അ)നുവേണ്ടിയായിരുന്നു ആളുകൾ ചന്ദ കൊടുക്കാറുണ്ടായിരുന്നത്. എന്നാൽ, ജനങ്ങൾ ഒന്നുരണ്ടു വർഷത്തിനുശേഷം കണ്ടത് ജമാഅത്ത് അംഗബലത്തിലും ശക്തമാകുന്നതാണ്. അപ്പോൾ അവർ മറ്റൊരു കാര്യമുണ്ടാക്കി;യഥാർഥത്തിൽ മൗലവി നൂറുദ്ദീൻ സാഹിബ് ജമാഅത്തിലെ ഏറ്റവും വലിയൊരു പണ്ഡിതനാണ്. ജമാഅത്തിന്റെ എല്ലാ അഭിവൃദ്ധിയും അദ്ദേഹവുമായാണ് ബന്ധപ്പെട്ടിരിക്കുന്നത്. മിർസാ സാഹിബിന്റെ ജീവിതത്തിലും എല്ലാ ജോലിയുംചെയ്തിരുന്നത് മൗലവി സാഹിബ് തന്നെയായിരുന്നു;പ്രത്യക്ഷത്തിൽ മിർസാ സാഹിബിന്റെ പേര് ഉണ്ടായിരുന്നുവെന്നേയുള്ളു. എന്നല്ല ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)പറയുന്നു:ബാഹ്യമായ കാര്യങ്ങൾക്ക് മുൻതൂക്കം നല്കുന്ന മൗലവി എന്ന നിലയിലുള്ള പല ആളുകളും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലത്തും പറഞ്ഞിരുന്നത് ഈ ജമാഅത്തിനെ നയിക്കുന്നത് മൗലവി നൂറുദ്ദീനാണെന്നായിരുന്നു. അവർ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വഫാത്തിനുശേഷം മൗലവി സാഹിബിന്റെ കാലഘട്ടത്തിൽ ജമാഅത്ത് കൂടുതൽ അഭിവൃദ്ധിപ്പെടുന്നതു കണ്ടപ്പോൾ മൗലവിമാരുടെ രണ്ടാമത്തെ സംഘം തങ്ങൾ പറഞ്ഞിരുന്നത് തികച്ചും മാറ്റി. മൗലവി നൂറുദ്ദീനാണ് എല്ലാ ജോലിയും ചെയ്യുന്നതെന്ന് തങ്ങൾ പറഞ്ഞിരുന്നില്ലേയെന്ന് സന്തോഷത്തോടെ പറയാൻ തുടങ്ങി. അതുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വഫാത്തിനുശേഷവും ഒരു വ്യത്യാസവുമുണ്ടായിട്ടില്ല. ഹദ്റത്ത് മൗലവി സാഹിബ് കാരണത്താൽത്തന്നെയാണ് ജമാഅത്ത് മുന്നോട്ടു പോയിക്കൊണ്ടിരിക്കുന്നത്.(ഖുത്ബാത്തെ മഹ്മൂദ് വാല്യം 21, പേജ് 413)

പിന്നീട് ഒരു മൗലവി പറഞ്ഞ കാര്യം എടുത്തുദ്ധരിച്ചുകൊണ്ട് അവിടന്ന് പറയുന്നു: ഗുജറാത്തിലെ സ്നേഹിതന്മാർ എന്നോടു പറഞ്ഞു, ഹദ്റത്ത് മസീഹ് മൗഊദ്(അ)വഫാത്തായപ്പോൾ ഒരു അഹ്ലെ ഹദീഥ് മൗലവി ഞങ്ങളോടു പറഞ്ഞു, ഇപ്പോൾ നിങ്ങൾ പിടിയിൽ വന്നിരിക്കുന്നു. കാരണം എല്ലാ നുബുവ്വത്തിനുശേഷവും ഖിലാഫത്തുണ്ടാകുമെന്ന് നബി(സ)തിരുമേനി പറഞ്ഞിട്ടുണ്ട്. (നിങ്ങൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)നബിയാണെന്ന് പറയുന്നു, ശരീഅത്തില്ലാത്ത നബിയാണെങ്കിലും വേണ്ടില്ല, നബി(സ)തിരമേനിയുടെ ദാസത്വത്തിൽ കിട്ടിയ നുബുവ്വത്താണെങ്കിലും വേണ്ടില്ല, പക്ഷേ, നിങ്ങൾ പറഞ്ഞിരുന്നത് നുബുവ്വത്തുണ്ടെന്നാണ്, നുബുവ്വത്തിനുശേഷം ഖിലാഫത്തുണ്ടാകണം). നിങ്ങളിൽ ഇനി ഖിലാഫത്തുണ്ടാകുകയില്ല. നിങ്ങൾ ഇംഗ്ലീഷ് പണ്ഡിതന്മാരാണ്. അതുകൊണ്ട് ഖിലാഫത്തിലേക്ക് നിങ്ങൾ പോകുകയില്ല. ആ സ്നേഹിതൻ പറയുന്നു, രണ്ടാം ദിവസം കമ്പിസന്ദേശം കിട്ടി.(അക്കാലഘട്ടത്തിൽ കമ്പി സന്ദേശമാണുണ്ടായിരുന്നത്. പോസ്റ്റു ഓഫീസ് മുഖേന കമ്പിസന്ദേശം അയക്കുമായിരുന്നു. ഇക്കാലത്ത് ഒരു സെക്കന്റിനുള്ളിൽ ഇവിടെ നിന്ന് വാർത്തകൾ ഇന്റർനെറ്റ് മുഖേന ഫോൺമുഖേന വൈറലാകുന്നു. എന്നാൽ, അക്കാലഘട്ടത്തിൽ കമ്പിയുടെ വ്യവസ്ഥിതിയാണുണ്ടായിരുന്നത്. അതും എത്തുന്നത് രണ്ടാം ദിവസമോ മൂന്നാം ദിവസമോ ഒക്കെയായിരിക്കും. എന്തായാലും പറയുന്നു, രണ്ടാം ദിവസം കമ്പികിട്ടി).ജമാഅത്ത് ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബിന് ബയ്അത്ത് ചെയ്തിരിക്കുന്നു. അദ്ദേഹത്തെ തങ്ങളുടെ ഖലീഫ ആക്കിയിരിക്കുന്നു. ഈ വിവരം അഹ്മദികൾ ആ മൗലവിയോടു പറഞ്ഞപ്പോൾ പറഞ്ഞു: നൂറുദ്ദീൻ വളരെ വലിയ വിദ്യാസമ്പന്നനാണ്. അതുകൊണ്ടാണ് അദ്ദേഹം ജമാഅത്തിൽ ഖിലാഫത്ത് സ്ഥാപിച്ചത്. അദ്ദേഹത്തിനുശേഷം ഖിലാഫത്തു നിലനിന്നാൽ അപ്പോൾ നോക്കാം!പിന്നീട് അവിടന്ന് പറയുന്നു:ഖലീഫത്തുൽമസീഹ് അവ്വൽ(റ) വഫാത്തായപ്പോൾ പറഞ്ഞു:അന്ന് കാര്യം വേറെ

യായിരുന്നു. ഇനി ആരെങ്കിലും ഖലീഫയായാൽ നോക്കാം! ജമാഅത്തിലെ സഹോദരന്മാർ പറയുന്നു, അടുത്ത ദിവസം എന്റെ കൈയിൽ ജമാഅത്ത് ബയ്അത്തു ചെയ്തു എന്നറിയിച്ചുകൊണ്ടുള്ള കമ്പിസന്ദേശം കിട്ടി. അപ്പോൾ പറഞ്ഞു. പ്രിയമുള്ളവരേ! നിങ്ങൾ അത്ഭുതതരക്കാരാണ്. നിങ്ങളെ കുറിച്ച് ഒന്നും അറിയാൻ കഴിയുന്നില്ല. (നുബുവ്വത്ത് ഔർ ഖിലാഫത്ത് അപ്നെ വഖ്ത്ത് പർ ളുഹൂർ പദീർ ഹോ ജാത്തി ഹെ, അൻവാറുൽഉലൂം വാള്യം 18, പേദ് 242)

എന്നിട്ടും വിശ്വസിച്ചില്ല. ഇപ്പോഴും ഇതുതന്നെയാണ് പറയുന്നത്. ഇക്കാരണത്താൽ അവരിൽ അസൂയാഗ്നി സ്ഥിരമായി പറ്റിപിടിച്ചിരിക്കുകയാണ്. മുമ്പേയും ഞാൻ പലവട്ടം പറഞ്ഞുകഴിഞ്ഞതുപോലെ അഞ്ചാമത്തെ ഖിലാഫത്തിന്റെ തിരഞ്ഞെടുപ്പ് സമയത്ത് ഒരു മൗലവി സാഹിബ് പറഞ്ഞു: എല്ലാ ദൃശ്യങ്ങളും ഞാൻ കണ്ടു. അല്ലാഹുവിന്റെ കർമപരമായ സാക്ഷ്യം നിങ്ങളോടൊപ്പമുണ്ടെന്നാണ് തോന്നുന്നത്. പക്ഷേ, ഈ അടയാളം കണ്ടിട്ടും വിശ്വസിക്കുന്നതിനുപകരം അസൂയയിലും എതിർപ്പിലും വിദ്വേഷത്തിലും ഉയർന്നുകൊണ്ടുപോകുകയാണ് ചെയ്യുന്നത്. എന്തായാലും അല്ലാഹു ഖിലാഫത്തുമായി ബന്ധപ്പെട്ടിരിക്കുന്ന ജമാഅത്തിന് ഉയർച്ച നല്കിക്കൊണ്ടേയിരിക്കുന്നു. ജമാഅത്തുകൾ ലോകത്ത് വ്യാപിച്ചുകൊണ്ടിരിക്കുന്നു. അതി ദൂര രാജ്യങ്ങളിൽ ഇരിക്കുന്നവരും ഖിലാഫത്തിനോടു കൂറുപുലർത്തിക്കൊണ്ട് അതിൽ ഉയർന്നുയർന്നുപോകുന്നു.

ഖിലാഫത്തും ജമാഅത്തുമായി ബന്ധപ്പെട്ടിരിക്കുന്നവർക്കും അല്ലാഹു മാർഗദർശനം നല്കുന്നു. അവരെ സ്വയം ഈ ഖിലാഫത്തിലേക്ക് കൊണ്ടുവരികയും ചെയ്യുന്നു. എങ്ങനെയാണ് കൊണ്ടുവരുന്നത്? അതിന്റെ ഒന്ന് രണ്ട് ഉദാഹരണം പറയുകയാണ്. അല്ലാഹുവിന്റെ കർമപരമായ സാക്ഷ്യം നിങ്ങളോടൊപ്പമുണ്ടെന്ന് മൗലവി സാഹിബ് പറഞ്ഞതുപോലെ അല്ലാഹുവിന്റെ കർമപരമായ സാക്ഷ്യം ഒപ്പുമുണ്ടെന്നതിന് ഒരു ഉദാഹരണമാണ്, ഇത് നബി(സ)തിരുമേനിയുടെ യഥാർഥ ദാസർ നമ്മളായതുകൊണ്ടാണ്. അല്ലാഹുവിന്റെ യഥാർഥ അധ്യാപനത്തെ നമ്മൾ ലോകത്ത് പ്രചരിപ്പിക്കുന്നു. ഗിനി-ബിസോ(ഏൗശിലമആശമൈൗ) വളരെ ദൂരത്തുള്ള ഒരു രാജ്യമാണ്. അവിടെ ഒരു പ്രായംചെന്ന സ്ത്രീയുണ്ട്. അവർ പറയുന്നു: ഒരു ദിവസം ഞാൻ സ്വപ്നത്തിൽ കണ്ടു, നമ്മുടെ മിഷണറി അവർക്ക് ഒരു ഗ്രന്ഥം കൊടുക്കുന്നു. നിങ്ങളുടെ മോക്ഷം ഈ ഗ്രന്ഥത്തിലുണ്ടെന്ന് പറയുന്നു. അവർ പറയുന്നു, സ്വപ്നത്തിൽത്തന്നെ ഞാൻ ഗ്രന്ഥം തുറക്കുമ്പോൾ അതിൽ ഒരു ഫോട്ടോയുമുണ്ടായിരുന്നു. ഇതാരാണെന്ന് ഞാൻ മിഷണറിയോടു ചോദിക്കുന്നു. ഇത് ഖലീഫത്തുൽ മസീഹാണെന്ന് അദ്ദേഹം പറയുന്നു. ഇദ്ദേഹത്തെ അല്ലാഹു ഇപ്പോൾ തിരഞ്ഞെടുത്തിരിക്കുകയാണ്. അവർ പറയുന്നു, അടുത്ത ദിവസം ആ സ്ത്രീ നമ്മുടെ മിഷണറിയുടെ അടുത്തു വന്നു. നിങ്ങളുടെ സ്വപ്നത്തിന് ഒരു വ്യാഖ്യാനത്തിന്റേയും ആവശ്യമില്ലാത്തവിധം വ്യക്തമാണെന്ന് അദ്ദേഹം പറഞ്ഞു. അല്ലാഹു സ്വയം നിങ്ങൾക്ക് വഴി കാണിച്ചുതന്നിരിക്കുന്നു. അപ്പോൾ ആ സ്ത്രീ പറഞ്ഞു:അല്ലാഹുവാണെ സത്യം! ഞാൻ ഇന്നുമുതൽ അഹ്മദിയാണ്. അല്ലാഹു ഉണ്ടാക്കിയിട്ടുള്ള ആളാണ് യഥാർഥത്തിൽ അഹ്മദികളുടെ ഖലീഫ. ഈ നടന്നുവരുന്ന ഖിലാഫത്ത് അല്ലാഹുവിൽ നിന്നുള്ളതാണ്. അങ്ങനെ ആ സമയം തന്നെ അവർ ബയ്അത്തു ചെയ്തു. ബയ്അത്തു ചെയ്തതിനുശേഷം ജമാഅത്തിന്റെ എല്ലാ പരിപാടികളിലും അവർ പങ്കെടുക്കുന്നു. തന്റെ കഴിവനുസരിച്ച് ചന്ദയും നല്കുന്നു. വളരെ തന്റേടത്തോടെ തബ്ലീഗും ചെയ്യുന്നു. എങ്ങനെയാണ് അല്ലാഹു നേരിട്ട് മാർഗദർശനം നല്കിയതെന്ന് ജനങ്ങളോടു പറയുകയും ചെയ്യുന്നു. ഇതുപോലെതന്നെ ഒരു ഈജിപ്ഷ്യൻ സ്നേഹിതനുണ്ട്. അദ്ദേഹം പറയുന്നു:ഞാൻ അങ്ങേയറ്റം തിന്മകളിൽ അകപ്പെട്ടിരിക്കുകയായിരുന്നു. വഴക്കാളിയെപോലെയായിരുന്നു. എം.ടി.എയിലെ അങ്ങയുടെ ഖുത്ബകൾ കേട്ടാണ് ദീനിൽ താൽപര്യമുണ്ടായത്. പിന്നീട് അഹ്മദിയാകുമെന്ന് ഞാൻ പ്രതിജ്ഞ ചെയ്തു. കാരണം ഈ ഖിലാഫത്തുതന്നെയാണ് ശരിയായ രീതിയിൽ നമുക്ക് മാർഗദർശനം നല്കുന്നത്. ഇപ്രകാരംതന്നെ എങ്ങനെ അല്ലാഹു വിവിധ നേരങ്ങളിൽ, വിവിധ സ്ഥലങ്ങളിൽ, വിവിധ രാജ്യങ്ങളിൽ ജനങ്ങൾക്ക് മാർഗദർശനം നല്കുന്ന മറ്റു ചില ഉദാഹരണങ്ങളുമുണ്ട്.

ഇൻചാർജ് മിഷണറി സാഹിബ് പറയുന്നു: കാമറൂൺ(ഇമാലൃീീ)ലെ പട്ടണമായ മർദയിൽ ആളുകൾ എം.ടി.എ കാണുന്നു. എം.ടി.എ ആഫ്രിക്ക ആരംഭിക്കപ്പെട്ടതുമുതൽ ധാരാളമായി അത് ആളുകൾ കണ്ടുവരുന്നുണ്ട്. പ്രത്യേകിച്ചും ഖുത്ബകൾ അവിടെ തീർച്ചയായും കേൾക്കുന്നു. ഖുത്ബകൾ കേട്ടതിനുശേഷം അവരിൽ നല്ല മാറ്റമുണ്ടായിക്കൊണ്ടിരിക്കുന്നു. ജമാഅത്തിലേക്കുള്ള ചായ്‌വും കൂടിക്കൊണ്ടിരിക്കുന്നു. അഹ്മദികളുടെ ഈമാനാണെങ്കിൽ പ്രബലപ്പെട്ടുകൊണ്ടിരിക്കുന്നു. ഖിലാഫത്തുമായി ബന്ധം വെക്കാൻ അവർ ഏറ്റവും കൂടുതൽ ശ്രമിച്ചുകൊണ്ടിരിക്കുന്നു; തികഞ്ഞ അനുസരണത്തിന്റെ മാതൃകകൾ കാണിക്കാനും. ഈ ഖിലാഫത്തിനോടുള്ള ബന്ധവും സ്നേഹവും അല്ലാഹു ഉണ്ടാക്കിയിട്ടുള്ളതാണ്. അഹ്മദിയ്യാ ഖിലാഫത്തുമായി ഈ ബന്ധവും സ്നേഹവും ഇരിക്കുവോളം ഭയാവസ്ഥയും സമാധാനാവസ്ഥയിലേക്ക് മാറിക്കൊണ്ടിരിക്കുന്നതായിരിക്കും. അല്ലാഹു ജനങ്ങളുടെ സൗഖ്യത്തിനുള്ള സാഹചര്യങ്ങളും ഒരുക്കിക്കൊണ്ടിരിക്കുന്നതായിരിക്കും. ഇൻശാ അല്ലാഹ്! (ഖുത്ബ ജുമുഅ 2019 മെയ് 24)

## ഹദ്റത്ത് അഹ്മദ്(അ)
## ബയ്അത്തു മുതൽ വഫാത്തുവരെ ലഘുവിവരണം

1889 മാർച്ച് 23 ന് ലുധിയാനയിലെ ഹദ്റത്ത് സ്വൂഫി അഹ്മദ് ജാൻ സാഹിബ്(റ)ന്റെ വീട്ടിൽവച്ച് വാഗ്ദത്ത മഹ്ദിമസീഹായി അല്ലാഹു നിയോഗിച്ച ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)ബയ്അത്ത് അഥവാ അനുസരണ പ്രതിജ്ഞ വാങ്ങി.

ആദ്യം ബയ്അത്ത് ചെയ്ത അഞ്ചുപേർ ഇവരാണ്, ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ്(റ), ഹദ്റത്ത് മീർ അബ്ബാസ് അലി സാഹിബ്(റ), ഹദ്റത്ത് ശേയ്ഖ് മുഹമ്മദ് ഹുസയ്ൻ സാഹിബ് ഖുശ്നവേസ് മുറാദാബാദി(റ), ഹദ്റത്ത് മൗലാനാ അബ്ദുല്ലാഹ് സാഹിബ് സൻവരി(റ), അതിനു ശേഷം മുൻശീ അല്ലാഹ് ബഖ്ശ് സാഹിബ് ലുധിയാന(റ).

ആദ്യ ദിവസം 40 ആളുകളാണ് ബയ്അത്ത് ചെയ്തത്. സത്രീകളിൽ ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ്(റ)ന്റെ ഭാര്യ ഹദ്റത്ത് സ്വുഗ്റബീഗം സാഹിബയാണ് ബയ്അത്ത് ചെയ്തത്.

1890 ന്റെ അവസാനം ഹദ്റത്ത് ഈസാ(അ)വഫാത്തായിരിക്കുന്നുവെന്ന് അല്ലാഹു ആ മഹാത്മാവിനെ അറിയിക്കുകയും അതദ്ദേഹം പ്രഖ്യാപിക്കുകയും ചെയ്തു. അതോടെ അദ്ദേഹത്തെ സ്തുതിച്ചും പുകഴ്തിയും പറഞ്ഞിരുന്നവരെല്ലാം അദ്ദേഹത്തെ നിന്ദിക്കാനും ഇകഴ്ത്താനും തുടങ്ങി. എതിർപ്പിന്റെ കൊടുങ്കാറ്റുതന്നെ ആഞ്ഞുവീശി. പക്ഷേ കതബല്ലാഹു ല അഗ്‌ലിബന്ന അന വ റുസുലീ എന്ന അല്ലാഹുവിന്റ അഖണ്ഡിതമായ നിയമമനുസരിച്ച് അല്ലാഹുവും അവന്റെ മഹ്ദിമസീഹും എല്ലാ എതിർപ്പുകളേയും അതിജയിച്ചു കൊണ്ട് ലോകത്ത് മുഴുവൻ പ്രശസ്തി ആർജിച്ചു കഴിഞ്ഞിരിക്കുന്നു.

ആദ്യ സമ്മേളനം 1891 ഡിസംബറിൽ നടന്നു. അതിൽ 75 ആളുകൾ പങ്കെടുത്തു.

ക്രിസ്ത്വബ്ദം 628 ന്റെ അവസാനത്തിൽ നബി(സ)തിരുമേനി ഖയ്സ്വറിനും കിസ്റായ്ക്കും ഇസ്‌ലാമിന്റെ സന്ദേശം അയച്ചിരുന്നു. അതേ വാക്കുകളിൽ 1892- ൽ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ) വിക്ടോറിയ രാജ്ഞിയ്ക്ക് (1819-1901) ഇസ്‌ലാമിന്റെ സന്ദേശമെത്തിച്ചു.

1893 ജൂൺ 5 ന് അമൃതസറിൽ മിസ്റ്റർ ഹെൻറി മാർട്ടിൻ ക്ലാർക്കിന്റെ ബംഗ്ലാവിൽ പാതിരി അബ്ദുല്ലാഹ് ആഥമുമായി ഒരു വാദപ്രതിവാദം നടന്നു. ആ സംവാദം ജങ്കെ മുഖദ്ദസ് എന്ന പേരിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

അക്കാലത്തുതന്നെ മക്കയിൽ മസീഹിന്റെ വാദത്തെ സംബന്ധിച്ച് ചർച്ച നടന്നു. തുഹ്ഫയെ ബഗ്ദാദ്, കറാമാത്തുസ്സ്വാദിഖീൻ എന്നീ ഗ്രന്ഥങ്ങളുടെ അടിസ്ഥാനത്തിലായിരുന്നു ചർച്ച.

പാശ്ചാത്യ ചിന്തകന്മാരുടെയിടയിൽ വിപ്ലവമുണ്ടാക്കിയ ഒരു ഗ്രന്ഥമായിരുന്നു ഇസ്‌ലാംമതത്ത്വജ്ഞാനം. ബ്രിസ്റ്റൽ ടൈം ആൻഡ് മിറർ എന്ന പത്രമെഴുതി:- ഈ രീതിയിൽ യൂറോപിനേയും അമേരിക്കയേയും സംബോധന ചെയ്യുന്ന വ്യക്തി സാധാരണക്കാരനാകാൻ ഇടയില്ല.

1898 ജൂൺ 3 ന് കശ്മീരിലെ യാഡിപ്പുരയിൽ നിന്ന് 80 ആളുകൾ ബയ്അത്ത് ചെയ്തു.

ശാം, ഇറാഖ്, ഇറാൻ തുടങ്ങിയ ഇസ്‌ലാമിക രാജ്യങ്ങളിലെ ആലിമീങ്ങൾക്ക് സന്ദേശമെത്തിക്കുന്നതിനുവേണ്ടി ഹദ്റത്ത് മസീഹ് മൗഊദ്(അ) ലുജ്ജത്തുന്നൂർ (പ്രകാശത്തിന്റെ കണ്ണാടി) എന്ന പേരിൽ ഒരു ഗ്രന്ഥമെഴുതി. 1910-ലാണ് ഇതു പ്രസിദ്ധീകരിച്ചത്. അബൂ മഹ്മൂദ് അഹ്മദ് എന്ന സംജ്ഞാനാമത്തിലാണ് ഈ ഗ്രന്ഥം പ്രസിദ്ധീകരിച്ചത്.

1900-ൽ സാഹിബ് സാദ അബ്ദുല്ലത്തീഫ് സാഹിബ്(റ)അഫ്ഗാനിസ്ഥാനിൽ ബയ്അത്തു ചെയ്തു.

ഇഅ്ജാസുൽ മസീഹ് എന്ന അറബി ഗ്രന്ഥം മക്ക, മദീന, ശാം, മിസ്ർ തുടങ്ങിയ സ്ഥലങ്ങളിൽനിന്ന് പ്രസിദ്ധീകരിച്ചു. ഖാഹറയിലെ പത്രങ്ങളായ മനാദിർ, ഹിലാൽ അതിന്റെ സാഹിത്യസമ്പുഷ്ടിയെ അംഗീകരിച്ചുകൊണ്ട് റിവ്യു എഴുതി.

1901 നവംബർ 5-ന് ഫോണോഗ്രാഫിൽ റെക്കോർഡിംഗ് നടന്നു.

ആവാസ് ആരഹീഹെ യെ ഫോണോ ഗ്രാഫ് സെ ഢൂൻഢോ ഖുദാ കൊ ദിൽ സെ നഃ ലാഫോ ഗുദാഫ് സെ

ജബ്തക് അമൽ നഹീഹെ ദിൽ പാകോസ്വാഫ് സെ-

കംതർ നഹി യെ മശ്ഗലഃ ബുത് കെ ത്വവാഫ് സെ

മൗലാനാ അബ്ദുൽകരീം സാഹിബ് സിയാൽക്കോട്ടി(റ)ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിർദേശ പ്രകാരം പ്രസ്തുത പദ്യവും വിശുദ്ധ ഖുർആൻ വചനങ്ങളും, അജബ് നൂർ യസ്ത് ദർ ജാനെ മുഹമ്മദ് എന്ന പദ്യവും റെക്കാർഡ്

ചെയ്തു.

1902 ജനുവരിയിൽ മൗലവി മുഹമ്മദലി സാഹിബിന്റെ പത്രാധിപത്യത്തിൽ ഇംഗ്ലീഷിലും ഉർദുവിലും റിവ്യു ഓഫ് റിലീജിയൻസ് തുടങ്ങി. ഇതിന്റെ ഫലമായി യൂറോപ്പിലേയും അമേരിക്കയിലേയും നവമുസ്‌ലിമീങ്ങളായ ഇംഗ്ലീഷുകാരിൽ ഇസ്‌ലാമിനുവേണ്ടി പുതിയൊരു ആവേശവും ഉണർവും ഉണ്ടായി. അവർ ഇസ്‌ലാമിക പ്രബോധനരംഗം ശക്തമാക്കി. അമുസ്‌ലിം ചിന്തകന്മാരിലേക്കും സാഹിത്യകാരന്മാരിലേക്കും ഇസ്‌ലാമിന്റെ സന്ദേശമെത്തി. ഇസ്‌ലാമിന്റെ ശരിയായ ചിത്രം അവർക്കു ലഭിച്ചു.

ഇതുമുഖേന ക്രിസ്ത്യാനികളുടെ ധ്വജവാഹകരിൽ അസാധാരണമായൊരു ഇളക്കമുണ്ടായി. ചർച്ച് ഫാമിലി എന്ന പത്രമെഴുതി: മിർസാ ഗുലാം അഹ്മദ് രചിച്ചിട്ടുള്ള സാഹിത്യങ്ങൾക്ക് മറുപടി നല്കരുത്. ബൈബിളിനെ തുടച്ചു നീക്കും വിധം അയാൾ ക്രിസ്തുമതത്തിന്നെതിരിൽ സാഹിത്യരൂപത്തിൽ ആയുധങ്ങൾ സൃഷ്ടിക്കുന്നതാണ്.

1902 ഒക്ടോബർ 31 ന് മുഹമ്മദ് അഫ്സൽ സാഹിബിന്റെ പത്രാധിപത്യത്തിൽ അൽബദ്ർ പത്രം തുടങ്ങി. സഹായി ഡാക്ടർ ഫയ്ള് അഹ്മദ് ആയിരുന്നു. 1913 വരെ തുടർന്നു വന്നു. പിന്നീട് നിലച്ചുപോയി. 40 വർഷത്തിനു ശേഷം ഖാദിയാനിലെ ദർവേശുമാരുടെ പരിശ്രമത്താൽ വീണ്ടും തുടങ്ങി. അത് ഇന്നും തുടർന്നു വരുന്നു.

ക്രിസ്ത്യൻ കത്തോലിക് ചർച്ചിന്റെ സ്ഥാപകനായ ഡൂയിയെ മുബാഹലയ്ക്കായി വിളിച്ചു. ഹദ്റത്ത് അഹ്മദ്(അ) പറഞ്ഞു, താങ്കൾ മുസ്‌ലിമീങ്ങളെല്ലാം നശിക്കുമെന്ന പ്രവചനം ചെയ്യണ്ട, എന്നെ മനസ്സിൽ ഓർത്തുകൊണ്ട്, നമ്മളിലാരാണോ അസത്യവാൻ അയാളെ ആദ്യം നശിപ്പിക്കാൻ പ്രാർഥിക്കുക. പിന്നീട് പാശ്ചാത്യ ലോകം കാണുന്നത് ഡൂയിയുടെ ദാരുണമായ അന്ത്യമാണ്. അത് അവിടങ്ങളിൽ വമ്പിച്ച വിപ്ലവം സൃഷ്ടിച്ചു. ഇസ്‌ലാമിന് അനുകൂലമായ അന്തരീക്ഷമുണ്ടായി.

1904-ൽ മിസ്റ്റർ അണ്ടേർസൺ ഇസ്‌ലാം സ്വീകരിച്ചു. ഹദ്റത്ത് അഹ്മദ്(അ) അദ്ദേഹത്തിന് അഹ്മദ് എന്നു പേരിട്ടു.(ബയ്അത്ത് വാങ്ങുന്നതിനു മുമ്പേതന്നെ ഹദ്റത്ത് മസീഹ് മൗഊദ്(അ) ദൃഷ്ടാന്തങ്ങൾ കാണിക്കാമെന്ന് പ്രഖ്യാപിച്ചുകൊണ്ട് യൂറോപ്പിലും അമേരിക്കയിലും വിജ്ഞാപനങ്ങൾ ധാരാളം വിതരണം ചെയ്തിരുന്നു. മിസ്റ്റർ അലക്സാണ്ടർ റസ്സൽ വെബ്ബ് സാഹിബിനും ഇതു ലഭിച്ചു. ഇദ്ദേഹം ജനിച്ചത് 1846-ലാണ്. പത്രപ്രവർത്തകനായിരുന്നു. 1872-ൽ ക്രിസ്തുമതം ഉപേക്ഷിച്ചു. പിന്നീട് ഫിലിപ്പൈനിൽ അമേരിക്കയുടെ തന്ത്രപ്രതിനിധിയായി നിയോഗിക്കപ്പെട്ടു. 1886 ഡിസംബർ 17-ന് ഹദ്റത്ത് അഹ് മദ്(അ)ന് കത്തയച്ചു. തുടർന്ന് അദ്ദേഹം ഇസ്‌ലാം സ്വീകരിച്ചു. ഇന്ത്യയിൽ ഒരിക്കൽ അദ്ദേഹം വന്നുവെങ്കിലും അൽഹാജ് അബ്ദുല്ലാഹ് അറബ് സാഹിബും മൗലാനാ ഹസൻ അലി സാഹിബും ഹദ്റത്ത് അഹ്മദിനെക്കുറിച്ച് ദുരഭിപ്രായം പറഞ്ഞു. ഖാദിയാനിൽ പോകാൻ അവർ വിട്ടില്ല. പക്ഷേ, പിന്നീട് ഇവർ അഹ്മദിയായി.

1905 മെയ് മാസത്തിൽ ഒരു സ്വപ്നത്തിന്റെ അടിസ്ഥാനത്തിൽ സഹോദരന്മാരായ മൗലാനാ അബുന്നസ്റാഹും മൗലാനാ അബുൽകലാം ആസാദും ഖാദിയാനിൽ വന്നു. മൗലാനാ അബുന്നസ്റാഹ് ബയ്അത്ത് ചെയ്തു.

ഇസ്‌ലാമിക പ്രചാരണത്തിനായി ജീവിതം വഖ്ഫ് ചെയ്യാൻ 1907-ൽ ആഹ്വാനം ചെയ്തു. ആദ്യം വഖ്ഫ് സ്വീകരിക്കപ്പെട്ടത് ഹദ്റത്ത് ചൗധരി ഫത്ഹെ മുഹമ്മദ് സാഹിബ് സിയാലിന്റേതായിരുന്നു.

1907-ൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)പങ്കെടുത്ത അവസാന ജൽസ. ആളുകൾ തങ്ങളുടെ പഗ്ഡികൾ അഴിച്ച് പരസ്പരം ബന്ധിച്ച് നീളത്തിലാക്കി മസീഹ് മൗഊദു ഒരു തലയ്ക്ക് സ്പർശിച്ചിരുന്നു. രണ്ടു മൂന്നു യുവാക്കൾ ബയ്അത്തിന്റ വാക്കുകൾ ഉറക്കെ ഏറ്റു പറഞ്ഞുകൊടുത്തു. ഇതിലാണ് ചൗധരി സഫ്റുല്ലാഹ് ഖാൻ സാഹിബ് ബയ്അത്ത് ചെയ്തത്.

ലാഹോറിൽ ധാരാളം ആളുകൾ ബയ്അത്തു ചെയ്തു. ബദ്റിൽ അതു മുഴുവൻ പ്രസിദ്ധീകരിക്കാൻ സാധിച്ചില്ല.

വാനനിരീക്ഷണ വിദഗ്ധനായ ഇംഗ്ലീഷുകാരൻ പ്രൊഫസർ ക്ലൈമന്റ് റെഗ് ബയ്അത്ത് ചെയ്തത് ഈ അവസരത്തിലാണ്. മരണംവരെ ഇസ്‌ലാമിൽ അദ്ദേഹം നിലകൊണ്ടു.

1908 മെയ് 25-ന് മൗലവി മുഹമ്മദ് അഹ്സൻ സാഹിബിന്റെ അപേക്ഷയിൽ ഹയാത്തെ മസീഹിനെ ഖണ്ഡിച്ചുകൊണ്ട് പ്രസംഗിച്ചു. അതിൽ പറഞ്ഞു, ഈസായെ മരിക്കാൻ വിടുക അതിലാണ് ഇസ്‌ലാമിന്റെ ജീവനം. അപ്രകാരംതന്നെ മൂസവി ഈസായ്ക്കു പകരം മുഹമ്മദി ഈസായെ വരാൻ അനുവദിക്കുക അതിലാണ് ഇസ്‌ലാമിന്റെ മഹത്ത്വം.

1908 മെയ് 26-ന് ഹിജ്റ വർഷം 1326 റബിയുൽആഖിർ 24-ന് തിങ്കളാഴ്ച രാവിലെ 10,15 ന് എന്നന്നേക്കുമായി വാഗ്ദത്ത മഹ്ദി മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദുൽ ഖാദിയാനി(അ)ഈ ലോകം വിട്ടു പിരിയുകയും തന്റെ നിത്യനാഥനെ പ്രാപിക്കുകും ചെയ്തു.

1908 മെയ് 27-ന് ഒന്നാമത്തെ ഖിലാഫത്ത് നിലവിൽവന്നു. ഹദ്റത്ത് അൽഹാജ് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ് വാഗ്ദത്ത മഹ്ദീ മസീഹിന്റെ ഒന്നാം ഖലീഫയായി.

## സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസി(അയ്യദഹുല്ലാഹ്)ന്റെ ജർമൻപര്യടനം(ജൂൺ 2014)

**വിവ: മൗലവി അമീൻ മുഹമ്മദ്, മാത്ര**

**(ബദ്ർ വാള്യം 9, ലക്കം 18, പേജ് 12, കോളം 2-ൽനിന്ന് തുടർച്ച......)**

ഹുദൂർ: ഇഅ്തികാഫ് ഇരിക്കൽ നിർബന്ധമൊന്നുമല്ല. നിങ്ങളുടെ ഇഷ്ടമാണ്. ഇരിക്കുകയോ ഇരിക്കാതിരിക്കുകയോ ചെയ്യാം. നബി(സ)തിരുമേനിയുടെ ചര്യയായതുകൊണ്ടാണ് ഇരിക്കുന്നത്. റമളാനിന്റെ അവസാനത്തെ പത്തിൽ നബി(സ) തിരുമേനി മസ്ജിദ് നബ്‌വിയിൽ ഇഅ്തികാഫ് ഇരിക്കുമായിരുന്നു. ഇങ്ങനെ ഇരിക്കുന്നവർ പത്തു ദിവസം ഭൗതിക ലോകത്തുനിന്ന് വേറിട്ട് വീടിന്റേയും കച്ചവടത്തിന്റേയും ചിന്തകളൊന്നുമില്ലാതെ കഴിഞ്ഞുകൂടുന്നു. ഈ നാളുകളിൽ പ്രഭാതം മുതൽ പ്രദോഷംവരെ അല്ലാഹുവിനോടുള്ള ആരാധനയിൽ മുഴുകാൻ ഇഅ്തികാഫ് ഇരിക്കുകയാണ്. മറ്റുള്ളവർ നോമ്പെടുക്കുന്നതോടൊപ്പം സ്വന്തം പ്രവൃത്തികളും ചെയ്യുന്നു. നോമ്പെടുത്ത് ഓഫീസിലും പോകുന്നു. വൈകുന്നേരം നാലുവരെ ഓഫീസിൽ കഴിയുന്നു. സമയം കിട്ടിയാൽ വൈകുന്നേരം വന്ന് അരയോ ഒന്നോ റുകൂഓ ഒരു ഭാഗമോ ഖുർആൻ പാരായണം ചെയ്യുന്നു. ജോലികൾ കാരണത്താൽ നമസ്കാരം വേഗം നിർവഹിക്കുന്നു. ഇഅ്തികാഫ് ഇരിക്കുന്നവർക്ക് നഫ്ൽനമസ്കാര സമയത്ത് അതും നിർ വഹിക്കാൻ സാധിക്കുന്നു. ളുഹ്റിനു മുമ്പേവരേയും ശേഷവും മഗ്‌രിബ്നുശേഷവും ഇശായ്ക്കു ശേഷവും നഫ്ലുകൾ നിർവഹിക്കുന്നു. കൂടാതെ വിശുദ്ധ ഖുർആൻ പാരായണം ചെയ്യാൻ സാധിക്കുന്നു. ഹദീഥ് വായിക്കാനും ദീനീ അറിവുകൾ വർധിപ്പിക്കാനും ദുആകൾ ചെയ്യാനും കഴിയുന്നു. ഇതിന് 24 മണിക്കൂർ തുടർച്ചയായി അവർക്കു ലഭിക്കുന്നുണ്ട്. പത്തുദിനങ്ങളിൽ നോമ്പെടുക്കുന്നതിനോടൊപ്പം അല്ലാഹുവിനോടുള്ള ആരാധനയിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ സാധിക്കുന്നുവെന്നതാണ് ഒരു കാര്യം. ഇത് ഒരു അധികമായ പ്രവൃത്തിയാണ് അവർ ചെയ്യുന്നത്. സാധിക്കുന്നവർക്ക് ഇഅ്തികാഫ് ഇരിക്കാവുന്നതാണ്. മസ്ജിദിൽ ഇരിക്കാനുള്ള സൗകര്യവും നിബന്ധനയാണ്. നബി(സ)തിരുമേനിയുടെ ഒരു ചര്യ എന്ന നിലയിലാണ് ജനങ്ങൾ ഇതിനേയും പിൻപറ്റുന്നത്.

ഒരു വാഖ്ഫെ നൗ: ജിഹാദുകൊണ്ട് എന്താണ് അർഥമാക്കുന്നത്?

ഹുദൂർ: ഇതിനെ സംബന്ധിച്ച് ഇതുവരെ എന്താണ് അറിയുന്നത്?

വാഖിഫെ നൗ: ഇത് തെറ്റായ കാര്യമാണെന്ന് മാത്രം എനിക്കറിയാം.

ഹുദൂർ: പ്രാഥമികമായി ഒരു കാര്യം പറയട്ടെ. ജിഹാദോ യുദ്ധമോ മുസ്‌ലിമീങ്ങൾ ചെയ്തപ്പോഴെല്ലാം ഒരിക്കലും അതിന് തുടക്കമിട്ടിട്ടില്ല. എന്നും അവർക്കുമേലാണ് ആക്രമണമുണ്ടായിട്ടുള്ളത്. അല്ലെങ്കിൽ അങ്ങേയറ്റം ബുദ്ധിമുട്ടിച്ചപ്പോൾ മുസ്‌ലിമീങ്ങൾ മറുപടി നല്കിയതാണ്. ഒരു ജിഹാദിൽനിന്ന്, യുദ്ധത്തിൽനിന്ന് മടങ്ങിവരുമ്പോൾ നബി(സ)തിരുമേനി പറഞ്ഞു:ഇപ്പോൾ നമ്മൾ ചെറിയ ജിഹാദിൽനിന്ന് വലിയ ജിഹാദിലേക്ക് മടങ്ങുകയാണ്. വലിയ ജിഹാദ് സ്വന്തം ശരീരേച്ഛക്കെതിരെയുള്ള ജിഹാദാണ്. അതായത് സ്വന്തം മനസ്സിലെ തിന്മകളെ നീക്കം ചെയ്യുക. ഇതു ജിഹാദാണ്. ഇസ്‌ലാമിന്റെ സന്ദേശം മറ്റുള്ളവർക്കെത്തിക്കുക. ഇതും ജിഹാദാണ്. വിശുദ്ധ ഖുർആൻ മുഖേനയും സന്ദേശമെത്തിക്കുക. വിശുദ്ധ ഖുർആൻ മുഖേന സന്ദേശമെത്തിക്കുകയെന്ന് അല്ലാഹുവും പറയുന്നു. ഇതും ജിഹാദാണ്. പരിശ്രമത്തിനാണ് ജിഹാദ് എന്നു പറയുന്നത്. ഏതെങ്കിലും പ്രവൃത്തി ചെയ്യാൻ ശ്രമം നടത്തുമ്പോൾ നിങ്ങൾ ജിഹാദ് ചെയ്യുകയാണ്. നിങ്ങളുടെ ഉള്ളിലെന്തെങ്കിലും തിന്മകളു ണ്ടെങ്കിൽ അതു നീക്കാൻ നിങ്ങൾ ശ്രമിക്കുമ്പോൾ അത് നിങ്ങളുടെ ജിഹാദാണ്. നിങ്ങൾ സന്ദേശമെ ത്തിക്കുമ്പോൾ ഇവിടെ ജർമൻകാർക്ക് സാഹിത്യങ്ങളും ലഘുലേഖയും വിതരണം ചെയ്യുമ്പോൾ അതും ഒരു ജിഹാദാണ്.

പൂർണ ശ്രദ്ധയോടെ വിശുദ്ധ ഖുർആനിന്റെ അറിവുകൾ കരസ്ഥമാക്കാൻ ശ്രമിക്കുമ്പോൾ ഇതും നിങ്ങളുടെ അറിവ് വർധിപ്പിക്കാനുള്ള ഒരു ജിഹാദാണ്. കേവലം വാൾ ചലിപ്പിക്കൽ മാത്രമല്ല ജിഹാദ്. മുസ്‌ലിമീങ്ങൾ തെറ്റായി സ്വീകരിച്ച ഒരു കാര്യമാണിത്. അല്ലെങ്കിൽ മുസ്‌ലിമീങ്ങളോടു ചേർത്തുന്നയിക്കുന്ന കാര്യമാണിത്. ഇക്കാലഘട്ടത്തിലെ മുസ്‌ലിമീങ്ങളുടെ പ്രവൃത്തി ഇതുതന്നെയാണ്. അതുകൊണ്ട് ഇതു സംബന്ധമായി വളരെയധികം സാഹിത്യങ്ങൾ ഞാനെഴുതിയിട്ടുണ്ട്. നിങ്ങളിപ്പോൾ ഇത്രയും വലുതായി. പതിനാറ് പതിനേഴ് വയസ്സിലെത്തി. ഇനി എന്റെ സാഹിത്യങ്ങൾ വായിക്കുക. നിങ്ങൾക്ക് ജിഹാദ് എന്തെന്ന് മനസ്സിലാകും.

ഒരു വിദ്യാർഥി: ഞാൻ വഖ്ഫു ചെയ്യാനുള്ള പ്രായമെത്തുമ്പോൾ, വഖ്ഫു ചെയ്തുകൊണ്ട് ഇഷ്ടമുള്ള രംഗത്ത് പോകാൻ സാധിക്കുമോ? ഉദാഹരണത്തിന്, ഒരാൾക്ക് പൈലറ്റ് ആകണമെന്ന ആഗ്രഹമുണ്ട്, അതാകാൻ സാധിക്കുമോ?

ഹുദൂർ: താങ്കൾ വഖ്ഫെ നൗ ആണ്. പൈലറ്റ് ആകണമെങ്കിൽ ആദ്യം ചോദിക്കുക. എനിക്ക് പൈലറ്റ് ആകണമെന്നത് വലിയ ആഗ്രഹമാണെന്ന് അറിയിക്കുക. എനിക്ക് പൈലറ്റ് മാത്രമേ ആകാൻ സാധിക്കുകയുള്ളൂ എന്നും മറ്റൊന്നിനും താൽപര്യമില്ലെന്നും അറിയിക്കുക. അപ്പോൾ താങ്കളത് ആകണോ വേണ്ടേ എന്ന് താങ്കളോടു കാലത്തിന്റെ ഖലീഫ പറയും. അനുമതി ലഭിക്കുന്നെങ്കിലാകുക, അല്ലെങ്കിൽ പിന്നീടു അനുമതി വാങ്ങിക്കൊണ്ട് വഖ്ഫെ നൗവ്വിൽനിന്ന് പുറത്തുപോകാനാഗ്രഹിക്കുന്നുവെന്ന് അറിയിക്കുക. എന്റെ ഉപ്പയും ഉമ്മയും എന്നെ വഖ്ഫു ചെയ്തിരുന്നു. ജമാഅത്തിന് ആവശ്യമില്ലെങ്കിൽ എന്റെ താല്പര്യമിതാണ്. ഇത് ചെയ്യുന്നതിന് എനിക്ക് അനുമതി നല്കുക. പിന്നീട് ഏതെങ്കിലും സമയത്തോ രീതിയിലോ ജമാഅത്തിന് സേവനം ചെയ്യുന്നതാണ്. എന്നാൽ, ഈ സമയത്ത് വഖ്ഫെ നൗവ്വിന്റെ ലിസ്റ്റിൽനിന്ന് എന്റെ പേര് നീക്കം ചെയ്യുക എന്നറിയിക്കേണ്ടതാണ്. വഖ്ഫെ നൗവിനുവേണ്ടി ഞാൻ മാർഗദർശനം നല്കിയിട്ടുണ്ട്. ജമാഅത്തിന്റെ ഭാഗത്തുനിന്നുള്ള മാർഗദർശനവും കൗൺസിലിംഗും പൂർത്തിയാക്കേണ്ടതാണ്. നമുക്ക് കൂടുതൽ ആവശ്യമുള്ളത് ഡോക്ടർമാരും അധ്യാപകരുമാണ്. തർജമ ചെയ്യുന്നവരേയും ആവശ്യമുണ്ട്. ഭാഷാ നിപുണരും എഞ്ചീനിയർമാരും ആർക്കിടെക്റ്റും ആവശ്യമുണ്ട്. ചില രംഗങ്ങളിൽ വക്കീലുമാരുടേയും ആവശ്യമുണ്ട്. വിവിധങ്ങളായ നൈപുണ്യങ്ങളുണ്ട്. കൂടുതൽ പഠിക്കാൻ സാധിക്കാത്തവർക്ക് മറ്റു വിവിധ രംഗങ്ങളിലേക്കും ആവശ്യം നേരിടുന്നു. കൂടാതെ ചോദിക്കുക. കുറച്ച് സമയത്തേക്ക് ചിലർ തങ്ങളുടെ താല്പര്യം ഇന്നതിലാണെന്ന് പറയുന്നു. ചുരുങ്ങിയത് രണ്ടോ നാലോ എട്ടോ വർഷം പ്രസ്തുത ജോലി ചെയ്യാൻ അനുമതി ചോദിക്കാവുന്നതാണ്. അവർക്ക് അനുമതി ലഭിക്കുന്നു. എന്നാൽ വഖ്ഫു യഥാർഥത്തിൽ ജമാഅത്തിന് ആവശ്യമുള്ളത് ചെയ്യുക എന്നതിലാണ്.

ഒരു വാഖ്ഫെ നൗ: ഫെയ്സ് ബുക്ക് ഉപയോഗിക്കുന്നതിൽനിന്നും ഞങ്ങളെ വിലക്കാൻ കാരണമെ ന്താണ്?

ഹുദൂർ: ആരും നിഷിദ്ധമാക്കിയിട്ടില്ല. അതിൽ വളരെയധികം തിന്മകൾ വരുന്നു എന്നതു കൊണ്ടാണ് വിലക്കിയത്. നിങ്ങളിപ്പോൾ കുട്ടികളാണ്. നിങ്ങൾ ചെറുപ്പമായതുകൊണ്ട് മെല്ലെമെല്ലെ മറ്റുള്ളവർ നിങ്ങളെ വലയിലാക്കുന്നുണ്ടെന്ന് നിങ്ങൾക്ക് അറിയാൻ കഴിയില്ല. നിങ്ങളുടെ അറിവ് പൂർണമാകുന്നതുവരെ, നിങ്ങളുടെ ചിന്താധാര പാകമാകുന്നതുവരെ ഉപയോഗിക്കാതിരിക്കുക. അഹ്മദിയ്യാ ജമാഅത്തിന്റെ മഹശഹെമാ.ടിുഴ ഫെയ്സ് ബുക്കുമുണ്ട്. നമ്മുടെ പ്രസ് വിഭാഗം ഒരു ഫെയ്സ് ബുക്ക് ഉണ്ടാക്കിയിട്ടുണ്ട്. അതിൽനിന്ന് നിങ്ങൾ ഫലമെടുക്കുക. വ്യക്തിഗത ഫെയ്സ് ബുക്കിൽനിന്ന് വിലക്കിയത് അറിവില്ലാത്തതുകൊണ്ട് ചിലപ്പോൾ തെറ്റായ കൈകളിൽ ചെന്നുപെട്ട് വലയിലാക്കപ്പെടുന്ന തു കൊണ്ടാണ്. ഇപ്പോൾ ലോകത്ത് വളരെയധികം ഫെയ്സ് ബുക്ക് അക്കൗണ്ടുകളുണ്ട്. ലോകർക്കും ഇപ്പോൾ ഈ യാഥാർഥ്യം മനസ്സിലായി വരുന്നു. ഫെയ്സ് ബുക്കിൽ ചിലപ്പോൾ തിന്മകൾ വളരെ കൂടുതലാണെന്ന്. അതുകൊണ്ട് അമേരിക്കയിൽത്തന്നെ ഇക്കഴിഞ്ഞ ദിനങ്ങളിൽ ഏകദേശം 6 ലക്ഷം അക്കൗണ്ടുകൾ അടച്ചുപൂട്ടി. ഫെയ്സ് ബുക്ക് വളരെ കോട്ടമുണ്ടാക്കി എന്ന് പറഞ്ഞു കൊണ്ടാണ് ഇത് ചെയ്തത്. ഭൗതികർക്ക് മനസ്സിലായെങ്കിൽ ദീനിലുള്ള നമുക്ക് വളരെ പെട്ടെന്ന് മനസ്സിലാകേണ്ടതുണ്ട്. സന്ദേശമെത്തിക്കാനാണെങ്കിൽ അൽഇസ്‌ലാം ഫെയ്സ് ബുക്ക് ഉപയോഗിക്കുക.

ശേഷം ഹുദൂർ വഖ്ഫെ നൗ സിലബസ് പ്രകാരം പ്രായത്തിന് അനുസരിച്ചുള്ള ഭാഗം പൂർത്തിയാക്കിയ കുട്ടികളിൽനിന്ന് ഒന്നും രണ്ടും മൂന്നും സ്ഥാനം കരസ്ഥമാക്കിയവർക്ക് സമ്മാനം വിതരണം ചെയ്തു.

***വാഖ്ഫാത്തെ നൗ ജർമനി,***
***ഹുദൂറിനോടൊപ്പം***

വാഖ്ഫാത്തെ നൗ ക്ലാസ്

12-നും 15-നുമിടയിൽ പ്രായമുള്ള ഏകദേശം 300 വാഖ്ഫാത്തെ നൗ കുട്ടികൾ ഹുദൂറിനോടൊപ്പം ഈ ക്ലാസിന്റെ ഭാഗമായി. പ്രാർഥന എന്നതായിരുന്നു ക്ലാസ് വിഷയം

അസീസ നിദാ ഖാനിന്റെ തിലാവത്തോടുകൂടി ക്ലാസിന് തുടക്കം കുറിച്ചു. ഉർദു തർജമ അസീസ അമത്തുൽ ബാഖി മർസാ സമർപ്പിച്ചു. ശേഷം അസീസ ഖദീജ മസ്ഊദ് ഹദീഥ് അവതരിപ്പിച്ചു. തർജമ അസീസ സായിറാ വഹീദും കേൾപ്പിച്ചു:

ഹദ്റത്ത് സൽമാനുൽ ഫാരിസി(റ)വിവരിക്കുന്നു. നബി(സ)തിരുമേനി പറഞ്ഞു: അല്ലാഹു വളരെ ലജ്ജാശീലനാണ്. വളരെ ആദരണീയനും ദയാലുവുമാണ്. ദാസൻ അവന്റെ സവിധത്തിൽ ഇരുകൈകളും നീട്ടുമ്പോൾ അവൻ അവരെ വെറുംകൈയോടെ മടക്കുന്നതിൽ ലജ്ജിക്കുന്നു. അതായത് ആത്മാർഥ ഹൃദയത്തോടെ ചെയ്യുന്ന പ്രാർഥന അവൻ മടക്കികളയില്ല. പ്രത്യുത സ്വീകരിക്കുന്നു. (തുർമിദി, കിത്താബുദ്ദഅ്വാത്ത്)

അസീസ മനാഹിൽ നസീം, ഹദ്റത്ത് വാഗ്ദത്ത മസീഹ്(അ)ന്റെ ലിഖിതശകലം കേൾപ്പിച്ചു. ഹദ്റത്ത് വാഗ്ദത്ത മസീഹ്(അ)പറയുന്നു: ഓർത്തുകൊള്ളുക, ക്ഷമയിൽ അതിരു വിടുന്നതുവരെ, സ്ഥിരചിത്തതയോടെ പ്രാർഥനകളിൽ മുഴുകുന്നതുവരെ ഒരു വ്യക്തിക്കൊരിക്കലും പ്രാർഥന മുഖേന ഫലമെടുക്കാൻ സാധിക്കുകയില്ല. ഒരിക്കലും ദുർഭാവനയും ഊഹവും അല്ലാഹുവിനെ കുറിച്ച് വെച്ചു പുലർത്താതിരിക്കുക. എല്ലാ ശക്തികളുടേയും തീരുമാനങ്ങളുടേയും ഉടമസ്ഥനാണ് അവനെന്ന് ചിന്തിക്കുക. ദൃഢത കൈവരിക്കുക. തുടർന്ന് ക്ഷമയോടെ പ്രാർഥനകളിൽ മുഴുകുക. അല്ലാഹുവിന്റെ മുമ്പിൽ അവന്റെ പ്രാർഥനകൾ കേൾക്കുന്ന ആ നേരം വരും. അവന് മറുപടി നല്കുകും ചെയ്യും. ഈ കുറിപ്പടി ഉപയോഗിക്കുന്നവർ ഒരിക്കലും ഹതഭാഗ്യരോ വിലക്കപ്പെട്ടവരോ ആകുക സാധ്യമല്ല. എന്നല്ല, സുനിശ്ചിതമായും അവർ തങ്ങളുടെ ലക്ഷ്യത്തിൽ വിജയം പ്രാപിക്കുന്നു.(മൽഫൂദാത്ത്, ഭാഗം 2, പേജ് 2003)

ഹുദൂർ തുടർന്നു: അല്ലാഹു പ്രാർഥന സ്വീകരിക്കുന്നതിൽ നമ്മുടെ ആശങ്കയേയോ മോഹത്തേയോ പിന്തുടരണമെന്നില്ല. നോക്കുക! മക്കൾ, മാതാക്കൾക്ക് എത്ര പ്രിയപ്പെട്ടവരാണ്. ഒരു തരത്തിലുള്ള അല്ലലുകളും അവർക്കുണ്ടാകരുതെന്ന് അവർ ആഗ്രഹിക്കുന്നു. എന്നാൽ, കുട്ടികൾ അനാവശ്യമായി നിർബന്ധം കാണിക്കുകയും വാശിപിടിച്ച് കരഞ്ഞുകൊണ്ട് മൂർച്ചയുള്ള കത്തിയോ കത്തുന്ന തീക്കട്ടയോ ആവശ്യപ്പെടുകയും ചെയ്താൽ യഥാർഥ സ്നേഹവും ഹൃദയ വേദനയുമുള്ള മാതാക്കൾ കൈ കരിച്ചു കളയുന്ന തീക്കഷണമോ കൈ മുറിച്ചു കളയുന്ന കത്തിയോ തന്റെ കുട്ടിക്ക് നല്കാൻ തയ്യാറാകുമോ? ഒരിക്കലുമില്ല. ഈ തത്ത്വങ്ങളിലൂടെ പ്രാർഥനാ സ്വീകാര്യതയുടെ രഹസ്യം മനസ്സിലാക്കാൻ സാധിക്കുന്നതാണ്. ഇക്കാര്യത്തിൽ ഞാൻ തന്നെയും പരിചയമുള്ളവനാണ്. പ്രാർഥനയുടെ ഏതെങ്കിലും ഭാഗം, ദോഷകരമാണെങ്കിൽ അതൊരിക്കലും സ്വീകരിക്കപ്പെടുകയില്ല.(മൽഫൂദാത്ത്, ഭാഗം-1, പേജ് 67, 2003 പതിപ്പ്)

അതിനുശേഷം അസീസ സൽമാ ബുശ്റാ ഗേസ്‌ലർ, ഹദ്റത്ത് ഡോക്ടർ മീർ മുഹമ്മദ് ഇസ്മായീല് സാഹിബ്(റ) രചിച്ച പ്രാർഥനയെ കുറിച്ചുള്ള കവിത ആലപിച്ചു.

അസീസ മലീഹാ അഹ്മദ്, അത്വിയ്യത്തുൽ ക്കരീം, ഹിബ്ത്തുന്നൂർ, ദാനിയാ അഹ്മദ് ചിട്ട, അസീസ ഖൻസാ നവീദ് എന്നിവർ ദുആ സ്വീകാര്യതയുടെ നിബന്ധനകളെ ആധാരമാക്കി വിഷയങ്ങൾ അവതരിപ്പിച്ചു.

**അനുസരണം**

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്)പറയുന്നു:ഏതെങ്കിലും അഹ്മദിക്ക് ഖിലാഫത്തിന്റെ മഹിതസ്ഥാനത്തോടു ആദരവില്ലെങ്കിൽ, അതിനോട് സത്യസന്ധമായ പ്രേമമില്ലെങ്കിൽ, അനുരാഗത്തോടും കൂറോടുംകൂടിയുള്ള ബന്ധമില്ലെങ്കിൽ കേവലം സ്വന്തം ആവശ്യത്തിനുവേണ്ടി മാത്രം പ്രാർഥിക്കാൻ ഹാജരായാൽ അയാളുടെ ദുആ സ്വീകരിക്കപ്പെടുകയില്ല. അതായത്, കാലത്തിന്റെ ഖലീഫയുടെ പ്രാർഥനകൾ അയാളക്കുവേണ്ടി സ്വീകരിക്കപ്പെടുകയില്ല. നിഷ്കളങ്കതയോടെ ദുആക്കുവേണ്ടി എഴുതുന്നവർക്ക് വേണ്ടി ചെയ്യുന്ന ദുആ സ്വീകരിക്കപ്പെടും. താനെന്നും തന്നോട് പറയപ്പെടുന്ന സൽക്കർമങ്ങളിൽ അനുസരണം പുലർത്തുമെന്ന പ്രതിജ്ഞയിൽ സുസ്ഥിരരാണെന്ന് സ്വപ്രവൃത്തി മുഖേന അവർ തെളിയിക്കുന്നു. അത്തരം അനുസരണ ശീലരായ ദാസർക്കുവേണ്ടി ചില അവസരത്തിൽ നാം ആ കാഴ്ച കണ്ടിട്ടുണ്ട്. ഒരിക്കലല്ല, വിവിധ അവസരങ്ങളിൽ ആ കാഴ്ച നാം കണ്ടിട്ടുണ്ട്. പ്രാർഥനക്കുള്ള അപേക്ഷ എത്തുന്നതിനു മുമ്പേതന്നെ സ്വീകരിക്കപ്പെട്ടു. ഇവിടെ എഴുതുന്നേ ഉണ്ടായിരുന്നുള്ളൂ, അല്ലാഹു അയാളുടെമേൽ സ്നേഹത്തിന്റെ ദൃഷ്ടി ഇട്ടിരുന്നു. ദുആ സ്വീകരിക്കപ്പെട്ടു കഴിഞ്ഞിരുന്നു. ചിലപ്പോൾ ദുആ ചെയ്യപ്പെടുന്നതിനു മുമ്പേതന്നെ സ്വീകരിക്കപ്പെടുന്നു. അതുകൊണ്ട് ഇതൊരു മൂലതത്ത്വമാണ്. എന്നും അഹ്മദികൾ ഇതു മുന്നിൽ വെക്കേണ്ടതാണ്. ഹദ്റത്ത് മുഹമ്മദ്(സ)ന്റെ മേൽ സത്യഹൃദയത്തോടും സ്നേഹത്തോ

**• അല്ലാഹുവിന്റെ കലാം: •**

നീ ആദ്യമായി നിന്റെ അടുത്ത ബന്ധുക്കൾക്ക് മുന്നറിയിപ്പു നല്കുക. നിന്നെ പിന്തുടർന്ന സത്യവിശ്വാസികൾക്ക് നിന്റെ സ്നേഹത്തിന്റെ ചിറകു താഴ്ത്തിക്കൊടുക്കുക. (വിശുദ്ധ ഖുർആൻ 26:215 – 216)




tectona
feels more confidence
All Types Of Quality Furniture

ത്വാലിബെ ദുആ: Prop.M. SHAFIQ(8075212141),M.MUSTAFA (9188768150),M.MUNEER(9946871947) KARULAI, MALAPPURAM


**• അല്ലാഹുവിന്റെ കലാം: •**

'നബി(സ)തിരുമേനിയോടുള്ള സ്നേഹം വർധിക്കുന്നതിനും നവീകരിക്കുന്നതിനും എല്ലാ നമസ്കാരത്തിലും സ്വലാത്ത് ചൊല്ലുക എന്നത് നിർബന്ധമാണ്. ആ ദുആ സ്വീകാരത്തിന് ധൈര്യത്തിന്റെ ഒരു മാർഗം കരസ്ഥമാകാൻ!'(മൽഫുദാത്ത് വാള്യം 3, പേജ് 38)


ത്വാലിബെ ദുആ: T.A. SAJEER
AHMADIYYA JAMA-ATH, ALLEPPEY Ph:92497 38840

ടും സ്വലാത്ത് ചൊല്ലുകയാണെങ്കിൽ, കൂറിന്റെ ബന്ധം തന്റെ പ്രിയപ്പെട്ട നേതാവുമായി പുലർത്തുകയാണെങ്കില് നബി(സ)തിരുമേനി തന്റെ ഉമ്മത്തിനു ചെയ്ത എല്ലാ ദുആകളും എന്നും കേൾക്കപ്പെടുന്നതായിരിക്കും. ഖിലാഫത്തുമായി ഇത്തരത്തിലുള്ള ഒരു ബന്ധം അവർ പുലർത്തുകയാണെങ്കിൽ തികഞ്ഞ കൂറോടെ തന്റെ പ്രതിജ്ഞ നിറവേറ്റുകയാണെങ്കിൽ, അനുസരിക്കാൻ ശ്രമിക്കുകയാണെങ്കില് അവർക്കു വേണ്ടിയും ദുആകൾ സ്വീകരിക്കപ്പെടും. ചെയ്യപ്പെടാത്ത ദുആകളും സ്വീകരിക്കപ്പെടും. അയാളുടെ ഹൃദയാവസ്ഥ തന്നെയും ദുആയായി മാറും. (ജുമുഅ ഖുത്ബ, 16 ജൂലായ് 1982)

**സൃഷ്ടികളോടുള്ള കടമകൾ**

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ദുആ സ്വീകാര്യതയുടെ വലിയൊരു രഹസ്യം വിശദീകരിക്കുന്നു: ദൈവദാസന്മാരുടെമേൽ ആരെങ്കിലും ഔദാര്യത്തോടെയും കാരുണ്യത്തോടെയും പ്രവർത്തിച്ചാൽ അയാളുടെമേലും അല്ലാഹു കാരുണ്യം കാണിക്കും. ദുആ സ്വീകാര്യതയ്ക്ക് ഇതൊരു മാർഗമാണ്. പ്രാർഥിക്കുന്നതിനു മുമ്പേ ബുദ്ധിമുട്ടിലും പ്രയാസത്തിലുമുള്ള ഏതെങ്കിലും ഒരു വ്യക്തിയെ അന്വേഷിക്കുക. പ്രസ്തുത ബുദ്ധിമുട്ട് ശാരീരികമോ സാമ്പത്തികമോ അഭിമാനപരമോ വിഷമകരമോ ആകാം. ഏതു തരത്തിലുള്ളതുമാകാം. അത് നീക്കി കൊടുക്കാൻ നിങ്ങൾ ശ്രമിക്കുക. അതു നീങ്ങിപ്പോയാലും ഇല്ലെങ്കിലും നിങ്ങൾ അതിന് ഉത്തരവാദികളല്ല. നിങ്ങൾ ധൈര്യത്തോടെയും ക്ഷമയോടെയും ശക്തി ചെലുത്തുക. ശേഷം ദൈവത്തിന്റെ മുന്നിൽപോയി തന്റെ ലക്ഷ്യപൂർത്തീകരണത്തിന് പ്രാർഥിക്കുക. ഈ രീതിയിലുള്ള പ്രാർഥനയിൽ വലിയൊരു പരിധിവരെ ദുആ സ്വീകരിക്കപ്പെടുന്നതാണ്.

ദൈവദാസരുടെ ബുദ്ധിമുട്ടു നീക്കിക്കൊടുക്കാനെത്രമാത്രം ശ്രദ്ധ കൊടുക്കുമോ നിങ്ങളുടെ ബുദ്ധിമുട്ടു നീക്കിത്തരാൻ ദൈവവും അതിനേക്കാൾ കൂടുതൽ ശ്രദ്ധ നല്കുന്നതായിരിക്കും. (ജുമുഅ ഖുത്ബ 1916 ജൂലായ് 28, ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനീ(റ))

ഹദ്റത്ത് ഖലീഫത്തുൽമസീഹ് റാബിഅ്(റഹ്) 1994 ആഗസ്റ്റ് 12-ന് ചെയ്ത ജുമുഅ ഖുത്ബയിൽ പറയുന്നു:

ദൈവദാസന്മാരെ സഹായിക്കുന്നതിൽ മുഴുകി ഇരിക്കുന്നവർ ദുആ ചെയ്യാതിരുന്നാലും അല്ലാഹു അവരെ സഹായിക്കുന്നു. തന്റെ സഹോദരന്മാരുടേയും അടുത്ത ബന്ധുക്കളുടേയും അവസ്ഥകളെക്കുറിച്ച് അശ്രദ്ധ പുലർത്തുന്നവരുടെ പ്രാർഥനകൾ അതേ പരിധിവരെ ദുർബലമായി മാറുന്നു. അവരെ സാമ്പത്തികമായി ബുദ്ധിമുട്ടിക്കുന്നില്ലായിരിക്കാം. അവരോടു അവിശ്വാസപരമായി പെരുമാറുന്നില്ലായിരിക്കാം. പക്ഷേ, അവരുടെ ദുഖം കേവലം തങ്ങൾക്കുവേണ്ടി മാത്രം പരിമിതമാകുന്നു. തങ്ങളുടെ പ്രിയപ്പെട്ടവർക്കുവേണ്ടിയോ ചുറ്റിലുമുള്ളവർക്കുവേണ്ടിയോതെല്ലും ശ്രദ്ധ നല്കാതിരിക്കുന്നു. അതുകൊണ്ട് ദുആ സ്വീകാര്യതയുടെ അഗാധരഹസ്യം ഈ വിഷയത്തിലുണ്ട്. ദാസരോട് കാരുണ്യത്തോടു പെരുമാറാത്തവരോടു അല്ലാഹുവും കരുണ കാണിക്കില്ല. അവന്റെ പ്രാർഥന സ്വീകരിക്കുകയുമില്ല.

**ശുചിത്വവും പരിശുദ്ധിയും**

ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാനീ(റ) പറയുന്നു: ദുആ സ്വീകാര്യതയ്ക്ക് ഓർത്തു വെക്കേണ്ട ചില കാര്യങ്ങളുണ്ട്. പ്രാർഥനക്ക് മുമ്പേ സ്വന്തം വസ്ത്രങ്ങളും ശരീരവും ശുദ്ധമാക്കി വെക്കുക. പ്രാർഥിക്കുന്ന ഓരോ വ്യക്തിക്കും ഇത് മനസ്സിലാവാതിരിക്കുകയോ തോന്നാതിരിക്കുകയോ ചെയ്താലും ഇതിനെക്കുറിച്ച് അറിയുന്നവർക്ക് ഇതിൽ അനുഭവമുണ്ട്. അല്ലെങ്കിൽ ഉണ്ടാകാവുന്നതാണ്. മനുഷ്യൻ പ്രാർഥിക്കുമ്പോൾ അയാൾക്ക് ദൈവവുമായി ഒരു സാമീപ്യമുണ്ടാകുന്നു. അയാളുടെ ആത്മാവ് ദൈവ സവിധത്തിലേക്ക് ആകർഷിക്കപ്പെടുന്നു. ആത്മാവിന്റെ പരിശുദ്ധി ശരീരത്തിന്റെ ശുദ്ധിയുമായി ബന്ധപ്പെട്ട് കിടക്കുന്നതാണ്. ആത്മാവിന്റെ ശുചിത്വമില്ലായ്മ ശരീരത്തിന്റെ ശുചിത്വമില്ലായ്മയുമായി ബന്ധപ്പെട്ട് കിടക്കുന്നു. അതുകൊണ്ട് ശരീരം അശുദ്ധമാണെങ്കിൽ ആത്മാവും അതിന്റെ ശുചിത്വമില്ലായ്മയുടെ സ്വാധീനത്തിൽ വരുന്നതാണ്. ശരീരം ശുദ്ധമാണെങ്കിൽ ആത്മാവും അതിന്റെ പരിശുദ്ധിയുടെ സ്വാധീന വലയത്തിൽ വരുന്നു. ഇസ്‌ലാം എല്ലാ ആരാധനകളിലും ശുദ്ധിയുടെ നിബന്ധന അനിവാര്യമാക്കിയതിന്റെ കാരണവും ഇതുതന്നെയാണ്. സൂഫീവര്യന്മാർ പ്രാർഥനക്കുവേണ്ടി പ്രത്യേക വസ്ത്രം മാറ്റി വെക്കാറുണ്ടായിരുന്നു. അതിനെ നല്ലവണ്ണം വൃത്തിയാക്കി സുഗന്ധംപൂശി വെച്ചിരുന്നു. ദുആ സ്വീകാര്യതയ്ക്ക് ഇതും ഒരു മാർഗമാണ്. ദുആ ചെയ്യുന്നതിനു മുമ്പേ മനുഷ്യൻ തന്റെ വസ്ത്രങ്ങൾ വളരെ വൃത്തിയുള്ളതാണെന്ന് ഉറപ്പു വരുത്തണം. ഇപ്രകാരം പ്രാർഥന കൂടുതലായി സ്വീകാര്യ യോഗ്യമാകുന്നതായിരിക്കും. (ഖുത്ബ ജുമുഅ, ഹദ്റത്ത് ഖലീഫത്തുല് മസീഹ് ഥാനീ(റ)1916 ജൂലായ് 28)

**ക്ഷമയും പാപമോചനം**

ഹദ്റത്ത് ഖലീഫത്തുൽ അവ്വൽ(റ)പറയുന്നു:നബി(സ)തിരുമേനിയുടെ ജീവിതത്തിൽ ദൃഷ്ടി പായിക്കുമ്പോൾ അദ്ദേഹത്തിന്റെ അനക്കമടക്കവും ഇരുത്തവും ചലനവും ആഹരിക്കലും പാനം ചെയ്യലും നമസ്കാരവും വീട്ടിലേക്കുള്ള സാധനം വാങ്ങലും സംഭാഷണവും ചുരുക്കിപ്പഞ്ഞാൽ, എല്ലാ ഓരോന്നിന്റേയും തുടക്കം ദുആ കൊണ്ടുതന്നെയാണ് തുടങ്ങിയിരുന്നതെന്ന് കാണാം. അതുകൊണ്ട് ഓർത്തുകൊള്ളുക. ദുഖിതന്റെ ശാന്തിക്കും ദുർബല പ്രകൃതക്കാർക്കുള്ള വഴിവിളക്കും ഈ ദുആ തന്നെയാണ്. ദുആയോടൊപ്പം ദൈവം സഹനം ശീലിക്കാനും പഠിപ്പിക്കുന്നു. കാരണം, ചില അവസരങ്ങളിൽ ദൈവനിശ്ചയപ്രകാരം ദുആ സ്വീകാര്യതയിൽ താമസം നേരിടുന്നു. മനുഷ്യൻ അല്ലാഹുവിനെക്കുറിച്ച് ഈ സമയത്ത് ദുർഭാവനക്ക് വശംവദനാകുന്നു. ദുആയെക്കാളും അയാളിൽ സംശയങ്ങളും ദുർഭാവനയും ഉടലെടുക്കുന്നു. അതുകൊണ്ട് സ്ഥൈര്യം നിലനിറുത്തുന്നതിലും ദൈവത്തെ കുറിച്ച് സദ്വിചാരം പുലർത്തുക.

വീണ്ടും പറയുന്നു:പ്രാർഥനകൊണ്ടും പോപമോചനംതേടിക്കൊണ്ടും ലാ ഹൗല കൊണ്ടും പ്രവർത്തന നിരതരാകുക. പരിശുദ്ധരായ വ്യക്തികളുടെ ചങ്ങാത്തം സ്വീകരിക്കുക. തന്റെ സംസ്കരണത്തിനു വേണ്ടിയുള്ള ചിന്ത ദുഖിതരെപോലെ നിലനിറുത്തുക. ദുഖിതരുടെമേൽ ദൈവം കാരുണ്യം ചൊരിയുന്നു. അവരുടെ പ്രാർഥന അവൻ സ്വീകരിക്കുന്നു.(ഖുത്ബ ഈദുൽ ഫിത്ർ,1904 ഡിസംബർ 9)

അല്ലാഹുവിന്റെ സവിധത്തിൽ വിനീതമായ നിലയിൽ നമുക്കു ദുആ ചെയ്യാൻ അവൻ അവസരം ഒരുക്കിത്തരുമാറാകട്ടെ. സ്വീകാര്യ യോഗ്യമാക്കിത്തീർക്കുമാറാകട്ടെ. ആമീൻ.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് 2014 മെയ് 23-ന് ചെയ്ത ജുമുഅ ഖുത്ബയിൽ ദുആയേയും സഹനത്തേയും കുറിച്ചു പറയുന്നു:നമ്മൾ പരീക്ഷണത്തിലൂടെയും പ്രയാസത്തിലൂടെയും കടന്നു പോവുകയും അല്ലാഹുവിന്റെ മുമ്പിൽ കുനിഞ്ഞു അവന്റെ സഹായം തേടി ഓരോ പ്രാവശ്യം നീങ്ങുകയും ചെയ്യുമ്പോൾ പുരോഗതിയുടെ പുതിയ പുതിയ വഴികൾ നമുക്കു മുമ്പിൽ തുറക്കപ്പെടുന്നു. ഭൗതികരുടെ അക്രമങ്ങളും ബുദ്ധിമുട്ടുകളും നമുക്കുണ്ടാകുകയും ജീവനും ധനവും സമയവും അന്തസ്സും ത്യാഗം ചെയ്യുന്നതിനെതിരെ ക്ഷമ കാണിക്കുകയും ദൈവത്തിനു മുന്നിൽകുനിയുകയും ചെയ്യുന്നതിന്റെ ഫലമായി ദൈവിക വാഗ്ദാന പ്രകാരമുള്ള അനുഗ്രഹങ്ങളും വിജയവും പ്രാപ്തമാക്കാനുള്ള ഏറ്റവും നല്ല കുറിപ്പടി പ്രാർഥന തന്നെയാണ്. ഓരോ അഹ്മദിയും ദൈവത്തിൽ സമർപിക്കുന്നതിന്റെ യാഥാർഥ്യത്തെ കുറിച്ച് ബോധവാനായിക്കൊണ്ട് അതനുസരിച്ച് പ്രവർത്തിക്കാൻ തുടങ്ങിയാൽ എവിടെയെല്ലാം അവരുടെമേൽ ഞെരുക്കാവസ്ഥ സൃഷ്ടിക്കപ്പെടുന്നുവോ അവിടെയെല്ലാം അല്ലാഹുവിന്റെ അനുഗ്രഹത്താൽ ദുആകൾ മുഖേന അവ ധൂളീകരിക്കപ്പെടുന്നതാണ്. ഇൻശാ അല്ലാഹ്.

അസീസ അതിയ്യത്തുർറഹീം, നാഇമാ നായാബ് മിർസാ, ദാനിയാ അഫ്ളൽ, നാഇല മലിക്ക്, മാരിയാ ഗസീലർ ചേർന്ന് "നയേ അസ്മ്" എന്ന് തുടങ്ങുന്ന കവിത സംഘരൂപത്തിൽ അവതരിപ്പിച്ചു.

ശേഷം ഹുദൂർ 12-നും 15-നും ഇടയിലുള്ളവരുടേയും അതിന് മുകളിലുള്ളവരുടേയും പ്രായമനുസരിച്ച് വാഖ്ഫാത്തെ നൗ എത്ര പേരുണ്ടെന്ന് പരിശോധിച്ചു. ജിംനേഷ്യത്തിൽ പോകുന്ന കുട്ടികൾ എത്ര പേരുണ്ടെന്നും വിലയിരുത്തി. തുടർന്ന് ചോദ്യങ്ങൾക്കുള്ള അവസരമായിരുന്നു.

ഒരു വാഖ്ഫെ നൗ: ഹുദൂർ ആദ്യമായി അങ്ങയ്ക്കും പ്രിയപ്പെട്ട ആപ്പാ ജാനിനും മംഗളാശംസകൾ നേരുന്നു. അൽഹംദു ലില്ലാഹ്, അല്ലാഹു അങ്ങയ്ക്ക് പൗത്രനെ നല്കിയിരിക്കുന്നു.

ഹുദൂർ: ജസാക്കുമുല്ലാഹ്.

ഒരു വാഖ്ഫാ നൌ: കണ്ണാടി നോക്കുമ്പോഴുള്ള പ്രാർഥനയിൽ നമ്മുടെ സുന്ദരമുഖത്തെ പോലെ സ്വഭാവവും നന്നാക്കണമേ എന്നുണ്ട്. സുന്ദരമല്ലാത്ത മുഖമുള്ളവരുടെ കാര്യം എങ്ങെനെയായിരിക്കും എന്നതാണ് എന്റെ പ്രാർഥന.

ഹുദൂർ: അല്ലാഹു എങ്ങെനെയാണോ സൃഷ്ടിച്ചത് അതിനുള്ള നന്ദി പ്രകടിപ്പിക്കുക. അല്ലാഹു കൂടുതൽ മോശമായിട്ടൊന്നും സൃഷ്ടിച്ചിട്ടില്ല. ഒരിക്കൽ ബാസാറിൽ ഒരു വ്യക്തി നില്ക്കുന്നുണ്ടായിരുന്നു. അദ്ദേഹത്തിന്റെ മുഖം അത്ര സുന്ദരമല്ലായിരുന്നു. അദ്ദേഹത്തെ ജനം നല്ലവനാണെന്ന് കരുതിയിരുന്നില്ല. തന്റെ മുഖം സുന്ദരമല്ലെന്ന് അയാൾക്കു തന്നെയും അറിയുമായിരുന്നു. നബി(സ)തിരുമേനി പിന്നാലെ പോയി. അദ്ദേഹത്തിന്റെ കഴുത്തിലൂടെ കൈയിട്ട് തന്റെ കൈകൊണ്ട് മുഖം മറച്ചുപിടിച്ചു. അയാൾ തന്റെ ശരീരം ശക്തമായി നബിയുടെ ശരീരത്തോടു ഉരസാൻ തുടങ്ങിയപ്പോൾ നബി(സ)തിരുമേനി പറഞ്ഞു:എന്റെ ഈ സവിശേഷ വ്യക്തിയെ വാങ്ങാനാരുണ്ട്? അപ്പോൾ അയാൾ പറഞ്ഞു:എന്റെ ഈ വിരൂപരൂപത്തെ, ഒന്നിനും കൊള്ളാത്ത എന്നെ വാങ്ങാൻ ആരുണ്ടാകാനാണ്? എന്നെ ആര് ഇഷ്ടപ്പെടാനാണ്? നബി(സ)തിരുമേനി പറഞ്ഞു:അങ്ങെനെയല്ല, എനിക്ക് നിങ്ങളെ വളരെ ഇഷ്ടമാണ്. അതുകൊണ്ട് ആരുടെയെങ്കിലും മുഖം ഇത്തരത്തിലാണെങ്കിൽ, അല്ലാഹു അങ്ങനെ സൃഷ്ടിച്ചിട്ടുണ്ടെങ്കിൽ അതിനേക്കാൾ ഭയാനകമായ മുഖം ഉണ്ടാകാൻ സാധ്യതയുണ്ട് എന്നു കരുതി സന്തോഷിക്കുക. അല്ലാഹു നല്കിയത് എന്താണോ അത് തന്നെയാണ് നല്ലത്. നന്ദി പറയേണ്ടതാണ്. നന്ദി പറഞ്ഞാൽ അല്ലാഹു കൂടുതൽ നല്കുകയും ചെയ്യും.

ഒരു വാഖ്ഫെ നൗ:നമസ്കാരത്തിൽ ആനന്ദം എങ്ങനെ കരസ്ഥമാക്കാൻ സാധിക്കും?

ഹുദൂർ: നമസ്കാരത്തിന്റെ അർഥം നിങ്ങൾക്ക് അറിയേണ്ടതുണ്ട്. ചിന്തകളോടെ അത് നിർവഹിക്കുക. അറബി പദങ്ങൾ ശ്രദ്ധയോടെ ഉച്ചരിക്കുക. പിന്നീട് സുജൂദ് ചെയ്യുമ്പോൾ സ്വന്തം ഭാഷയിൽ പ്രാർഥിക്കുക. ഓരോരുത്തർക്കും

ഏതെങ്കിലും സവിശേഷ കാര്യമുണ്ടാകും. അതയാളുടെ ഹൃദയത്തിൽ വേദന സൃഷ്ടിക്കുന്നു. അതിനെ കുറിച്ച് ആലോചിച്ച് മനസ്സിൽകൊണ്ടു വരിക. വിദ്യാർഥിയാണെങ്കിൽ വിജയിക്കണമെന്ന ചിന്തയുണ്ടാകുമ്പോൾ നൊടിയിടയിൽ ഒരു വേദന ഉടലെടുക്കുന്നു. പിന്നീട് അല്ലാഹുവിന്റെ മുന്നിൽ കുനിയുക. തന്റെ പരീക്ഷയാണെന്നും വിജയിക്കണമെന്നും പറയുക. അതിൽ ഒരു ആനന്ദം വരാൻ തുടങ്ങുന്നു. പിന്നീട് മനുഷ്യൻ കരയുന്നു, വാവിട്ടു കരയുന്നു. അതേ ആനന്ദം അയാൾക്ക് ലഭിക്കാൻതുടങ്ങുന്നു. ഇതിനുശേഷം മെല്ലെ മെല്ലെ അതു ശീലമായി മാറുന്നു. പിന്നീട് അല്ലാഹുവിനോടുള്ള സ്നേഹം വളർത്താനുള്ള ചിന്തകൾക്കനുസരിച്ച്, അവനോടുള്ള സ്നേഹം കസ്ഥമാക്കാൻ ശ്രമിക്കുന്നതിനനുസരിച്ച് അവൻ കരയുകയും നിലവിളിക്കുകയും ചെയ്യുന്നു. ഹദറത്ത് വാഗ്ദത്ത മസീഹ് (അ) പറയുന്നു:നിങ്ങൾക്ക് നമസ്കാരത്തിൽ മറ്റൊന്നും വരുന്നില്ലെങ്കിൽ കരയുന്ന രൂപത്തിലുള്ള അവസ്ഥ സൃഷ്ടിക്കുക. നിർബന്ധിച്ച് ഈ അവസ്ഥ സൃഷ്ടിക്കുക. കാരണം, കരയുന്ന രൂപം സൃഷ്ടിച്ചുകൊണ്ട് ചില അവസരത്തിൽ കരച്ചിൽ വരുന്നു. പിന്നീട് മനുഷ്യൻ അതിൽ മെല്ലെ മെല്ലെ പുരോഗതി കൈവരിക്കുന്നു. ദുആ ചെയ്യുക, വേദനയോടെയുള്ള പ്രാർഥന ചിന്തയോടും ബോധ്യത്തോടും കൂടിയാകുമ്പോൾ ആനന്ദം കൈവരുന്നു. പ്രാർഥന വേണ്ടതാണ്, ഹൃദയ സാന്നിധ്യത്തോടെ വേണ്ടതാണ്. ഹൃദയത്തിൽനിന്നും പുറപ്പെടുമ്പോൾ ആനന്ദവും വരാൻ തുടങ്ങുന്നു.

ഒരു വാഖ്ഫെ നൗ: വഖ്ഫെ നൗ അല്ലാത്തവരിൽ ചിലർക്ക് വഖ്ഫെ നൗ ആകണമെന്ന ആഗ്രഹമുണ്ട്. അവർ എന്താണ് ചെയ്യേണ്ടത്?

ഹുദൂർ: അവരുടെ മാതാപിതാക്കൾ സ്വന്തം മക്കളെ മുമ്പേ വഖ്ഫു ചെയ്യേണ്ടതായിരുന്നു. തങ്ങളുടെ കുട്ടികളെ വഖ്ഫു ചെയ്തവർ അത് ചെയ്തത് ദീനിന് സേവനം ചെയ്യാൻ വേണ്ടിയാണ്. കുട്ടികൾ വലുതായി വിദ്യാഭ്യാസം കരസ്ഥമാക്കി ദീനിന് സേവനം ചെയ്യാൻ വേണ്ടിയാണ് വഖ്ഫ് ചെയ്തത്. ചിലർ ഡോക്ടർ ആയിക്കൊണ്ട് ദീനിന് സേവനം ചെയ്യാനാണ്. ചിലർ ടീച്ചറായിക്കൊണ്ടും ചിലർ ഭാഷകളിൽ നിപുണരായിക്കൊണ്ടും. ഇനി നിങ്ങൾ സ്വയം വഖ്ഫു ചെയ്തോളൂ. ദീനിന് വേണ്ടിയുള്ള സേവനത്തില് മുഴുകിക്കൊള്ളുക. അതുതന്നെ വഖ്ഫു ആയിക്കൊള്ളും. വഖ്ഫെ നൗവ്വിലുള്ളവരെ മാത്രമേ സ്വീകരിക്കുകയുള്ളൂ എന്നോ ബാക്കിയുള്ളവരുടെ സ്വീകരിക്കില്ലെന്നോ അല്ലാഹു എവിടേയും എഴുതിയിട്ടില്ല. ലോകത്ത് ധാരാളം മനുഷ്യർ ദീനിന് സേവനം ചെയ്യുന്നവരായി ഉണ്ട്. അവർ വഖ്ഫെ നൗ ഒന്നുമല്ല. ഞങ്ങളുടെ കാലത്ത് വഖ്ഫെ നൗ സ്കീം ഉണ്ടായിരുന്നില്ല. എന്നിട്ടും ഞങ്ങൾ വഖ്ഫ് ആയിരുന്നു.

വഖ്ഫെ നൗവ്വിന്റെ ടൈറ്റിൽ സ്വീകരിച്ചിട്ട് നമസ്കാരം കൃത്യമായി അനുഷ്ഠിക്കാതിരുന്നാൽ, വിശുദ്ധ ഖുർആൻ പാരായണം ചെയ്യാതിരുന്നാൽ, ദീനിന് സേവനം ചെയ്യാനുള്ള വികാരം ഇല്ലാതിരുന്നാൽ വഖ്ഫെ നൗ ആയിരുന്നിട്ടും

ഒരു ഫലവും നിങ്ങൾക്കുണ്ടാവില്ല. നിങ്ങൾ ചെയ്യുന്നത് ഒരു വഖ്ഫല്ല. അല്ലാഹുവിന്റെ അടുക്കൽ സ്വീകാര്യ യോഗ്യമേ ആവുകയില്ല. വഖ്ഫല്ലാത്ത മറ്റൊരു പെൺകുട്ടിയെ എടുക്കുക. അവൾ നമസ്കരിക്കുന്നു, ഖുർആൻ ഓതുന്നു. ദീനീ അറിവുകളും കരസ്ഥമാക്കുന്നു. അവൾ വഖ്ഫെ നൗവ്വിനേക്കാള് ശ്രേഷ്ടയാണ്.

ഒരു വാഖ്ഫെ നൗ:കുട്ടികളെ ജനിക്കുന്നതിനു മുമ്പേ വഖ്ഫു ചെയ്യുന്നതെന്തിനാണ്? ശേഷം എന്തുകൊണ്ട് ചെയ്തുകൂടാ?

ഹുദൂർ: ജനിച്ചതിനു ശേഷം വഖ്ഫു ചെയ്യുന്നതിൽനിന്നും ആരാണ് തടഞ്ഞത്. ആരും തടഞ്ഞിട്ടില്ല. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് നാലാമൻ തുടങ്ങിവെച്ച ഒരു പദ്ധതിയാണ് വഖ്ഫെ നൌ സ്കീം. ഹദ്റത്ത് മർയ(അ)ത്തിന്റെ മാതാവിന്റെ മാതൃകയും അവർ ചെയ്ത പ്രാർഥനയുംപോലെ മാതാപിതാക്കൾ പ്രാർഥിച്ചുകൊണ്ട് തങ്ങളുടെ മക്കളെ ജനിക്കുന്നതിനു മുമ്പേ വഖ്ഫു ചെയ്യുക. ജനിക്കുന്ന സമയത്തും അവർക്കുവേണ്ടി പ്രാർഥിക്കുക. തങ്ങൾക്ക് ലഭിച്ച കുട്ടി ദീനിന് സേവകരായിരിക്കട്ടെ. ജനിച്ചതിന് ശേഷവും നിരന്തരം കുട്ടിക്കുവേണ്ടി പ്രാർഥിച്ചുകൊണ്ടിരിക്കുക. അവരുടെ ശിക്ഷണവും ദീനിനുവേണ്ടി സേവനം ചെയ്യുന്ന വിധത്തിലാക്കുക. ജനനത്തിനുശേഷം മാതാപിതാക്കൾ നല്ല ശിക്ഷണം നല്കിയാൽ കുട്ടികൾ സ്വയം വഖ്ഫു ചെയ്യും. എന്നാൽ, വഖ്ഫെനൗ അല്ലാത്ത ധാരാളം കുട്ടികളും ജാമിആയിൽ പഠിക്കുന്നുണ്ട്. വ്യവസ്ഥാപിതമായി സ്വയം അവർ വഖ്ഫു ചെയ്ത് ജാമിആയിൽ പഠിക്കുന്നു. ചിലർ ജമാഅത്തിൽ മറ്റു സേവനവും ചെയ്യുന്നുണ്ട്.

ഒരു വാഖ്ഫെ നൗ:എനക്കൊരു സ്നേഹിതയുണ്ട്. അവൾ പറയുന്നത് രണ്ട് വിരലുകളിൽ അലയ്സല്ലായുടെ മോതിരം ധരിക്കരുതെന്നാണ്. കാരണം നബി(സ)തിരുമേനിയുടെ എതിരാളികൾ പ്രസ്തുത വിരലുകളിലാണ് മോതിരം ധരിച്ചിരുന്നത്. നമ്മൾ ഏതു വിരലിലാണ് മോതിരം ധരിക്കേണ്ടത് എന്നതാണ് എന്റെ ചോദ്യം.

ഹുദൂർ: ഏതു വിരലിലാണോ പൂർണമായും പ്രവേശിക്കുന്നത് അതിൽ ധരിക്കുക. ആരും തടഞ്ഞിട്ടില്ല. ചിലർക്ക് ഞാൻ മോതിരം നല്കാറുമുണ്ട്. ചിലർക്ക് വിരൽ വലുതായിരിക്കും. ഏത് വിരലിലാണോ ഇടാൻ സാധിക്കുന്നത് അതിൽ ധരിക്കാൻ പറയാറുണ്ട്. വെറുതേ കഥകൾ മെനഞ്ഞിരിക്കുകയാണ്. അല്ലാഹുവിനുവേണ്ടി സാക്ഷ്യം പറയുമ്പോൾ ചൂണ്ടുവിരൽ ഉയർത്തുന്നു. അല്ലാഹുവിനുവേണ്ടി സാക്ഷ്യം പറയുന്നത്ര പ്രാധാന്യമുള്ള ഈ വിരലിൽ അല്ലാഹുവിന്റെ നാമം വെക്കാൻ സാധിക്കില്ലേ? ഇത് അത്ഭുതപ്പെടുത്തുന്ന തമാശയാണ്.

ഒരു വാഖ്ഫെ നൗ: ഹുദൂർ ഇന്നലെ നമ്മുടെ മസ്ജിദ് ദാറുൽ അമാൻ ഉദ്ഘാടനം ചെയ്തിരുന്നു. ഇമാം സാഹിബ് പുരുഷന്മാരുടെ ഭാഗത്ത് നമസ്കരിപ്പിക്കുമ്പോൾ സ്ത്രീകളുടെ ഭാഗത്ത് ശബ്ദം വരുന്നത് നിലച്ചാൽ ഈ അവസ്ഥയിൽ ഞങ്ങൾക്കെന്താണ് ചെയ്യാൻ സാധിക്കുക?

ഹുദൂർ: സ്വന്തമായി നമസ്കാരം നിർവഹിക്കുക. നിങ്ങളുടെ മസ്ജിദിൽ സ്ത്രീകളുടെ ഭാഗം ഒരു സ്ക്രീൻ വെച്ചാണ് തിരിച്ചിട്ടുള്ളത്. അതുകൊണ്ട് മൈക്കിലൂടെയുള്ള ശബ്ദ തടസമുണ്ടായാലും ശബ്ദം വരുമല്ലോ.

ഒരു വാഖ്ഫെ നൗ: ഒരു വാഖ്ഫാ നൗ പെൺകുട്ടിക്ക് പോലീസിൽ ചേരാൻ സാധിക്കുമോ?

ഹുദൂർ: നമുക്ക് പോലീസിൽ വാഖ്ഫാ നൌവ്വിന്റെ ആവശ്യമില്ല. പോലീസിൽ അത്രയും ആവശ്യം വരാൻ അഹ്മദി അത്തരത്തിലുള്ള കുറ്റം ചെയ്യാറില്ല. നിങ്ങൾ പോലീസിൽ പോകുമ്പോൾ പോലീസിന് വേണ്ടി പ്രത്യകം ട്രെയിനിംഗ് കോളേജൊന്നുമില്ല. നിങ്ങൾക്ക് പുരുഷന്മാരോടൊപ്പംതന്നെ ട്രെയിനിംഗ് എടുക്കേണ്ടി വരും. അവരുടെ വസ്ത്രം ധരിക്കേണ്ടിവരും. യൂണിഫോം ധരിക്കേണ്ടി വരും. നിങ്ങളുടെ പർദയും ഇല്ല. ഹിജാബും ഇല്ല. ലജ്ജയും ഉണ്ടാവില്ല. അതുകൊണ്ട് കേവലം വഖ്ഫെ നൗവ്വിന്റെ മാത്രം പ്രശ്നമല്ല. ഒരു അഹ്മദി സ്ത്രീക്കും പോലീസിൽ ചേരേണ്ട ആവശ്യകത ഇല്ല.

ഒരു വാഖ്ഫെ നൗ:ഹുദൂർ അങ്ങ് പ്രസംഗങ്ങൾ സ്വയം തയ്യാറാക്കുകയാണോ? മാറ്റാരെക്കൊണ്ടെങ്കിലും എഴുതിക്കുകയാണോ?

ഹുദൂർ: എന്റെ പ്രസംഗങ്ങൾ ഞാൻ സ്വയം എഴുതുന്നു. തയ്യാറാക്കുന്നു. മറ്റാർക്കും ഇതിന്റെ അറിവ് തന്നെയുണ്ടാകില്ല. ഞാൻ അവസാന സമയത്ത് പ്രസംഗം എഴുതി പോകലാണ്. അല്ലെങ്കിൽ കുറിപ്പുകൾമാത്രം കൊണ്ടു പോകുന്നു. പ്രസംഗസ്ഥലത്ത് വിഷയം തയ്യാറാക്കുകയാണ് ചെയ്യുന്നത്. എന്റെ നോട്ടുകൾ എനിക്കല്ലാതെ മറ്റാർക്കും വായിക്കാനും കഴിയില്ല. മറ്റാർക്കും എനിക്ക് പ്രസംഗം എഴുതി തരാനും സാധിക്കില്ല. ചില ഗ്രന്ഥങ്ങളുടെ റഫറൻസുകൾ ഞാനെടുക്കാറുണ്ട്. പ്രൈവറ്റ് സെക്രട്ടറിയോട് അതിന്റെ പ്രിന്റ് ഔട്ട് എടുത്തുതരാന് പറയുന്നു. ചില അവസരങ്ങളിൽ അതും ചെയ്യാറില്ല. ഗ്രന്ഥങ്ങളിലെ ഭാഗങ്ങൾ എഴുതിയെടുക്കുകയാണ് ചെയ്യാറുള്ളത്.

ഒരു വാഖ്ഫെ നൗ: സീറത്തുന്നബി ജൽസ എന്തുകൊണ്ട് നമ്മൾ ആഘോഷിക്കുന്നില്ലെന്ന് എന്നോടു ചിലർ ചോദിക്കാറുണ്ട്; നമ്മൾ മസീഹ് മൗഊദ് ദിനവും ഖിലാഫത്ത് ദിനവും മുസ്‌ലിഹ് മൗഊദ് ദിനവും ആഘോഷിക്കുന്നതുപോലെ.

ഹുദൂർ: നമ്മൾ ആഘോഷിക്കുന്നില്ലെന്ന് ആരാണ് പറയുന്നത്? അനഹ്മദികൾ തുടങ്ങി വെച്ച ദിനത്തിൽ നമ്മൾ മീലാദുന്നബി ജൽസാ നടത്താറില്ല. സീറത്തുന്നബി ജൽസ തുടങ്ങിയതുതന്നെ അഹ്മദികളാണ്. ഇതിനു മുമ്പേ ഇതില്ലായിരുന്നു. ഹിന്ദുക്കളും ക്രൈസ്തവരും നബി(സ) തിരുമേനിക്കു മേൽ ആക്ഷേപങ്ങളുന്നയിക്കാൻ തുടങ്ങിയപ്പോൾ ആദ്യമായി വാഗ്ദത്ത മസീഹ് (അ) മുന്നോട്ടുവന്നു കൊണ്ട് അവർക്കു മറുപടി നല്കി. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ കാലഘട്ടത്തിൽ ജൾസകൾ തുടങ്ങി. ഖാദിയാനിൽ ചില അവസരങ്ങളിൽ ജൽസയോടൊപ്പം പ്രകടനവും സംഘടിപ്പിക്കാറുണ്ടായിരുന്നു. പ്രകടനംകൊണ്ട് ഉദ്ദേശിക്കുന്നത് നബിയുടെമേൽ സ്വലാത്ത് ചൊല്ലിക്കൊണ്ട് ആളുകൾ തെരുവിലൂടെ നീങ്ങുമായിരുന്നു. അതുകൊണ്ട് ഈ ജൽസ നമ്മൾ സംഘടിപ്പിക്കുന്നു. നമ്മൾ തന്നെയാണ് ഇതിനു തുടക്കം കുറിച്ചതും. മറ്റുള്ളവർ മീലാദുന്നബി ഒറ്റ ദിവസംകൊണ്ട് തീർക്കുന്നു. ചില കാര്യങ്ങൾ പറഞ്ഞ് വിട്ടുകളയുന്നു. പ്രവർത്തിക്കില്ല. നമ്മൾ വർഷം മുഴുവനും സീറത്തുന്നബി ജൽസ സംഘടിപ്പിക്കുന്നു. ജർമനിയിൽ എല്ലായിടത്തും ആഘോഷിക്കുന്നു.

മറ്റെല്ലാവരെക്കാളുമധികം നമ്മളാണ് നബി(സ) തിരുമേനിക്കെതിരിൽ ഉയരുന്ന ആക്ഷേപങ്ങൾക്ക് മറുപടി നല്കുന്നത്. ഡെന്മാർക്കിൽ കാരട്ടൂൺ പ്രശ്നമുണ്ടായപ്പോൾ ഏതെങ്കിലും മുസ്‌ലിം പ്രസിഡന്റോ രാജാവോ അവരുടെ പണ്ഡിതന്മാരോ മറുപടി നല്കിയിരുന്നോ? ഞാൻ തന്നെയാണ് നല്കിയത്. ഏറ്റവുമാദ്യം മുമ്പോട്ടുവരികയും മറുപടി നല്കുകയും ചെയ്തു. ഇതു സംബന്ധമായി ചില ഖുത്ബകൾ തുടർച്ചയായി നല്കിയിരുന്നു. കൂടാതെ പലപ്പോഴും ഉയരുന്ന ആക്ഷേപങ്ങൾക്ക് മറുപടിയും നല്കുന്നു. എനിക്ക് മുമ്പേയുള്ള ഖലീഫമാരും ഇതുപോലെ മറുപടി നല്കിയിരുന്നു. ഇപ്പോൾ ഞാനെത്ര ഖുത്ബ നല്കിയോ നൈജീരിയയിലെ പത്രങ്ങൾ അതിന്റെ ഭാഷാന്തരം നടത്തി അവിടെ പ്രസിദ്ധീകരിക്കുന്നു. നബി(സ)തിരുമേനിയുടെ ചരിത്രം അനാവരണം ചെയ്യുന്ന ഇത്രയം നല്ല മറുപടി തങ്ങൾക്ക് എവിടെ നിന്നും കിട്ടിയിട്ടില്ലെന്നും നമ്മളെല്ലാവരും ഇത് പഠിക്കണമെന്നും അവർ എഴുതുകയുണ്ടായി. ജനങ്ങൾ നമ്മളിലൂടെ പഠിക്കുന്നു. നമ്മൾ ആഘോഷിക്കുന്നില്ലെന്ന് നിങ്ങൾ പറയുകയും ചെയ്യുന്നു. നമ്മൾ വളരെയധികം ആഘോഷിക്കുന്നു. വർഷത്തിലൊരിക്കൽ മാത്രമല്ല നമ്മൾ സീറത്തുന്നബി ആഘോഷിക്കുന്നത്. നമ്മൾ പറയുന്നത് എല്ലാ സമയത്തും ആഘോഷിക്കാനാണ്. എണ്ണിയെണ്ണി നമ്മുടെ പ്രിയപ്പെട്ടവരെ സ്മരിക്കുന്നതിനുപകരം നിരന്തരം സ്മരിക്കുക.

ഒരു വാഖ്ഫെ നൗ: പക്വമായ പ്രായം നോമ്പെടുക്കാൻ അനിവാര്യമാണ്. ഏതു പ്രായം മുതലാണ് നോമ്പെടുക്കേണ്ടത്.

ഹുദൂർ: ഇപ്പോൾ നിങ്ങൾ വിദ്യാർഥികളാണ്. വളർച്ചയുടെ കാലമാണ്. അതുകൊണ്ട് നോമ്പെടുക്കരുത്. എന്നാൽ, ഒന്നോ അരയോ എടുത്ത് നോമ്പിന്റെ ശീലം ഉണ്ടാക്കേണ്ടതാണ്. പതിനേഴോ പതിനെട്ടോ വയസ്സാകുമ്പോൾ നോമ്പെടുക്കേണ്ടതാണ്. എന്നാൽ, ഈ സമയത്തും പരീക്ഷയുണ്ടെങ്കിൽ വലിയ പ്രശ്നമോ അസ്വസ്ഥതയോ ഉണ്ടെങ്കിൽ നീണ്ട നോമ്പു പിടിക്കാൻ സാധിക്കില്ലെങ്കിൽ പ്രസ്തുത നോമ്പ് പിന്നീട് പൂർത്തിയാക്കുക. എന്നാൽ, നോമ്പുപിടിക്കുന്നതിലെന്തെങ്കിലും ഉപായം കണ്ടെത്താൻ നോക്കരുത്. പതിനെട്ടു വയസ്സ് എന്നത് പക്വമായ പ്രായമാണ്. ഇതിൽ നോമ്പെടുക്കേണ്ടതാണ്. അതിന് മുമ്പേതന്നെ നോമ്പെടുക്കുന്ന ശീലം ഇടേണ്ടതാണ്.

ഒരു വാഖ്ഫെ നൗ: പെൺകുട്ടികൾക്കുവേണ്ടി എന്തുകൊണ്ടാണ് ജാമിഅ ഇല്ലാത്തത്?

ഹുദൂർ: നമുക്ക് അത്രയധികം സൗകര്യങ്ങൾ വരുമ്പോൾ പെൺകുട്ടികൾക്കുവേണ്ടിയും തുറക്കുന്നതാണ്. ആദ്യം ആൺകുട്ടികളുടേത് പൂർത്തീകരിക്കട്ടെ. പെൺകുട്ടികൾക്കു വേണ്ടി റബ്വയിലുണ്ട്. ഉദാഹരണമായി ആഇശാ അക്കാഡമി. പെൺകുട്ടികൾ ഇവിടെനിന്ന് മതപരമായ വിദ്യ നേടുന്നു. വിശുദ്ധ ഖുർആൻ ഹൃദിസ്തവുമാക്കുന്നു. കാനഡക്കാരും ആഇശാ അക്കാഡമി തുറന്നു കഴിഞ്ഞു. അവിടേയും മതവിദ്യ നല്കപ്പെടുന്നു. അവരുടെ ആദ്യ ബാച്ച് വിജയിച്ചു കഴിഞ്ഞു. 2 വർഷത്തെ മതവിദ്യാ കോഴ്സാണിത്. വിശുദ്ധ ഖുർആനിന്റെ ഹിഫ്ള് ക്ലാസും നടക്കുന്നു. ജർമനിക്കാരും സൗകര്യങ്ങളുണ്ടായാൽ തുറക്കുന്നതാണ്.

ഒരു വാഖ്ഫെ നൗ: ഈ വർഷം ഞങ്ങൾ ഇന്ത്യയിലും പോയിട്ടാണ് വന്നത്. ഞങ്ങൾ ബയ്ത്തുദ്ദുആയിൽപോയിരുന്നു. അവിടെ ഫോട്ടോ എടുക്കാൻ അനുവാദമില്ലാത്തത് എന്തുകൊണ്ടാണ്?

ഹുദൂർ: ചിലർ ചിലയവസരത്തിലെടുക്കുന്നു. പിന്നീട് ചിലരാകട്ടെ ബിദ്അത്തുകളിലേക്ക് കടക്കുന്നു. അവ അവസാനിപ്പിക്കേണ്ടതുണ്ട്. ബയ്ത്തുദ്ദുആയുടെ ചിത്രം നമ്മുടെ കലണ്ടറിലോ ഗ്രന്ഥങ്ങളിലോ ഉണ്ട്. ജനങ്ങൾ ദുആ ചെയ്യാൻ വേണ്ടി നില്ക്കുന്നു. മറ്റു കാര്യങ്ങളൊന്നുമില്ല. നിഷിദ്ധമല്ല.

ഒരു വാഖ്ഫെ നൗ: അഹ്മദിയ്യാ ജമാഅത്തിന്റെ ശരിയായ അർഥമെന്താണ്?

ഹുദൂർ: നിങ്ങൾ ആൺകുട്ടികളും പെൺകുട്ടികളും ഒരുപോലെയുള്ള ചോദ്യം എന്തിനാണ് ചോദിക്കുന്നത്? ഓരോ പത്തു വർഷം കൂടുമ്പോൾ ഭരണകൂടം ജനസംഖ്യ കണക്കാക്കുന്നു. പുരുഷന്മാരും സ്ത്രീകളും കുട്ടികളും പഠിച്ചവരും വിവിധ മതക്കാരും തുടങ്ങി എല്ലാവരുടേയും ഡാറ്റ എടുക്കുന്നു. ഇതിനെ കാനേഷുമാരി എന്നാണ് പറയുന്നത്. 1901-ൽ ഇന്ത്യയിൽ ഇതു നടന്നിരുന്നു. അഹ്മദികൾ അവരുടെ സമൂഹനാമം അഹ്മദീ മുസ്‌ലിമീങ്ങൾ എന്നെഴുതാൻ വാഗ്ദത്ത മസീഹ് (അ) നിർദ്ദേശിച്ചു. മുസ്‌ലിമീങ്ങളിൽനിന്നും അഹ്മദികളെ വേർതിരിച്ച് അറിയാൻവേണ്ടി. കാരണം, അഹ്മദ് എന്ന നാമം നബി(സ)തിരുമേനിയുടേതു കൂടിയാണ്. മുഹമ്മദെന്നും അഹ്മദെന്നും നബിക്കു നാമമുണ്ട്. അഹ്മദ് എന്ന നാമത്തിന്റെ പ്രഭാവം വാഗ്ദത്ത മസീഹിന്റെ കാലഘട്ടത്തിൽ കൂടുതലായി ഉണ്ടാകും. അതായത് മൃതുലതയോടും സ്നേഹത്തോടുംകൂടി ഇസ്‌ലാമിന്റെ സന്ദേശം എത്തിക്കപ്പെടും. ഇതു തന്നെയായിരുന്നു വാഗ്ദത്ത മസീഹിന്റെ ദൗത്യവും. അതുകൊണ്ട് നമ്മൾ അഹ്മദി എന്ന് രേഖപ്പെടുത്തുന്നു. തദ്വാര നമ്മൾ ഇസ്‌ലാമിന്റെ സന്ദേശം സ്നേഹത്തോടെ നിർവഹിച്ച് പോവുക. ഇതര മുസ്‌ലിമീങ്ങളിൽനിന്നും നമ്മുടെ വ്യത്യാസം തിരിച്ചറിയപ്പെടും. കാരണം, ഹദീഥുകളിലും വന്നിട്ടുണ്ട്. വാഗ്ദത്ത മസീഹ് വരുമ്പോൾ യുദ്ധങ്ങൾ അവസാനിപ്പിക്കുമെന്ന് ബുഖാരിയിലുമുണ്ട്.

ഒരു വാഖ്ഫെ നൗ: തുർക്കി ദേശക്കാരുടെ ഈദ് നമ്മളെക്കാൾ ഒരു ദിവസം മുമ്പേ ആകാൻ കാരണമെന്താണ്?

ഹുദൂർ: തുർക്കിക്കാരോടു ചോദിക്കുക എന്തിന് ചെയ്യുന്നു എന്ന്! നമ്മൾ പിറനോക്കിയാണ് ആഘോഷിക്കുന്നത്. തുർക്കികളുടെ ഈദ് ഒരു ദിവസം മുമ്പേ ആകുന്നത് ചന്ദ്രനെ നോക്കാതെ ആഘോഷിക്കുന്നതുകൊണ്ടാണ്. നമ്മൾ പിറനോക്കിയാണ് പെരുന്നാൾ കൊണ്ടാടുന്നത്. ഇവിടുത്തെ പിറ ആർക്കും ദൃശ്യമാകാറില്ല. അതുകൊണ്ട് കണക്കുകൂട്ടി നമ്മൾ നിശ്ചയിക്കുന്ന ഈദുനാളിനു മുമ്പേ ഇവിടെ പിറ കാണുക സാധ്യമേയല്ല. അതുകൊണ്ട്, നമ്മൾ വളരെ ആലോചനക്കുശേഷം പിറ കാണുക സാധ്യമാണോ എന്ന് നോക്കുന്നു. പിറ കാണുമെങ്കിൽ ഈദാഘോഷിക്കുന്നു. പിറ കാണുന്നില്ലെങ്കിൽ കണക്കുക്കൂട്ടി കാണാൻ സാധ്യതയുള്ള ദിവസം നോക്കി പിറ ആഘോഷിക്കുന്നു.

ഒരു വാഖ്ഫെ നൗ: എന്റെ അടുക്കൽ ഒരു തുർക്ക് സ്നേഹിതയുണ്ട്. വുളു എടുക്കുന്നതിനു മുമ്പേ നൈൽപോളിഷ് ചെയ്യാറില്ലെന്ന് അവര് പറയാറുണ്ട്. നൈൽപോളിഷ് അവർ ഇളക്കി കളയുന്നു.

ഹുദൂർ: ഇതിന്റെ അർഥം അവർ വർഷത്തിലൊരിക്കൽ നമസ്കരിക്കുന്നു എന്നാണ്. അഞ്ച് പ്രാവശ്യം നൈൽപോളിഷ് ചെയ്ത് അഞ്ച് പ്രാവശ്യം അത് ഇളക്കി കളയുക എന്നത് സാധ്യമായ കാര്യമല്ല. കൈ നനയുകയും വൃത്തിയാകുകയും ചെയ്യുന്നതിനാണ് വുളു എടുക്കുന്നത്. വായ നനയുകയും വൃത്തിയാകുകയും ചെയ്യുക. തൊണ്ട വൃത്തിയാകുക. കൈയും കാലും വൃത്തിയായാൽ അതിന്റെ ഓരോ ഭാഗവും വൃത്തിയായിട്ടുണ്ട്. നൈൽപോളിഷ് ചെയ്യുമ്പോൾ ആ ഭാഗം സീലാകുന്നു. നഖത്തിനും നൈൽപോളിഷിനുമിടയിൽ വായു പ്രവേശിക്കില്ലല്ലോ. ഇതിന്റെ അർഥം നൈൽപോളിഷിന്റെ മുകളിലുള്ള അഴുക്ക് വൃത്തിയാകുന്നതിനാൽ നമസ്കരിക്കാൻ അനുവാദമുണ്ടെന്നാണ്. പോളിഷ് ഇളക്കി കളയേണ്ട ആവശ്യമില്ല.

ഒരു വാഖ്ഫെ നൗ: ജർമനിയിൽ താമസിക്കുന്ന ഭൂരിപക്ഷം പേരും അഹ്മദിയാകുന്ന നാൾ നമുക്കോ നമുക്കുശേഷം വരുന്നവർക്കോ കാണാൻ സാധിക്കുമോ? ആ നാളെന്നാണ് വരിക?

ഹുദൂർ: അത് അല്ലാഹുവിനേ അറിയുകയുള്ളൂ. എനിക്ക് ദീർഘദർശനം ചെയ്യാൻ കഴിയില്ല. എന്നാൽ, ഇൻശാ അല്ലാഹ് തീർച്ചയായും അതു വരും. ഇപ്പോൾ നിങ്ങളെത്ര ദുആകൾ ചെയ്യുന്നു. എത്ര ശ്രമങ്ങൾ നടത്തുന്നു. പ്രവർത്തന രംഗത്ത് സ്വന്തം അവസ്ഥകളിൽ എത്ര മാറ്റം വരുത്തിയട്ടുണ്ട്. നല്ല മാതൃകകളെത്ര പുലർത്തുന്നുണ്ട്. എല്ലാവരും പ്രാർഥിക്കാൻ തുടങ്ങിയാൽ ഇൻശാ അല്ലാഹ് ആ നാൾ വരും. പെട്ടെന്നുതന്നെവരും. എന്നാൽ, ലോകത്ത് ചില പ്രഭാവങ്ങൾ ആരംഭമായിട്ടുണ്ട്. ഓരോ വർഷവും ലക്ഷക്കണക്കിന് ബയ്അത്തുകൾ നടന്നുവരുന്നു. ചെറിയ ചെറിയ അളവിൽ അല്ലാഹു കാണിക്കുന്നത് അതിനുവേണ്ടിയാണ്. ഇനി നിങ്ങളുടെ ദുആകൾക്ക് അനുസരിച്ചിരിക്കും. നിങ്ങളുടെ ദുആകൊണ്ട് ഉദ്ദേശിച്ചത് ജമാഅത്ത് പൂർണമായും ദുആ ചെയ്യുക എന്നാണ്. ഒരു വാഖ്ഫെ നൗ: ഒരു ഹദീഥിൽ നബി(സ) തിരുമേനി പറയുന്നു:സ്വയം ചക്രവർത്തി എന്ന് മനസ്സിലാക്കുന്ന ഒരാൾവരും. അയാളുടെ ഒരു കണ്ണ് പ്രകാശിക്കും. മറ്റേ കണ്ണ് അന്ധമായിരിക്കും.

ഹുദൂർ: ശരിയാണ്. ദജ്ജാലിനെ കുറിച്ചുള്ള ഹദീഥാണ് അത്. വളരെ നീണ്ട ഹദീഥാണ്. ഒരു കണ്ണ് അന്ധമായിരിക്കും. ഒരു കണ്ണ് വളരെ തുറന്നിട്ടുണ്ടാകും. ഇത് ദജ്ജാലിനെ കുറിച്ചുള്ളതാണ്. ദജ്ജാൽ വെളിപ്പെടുമ്പോൾ അവൻ വളരെ വലിയ ശക്തിയായിരിക്കും. അയാൾ ദീനിന്റെ കാര്യങ്ങൾ മനസ്സിലാക്കുകയില്ല. അവന്റെ ദീനിനെ കാണാനുള്ള വലതു കണ്ണ് അന്ധമായിരിക്കും. ഭൗതിക ലോകത്തെ കാണാനുള്ള ഇടതുകണ്ണ് കൊണ്ട് അവൻ നോക്കുന്നു. അവനെ മനസ്സിലാക്കുന്നതിന് കഹ്ഫ് എന്ന അധ്യായം വായിക്കുക. അതിന്റെ തർജമയോടൊപ്പം ഫൂട്ട് നോട്ടുമുണ്ട്. അതും വായിക്കുക. നിങ്ങൾക്ക് മനസ്സിലാകും.

ഒരു വാഖ്ഫെ നൗ: വാഖ്ഫെ നൗ കുട്ടികൾക്ക് പ്രൈമറി അധ്യാപികയാകാൻ സാധിക്കുമോ?

ഹുദൂർ: ആകാവുന്നതാണ്. ഇവിടെ പഠിക്കാൻ ശ്രമിക്കുന്നതിനു പകരം സ്കാർഫ് ധരിക്കാൻ അനുമതി നല്കുന്ന സ്ഥലത്ത് പ്രവേശനം നേടുക. അനുമതി ലഭിക്കുന്നില്ലെങ്കിൽ നിങ്ങളുടെ സ്കാർഫ് നിർബന്ധിച്ച് അഴുപ്പിക്കുകയാണെങ്കിൽ പഠനത്തിനുശേഷം സ്കൂൾഗേറ്റിന് പുറത്ത് വരുമ്പോൾ നിങ്ങളുടെ തലയിൽ സ്കാർഫ് വേണ്ടതാണ്.

ഒരു വാഖ്ഫെ നൗ: സ്വർഗം മാതാക്കളുടെ കാല്ക്കീഴിലാണെന്ന ഒരു ഹദീഥുണ്ട്.

ഹുദൂർ: എല്ലാ ആൺകുട്ടികളും പെൺകുട്ടികളും ഒരേപോലെയുള്ള ചോദ്യങ്ങൾ ഒരുമിച്ചു കൂട്ടിയിട്ടുണ്ട്. ഇതിന്റെ മറുപടി ഞാൻ ആൺകുട്ടികൾക്ക് നല്കിയിട്ടുണ്ട്. അവിടുന്ന് കേൾക്കുക.

ഒരു വാഖ്ഫെ നൗ: വാപ്പമാരുടെ കാൽക്കീഴിലെന്തുകൊണ്ട് സ്വർഗമില്ല.

ഹുദൂർ: ഏതോ ഒരു സ്വഹാബി നബി(സ)തിരുമേനിയോടു ആരുടെ കടമയാണ് തന്റെ മേൽ അധികമായുള്ളതെന്ന് ചോദിച്ചു. മാതാപിതാക്കളിൽ ആരോടാണ് കൂടുതൽ കടപ്പാടുള്ളതെന്നതാണ് ഉദ്ദേശിച്ചത്. നിന്റെ മാതാവിനോടു എന്ന് ആ മഹാത്മാവ് പ്രതിവചിച്ചു. പിന്നീട് ആരെന്ന് ചോദിച്ചു. നിന്റെ മാതാവെന്ന് നബി(സ)തിരുമേനി പ്രതിവചിച്ചു. വീണ്ടും ആരെന്ന് ചോദിച്ചപ്പോഴും മാതാവാണെന്ന് അറിയിച്ചു. നാലാമത്തെ പ്രാവശ്യം ചോദിച്ചപ്പോൾ നിന്റെ പിതാവെന്നും നബി(സ)തിരുമേനി മറുപടി നല്കി. കാരണം മാതാവ് കുട്ടികളെ പ്രസവിക്കുന്നു. കുട്ടിക്ക് വേണ്ടി വേദനകൾ സഹിക്കുന്നു. പ്രയാസങ്ങൾ സഹിക്കുന്നു. അവനെ പരിപാലിക്കുന്നു. പിതാവ് പുറത്തെ കാര്യങ്ങളിൽ മുഴുകുന്നു. അധികവും വീട്ടിലുണ്ടാകുന്നത് മാതാവാണ്. കുട്ടികളുടെ കൂടുതൽബന്ധം മാതാവിനോടൊപ്പമാണ്. പരിപാലനത്തിന്റെ അധിക സമയവും മാതാവിനോടൊപ്പമാണ് കഴിഞ്ഞുപോകുന്നത്. അതുകൊണ്ട് മാതാവ് നല്ല ശിക്ഷണം നൽകുമ്പോൾ അതറിയണമല്ലോ. കുട്ടി സ്വർഗത്തിൽ പോകും. മാതാവ് നല്ല ശിക്ഷണം നല്കാതിരുന്നാൽ ദുഷ്പ്രവർത്തനം കാരണത്താൽ നരകത്തിലേക്കും പോകും.

ഒരു വാഖ്ഫെ നൗ: വീട്ടിൽ സ്ത്രീകൾമാത്രം ഉള്ളപ്പോൾ ജമാഅത്തായ നമസ്കാരത്തിന് നേതൃത്വം നല്കാൻ സ്ത്രീകൾക്ക് അനുവാദമുണ്ടോ?

ഹുദൂർ: അതെ, നിർവഹിക്കാവുന്നതാണ്.

ഒരു വാഖ്ഫെ നൗ: നമ്മൾ പിരിച്ചെടുക്കുന്ന സ്വദഖകളിൽനിന്ന് അടിയന്തിര സാഹചര്യത്തിൽ നമുക്ക് ഉപയോഗിക്കാൻ സാധിക്കുമോ?

ഹുദൂർ: അടിയന്തിര സഹാചര്യം വന്നാൽ മാറ്റിക്കൊള്ളുക. എന്നാൽ, പിന്നീടത് തിരികെ വെക്കുക. മറ്റാരോടെങ്കിലും ചോദിക്കുന്നതിനുപകരം അല്ലാഹുവിനോടു അവന്റെ പങ്കിൽനിന്നും എടുത്തുകൊണ്ട് ചോദിക്കുക. എടുത്തതിനുശേഷം പെട്ടെന്നുതന്നെ അത് തിരിച്ചു വെക്കുക.(തുടരും)

(അവലംബം:ബദ്ർ ഉർദു പത്രം, 2014. ജൂലായ് 17)

# മലക്കുകളുടെ അസ്തിത്വത്തെ സംബന്ധിച്ച ആക്ഷേപങ്ങളും അതിനുള്ള മറുപടിയും

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)

ഇനി ഞാൻ മലക്കുകളെ സംബന്ധിച്ചുള്ള ആക്ഷേപങ്ങൾക്കു മറുപടി നല്കാം.

മലക്കുകളുണ്ടെങ്കിൽ അവരെ നമുക്ക് എന്തുകൊണ്ടു കാണാൻ സാധിക്കുന്നില്ല എന്നതാണ് ആദ്യത്തെ ആക്ഷേപം. കേട്ടാൽ ചിരിവരുന്ന ആക്ഷേപമാണിത്. കാരണം, നമുക്കു കാണാൻ സാധിക്കാത്ത നൂറുകണക്കിനു വസ്തുക്കൾ ലോകത്തുണ്ട്. എന്നിട്ടും ജനങ്ങൾ അവയിൽ വിശ്വസിക്കുന്നു. മധുരം ആർക്കെങ്കിലും കാണാനാവുമോ എന്നു ഞാൻ ചോദിച്ചാൽ നാവുമായി ബന്ധപ്പെട്ട ആ സംഗതി കാണാനാവില്ലെന്നേ അതിനെക്കുറിച്ച് പറയാനാകൂ. ഇനി ശബ്ദം ആർക്കെങ്കിലും കാണാൻ കഴിയുമോ എന്നു ചോദിച്ചാൽ അതു കാതുമായി ബന്ധപ്പെട്ടതാണെന്നേ പറയുകയുള്ളൂ. കാഠിന്യവും മൃദുലതയും കാണാൻ കഴിയുമോ എന്നു ചോദിച്ചാൽ അതു സ്പർശനവുമായി ബന്ധപ്പെട്ടതാണെന്നാണു പറയുക. ഇനി സുഗന്ധവും ദുർഗന്ധവും കാണാൻ കഴിയുമോ എന്നു ചോദിച്ചാൽ അതു മൂക്കുമായി ബന്ധപ്പെട്ടതാണെന്നേ പറയൂ. അപ്പോൾ ഒരു വസ്തുവിനെ കാണുന്നതിലൂടെ മാത്രമല്ല അതിന്റെ സാന്നിധ്യം മനസ്സിലാകുന്നതെന്ന് ഈ ഉത്തരങ്ങളിൽനിന്നു ഗ്രഹിക്കാം. മറ്റ് ഇന്ദ്രിയങ്ങളിലൂടെയും നാം അവയുടെ സാന്നിധ്യം മനസ്സിലാക്കുന്നുണ്ട്. ഇനി ഞാൻ ചോദിക്കട്ടെ, കാറ്റിനെ ആരാണ് കണ്ടിട്ടുള്ളത്? കാറ്റടിക്കുമ്പോൾ അറിയുന്നുവെന്നല്ലാതെ അതു ദൃശ്യമല്ല. മറ്റു കഴിവുകളും ഇതു പോലെയാണ്. ഉദാഹരണമായി ഓർമ്മശക്തി. ആരാണ് ഇതിനെ രുചിച്ചുകൊണ്ടോ മണത്തുകൊണ്ടോ കണ്ടുകൊണ്ടോ വിശ്വസിക്കുന്നത്? അതു ചെലുത്തുന്ന പ്രഭാവങ്ങളി ലൂടെയാണ് അതിനെക്കുറിച്ച് അറിയാൻ സാധിക്കുന്നത്. അപ്പോൾ ചില വസ്തുക്കളെ കാണാതെ മറ്റു മാർഗങ്ങളിലൂടെയും അവയുടെ സാന്നിധ്യം വിശ്വസിക്കപ്പെടുന്നുണ്ട് എന്നു മനസ്സിലാകുന്നു. അവ ചെലുത്തുന്ന സ്വാധീനങ്ങളെ കണ്ടുകൊണ്ടാണ് വിശ്വസിക്കപ്പെടുന്നത്. ഇതുപോലെ, മലക്കുകളും അവയുടെ സ്വാധീനം മുഖേനയാണ് വിശ്വസിക്കപ്പെടുന്നത്. അവരെ കണ്ടേ മതിയാവൂ എന്നില്ല. അവർ ചെലുത്തുന്ന പ്രഭാവങ്ങളിലൂടെയാണ് അവർ അറിയപ്പെടുന്നത്.

രണ്ടാമത്തെ ആക്ഷേപത്തെക്കുറിച്ച് അതു പണ്ഡിതന്മാരുടെ പ്രബലമായ ആക്ഷേപമാണെന്നാണു പറയപ്പെടുന്നത്. ഇതിനെക്കാൾ വലിയ മറ്റൊരു അജ്ഞതയില്ലെന്നാണ് എനിക്കു പറയാനുള്ളത്. ആക്ഷേപം ഇതാണ്: ദൈവത്തിന് മലക്കുകളുടെ ആവശ്യം ഉള്ളതു കൊണ്ടാണോ അവൻ അവരെ സൃഷ്ടിച്ചത്? ദൈവം മലക്കുകളുടെ സ്രഷ്ടാവാണെന്നു ഞങ്ങൾ പറയുന്നു. ഒരു വസ്തുവിന്റെ സ്രഷ്ടാവ് അതിന്റെ ആശ്രിതനാകാവതല്ല. ദൈവം മലക്കുകളെ മറ്റെവിടെനിന്നെങ്കിലും കൊണ്ടു വരുമ്പോഴെ അവൻ ആശ്രിതനെന്ന് പറയപ്പെടുകയുള്ളൂ. എന്നാൽ, ദൈവം അവരെ സ്വയം സൃഷ്ടിക്കുകയാണ് ചെയ്യുന്നത്. പിന്നെങ്ങനെ അവരുടെ ആശ്രിതനാകും? അന്യവസ്തുക്കളാണെങ്കിൽ ആശ്രയിക്കുന്നുവെന്നു പറയാം. സ്വന്തം അധീനതയിൽ ഉള്ളതിനെ ആശ്രയിക്കുക എന്നു പറയില്ല. ദൈവം മലക്കുകളെ സ്വയം സൃഷ്ടിച്ചതിനാൽ അവൻ അവരുടെ ആശ്രിതനാകുന്നില്ല. അതുകൊണ്ടുതന്നെ ഈ ആക്ഷേപം തികഞ്ഞ അജ്ഞതയാണ്.

രണ്ടാമതായി, ഈ ആക്ഷേപത്തെ ഇങ്ങനെയും ഖണ്ഡിക്കാവുന്നതാണ്: ഭൗതിക ലോകത്ത് എല്ലാ വസ്തുവിനും മാധ്യമങ്ങൾ നിശ്ചയിക്കപ്പെട്ടിരിക്കുന്നതായി നാം കാണുന്നു. മലക്കുകളിൽ വിശ്വസിക്കുമ്പോൾ ദൈവത്തെ ആശ്രിതനെന്നു വിശ്വസിക്കേണ്ടി വരുമെന്നു പറയുന്നവർ ഭക്ഷണം കഴിക്കുമ്പോൾ വയറു നിറയുമെന്നത് ദൈവിക നിയമമാണെന്നു വിശ്വസിക്കുന്നവരാണ്. ഭക്ഷണം കഴിച്ചാൽ വയറു നിറയുമെന്ന നിയമം വെയ്ക്കുന്നതിലൂടെ മനുഷ്യന്റെ വയറു നിറയുന്നതിനെ ദൈവം ആശ്രയിക്കുകയാണോ എന്നാണ് ഞങ്ങൾ ചോദിക്കുന്നത്. അതുപോലെ തന്നെയാണ് രോഗങ്ങളും. മരുന്നിലൂടെ ദൈവം രോഗം ഭേദമാക്കുന്നു. ദൈവം മരുന്നിനെ ആശ്രയിച്ചുവെന്നു വരുമോ? അതുപോലെ വെളിച്ചം നല്കാൻ ദൈവം സൂര്യനെ സൃഷ്ടിച്ചു. ദൈവം സൂര്യനെ ആശ്രയിച്ചതാണോ? ഭൗതികവ്യവസ്ഥയിൽ മാധ്യമങ്ങളെ നിശ്ചയിച്ചാൽ ആശ്രിതനാകാത്ത ദൈവം ആത്മീയ വ്യവസ്ഥയിൽ മലക്കുകളെ മാധ്യമമായി നിശ്ചയിക്കുന്നതുകൊണ്ട് ആശ്രിതനാകുന്നതെങ്ങനെ?

ഈ ആക്ഷേപത്തിനുള്ള മൂന്നാമത്തെ ഖണ്ഡനം ഇതാണ്: ഏതു മാധ്യമം കൂടാതെയാണോ ഒരു പ്രവൃത്തിയും ചെയ്യാനാവാത്ത സ്ഥിതി വരുന്നത് ആ മാധ്യമം ലോകത്ത് ന്യൂനത പ്രകടിപ്പിക്കുന്നു. സ്വന്തം അധീനതയിലും നിയന്ത്രണത്തിലുമുള്ള മാധ്യമങ്ങൾ ന്യൂനതയില്ലാത്തതായിരിക്കും. ഉദാഹരണമായി ഒരാൾ മറ്റൊരാളോട് ദേഷ്യം കാരണത്താൽ മിണ്ടാതിരിക്കുന്നു. എന്നാൽ ആ വ്യക്തിയെക്കുറിച്ച് വേറൊരാളോട് ഇന്നയാൾ തന്റെ വീട്ടിൽ വരുതെന്ന് അയാൾ പറയുന്നു. അപ്പോൾ തന്നോടു മിണ്ടാത്തതുകൊണ്ട് ഇയാൾ ഊമയാണെന്ന് ആദ്യത്തെ വ്യക്തി പറയുമോ? ഇല്ല. അതു തെറ്റായ ആക്ഷേപമായിരിക്കും. കാരണം, അയാൾ മറ്റുള്ളവരോടു സംസാരിക്കുന്നുണ്ട്. ഇനി അല്ലാഹു മലക്കുകളെ സൃഷ്ടിച്ചിരിക്കുന്നത് മാർഗോപാധി കൾകൂടാതെയാണോ എന്നു നോക്കാം. അവരെ അങ്ങനെയാണ് സൃഷ്ടിച്ചതെങ്കിൽ അല്ലാഹു മാധ്യമങ്ങൾകൂടാതെയും സൃഷ്ടിക്കുമെന്ന് മനസ്സിലാക്കാം. എന്നാൽ മലക്കുകൾക്ക് അവൻ തന്റെ ഏതോ യുക്തിജ്ഞാനത്തിനു കീഴിലാണ് മാധ്യമം നിശ്ചയിച്ചിരിക്കുന്നത്. മലക്കുകളെ ഭൗതികമാർഗോപാധികളില്ലാതെയാണ് സൃഷ്ടിച്ചതെങ്കിൽ അവരെ നിശ്ചയിച്ചിരിക്കുന്നതും ഒരു യുക്തിജ്ഞാനത്തിന്റെ അടിസ്ഥാനത്തിലാണെന്ന് മനസ്സിലാക്കാം. അല്ലാതെ, ദൈവം ആശ്രിതനാണെന്നോ അവരെകൂടാതെ അവന് ഒന്നും ചെയ്യാൻ സാധിക്കില്ലെന്നോ അല്ല.

നാലാമത്തെ മറുപടി ഇതാണ്: മലക്കുകളെ നിശ്ചയിക്കുന്നതിനെ നിങ്ങൾ ആശ്രയമെന്നു വിളിക്കുന്നു. എന്നാൽ ഞങ്ങൾ അതിനെ യുക്തി എന്നാണ് വിളിക്കുന്നത്. ജ്ഞാനവൈപുല്യവും അവയുടെ അദൃശ്യകാരണങ്ങളും ആ കാരണങ്ങളുടെ ആധിക്യവുമാണ് മലക്കുകളെ നിശ്ചയിക്കുന്നതിലടങ്ങിയിരിക്കുന്ന തത്ത്വരഹസ്യം. ഉദാഹരണമായി, ജ്വരഹരിയിൽ അടങ്ങിയിരിക്കുന്ന ഗുണം ഗോപ്യമായിരുന്നില്ലെങ്കിൽ അതിനെപ്പറ്റി ഉണ്ടായിട്ടുള്ള വൈജ്ഞാനികാഭിവൃദ്ധി ഉണ്ടാകുമായിരുന്നില്ല. ആയതിനാൽ അറിവിന്റെ വളർച്ചയ്ക്ക് ഗോപ്യമായ വശങ്ങൾ ഉണ്ടായിരിക്കേണ്ടതും അനിവാര്യമാണ്. അദൃശ്യഘടകങ്ങളില്ലാതെ പുരോഗതിയുണ്ടാകില്ല. കാരണം, പൂർണ്ണമായി ജ്ഞാനം വെളിപ്പെട്ട സംഗതിക്ക് പുരോഗതി എങ്ങനെയുണ്ടാകാനാണ്? അതുകൊണ്ടാണ് ജ്ഞാനാഭിവൃദ്ധിക്കുവേണ്ടി അദൃശ്യമായ ഏർപ്പാടുകളും ദൈവം വെച്ചിരിക്കുന്നത്. ആ അദൃശ്യസംഗതികൾ കണ്ടുപിടിക്കുംതോറും അറിവ് അഭിവൃദ്ധിപ്പെട്ടുകൊണ്ടേ പോകുന്നു. അതു കണ്ടെത്താൻ ചെയ്യുന്ന അധ്വാനവും പ്രയത്നവും അനുസരിച്ച് പ്രയോജനവും പ്രശസ്തിയും കൈവരുന്നു. പനി വെറുതെ ഭേദമാകുമായിരുന്നെങ്കിൽ അതിന്റെ കാര്യകാരണങ്ങളിൽ ഗാഢമായി ചിന്തിച്ച് അതിനുള്ള ചികിത്സയായി ജ്വരഹരി കണ്ടെത്തിയ ഡോക്ടറും മറ്റുള്ളവരും തമ്മിൽ എന്തു വ്യത്യാസമാണുണ്ടാവുക? അറിവിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ഈ പുരോഗതി എങ്ങനെയുണ്ടാകും? ഗോപ്യമായ കാര്യകാരണങ്ങൾ ലോകത്ത് അഭിവൃദ്ധിയും അന്തസ്സും ലഭിക്കാനുള്ള മഹത്തായ മാർഗങ്ങളാണ്. ഇവയില്ലെങ്കിൽ പുരോഗതി നേടാനോ ഉന്നതസ്ഥാനം കൈവരിക്കാനോ സാധിക്കില്ല.

ആത്മീയതയുടെ അവസ്ഥയും ഇതു തന്നെയാണ്. മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് ആത്മീയാഭിവൃദ്ധി കരസ്ഥമാക്കാനാണല്ലോ. ഇതിനായി ആത്മീയമാർഗോപാധികൾ ഗോപ്യമാക്കിവെച്ചിട്ടുണ്ട്. അവയെ ഉപയോഗപ്പെടുത്തുന്നവന് അനുഗ്രഹവും പദവിയും ലഭിക്കുന്നു. ആ ഗോപ്യമാക്കൽ പുരോഗതിക്ക് വളരെ അനിവാര്യമാണ്. ഇക്കാരണം കൊണ്ട് ഗോപ്യമായ മാർഗോപാധികളെ അംഗീകരിക്കുന്നപക്ഷം ദൈവം അവയുടെ ആശ്രിതനാണെന്ന് അംഗീകരിക്കേണ്ടി വരുമെന്നു പറയുന്നത് ശരിയല്ല. ഗുപ്തമായ മാർഗോപാധികളുണ്ട് എന്നത് ദൈവം ആശ്രിതനാണെന്നല്ല തെളിയിക്കുന്നത്. മറിച്ച്, മനുഷ്യപുരോഗതി ഈ ഗുപ്തമായ മാർഗോപാധികളെയാണ് ആശ്രയിച്ചിരിക്കുന്നത് എന്നാണ്. ഭൂമിയിൽ നിശ്ചിത പരിധിവരെ കുഴിച്ചാൽ ജലം ലഭിക്കുമെന്ന നിയമം വെച്ചിരിക്കുന്നത് അല്ലാഹു അതിനെ ആശ്രയിച്ചിരിക്കുന്നത് കൊണ്ടല്ല. മറിച്ച്, നല്ല കർഷകനാകാനും നല്ല വിളവ് ഉണ്ടാക്കാനും ആഗ്രഹിക്കുന്നവൻ ഇക്കാര്യങ്ങളെ ആശ്രയിച്ചിരിക്കുന്നു എന്നതുകൊണ്ടാണ്. കൃഷിഭൂമിയിലെ നല്ല വിളവെടുപ്പ് അധ്വാനത്തെയും അറിവിനെയും അടിസ്ഥാനപ്പെടുത്തിയായിരുന്നില്ലെങ്കിൽ ഒരു കർഷകനും മറ്റുള്ളവരുടെമേൽ മേന്മയുണ്ടാകുമായിരുന്നില്ല. തന്മൂലം സംജാതമാകുന്ന മുന്നേറാനുള്ള ആത്മാവു തന്നെ അപ്രത്യക്ഷ്യമായി പോവുന്നു.

രണ്ടാമതായി, ഗുപ്തമായ മാർഗോപാധികൾ ഇല്ലായിരുന്നെങ്കിൽ ദൈവത്തിന്റെ പ്രഭാവം ജനങ്ങൾക്കു വെളിപ്പെടുകയോ അവന്റെ ശക്തിപ്രഭാവത്തെ അവർ വിലമതിക്കുകയോ ചെയ്യുമായിരുന്നില്ല. എല്ലാ സംഗതികളും മുമ്പേതന്നെ അറിഞ്ഞാൽ ദൈവികപ്രഭാവം ജനങ്ങളിൽ വെളിപ്പെടുന്നതെങ്ങനെ? മനുഷ്യൻ ഒരു സംഗതിയെക്കുറിച്ച് അന്വേഷിക്കു ന്നതിനനുസരിച്ച് നവംനവങ്ങളായ കാര്യങ്ങൾ അവൻ കണ്ടെത്തുന്നതിലൂടെയാണ് അതു പ്രകടമാകുന്നത്. ഇങ്ങനെ വരുമ്പോൾ അവനു ദൈവത്തിന്റെ ശക്തിപ്രഭാവം അംഗീകരിക്കേണ്ടി വരുന്നു. ആയതിനാൽ ഗുപ്തമായ മാർഗോപാധികളുടെ സൃഷ്ടിപ്പ് ദൈവത്തിന്റെ ആശ്രയത്വത്തെയല്ല പ്രകടമാ

EDITOR
H.Shamsuddin
Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail :badarmalayalam@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551
ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian
Distt. Gurdaspur (Pb.) INDIA Qadian - 143516
POSTAL REG NO GDP-44/2023-2025 Vol-9 Thursday 9-16 May 2024 Issue-19-20

MANAGER
Sheik Mujahid
Mobile: 91 9915379255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 600/- (Per Issue : Rs. 12.00/-) (**WEIGHT** - 20-50 gms/issue)

ക്കുന്നത്. മറിച്ച് അവ മനുഷ്യന്റെ സംസ്കരണത്തിനും ഉന്നമനത്തിനും ഗുണത്തിനും വേണ്ടിയുള്ളതാണ്.

ഈ ഗുപ്തമായ മാർഗോപാധികൾ കണ്ടെത്തുന്നതുമൂലം ലഭ്യമാകുന്ന പുരോഗതിയുടെയും ആദരവിന്റെയും അവസാന കണ്ണികളാണ് മലക്കുകൾ. നബി(സ)തിരുമേനിക്ക് വളരെ വിപുലമായ നിലയിലാണ് ഈ മാർഗോപാധികൾ പ്രകടമായത്. തിരുമേനിക്കു ലഭിച്ചത്ര പുരോഗതി മറ്റാർക്കും ലഭിച്ചിട്ടില്ല. വാഗ്ദത്ത മസീഹി(അ)നും ഇതുപോലെ മാർഗോപാധികൾ വെളിപ്പെടുകയുണ്ടായിട്ടുണ്ട്. അദ്ദേഹത്തിനും ഉന്നതമായ ആദരവും പദവിയും ലഭിക്കുകയുണ്ടായി. പിന്നീട് എനിക്കും അവർ മുഖാന്തരം ഈ മാർഗങ്ങൾ വെളിപ്പെടുകയും ആദരവും സ്ഥാനവും അല്ലാഹു തന്നരുളുകയും ചെയ്തു. പദവികളിലുള്ള ഈ വ്യതിരിക്തത ഇല്ലായിരുന്നെങ്കിൽ എല്ലാവരും ഒരുപോലെ ആകുമായിരുന്നു. ചുരുക്കത്തിൽ, ഗുപ്തമായ മാർഗോപാധികൾ വെളിപ്പെടുന്നതനുസരിച്ചാണ് പദവികൾ ലഭിക്കുന്നത്.

കാര്യം പൊതുവെ പ്രകടമാവുകയും കാരണം മറഞ്ഞിരിക്കുകയുമാണ് ചെയ്യുന്നത് എന്നതിൽ സംശയമില്ല. ആ മറഞ്ഞിരിക്കുന്നതിനെ കണ്ടെത്താൻ മനുഷ്യന് കഠിനാധ്വാനം ചെയ്യേണ്ടി വരുന്നു. അതുമുഖേന അവനു പുണ്യവും ജ്ഞാനവർദ്ധനവും ലഭിക്കുകയും അവന്റെ താത്പര്യം വർദ്ധിക്കുകയും ചെയ്യുന്നു. മറഞ്ഞ കാര്യങ്ങളോടുള്ള മനുഷ്യന്റെ താത്പര്യം അവന്റെ നൈസർഗികസ്വഭാവമാണ്. മരുന്നുകളുടെ പ്രഭാവവും അവയുടെ കണ്ടെത്തലുകളും ഈ ഗണത്തിൽ പെടുന്നു. ഈ മാർഗങ്ങൾ കണ്ടെത്തുന്നതിലാണ് മനുഷ്യന്റെ സ്ഥാനമാനങ്ങൾ നിലകൊള്ളുന്നത്. ആയതിനാൽ, മനുഷ്യന്റെ ആന്തരികജ്ഞാനം വർദ്ധിക്കുന്നതിനും, പ്രയത്നത്തിലും കഠിനധ്വാനത്തിലും വ്യത്യാസം ഉണ്ടാകുന്നതിനും, ആത്മീയമനുഷ്യൻ പരസ്പരം മൽസരിച്ച് ശ്രേഷ്ഠത കൈവരിക്കുന്നതിനും, പരസ്പരം മുന്നേറാനുള്ള അവസരം ലഭിക്കുന്നതിനും, അതിസൂക്ഷ്മമായ ജ്ഞാനങ്ങൾ കൈവരിച്ച് ദൃഢജ്ഞാനത്തിൽ പുരോഗതിയും താത്പര്യവും വർദ്ധിപ്പിക്കുന്നതിനും, അല്ലാഹുവിന്റെ അപരിമിതമായ ശക്തിപ്രഭാവങ്ങൾ വെളിപ്പെടുന്നതിനും ഗുപ്തമായ ആത്മീയമാർഗോപാധികൾ അനിവാര്യമാണ്. അല്ലാഹു തന്റെ അസ്തിത്വത്തെ മറച്ചുവെയ്ക്കുന്ന സംവിധാനത്തെ ഉദാത്തമായി സൃഷ്ടിക്കുകയും അവന്റെ അസ്തിത്വത്തെ പ്രകടമാക്കുന്ന സംവിധാനത്തെ പരിമിതപ്പെടുത്തുകയും ചെയ്യുക എന്നത് സംഭവ്യമാകുന്നതെങ്ങനെ? അതുകൊണ്ട് മാർഗോപാധികളെ ആശ്രയിക്കുന്ന ചോദ്യം തന്നെ ഉയരുന്നില്ല.

THE WEEKLY
AL HAKAM
www.alhakam.org

(പേജ് 2ൽനിന്ന്)

ഉപദേശക്കുകയാണ്. അഹ്മദിയ്യ ജമാഅത്തിനോടു എപ്പോഴും കൂറുള്ളവരായിരിക്കുക. മുസ്‌ലിം ടെലിവിഷൻ അഹ്മദിയ്യ കാണുക. കൃത്യമായി എന്റെ ഖുത്ബകൾ കേൾക്കുക. അത് മനസ്സിലാക്കാൻ ശ്രമിക്കുക. എതുകാര്യത്തിലേക്കാണോ ഞാൻ വഴികാട്ടുന്നത് അവ പിൻപറ്റുക. ഇന്ന് ഇസ്‌ലാമിന്റെ പ്രചാരണവും ലോകസമാധാനവും ഖിലാഫത്ത് വ്യവസ്ഥിതി പിൻപറ്റി പ്രവർത്തിച്ചെങ്കിലെ കരസ്ഥമാക്കാൻ സാധിക്കുകയുള്ളു. ഞാൻ നിങ്ങളെ ഉപദേശിക്കുകയാണ്, ഏറ്റവും കൂടുതൽ ഖിലാഫത്ത് വ്യവസ്ഥിതിയ്ക്ക് പ്രാധാന്യം നൽകുക. നിങ്ങളുടെ വരുംതലമുറകൾ അഹ്മദിയ്യ ഖിലാഫത്തിന്റെ അനുഗൃഹീത രക്ഷയുടേയും മാർഗദർശനത്തിന്റേയും സംരക്ഷണത്തിന്റേയും ഉള്ളിലായിരിക്കുമെന്ന് ഉറപ്പു വരുത്തുക.(ബദ്ർ, 2024 ഫെബ്രുവരി 8, പേജ് 14)

2023 ലെ സ്പെയിൻ ജൽസസാലാനയിൽ ഹുദൂർ അയച്ച സന്ദേശത്തിൽ പറഞ്ഞു:അല്ലാഹുവിന്റെ വലിയ കൃപയും ഔദാര്യവുമാണ് നിങ്ങളിലുള്ളത്. നിങ്ങളെ അല്ലാഹു ഖിലാഫത്തിന്റെ നിഅ്മത്തുകൊണ്ട് അനുഗ്രഹിച്ചിരിക്കുന്നു. അതു മുഖേന ഒരു മാലയിൽ കൊരുത്തിരിക്കുന്നു. ഈ നിഅ്മത്തിനെ ആദരിക്കുക. അതിന്റെ അനുസരണത്തിൽ ഉദാത്തമായ മാതൃക സമർപിക്കാൻ ശ്രമിക്കുക. ഈ ശക്തിപ്രഭാവത്തോടു സമ്പൂർണമായ ആത്മാർഥതയുടേയും സ്നേഹത്തിന്റേയും കൂറിന്റേയും വിശ്വാസസത്തിന്റേയും ബന്ധം പുലർത്തുക. ഖിലാഫത്തിന്റെ അനുസരണവികാരത്തെ അനശ്വരമാക്കുക. അതിനോടൊപ്പം മുഹബ്ബത്തിന്റെ വികാരത്തെ എത്രമാത്രം ഉയർത്തണമെന്നാൽ ആ മുഹബ്ബത്തിന്നെതിരിൽ മറ്റുള്ള എല്ലാ വികാരങ്ങളും താഴ്ന്നതായി അനുഭവപ്പെടണം. ഇമാമുമായിട്ടുള്ള ബന്ധത്തിൽത്തന്നെയാണ് സകല ബർക്കത്തുകളുമുള്ളത്. അതുതന്നെയാണ് എല്ലാതരം ഫിത്നകളേയും പരീക്ഷണങ്ങളേയും നേരിടാനുള്ള നിങ്ങളുടെ പരിച. അതുകൊണ്ട് നിങ്ങൾ അഭിവൃദ്ധിപ്പെടണമെങ്കിൽ, ലോകത്തെ അതിജയിക്കണമെങ്കിൽ എനിക്ക് നിങ്ങൾക്കുള്ള ഉപദേശവും എന്റെ സന്ദേശവും നിങ്ങൾ ഖിലാഫത്തുമായി ബന്ധപ്പെട്ടു നിൽക്കുക എന്നതാണ്. അല്ലാഹുവിന്റെ ഈ പാശത്തെ മുറുകെ താങ്ങിപ്പിടിക്കുക. നമ്മുടെ എല്ലാ അഭിവൃദ്ധികളുടേയും അച്ചുതണ്ട് ഖിലാഫത്തുമായുള്ള ബന്ധത്തിൽത്തന്നെയാണ് മറഞ്ഞിരിക്കുന്നത്. (ബദ്ർ ഉർദു 29-2-2024, പേജ് 16)

52-ാമത് ടാൻസാനിയാ ജൽസാസാലനയിലേക്കയച്ച സന്ദേശത്തിൽ അമീറുൽമുഅ്മിനീൻ അയ്യദഹുല്ലാഹ് പറഞ്ഞു: ഞാൻ നിങ്ങളെ ഉപദേശിക്കുകയാണ്. നിങ്ങൾ അഹ്മദിയ്യ ഖിലാഫത്തുമായി ശക്തമായ ബന്ധം പുലർത്തുക. അഹ്മദിയ്യ ഖിലാഫത്തുമുഖേന ലഭിച്ചുകൊണ്ടിരിക്കുന്ന അനുഗ്രഹങ്ങൾക്ക് നന്ദി എന്ന നിലയിൽ സ്ഥിരമായി നന്ദി രേഖപ്പെടുത്തിക്കൊണ്ടിരിക്കുക. നമ്മൾ വെറും അഹ്മദിയ്യ ഖിലാഫത്തുമുഖേന കരസ്ഥമായിക്കൊണ്ടിരിക്കുന്ന അനുഗ്രഹങ്ങൾക്ക് നന്ദി എന്ന നിലയിൽമാത്രം അതിനുള്ള നന്ദി രേഖപ്പെടുത്തരുത്. പ്രത്യുത നമ്മൾ നല്ലതും നന്മനിറഞ്ഞതുമായ പ്രവൃത്തി ചെയ്യുന്നതിനും മാതൃകയോഗ്യനായ അഹ്മദിയാകാൻ ശ്രമിക്കുന്നതിനും ദൃഢഗാഢമായ പ്രതിജ്ഞ ചെയ്യേണ്ടതാണ്, ഓർമിക്കുക നമ്മുടെ വിജയത്തിന്റെ അച്ചുതണ്ട് അഹ്മദിയ്യ ഖിലാഫത്തുമായി ബന്ധപ്പെട്ടിരിക്കുന്നതിൽത്തന്നെയാണ്. അത് ഇന്ന് യഥാർഥമായ നിലയിൽ മുസ്‌ലിമീങ്ങളുടെ ഖിലാഫത്തിനെ പ്രതിനിധാനം ചെയ്തുകൊണ്ടിരിക്കുന്നു!കേവലം ഖലീഫത്തുൽമസീഹിന്റെ മാർഗനിർദേശത്തോടെ വിശ്വസ്തതയോടുകൂടി കർനിരതരായിക്കൊണ്ടുതന്നെ നിങ്ങൾ ലോകത്തെ ഇസ്‌ലാമിന്റെ കലർപ്പില്ലാത്ത അധ്യാപനങ്ങൾകൊണ്ട് പരിചയപ്പെടുത്തുന്നതായിരിക്കും.

ഇതും അങ്ങേയറ്റം പ്രധാനപ്പെട്ടതും നിർബന്ധവുമാണ്, നിങ്ങൾ പൂർണമായ നിലയിൽ ജമാഅത്ത് വ്യവസ്ഥിതിയെ അകമഴിഞ്ഞ് സഹായിക്കുക. കാരണം നമുക്ക് മുന്നോട്ടു കുതിക്കാനും അഭിവൃദ്ധപ്പെടാനും കഴിയുന്നത് നമ്മൾ ഐക്യത്തോടെ നിലകൊള്ളുമ്പോഴാണ്. ജമാഅത്തിന്റെ അത്യുദാത്തമായ ഉദ്ദേശ്യത്തെ കരസ്ഥമാക്കുന്നതിനു ഒത്തുചേർന്ന് പ്രവർത്തിക്കുമ്പോഴാണ്. നിങ്ങൾ എപ്പോഴും മുസ്‌ലിം ടെലിവിഷൻ അഹ്മദിയ്യ ചാനൽ കാണേണ്ടതാണ്. ഭാര്യമാരേയും പ്രത്യേകിച്ച് കുട്ടികളേയും കുഞ്ഞുങ്ങളേയും അതിനുവേണ്ടി പ്രേരിപ്പിക്കേണ്ടതാണ്. നിങ്ങൾ എന്റെ ജുമുഅ ഖുത്ബകളും മറ്റു അവസരങ്ങളിൽ ചെയ്തിട്ടുള്ള പ്രഭാഷണങ്ങളും കേൾക്കേണ്ടതാണ്. ഇത് നിങ്ങളെ ഖിലാഫത്തുമായുള്ള ബന്ധത്തെ സ്ഥിരമായി നിലനിറുത്തുന്നതായിരിക്കും. നിങ്ങളുടെ ഈമാനിന് ശക്തി പകരുന്നതുമായിരിക്കും.(ബദ്ർ ഉർദു 4-4-2024, പേജ് 13)

സ്വിറ്റ്സർലാൻഡ് അഹ്മദിയ്യ മുസ്‌ലിം ജമാഅത്തിന്റെ 41-ാമത് ജൽസസാലാനയുടെ അവസരത്തിൽ ഹദ്റത്ത് അമീറുൽമുഅ്മിനീൻ അയച്ച സന്ദേശത്തിൽ പറഞ്ഞു:

ഞാൻ നിങ്ങളോടു അഹ്മദിയ്യാ ഖിലാഫത്തിന്റെ ദൈവിക വ്യവസ്ഥിതിയുടെ പ്രാധാന്യത്തെ കുറിച്ചാണ് പറയുന്നത്. എപ്പോഴും ഖലീഫത്തുൽ മസീഹിനോടു കൂറുള്ളവരായിരിക്കുക. ശക്തമായ ബന്ധം ഉണ്ടാക്കിവെക്കുക. നിങ്ങളുടെ കുട്ടികളോടും ഖിലാഫത്തിന്റെ ബർക്കത്തിനെ സംബന്ധിച്ച് പറഞ്ഞുകൊടുത്തുകൊണ്ടിരിക്കുക. നിങ്ങളുടെ വരുംതലമുറകളും എന്നെന്നും ഖിലാഫത്തിന്റെ മാർഗ നിർദേശത്തിലും അതിന്റെ പരിശുദ്ധമായ സംരക്ഷണത്തിന്റെ തണലിലും ഇരിക്കുമെന്ന കാര്യം ഉറപ്പുവരുത്തുക. നിങ്ങൾ എം.ടി.എ പതിവായി കാണുക. നിങ്ങളുടെ വീട്ടുകാരെ പ്രത്യേകിച്ച് കുട്ടികളെ അതു കാണുന്നതിന് ഉപദേശിച്ചുകൊണ്ടിരിക്കുക. എന്റെ ജുമുഅ ഖുത്ബകൾ തൽസമയംതന്നെ കാണാൻ ശ്രമിക്കുക. ഇപ്രകാരംതന്നെ വിവിധ പരിപാടികളിലും പ്രോഗ്രാമുകളിലും ഞാൻ നല്കിയിട്ടുള്ള പ്രസംഗങ്ങളും പ്രഭാഷണങ്ങളും പ്രത്യേകമായും കേൾക്കുക. ഇപ്രകാരം ഖിലാഫത്തുമായുള്ള അഗാധ ബന്ധം നിലനിൽക്കുന്നതായിരിക്കും;ഈമാനും കരുത്തുറ്റതാകും. (ബദ്ർ 11-4-2024, പേജ് 16)

അല്ലാഹു നമുക്ക് കാലത്തിന്റെ ഖലീഫയുടെ കാര്യങ്ങൾ സശ്രദ്ധം കേൾക്കുന്നതിനും അതനുസരിച്ച് കർമങ്ങൾ ചെയ്യുന്നതിനും ഖിലാഫത്തിനോടു യഥാർഥ ബന്ധത്തിന്റെ കടമ നിറവേറ്റുന്നതിനുംതൗഫീഖ് നല്കുമാറാകട്ടെ. ആമീൻ. (മൻസ്വൂർ അഹ്മദ് മസ്റൂർ)

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin